## ധനകാര്യം :

### 2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,000 രൂപയുടെയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : സർ, പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രിക്കുവേണ്ടി ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) : സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 40,49,000 രൂപയുടെയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 35,00,000 രൂപയുടെയും

ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പി ക്കുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : സർ, പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവത രിപ്പിക്കുന്നു.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) : സർ, ഞാൻ പിൻതാങ്ങുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്ക്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5,00,05,000 രൂപയുടെ ഉപധനാഭ ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : സർ, പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ

ൃവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,40,07,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : സർ, ഞാൻ പിൻതാങ്ങുന്നു.

ജലവിഭവ വകുപ്പുമന്ത്രിയ്ക്കുവേണ്ടി തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) : സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : സർ, ഞാൻ പിൻതാങ്ങുന്നു.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) : സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : സർ, ഞാൻ പിൻതാങ്ങുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) : സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,000 രൂപയുടെ ഉപ ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : സർ, ഞാൻ പിൻതാങ്ങുന്നു.

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജി സ്ട്രേഷനും വകുപ്പുമന്ത്രിയ്ക്കുവേണ്ടി വനവും സ്പോർട്ട്സും സിനി മയും വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ) : സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 11,33,00,000 രൂപയുടെ ഉപ ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : സർ, ഞാൻ പിൻതാങ്ങുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാ ഭ്യർത്ഥനയുടെ പേരിൽ 2,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്ക ണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാം കുഴി അലി) : സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) : സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 11,27,88,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : സർ, ഞാൻ പിൻതാങ്ങുന്നു.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ഡോ. കെ. സി. ജോസഫ്) : സർ, ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 65,69,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : സർ, ഞാൻ പിൻതാങ്ങുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) : സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 12,00,01,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : സർ, ഞാൻ പിൻതാങ്ങുന്നു.

## 2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ച

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഈ സർക്കാരിന് ഒരു ഉപധനാഭ്യർത്ഥന അവതരിപ്പിക്കാൻ ധാർമ്മികമായുള്ള അവകാശം നഷ്ടപ്പെട്ടിരിക്കുകയാണ്. ഈ ഗവൺമെന്റ് എങ്ങനെയാണ് പ്രവർത്തിക്കുന്നത് എന്നതിന്റെ ഏറ്റവും വലിയ തെളിവാണ് ഇന്നിവിടെ കണ്ടത്. സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ട് അവതരിപ്പിക്കാൻ  ബഹുമാനപ്പെട്ട സ്പീക്കർ വിളിച്ചപ്പോൾ മന്ത്രിമാർ തപ്പിത്തടയുന്ന അവസ്ഥയാണ് കണ്ടത്. യു.ഡി.എഫ്. സർക്കാർ തപ്പിത്തടഞ്ഞ് മുന്നോട്ടുപോകുന്ന ഒരു സർക്കാരാണ് എന്നത് ഈ ഒരുകാര്യം നോക്കിയാൽ നമുക്ക് മനസ്സിലാകും. യു.ഡി.എഫ്. സർക്കാരിന് ബഹുമാന്യനായിട്ടുള്ള കേന്ദ്ര പ്രതിരോധ വകുപ്പുമന്ത്രി  ശ്രീ. എ. കെ. ആന്റണി ഇട്ട മാർക്ക് വട്ട പൂജ്യമാണ്. ഒന്നര വർഷക്കാലത്തെ യു. ഡി.എഫ്. ഗവൺമെന്റിനുള്ള മാർക്കാണ് ശ്രീ.എ.കെ. ആന്റണി ഇട്ടിട്ടുള്ളത്. ഒന്നും നടക്കാത്ത ഒരു സംസ്ഥാനമാണ് കേരളം, ഒന്നും ചെയ്യാൻ ഞങ്ങൾക്ക് സാധിക്കുന്നില്ലായെന്ന് കേന്ദ്രത്തിലെ പ്രതിരോധ വകുപ്പുമന്ത്രി, കേരളത്തെക്കുറിച്ചറിയാവുന്ന കേന്ദ്രമന്ത്രി ഈ സംസ്ഥാനത്ത് വന്നാണ് ഈ പ്രഖ്യാപനം നടത്തിയത്. ഇവിടെ വരാൻതന്നെ ഭയം എന്നാണ് കേന്ദ്ര പ്രതിരോധ വകുപ്പുമന്ത്രി പ്രഖ്യാപിച്ചിരിക്കുന്നത്. കേരളത്തിൽ റേഷൻ സംവിധാനം  തകർന്നതുകൊണ്ടാണ് അരിവില കൂടിക്കൊ

ണ്ടിരിക്കുന്നതെന്ന് പ്രധാനമന്ത്രി കഴിഞ്ഞ ദിവസം പ്രഖ്യാപിച്ചിരിക്കുകയാണ്. റേഷൻ സംവിധാനം തകർന്നുവെന്ന് പ്രധാനമന്ത്രിപോലും കേരളത്തെക്കുറിച്ച് പ്രതികരിക്കേണ്ടിവന്നത് ഈ സമീപ ദിവസങ്ങളിലുണ്ടായ സംഭവങ്ങൾ കാരണമാണ്. കേരളത്തിൽ വർഗ്ഗീയത വളരുന്നുവെന്ന് ഡി.ജി.പി.-മാരുടെ സമ്മേളനത്തിൽ പ്രധാനമന്ത്രി നടത്തിയ പ്രസംഗത്തിലുണ്ട്. ഈ ഗവൺമെന്റിന് കിട്ടിയിട്ടുള്ള ഒരു സർട്ടിഫിക്കറ്റാണത്. സർക്കാർ മാഫിയകളുടെ പിടിയിലാണെന്നത് കോൺഗ്രസ് നേതാവ് വി.എം. സുധീരൻ ഈ ഗവൺമെന്റിന് കൊടുത്ത സർട്ടിഫിക്കറ്റാണ്. പുറത്തിറങ്ങാൻ കഴിയുന്നില്ല, ഇവിടെ മാഫിയ ഭരിക്കുന്നുവെന്ന് ശ്രീമതി കെ. ആർ ഗൗരിയമ്മ ആക്ഷേപിച്ചിരിക്കുകയാണ്.

മി. സ്പീക്കർ : അങ്ങ് ഇത് കഴിഞ്ഞ ദിവസവും പറഞ്ഞു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, പറഞ്ഞു. ഇതൊരു ഉപധനാഭ്യർത്ഥന ചർച്ചയല്ലേ? വിശ്വമലയാള സമ്മേളനം നടത്തിയതോടുകൂടി ലോകം മുഴുവൻ മലയാളികളുള്ള സ്ഥലത്ത് കേരളത്തെ അപമാനപാത്രമാക്കി. സി.വി. രാമൻപിള്ളയേയും സി.വി. രാമനേയും അറിയാത്ത കേരളത്തിലെ ഗവൺമെന്റ് ആഗോള മലയാള സമ്മേളനം നടത്തിയെന്ന് പറഞ്ഞാൽ ഈ ഗവൺമെന്റ് എങ്ങനെയാണ് പ്രവർത്തിക്കുന്നത് എന്നതിന്റെ ഏറ്റവും വലിയ തെളിവല്ലേ അത്. 100 ദിന പരിപാടികളും സപ്തപദ്ധതികളും എവിടെപ്പോയി? സുതാര്യ ഭരണമെന്നാണ് മുഖ്യമന്ത്രി പ്രഖ്യാപിച്ചത്. മുഖ്യമന്ത്രിയുടെ ഓഫീസിൽ തന്നെ കൈക്കൂലി

വാങ്ങുന്ന ആളെ സുതാര്യമായി ഈ ലോകം കണ്ടതല്ലേ? മുഖ്യമന്ത്രിയുടെ ഓഫീസിൽത്തന്നെ കൈക്കൂലി വാങ്ങുന്ന ഉദ്യോഗസ്ഥന്മാർ! ആ ഉദ്യോഗസ്ഥന്മാരുടെ പേരിൽ വിജിലൻസ് കേസെടുക്കാതെ അവരെ സ്ഥലം മാറ്റാനാണ് നിശ്ചയിച്ചിരിക്കുന്നത്. സ്വന്തക്കാർ അഴിമതി നടത്തിയാൽ കേസില്ലാത്ത സ്റ്റേറ്റാണ് സുതാര്യമായ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി ഭരിക്കുന്ന കേരളം. ഭക്ഷ്യ വകുപ്പുമന്ത്രിയുടെ വീട്ടിൽ മൂന്ന് കൗണ്ടറിട്ടിട്ടാണ് കൈക്കൂലി വാങ്ങുന്നതെന്ന് ആ പാർട്ടിയുടെ സെക്രട്ടറി തന്നെ ആക്ഷേപിച്ചിരിക്കുകയാണ്. ആ പാർട്ടിയുടെ സെക്രട്ടറിക്ക് അത് കിട്ടുന്നില്ല. എല്ലാം അവിടെ നിന്നുതന്നെ വാങ്ങി പോകുന്നുവെന്നാണ് അദ്ദേഹം പറഞ്ഞിരിക്കുന്നത്. മൂന്ന് കൗണ്ടർ ഭക്ഷ്യ വകുപ്പുമന്ത്രിയുടെ ഓഫീസിലുണ്ടെന്ന് പറഞ്ഞപ്പോൾ മുഖ്യമന്ത്രി പറഞ്ഞതെന്താണ്? അത് ഭക്ഷ്യ വകുപ്പുമന്ത്രിയുടെ ഓഫീസിൽ മാത്രമല്ല, എല്ലാ മന്ത്രിമാരുടെയും ഓഫീസിലുണ്ടെന്നാണ്. അത് ശരിയാണോ തെറ്റാണോയെന്നുപോലും പരിശോധിക്കാൻ തയ്യാറാകാത്ത ഒരു മുഖ്യമന്ത്രി സുതാര്യ ഭരണം എന്നു പറഞ്ഞാൽ ആരാണ് അംഗീകരിക്കാൻ പോകുന്നത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : അങ്ങ് പ്രതിപക്ഷ ഉപനേതാവാണ്. ഞാൻ എന്തുപറഞ്ഞു, എവിടെ പറഞ്ഞുവെന്ന്പറയാമോ? അതുപോലെതന്നെ എന്റെ ഓഫീസിൽ കൈക്കൂലി വാങ്ങിയതിന്റെ പേരിൽ ഒരാളെയും പുറത്താക്കിയിട്ടില്ല. അങ്ങയെപ്പോലെയുള്ള ഒരാൾ യാഥാർത്ഥ്യമില്ലാത്ത കാര്യങ്ങൾ ഇങ്ങനെ പറയുന്നത് ശരിയല്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, മുഖ്യമന്ത്രിയുടെ ഓഫീസിൽ കൈക്കൂലി വാങ്ങിയാൽ പോലും അയാളെ പുറത്താക്കില്ലായെന്നാണ് അദ്ദേഹം ഇപ്പോൾ പ്രഖ്യാപിച്ചിരിക്കുന്നത്. ഇത് എന്തൊരു ഭരണമാണ്? ഇന്നത്തെ പത്രത്തിൽ മുഴുവൻ വന്നിരിക്കുന്ന വാർത്ത, തിരുവനന്തപുരം നഗരത്തിൽ ഒരു ബ്ലാക്ക്മാൻ ഇറങ്ങിയിരിക്കുകയാണ് എന്നാണ്. യു.ഡി.എഫ്. ഭരണത്തിൽ ബ്ലാക്ക്മാന്മാർ വിലസുന്ന ഒരു സംസ്ഥാനമായി ഈ കേരളം മാറിയില്ലേ? സാമൂഹ്യ വിരുദ്ധന്മാർ ഇത്തരം പ്രചരണം നടത്തി വൻതോതിൽ കൊള്ള, കൊലപാതകം, അക്രമം തുടങ്ങിയവ നടത്തുന്നുവെന്നാണ് മാതൃഭൂമിയിൽ വന്ന വാർത്ത. കൊല്ലം ജില്ലയുടെ കിഴക്കൻ ഭാഗങ്ങളിലെല്ലാം ഭീതിപരത്തി അക്രമം വ്യാപിപ്പിച്ചിരിക്കുന്നുവെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. ഈ പ്രചരണം വന്നതോടുകൂടി സ്ക്കൂൾ കുട്ടികൾക്ക് ഭീതിജനകമായ അന്തരീക്ഷമുണ്ടായിരിക്കുന്നു. ഇതാണോ യു.ഡി.എഫ്.-ന്റെ ഭരണം? ഈ ബ്ലാക്ക്മാനെ എന്താണ് പിടിക്കാത്തത്? ബ്ലാക്ക്മാൻ ആട് ആന്റണിയാണെന്ന ഒരു പ്രചരണം കേൾക്കുന്നുണ്ട്. നമ്മുടെ സംസ്ഥാനത്ത് ഒരു എസ്.ഐ.-യെ വെട്ടിക്കൊന്ന ക്രിമിനലാണ് ആട് ആന്റണി. ഒരു എസ്.ഐ.-യെ. വെട്ടിക്കൊന്ന പ്രതിയെ പിടികൂടാൻ ആറുമാസക്കാലമായിട്ട് ഈ ഗവൺമെന്റിന് സാധിച്ചോ? ആട് ആന്റണിമാർ ബ്ലാക്ക്മാന്മാരായിട്ട് വിലസുന്ന ഒരു സംസ്ഥാനമാക്കി ഈ കേരളത്തെ മാറ്റി. ബ്ലാക്ക്മാനെ പിടിക്കാനെന്ന പേരിൽ അന്യസംസ്ഥാന തൊഴിലാളികളെ ഭീകരമായി മർദ്ദിക്കുന്നുവെന്ന ഒരു വാർത്ത പുറത്തുവ

ന്നിരിക്കുകയാണ്. നടുറോഡിൽ നഗ്നരായി ആളുകൾ ഓടുകയാണ്. ഇട തുപക്ഷം കേരളം ഭരിച്ച അഞ്ച് കൊല്ലം ഏതെങ്കിലും ഒരാൾ നടുറോഡിൽ ഇങ്ങനെ നഗ്നനായിട്ട് ഓടിയിട്ടുണ്ടോ?

മി. സ്പീക്കർ : അത് മാനസികനില തെറ്റിയ ഒരാളാണെന്ന് പത്ര ത്തിൽ വന്നിരുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, അതുശരിയാണ്. ഈ ഗവൺമെന്റ് വന്നപ്പോൾ എല്ലാവർക്കും മാനസികനില തെറ്റിയിരിക്കുകയാ ണ്. ആഭ്യന്തര വകുപ്പുമന്ത്രിയുടെ സ്വന്തം നാട്ടിൽ, കോട്ടയത്ത് ഒരാൾ നഗ്നനായി നടന്നു. അവസാനം അയാളെ പിടിച്ച് മുണ്ടുടുപ്പിച്ചു. ഇതാണ് നമ്മുടെ നാട്ടിൽ നടക്കുന്നത്. ഇന്നലെ കൊച്ചി ടൗണിൽ നഗ്നനായി ഒരാൾ ഓടി. ഇതെന്താണ് കേരളത്തിൽ മാത്രം നഗ്നരായി ഓടാൻ ആളുകൾ വന്നുകൊണ്ടിരിക്കുന്നത്? ഇതെന്തൊരു ഭരണമാണ്; സ്ത്രീകൾക്ക് പുറ ത്തിറങ്ങാൻ കഴിയാത്ത സ്റ്റേറ്റായി കേരളം മാറിയില്ലേ? ഈ സഭയിൽ പറ ഞ്ഞത് ഇന്നത്തെ പത്രവാർത്തയായി വന്നിരിക്കുന്നത് പതിനൊന്ന് മാസം കൊണ്ട് 371 സ്ത്രീകൾ കൊല്ലപ്പെട്ടു എന്നാണ്. 1661 ബലാൽസംഗം നടന്നു. ഒന്നര വർഷത്തിനിടയിൽ പ്രായപൂർത്തിയാകാത്ത 199 പെൺകു ട്ടികൾ പീഡനത്തിനിരയായി. നിയസഭയിൽ എന്റെ ബഹുമാന്യനായ സുഹൃത്ത് ആഭ്യന്തര വകുപ്പുമന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ

നൽകിയ കണക്കാണിത്. ഇത് എന്റെ കണക്കല്ല. നമ്മുടെ സംസ്ഥാനത്ത് സ്ത്രീകൾക്ക് പുറത്തിറങ്ങാൻ സാധിക്കില്ലായെന്ന സ്ഥിതിയാണ്. *****[1]

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, പോയിന്റ് ഓഫ് ഓർഡർ, ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് വളരെ ഉത്തരവാദിത്തമുള്ള ഒരു വിഷയത്തിൽ സംസാരിക്കുമ്പോൾ അടിസ്ഥാനരഹിതമായ കാര്യങ്ങൾ പറയരുത്. ***********[2]അത് റൂൾ 307 ഉപയോഗിച്ച് എക്സ്പഞ്ച് ചെയ്യണം.

മി. സ്പീക്കർ: അതൊക്കെ പരിശോധിക്കാം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, എല്ലാ പത്രങ്ങളിലും വന്നിട്ടുള്ള വാർത്ത ഞാൻ ബഹുമാനപ്പെട്ട സ്പീക്കർക്ക് ഹാജരാക്കാം. ************[3] ആശുപത്രികളിൽപോലും ആളുകളെ തല്ലിക്കൊല്ലുന്നു. മാനസികരോഗ ആശുപത്രിയിൽ രണ്ട് ആളുകളെ കൊന്ന സ്റ്റേറ്റാണ് കേരളം. കേരളമുണ്ടായതിശേഷം എപ്പോഴെങ്കിലും മാനസികരോഗ ആശുപത്രിയിൽ കിടക്കുന്ന ആളുകളെ തല്ലിക്കൊന്നിട്ടുണ്ടോ? യു.ഡി.എഫ്. ഭരിക്കുന്ന കാലത്ത് രണ്ട് ആളുകളെ തല്ലിക്കൊന്നു. ഇവിടെ ഇപ്പോൾ ആകെ നടക്കുന്നത് ബാറുകൾ കൊടുക്കുന്നതാണ്. ഓരോ ആഴ്ചയിലും ബാർ അനുവദിക്കുകയാണ്. ബാബുമിനിസ്റ്ററുടെ ഒരേ ഒരു പരിപാടി ബാർ ഒപ്പിടലാണ്. 35 ബാർ ഒപ്പിട്ടു, അത് 45 ആയിപോലും. ബാർ തുടങ്ങുക, റേഷൻ ഷോപ്പ് പൂട്ടുക എന്നതാണ് യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണത്തിന്റെ

[1] സഭാദ്ധ്യക്ഷന്റെ ഉത്തരവിൻ പ്രകാരം (ഫയൽ നമ്പർ. 140/ഇ.ബി./2013/ലെജി.) രേഖയിൽ നിന്നും നീക്കം ചെയ്തു.
[2] സഭാദ്ധ്യക്ഷന്റെ ഉത്തരവിൻ പ്രകാരം (ഫയൽ നമ്പർ. 140/ഇ.ബി./2013/ലെജി.) രേഖയിൽ നിന്നും നീക്കം ചെയ്തു.
[3] സഭാദ്ധ്യക്ഷന്റെ ഉത്തരവിൻ പ്രകാരം (ഫയൽ നമ്പർ. 140/ഇ.ബി./2013/ലെജി.) രേഖയിൽ നിന്നും നീക്കം ചെയ്തു.

ഏറ്റവും വലിയ പ്രത്യേകത. ഈ ധനാഭ്യർത്ഥനയുമായി സഭയെ സമീപിക്കുന്ന ശ്രീ. കെ. എം. മാണിയോട് ഞാൻ ചോദിക്കട്ടെ, ഇതിന് മുമ്പ് നിങ്ങൾക്ക് പാസ്സാക്കിതന്ന തുകയൊക്കെ ചെലവഴിച്ചോ? 2012-13 സാമ്പത്തിക വർഷത്തിൽ പദ്ധതി പ്രവർത്തനങ്ങളാകെ അവതാളത്തിലായിരിക്കുകയാണ്. ഈ സഭ പാസ്സാക്കികൊടുത്ത 69720 കോടി രൂപയിൽ ഒമ്പത് മാസം കൊണ്ട് ചെലവഴിച്ചത് 29683 കോടി രൂപ മാത്രമാണ്. ഒമ്പത് മാസം കൊണ്ട് 42.85 ശതമാനം പദ്ധതി ചെലവ് മാത്രമാണ് ഇവിടെയുണ്ടായത്. ശുദ്ധജലവിതരണത്തിന്റെ, വരൾച്ചയുടെ പ്രശ്നം സംബന്ധിച്ച് ഇന്ന് രാവിലെ ഇവിടെ വലിയ ചർച്ച നടന്നു. ശുദ്ധജല വിതരണം, ശുചീകരണം എന്നിവയ്ക്കു വേണ്ടി നീക്കിവച്ച തുകയിൽ ചെലവഴിച്ചത് 23.76 ശതമാനമാണ്. നഗരവികസനത്തിനുവേണ്ടി നീക്കിവച്ച തുകയിൽ ചെലവഴിച്ചത് 14.44 ശതമാനമാണ്. നീക്കിവച്ച തുകയിൽ കൃഷിക്ക് 38 ശതമാനവും വ്യവസായത്തിന് 31.85 ശതമാനവും ഗതാഗതത്തിന് 13 ശതമാനവും തുറമുഖത്തിന് 3 ശതമാനവും മാത്രമാണ് ചെലവഴിച്ചത്. പഞ്ചായത്തിന് നീക്കിവച്ചതിൽ ചെലവഴിച്ചത് 34 ശതമാനമാണ്. ഇനിയുള്ള മാസങ്ങളിൽ പദ്ധതികൾ എങ്ങനെ പൂർത്തീകരിക്കും? സംസ്ഥാന പദ്ധതിയുടെ മൂന്നിലൊന്ന് നീക്കിവച്ചത് തദ്ദേശഭരണ സ്ഥാപനങ്ങൾക്കായിരുന്നു. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നീക്കിവച്ച 4629 കോടി രൂപയിൽ ചെലവഴിച്ചത് 535 കോടി രൂപയാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ

പ്രവർത്തനങ്ങളാകെ സ്തംഭിച്ചിരിക്കുകയാണ്. പദ്ധതി പ്രവർത്തനങ്ങളൊന്നുംതന്നെ നടക്കുന്നില്ല.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ഇങ്ങനെ പറയാൻ പാടില്ല. നവംബർ വരെയുള്ള കണക്ക് വച്ച് 42 ശതമാനം പ്ലാൻ ചെലവഴിച്ചു കഴിഞ്ഞു. ഇനിയെത്ര മാസം കിടപ്പുണ്ട്? 42 ശതമാനം പ്ലാൻ ചെലവഴിച്ചിടത്ത് നിങ്ങളുടെ കാലത്ത് ഇതു വല്ലതും ചെലവഴിച്ചോ? എന്നിട്ട് പറയുന്നത് ഒന്നും ചെലവഴിച്ചില്ലെന്നാണ്. ഈ കണക്കിനൊക്കെ ഞാൻ മറുപടി പറയാം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മന്ത്രിക്ക് മറുപടി പറയുന്നതിനുള്ള അവസരമുണ്ടാക്കുന്നതിനാണ് ഞാൻ ഇത് പറയുന്നത്. 42 ശതമാനമേ ഉള്ളൂ എന്നാണ് അങ്ങ് പറഞ്ഞത്. ഞാൻ പറഞ്ഞത് 42.85 ശതമാനമെന്നാണ്. മന്ത്രി പറയുന്നു അത്രയില്ലെന്ന്, ഇതാണ് ഇവിടെത്തെ പ്ലാൻ നടത്തിപ്പിന്റെ രീതി. യു.ഡി.എഫ്. ഭരണത്തിൽ വന്നിരിക്കുന്ന സ്ഥിതിവിശേഷമാണിത്. മുൻവർഷം അനുവദിച്ച പണം ചെലവഴിച്ചിട്ടുണ്ടോ? 2011-12-ൽ 12,010 കോടി രൂപ അനുവദിച്ചതിൽ ചെലവഴിച്ചത് 10594.85 കോടി രൂപ മാത്രമാണ്. 1055 കോടി രൂപ പദ്ധതി അനുവദിച്ചതിൽ നിന്നും വെട്ടിച്ചുരുക്കിയ ഒരു ഗവൺമെന്റാണ് യു.ഡി.എഫ്. ഗവൺമെന്റ്. വിഭവ സമാഹരണം ലക്ഷ്യത്തിലെത്തിയോ?

39518.26 കോടി രൂപ സമാഹരിക്കാൻ ലക്ഷ്യമിട്ടതിൽ സമാഹരിച്ചത് 38081.31 കോടി രൂപ മാത്രമാണ്. 1436.95 കോടി രൂപ പിരിച്ചെടുക്കുന്നതിന് ഈ ഗവൺമെന്റ് താല്പര്യം കാണിച്ചില്ല. 2011 മാർച്ച് 31-ലെ ട്രഷറി ബാലൻസ് 3513 കോടി രൂപയായിരുന്നു. 2010-11-ൽ നികുതി വരുമാനം 23.4 ശതമാനമായിരുന്നു. അത് 2011-12-ൽ, യു.ഡി.എഫിന്റെ കാലമെത്തിയപ്പോൾ 23-ൽ നിന്ന് 18.4 ശതമാനമായി കുറഞ്ഞു. ഈ കുറവ് വന്നത് ഈ ഭരണത്തിന്റെ മേൻമ കൊണ്ടാണോ? എന്തുകൊണ്ട് നികുതി വരുമാനം വർദ്ധിപ്പിക്കാൻ ഈ ഗവൺമെന്റിന് സാധിച്ചില്ല. ഇതാണ് ബഹുമാനപ്പെട്ട കെ.എം. മാണി വിശദീകരിക്കേണ്ടത്. ജി.എസ്.ഡി.പി. എൽ.ഡി.എഫിന്റെ കാലത്ത് 2010-11-ൽ 19.2 ശതമാനമായിരുന്നു, ഇപ്പോഴത് 17.9 ശതമാനമായി കുറഞ്ഞു. കടം പെരുകിയില്ലേ? കടം വാങ്ങില്ല എന്നു പറഞ്ഞ ഈ ഗവൺമെന്റ് ഒന്നര വർഷംകൊണ്ട് 11878 കോടി രൂപ അധികം കടമുണ്ടാക്കി. ഇനി 12556 കോടി രൂപ കൂടി കടമെടുക്കുന്നതിന് കേന്ദ്രത്തിന്റെ അനുമതി ചോദിച്ചിരിക്കുകയാണ്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഡോ. തോമസ് ഐസക് കടമുണ്ടാക്കി, കടം വാങ്ങി എന്ന് പറഞ്ഞ് ആക്ഷേപിച്ചവർ കടം വാങ്ങിത്തന്നെയല്ലേ ഈ ഭരണം മുന്നോട്ടുകൊണ്ടുപോകാൻ ഉദ്ദേശിക്കുന്നത്.

ശ്രീ. കെ. എം. മാണി: സർ, ഡോ. തോമസ് ഐസക്കിന്റെ കുറ്റാരോപണം ഈ ഗവൺമെന്റ് കടം വാങ്ങുന്നില്ല, ഇനിയും വാങ്ങേണ്ടിയി

രുന്നു എന്നാണ്. എന്നാൽ ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ പറയുന്നത് കടം കുറച്ച് കൂടിപോയി എന്നാണ്. ഇതിൽ ഏതാണ് ശരി? ഞങ്ങളെല്ലാം വലിയ കൺഫ്യൂഷനിലാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട കെ. എം. മാണിസാർ ഡോ. ടി.എം. തോമസ് ഐസക്കിന്റെ വഴിയിലേയ്ക്ക് വന്നു എന്നു സമ്മതിച്ചതിൽ നന്ദിയുണ്ട്. നികുതി പിരിക്കുന്നതിലും പാട്ടക്കുടിശ്ശിക പിരിക്കുന്നതിലും കേന്ദ്രത്തിൽ നിന്ന് അർഹമായി വിഹിതം വാങ്ങിയെടുക്കുന്നതിലും പരാജയപ്പെട്ട സർക്കാരാണിത്. ഈ ഗവൺമെന്റിൽ കേരളത്തിന് ഇപ്പോൾ യാതൊരു പ്രതീക്ഷയുമില്ല. ആദ്യത്തെ ആറുമാസം ജനങ്ങളിൽ ഒരു പ്രതീക്ഷയൊക്കെയുണ്ടാക്കി. ഇപ്പോഴത്തെ അനുഭവമെന്താണ്, ആർക്കെങ്കിലും ഈ ഗവൺമെന്റിനെക്കുറിച്ച് പ്രതീക്ഷയുണ്ടോ? സപ്ലിമെന്ററി ഡിമാന്റ്സ് ജനങ്ങൾക്കു വേണ്ടിയാണോ? പുതിയ കാറു വാങ്ങാനും പാലാ മണ്ഡലത്തിലെ ഒരു ആശുപത്രിയിൽ കുറച്ചു ഡോക്ടർമാരെയും നേഴ്സുമാരെയും പോസ്റ്റ് ചെയ്യാനുമല്ലേ സപ്ലിമെന്ററി ഡിമാന്റ്. കേരളത്തെ മൊത്തം കണ്ടുകൊണ്ടുള്ള സപ്ലിമെന്ററി ഡിമാന്റ്സാണോ ഇവിടെ വന്നിരിക്കുന്നത്. ഒരു കാര്യത്തിൽ എനിക്ക് സന്തോഷമുണ്ട്, മുൻമുഖ്യമന്ത്രി കരുണാകരന് ഒരു പ്രതിമ നിർമ്മിക്കുന്നതിന് പണം അനുവദിച്ചു. അത് നല്ല കാര്യമാണ്. കരുണാകരൻ മുഖ്യമന്ത്രിയായിരുന്ന കാലത്ത് ചാരക്കേസുണ്ടാക്കി അദ്ദേഹത്തെ അപമാനിച്ചതിനുള്ള പ്രായച്ഛിത്തമാണ് ഇപ്പോൾ ഉമ്മൻചാണ്ടിസർക്കാർ നിർമ്മിക്കുന്ന

ഈ പ്രതിമ.  ഏതായാലും അത്രയെങ്കിലും ചെയ്തല്ലോ. ഈ സപ്ലിമെന്ററി ഡിമാന്റ്സിൽ എം.പി.മാർക്കും  അവരുടെ പി.എ.മാർക്കും ആനുകൂല്യം കൊടുക്കുന്നതിനെ സംബന്ധിച്ച് പറയുന്നുണ്ട്. കേരളത്തിന്റെ എട്ട് മന്ത്രി മാർ കേന്ദ്ര മന്ത്രിസഭയിലുണ്ട്. അവരെ വിളിച്ചുകൂട്ടി കേരളത്തിന്റെ വിക സനകാര്യങ്ങൾക്കായി എന്തെങ്കിലും  ചെയ്യാൻ നിങ്ങൾക്ക് സാധിച്ചോ? കേന്ദ്ര പദ്ധതികൾ ഏതെങ്കിലും തുടങ്ങാൻ സാധിച്ചിട്ടുണ്ടോ? പാലക്കാട്ട് കോച്ച് ഫാക്ടറിയുടെ കാര്യമെന്തായി? ചേർത്തലയിലെ വാഗൺ ഫാക്ടറി എന്തായി; വിഴിഞ്ഞം ഹാർബർ എന്തായി; കണ്ണൂർ വിമാനത്താവ ളം ഇപ്പോൾ എവിടെയെത്തി? മെട്രോ റെയിൽ സംബന്ധിച്ച് രാവിലെ ഇവിടെ ചർച്ച നടന്നു. കേരളത്തിന്റെ സ്വപ്ന പദ്ധതികളെല്ലാം പരാജയ ത്തിലേയ്ക്ക് നീങ്ങുന്നു. അവ വെറും വിവാദങ്ങളും പ്രചാരണങ്ങളും പബ്ലിസിറ്റിയും മാത്രമാകുന്നു. നിരവധി ഫ്ളക്സ് ബോർഡുകൾ നിരത്തി കൊണ്ട് കേരളത്തിൽ വികസനമുണ്ടെന്ന് പ്രചരിപ്പിച്ചാൽ അത് ആരെ ങ്കിലും അംഗീകരിക്കുമോ? അഭിഭാഷകർക്ക് കുറെ നിയമനവും കാശും കൊടുക്കാനുള്ള വക ഈ സപ്ലിമെന്ററി ഡിമാന്റ്സിലുണ്ട്. അത് വേണം. ഈ ഗവൺമെന്റിന്റെ നിലനിൽപ്പ് തന്നെ ഇതുപോലെയുള്ള വക്കീ ലൻമാരെ ആശ്രയിച്ചാണ്. എതിരാളികൾക്കെതിരെ കേസ്സുണ്ടാക്കുക, ആ കേസ് നീട്ടികൊണ്ടുപോകുക, ഇതിനൊക്കെ വേണ്ടിയാണ് സപ്ലിമെന്ററി ഡിമാന്റ്സ്, സാധാരണക്കാർക്ക് വേണ്ടിയല്ല. പുതിയ ട്രഷറി സ്ഥാപിക്കാൻ ഇതിനകത്ത് തുക വച്ചിട്ടുണ്ട്. ജീവനക്കാരുടെ ശമ്പളം, പെൻഷൻ, ക്ഷേമ

പദ്ധതികൾ എല്ലാം എച്ച്.ഡി.എഫ്.സി. ബാങ്കുവഴി കൊടുക്കാൻ ഉത്തര വിട്ട ഈ സർക്കാരിന് ട്രഷറിയുടെ കാര്യത്തിൽ താല്പര്യമുണ്ടോ? പുതിയ ട്രഷറിയുണ്ടാക്കുമെന്നു പറയുന്ന സർക്കാരിന് ഇത്തരം കാര്യങ്ങ ളിൽ ഒരു നയമുണ്ടോ? യുവജനങ്ങൾക്ക്, ഒരു വർഷം ഒരു ലക്ഷം പേർക്ക് തൊഴിൽ നൽകുമെന്നല്ലേ പ്രഖ്യാപിച്ചത്. ഇതിനായി ബഹുമാന പ്പെട്ട ധനകാര്യമന്ത്രി കഴിഞ്ഞ ബഡ്ജറ്റിൽ 500 കോടി രൂപ പ്രഖ്യാപി ച്ചില്ലേ? ശ്രീ. എ.എ. അസീസിന്റെ ഒരു ചോദ്യത്തിന് നൽകിയ ഉത്തര ത്തിൽ പറയുന്നത്, ഈ പദ്ധതി പ്രകാരം ഇതുവരെ തുടങ്ങിയത് 35 യൂണിറ്റുകളാണെന്നാണ്. ഇതിനുവേണ്ടി 83 തൊഴിലുകളാണ് സൃഷ്ടിച്ച തെന്ന് ഉത്തരം ലഭിച്ചിരിക്കുന്നു. 500 കോടി രൂപയിൽ 19 കോടി രൂപ യാണ് ചെലവഴിച്ചത്. തൊഴിലില്ലാത്തവർക്ക് തൊഴിൽ നൽകുന്നതിന് 500 കോടി രൂപ നീക്കിവച്ച ഈ പദ്ധതിപോലും നടപ്പിലാക്കാത്ത ഈ സർക്കാ രിന് കേരളത്തിലെ തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ പ്രശ്നം ഏറ്റെടു ക്കാൻ സാധിക്കുമോ? ഈ സർക്കാർ കേരളം നേടിയ നേട്ടങ്ങൾപോലും ഇല്ലാതാക്കുകയാണ്. ഭൂപരിഷ്ക്കരണംവഴിയാണ് കേരളം വലിയ നേട്ടം ഉണ്ടാക്കിയത്. ഇങ്ങനെയുള്ള ഭൂപരിഷ്ക്കരണ പ്രക്രിയ ഈ ഗവൺമെന്റ് തകർത്തുകൊണ്ടിരിക്കുകയാണ്. ഭൂപരിഷ്ക്കരണ നിയമത്തിൽ ഭേദഗതി വരുത്തിയതിന്റെ അടിസ്ഥാനത്തിൽ 15 ഏക്കറിൽ കൂടുതൽ ഭൂമി ആർക്കു വേണമെങ്കിലും വാങ്ങി സൂക്ഷിക്കുവാനും കൈവശം വയ്ക്കുവാനുമുള്ള സ്ഥിതി സംസ്ഥാനത്ത് വന്നു. ഇതിന്റെ ഫലമായി ഒരു ഭൂമാഫിയ

സംസ്ഥാനത്ത് വളർന്നുവന്നിരിക്കുകയാണ്. ആ നിയമ ഭേദഗതി റദ്ദാക്കണം. ആ നിയമഭേദഗതി റദ്ദാക്കുന്നതിനുവേണ്ടി കേരളത്തിൽ ജനുവരി ഒന്നാം തീയതി മുതൽ കൃഷിക്കാരും കർഷകത്തൊഴിലാളികളും പട്ടികജാതി-പട്ടികവർഗ്ഗ ജനവിഭാഗങ്ങളും ചേർന്ന് വലിയൊരു പോരാട്ടത്തിലേയ്ക്ക് ഇറങ്ങുകയാണ്. ഒരു ലക്ഷം ആളുകൾ അറസ്റ്റ് വരിക്കാൻ തയ്യാറായത് ആ സമരത്തിൽ പങ്കെടുക്കാൻ വേണ്ടിയാണ്. ആ സമരം കണ്ടില്ലെന്ന് നടിച്ചാൽ സ്ഥിതിഗതികൾ ഗുരുതരമായിരിക്കുമെന്ന് ഈ ഗവൺമെന്റിനെ ഓർമ്മിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ജനുവരി മാസം 8-ാം തീയതി മുതൽ സർക്കാർ ജീവനക്കാരും, അദ്ധ്യാപകരും അനിശ്ചിതകാലത്തേയ്ക്ക് പണിമുടക്ക് പ്രഖ്യാപിച്ചിരിക്കുകയാണ്. പങ്കാളിത്ത പെൻഷന് എതിരായിട്ടാണ് ജീവനക്കാർ രംഗത്തിറങ്ങിയിട്ടുള്ളത്. സർക്കാർ ജീവനക്കാർക്ക് പെൻഷൻ ഇല്ലാതാക്കുന്ന സ്റ്റാറ്റ്യൂട്ടറി പെൻഷൻ ഇല്ലാതാക്കുന്ന ഈ നയം യു.ഡി.എഫ്. സർക്കാർ തുടരാനാണ് ഉദ്ദേശിക്കുന്നത്. 2002-ൽ ശ്രീ. എ. കെ. ആന്റണി ഉത്തരവിട്ട് അത് നടപ്പാക്കാതെ മാറ്റിവച്ചിരുന്ന കാര്യം ഇപ്പോൾ ശ്രീ. ഉമ്മൻ ചാണ്ടി സർക്കാർ ഇവിടെ നടപ്പാക്കാൻവേണ്ടി ശ്രമിക്കുകയാണ്. ഇതിനെതിരായി ജീവനക്കാർ നടത്തുന്ന പോരാട്ടത്തിൽ കേരളത്തിലെ മുഴുവൻ ജനങ്ങളും പിന്തുണ കെടുക്കും. കാരണം അദ്ധ്യാപകന്മാർക്ക് പെൻഷനില്ലാതായാൽ, ജീവനക്കാർക്ക് പെൻഷനില്ലാതായാൽ ഇവിടെ കർഷക തൊഴിലാളി പെൻഷൻ നിലനിൽക്കുമോ?. കേരളത്തിൽ 62 ലക്ഷം പേർക്ക് കിട്ടുന്ന ക്ഷേമ

പെൻഷനുകൾ ഇല്ലാതാക്കുന്നതിന്റെ തുടക്കമാണ് ഈ സ്റ്റാറ്റ്യൂട്ടറി പെൻഷൻ നിർത്തലാക്കുന്ന ഗവൺമെന്റിന്റെ ഈ നിലപാട്. ഇതിനെതിരായി ഉയർന്നുവരുന്ന പ്രക്ഷോഭത്തെ അടിച്ചമർത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നതെങ്കിൽ അത് ശ്രീ. ഉമ്മൻ ചാണ്ടി സർക്കാരിന്റെ നാശത്തിലേയ്ക്കായിരിക്കും അവസാനിക്കാൻ പോകുന്നതെന്ന് ഗവൺമെന്റ് മനസ്സിലാക്കണം. ഇലക്ട്രിസിറ്റി ചാർജ് വർദ്ധിപ്പിച്ചു, പാലിന്റെ വില കൂട്ടി, ബസ് ചാർജ് കൂട്ടി, കുടിവെള്ളത്തിനുപോലും വില വർദ്ധിപ്പിച്ചു. റേഷൻ കിട്ടാതായി. അരി കിട്ടാതായി . ഈ സ്ഥിതിയിലേക്ക് കേരളത്തെ എത്തിച്ചതാണ് ഒന്നര വർഷക്കാലത്തെ യു.ഡി.എഫ്. ഗവൺമെന്റിന്റെ ധനമാനേജ്മെന്റ്. അതുകൊണ്ട് ഈ ഒന്നര കൊല്ലകാലം ഈ ഗവൺമെന്റിന്റെ പോക്ക് എന്താണെന്ന് മനസ്സിലായതോടുകൂടി ഇനി ഈ സർക്കാർ ഭരിച്ചാൽ എന്താണ് നടക്കാൻ പോകുന്നതെന്ന് കേരളത്തിലെ ജനങ്ങൾക്ക് മനസ്സിലായി. ഇതിന് യു.ഡി.എഫ്.-ന്റെ ആളുകളിൽ നിന്നുപോലും വേണ്ടത്ര പിന്തുണ ലഭിക്കാത്ത സ്ഥിതിയിലേക്ക് കാര്യങ്ങൾ എത്തിക്കഴിഞ്ഞു. അവർക്കിടയിൽതന്നെ അഭിപ്രായ വ്യത്യാസങ്ങൾ രൂപം കൊണ്ടു കഴിഞ്ഞു. അപ്പോൾ ഈ ഗവൺമെന്റിന്റെ നാളുകൾ എണ്ണപ്പെടുന്ന സ്ഥിതിയിലേക്ക് വരികയാണ്. ഈ സർക്കാരിന് ഒരു ഉപധനാഭ്യർത്ഥനയുമായി സഭയെ സമീപിക്കുവാനുള്ള അർഹത നഷ്ടപ്പെട്ടിരിക്കുന്നു എന്നു പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. കെ. മുരളീധരൻ : സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവ് ഇന്ന് ഈ ഗവൺമെന്റിനെക്കുറിച്ച് വിമർശിച്ച കൂട്ടത്തിൽ അദ്ദേഹത്തിന് തെളിവുകളായി ഇവിടെ ഹാജരാക്കാനുണ്ടായിരുന്നത് ഇതുവരെ ആരും കാണാത്ത ഒരു ബ്ലാക്ക്മാനെക്കുറിച്ചും അതുപോലെ നമ്മുടെ കേന്ദ്രമന്ത്രിയായി വന്ന ശ്രീ. ശശി തരൂരിന് നൽകിയ സ്വീകരണത്തെക്കുറിച്ചും മാത്രമാണ്. ഇവിടെ ഉപധനാഭ്യർത്ഥനകൾ അവതരിപ്പിക്കാനുള്ള ധാർമ്മികമായ അവകാശം ഈ ഗവൺമെന്റിന് നഷ്ടപ്പെട്ടു എന്നാണ് അദ്ദേഹം ഇവിടെ സൂചിപ്പിച്ചത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ സംസ്ഥാനത്ത് നടത്തിയ രണ്ട് ഉപതെരഞ്ഞെടുപ്പുകളിലും യു.ഡി.എഫ്. ആണ് വിജയിച്ചത്. ഒന്ന്, പിറവത്ത് ടി. എം. ജേക്കബിന്റെ മരണത്തെത്തുടർന്ന് നടന്ന ഉപതെരഞ്ഞെടുപ്പിൽ 157 വോട്ടിന് ടി.എം. ജേക്കബ് ജയിച്ച നിയോജക മണ്ഡലത്തിൽ 12,070 വോട്ടിനാണ് ശ്രീ. അനൂപ് ജേക്കബ് അവിടെ തെരഞ്ഞെടുക്കപ്പെട്ടു വന്നത്. അതുപോലെ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷത്തിന്റെ സ്ഥാനാർത്ഥിയായി മത്സരിച്ച ശ്രീ. സെൽവരാജ് ഇടതുപക്ഷം വിട്ട് യു.ഡി.എഫ് -ന്റെ കൂടെ വന്നതിനുശേഷം നടന്ന തെരഞ്ഞെടുപ്പിൽ ഇടതുപക്ഷത്തിന്റെ സ്ഥാനാർത്ഥിയായിരുന്നപ്പോൾ അദ്ദേഹത്തിന് കിട്ടിയ ഭൂരിപക്ഷത്തോളം തന്നെ ഭൂരിപക്ഷത്തോടെ അദ്ദേഹം ഇവിടെ വിജയിച്ചു വന്നു. അതിനുശേഷം ഈ സംസ്ഥാനത്ത് നടന്ന ഗ്രാമപഞ്ചായത്തുകളിലേയ്ക്കും മറ്റു തദ്ദേശ സ്വയം

ഭരണ സ്ഥാപനങ്ങളിലേക്കും നടന്ന തെരഞ്ഞെടുപ്പുകളെല്ലാം ഇവർ പറയുന്ന ആക്ഷേപങ്ങളെല്ലാം ഉന്നയിച്ചിട്ടുപോലും കേരളത്തിലെ ജനങ്ങൾ അന്നുകഴിഞ്ഞ പഞ്ചായത്ത് ഇലക്ഷന്റെ അതേ നിലയിൽതന്നെയാണ് വോട്ട് രേഖപ്പെടുത്തിയിട്ടുള്ളതും അതനുസരിച്ച് തന്നെയാണ് ഇവിടെ ഈ തെരഞ്ഞെടുപ്പുകളില്ലെല്ലാം യു.ഡി.എഫ്.-ന് വിജയം ഉണ്ടായതും. കേരളത്തിലെ ജനങ്ങൾ എല്ലാ കാര്യങ്ങളും പഠിച്ച് വോട്ട് ചെയ്യുന്നവരാണ്. അങ്ങനെ എല്ലാ കാര്യങ്ങളും പഠിച്ച് വോട്ട് ചെയ്തതുകൊണ്ടുതന്നെയാണ് അവർ യു.ഡി.എഫ്-നെ അധികാരത്തിൽ കൊണ്ടുവന്നത്. അത് മാത്രവുമല്ല ഇവിടെ മാധ്യമങ്ങൾ നടത്തിയ സർവ്വേയിലും മറ്റ് സർവ്വേകളിലുമൊക്കെ, ഇപ്പോൾ ഇന്ത്യ ടുഡേ കോൺഗ്രസ്സിനെ വിമർശിക്കുന്ന ഒരു മാധ്യമമാണ്. ആ ഇന്ത്യാ ടുഡേ നടത്തിയ 'സ്റ്റേറ്റ് ഓഫ് ദി സ്റ്റേറ്റ്സ്'' എന്ന സർവ്വേയിൽ ഗുഡ് ഗവേണൻസായിട്ടുള്ള ഒരു സർക്കാരിനെ തെരഞ്ഞെടുത്തത് കേരളത്തെയാണ്. കേരളത്തിനാണ് ഒന്നാം സ്ഥാനം. എൽ.ഡി.എഫ്. ഭരിച്ചപ്പോൾ നാലാം സ്ഥാനത്തായിരുന്നു അന്ന് സർവ്വേ നടത്തിയപ്പോൾ കേരളം നിന്നിരുന്നതെങ്കിൽ ഇന്ന് കേരളത്തിന് ഒന്നാം സ്ഥാനമാണ് ഇന്ത്യ ടുഡേയുടെ സർവ്വേയിൽ നൽകിയിട്ടുള്ളത്. യുണൈറ്റഡ് നേഷൻസ് ഡെവലപ്മെന്റ് പ്രോഗ്രാം കേരളത്തിലെ വികസനത്തിനെക്കുറിച്ച് പറഞ്ഞത് അവിശ്വസനീയം എന്നാണ്. കാരണം ഒരു ജനാധിപത്യ ഗവൺമെന്റ് എത്രയേറെ ഇച്ഛാശക്തിയോടുകൂടി മുന്നോട്ടു നീങ്ങുന്നതിൽ അവർ കേരളാ ഗവൺമെന്റിനെ പൂർണ്ണമായിട്ടും അനുമോദിച്ചിട്ടു

ണ്ട്. മാത്രമല്ല ലോകത്തിന് പഠന മാതൃകയായി അവർ അവതരിപ്പിക്കുന്നത് കേരള സംസ്ഥാനത്തെയാണ്. അതുപോലെ ഓവർ ഓൾ പ്രോഗ്രാമിന്റെ കാര്യത്തിൽ ഇന്നലെവരെ കേരളം 9-ാം സ്ഥാനത്താണ് നിന്നിരുന്നതെങ്കിൽ ഇന്ന് കേരളം രണ്ടാം സ്ഥാനത്തേയ്ക്ക് വന്നിരിക്കുന്നു. കോൺഗ്രസ്സോ യു.ഡി.എഫ്. ഗവൺമെന്റോ നടത്തുന്ന സർവ്വേ അല്ല. അതുപോലെ, ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റിന്റെ കാര്യത്തിൽ പതിനാലാം സ്ഥാനത്ത് നിന്ന കേരളം ഇന്ന് മൂന്നാം സ്ഥാനത്തേയ്ക്ക് വന്നിരിക്കുന്നു. . കാർഷിക രംഗം ഇവിടെ തകർന്ന് തരിപ്പണമായെന്നാണ് പ്രതിപക്ഷം പറഞ്ഞത്. പക്ഷേ, പതിമൂന്നാം സ്ഥാനത്ത് നിന്ന കേരളം ഇന്ന് കാർഷികരംഗത്ത് നാലാം സ്ഥാനത്തേയ്ക്ക് വന്നിരിക്കുന്നു. ആരോഗ്യരംഗത്ത് പതിന്നാലാം സ്ഥാനത്ത് നിന്നിരുന്ന കേരളം ഇന്ന് എട്ടാം സ്ഥാനത്തേയ്ക്ക് വന്നു. ഇതെല്ലാം നടത്തുന്നത് കോൺഗ്രസ്സോ യു.ഡി.എഫോ. അല്ല. യാഥാർത്ഥ്യങ്ങൾ നമ്മൾ കണ്ടില്ലെന്ന് നടിക്കരുത്. നിക്ഷേപരംഗത്ത് പന്ത്രണ്ടാം സ്ഥാനത്ത് നിന്നിരുന്ന കേരളം ഇന്ന് എട്ടാം സ്ഥാനത്ത് വന്നിരിക്കുന്നു. പക്ഷേ, അതേ സമയത്ത് ചില ഡിഫക്ടുകളുണ്ട് എന്നുള്ള യാഥാർത്ഥ്യവും അംഗീകരിക്കുന്നു. കാരണം നല്ല കാര്യങ്ങൾ പറയുമ്പോൾ എതിരായിട്ട് വരുന്ന പരാമർശങ്ങൾ കൂടി കണക്കിലെടുത്തുകൊണ്ട് ഏത് രംഗത്താണോ പിന്നിൽ നിൽക്കുന്നത് ആ രംഗത്ത് മുന്നോട്ടുവരാനുള്ള ശ്രമങ്ങളാണ് നടത്തേണ്ടത്. ഉദാഹരണം പറഞ്ഞാൽ മാക്രോ എക്കണോമിക്ക് സ്റ്റഡിയിൽ രണ്ടാം സ്ഥാനത്ത് നിന്നിരുന്ന

കേരളം ഇന്ന് പത്താം സ്ഥാനത്തേയ്ക്ക് പോയി. വിദ്യാഭ്യാസരംഗത്ത് എട്ടാം സ്ഥാനത്ത് നിന്നും നമ്മൾ പതിനഞ്ചാം സ്ഥാനത്തേയ്ക്ക് പോയി. ഈ രണ്ടു കാര്യങ്ങളും നമ്മൾ സത്വരമായി ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്. കഴിഞ്ഞ കുറെ വർഷങ്ങളായി അത് എൽ.ഡി.എഫ്. ഭരിക്കുമ്പോഴും യു. ഡി.എഫ്. ഭരിക്കുമ്പോഴും മത്സരപരീക്ഷകളിൽ കേരളം വളരെ താഴോട്ട് പോയികൊണ്ടിരിക്കുകയാണ്. വിദ്യാഭ്യാസ രംഗത്ത് വരുത്തേണ്ട മാറ്റ ങ്ങളുടെ കാര്യത്തിൽ പരസ്പരം നമുക്കൊരു കൂടിയാലോചന ഇല്ലാത്ത തുകൊണ്ട് ഈ ഫീൽഡിൽ നമ്മൾ താഴോട്ട് പോകുന്നു എന്നുള്ളത് യാഥാർത്ഥ്യമാണ്. ഉദാഹരണം പറഞ്ഞാൽ പ്രീഡിഗ്രി ബോർഡ് കൊണ്ടുവന്നു. അന്ന് രാജീവ് ഗാന്ധി പ്രധാനമന്ത്രിയായിരുന്നപ്പോൾ വിദ ്യാഭ്യാസരംഗത്ത് ഒരു കുതിച്ചുചാട്ടം ഈ രാജ്യത്തുണ്ടാകണം എന്നുള്ള ലക്ഷ്യത്തോടുകൂടിയാണ് പ്രീഡിഗ്രി ബോർഡ് കൊണ്ടുവന്നത്. അന്ന് പ്രീഡിഗ്രി ബോർഡിനെതിരായി അന്നത്തെ പ്രതിപക്ഷം സമരം നടത്തി അതിന്റെ പേരിൽ കേരള യൂണിവേഴ്സിറ്റി നടത്തിയ പരീക്ഷകൾ അട്ടിമറി ച്ചു. ഇതിന്റെയൊക്കെ പരിണതഫലമായി അവസാനം എൽ.ഡി.എഫ്. -തന്നെ 1987-ൽ അധികാരത്തിൽ വന്നു. അങ്ങനെ അധികാരത്തിൽ വന്ന എൽ.ഡി.എഫ്. ചെയ്തത് പ്രീഡിഗ്രി ബോർഡിന്റെ പേരുമാറ്റി അത് പ്ലസ് ടു ആക്കി നടപ്പാക്കി. അത്രയും കാലഘട്ടത്തിൽ വന്ന പിന്നോട്ടുള്ള പോക്ക്. ഇതാണ് നിരന്തരായി ഇപ്പോഴും സംഭവിച്ചുകൊണ്ടിരിക്കുന്നു. അതുകൊണ്ട് വിദ്യാഭ്യാസമേഖലയെ മുന്നോട്ടു കൊണ്ടുവരാനും നമ്മുടെ

കുട്ടികൾക്ക് ആധുനികമായിട്ടുള്ള രീതിയിൽ പരിശീലനം നൽകാനും കഴിഞ്ഞില്ലെങ്കിൽ അഖിലേന്ത്യാതലത്തിലും ഒക്കെ നമുക്ക് ഒരു തിരിച്ചടി ഉണ്ടാകുമെന്നുള്ള യാഥാർത്ഥ്യം മനസ്സിലാക്കികൊണ്ട് അത് യു.ഡി.എഫ്. മാത്രം വിചാരിച്ചാൽ പോര. ഈ സഭയുടെ തന്നെ മൊത്തം ഒരു വികാരം അക്കാര്യത്തിൽ ഉണ്ടാകണം എന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ റോഡ് വികസനം എന്നു പറയുമ്പോൾ ഏറ്റവും പരമപ്ര ധാനമായിട്ടുള്ളത് റോഡുകളാണ്. റോഡുകളെക്കുറിച്ച് പറയുമ്പോൾ റോഡുകളെല്ലാം പഴയ റോഡുകളാണ്. അതേ സമയത്ത് പുതിയ പുതിയ വാഹനങ്ങൾ ഇറക്കുന്നു. റോഡുകളുടെ വീതി കൂട്ടാൻ കഴിയാത്തത് എന്തുകൊണ്ടാണ്? അവിടെ ചെല്ലുമ്പോൾ പ്രാദേശികമായിട്ടുള്ള എതിർപ്പ്. പ്രാദേശികമായ എതിർപ്പിന്റെ കൂടെ രാഷ്ട്രീയകക്ഷികളും കൂടി. ചേരുന്നു. നമുക്ക് തന്നെ കേരളത്തിനൊരു എക്സംപ്ഷൻ തന്നു. നാഷണൽ ഹൈവേ 45 മീറ്ററാക്കാം. മറ്റെല്ലാ സ്ഥലത്തും 65 ആയിരുന്നു. നമുക്ക് എക്സംപ്ഷൻ തന്നു 45 എന്നു പറഞ്ഞു. നമ്മൾ പറഞ്ഞു 30 മതിയെന്ന് അവസാനം ഒരു ആൾ പാർട്ടി ഡെലിഗേഷൻ ഡെൽഹിയ്ക്കു പോയി. അവസാനം പ്രധാനമന്ത്രി പറഞ്ഞു. ഒരിക്കലും 30 ആക്കാൻ സാധ്യമല്ലെന്നു പറഞ്ഞു. വീണ്ടും നമ്മൾ തിരിച്ചുവന്നു യോഗം കൂടി. വീണ്ടും അത് 45 മീറ്ററാക്കാൻ തീരുമാനിച്ചു. ഇതിനിടയ്ക്ക് എന്തുമാത്രം വാഹനങ്ങൾ റോഡിലിറങ്ങി. എത്രമാത്രം കുട്ടികൾ ഈ റോഡിൽ മരണ പ്പെടുന്നു. എവിടെ മറ്റ് കൊലകളെക്കുറിച്ച് പറഞ്ഞു. എത്ര പിഞ്ചു

കുഞ്ഞുങ്ങൾ വാഹനാപകടങ്ങളിൽ മരിക്കുന്നു. എത്ര ആളുകൾ ഒരു ദിവസം മരിക്കുന്നു. നമുക്ക് ഡെവലപ്മെന്റ് ഉണ്ടാകണം. ഈ ഡെവലപ്മെന്റിന്റെ കാര്യത്തിൽ നമ്മൾ മുന്നോട്ടു നീങ്ങണം. അതുകൊണ്ട് എന്റെ അഭിപ്രായത്തിൽ സത്യം പറഞ്ഞാൽ 45 മീറ്ററല്ല, കേന്ദ്രം നിർദ്ദേശിച്ച 65 മീറ്ററാക്കി കൊണ്ടുതന്നെ നമ്മുടെ റോഡുകളുടെ വികസിപ്പിക്കണം. (തുടരും)

കൊച്ചി മെട്രോയുടെ പ്രവർത്തനങ്ങൾ വളരെ വേഗത്തിലാക്കിയത് ഈ ഗവൺമെന്റ് വന്നതിനുശേഷമാണ്. അത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ഡെൽഹി മെട്രോ റെയിൽ കോർപ്പറേഷനെ ഏൽപ്പിക്കുന്നതിൽ ആർക്കും ഒരു തടസ്സവുമില്ല. ശ്രീ. ഇ. ശ്രീധരന്റെ സേവനം കേരളത്തിന് പ്രയോജനപ്പെടുത്തണമെന്ന കാര്യത്തിൽ ആർക്കും ഒരു തർക്കവുമില്ല. പക്ഷേ ഡെൽഹി ഗവൺമെന്റ് സൂചിപ്പിച്ചത് ഡെൽഹി മെട്രോ എക്സ്റ്റന്റ് ചെയ്യാനും നിലവിലുള്ള മെട്രോ പാതകൾ നവീകരിക്കാനുമുള്ളതുകൊണ്ട് ഡെൽഹി സംസ്ഥാനത്തിന് പുറത്തുള്ള ജോലികൾ ഏറ്റെടുക്കുന്നത് ബുദ്ധിമുട്ടാണെന്നാണ് ഡെൽഹി ഗവൺമെന്റും മെട്രോ കോർപ്പറേഷനും സൂചിപ്പിച്ചത്. പക്ഷേ നമ്മുടെ മുഖ്യമന്ത്രി ഡെൽഹിയിൽചെന്ന് അദ്ദേഹത്തിന്റെ രാഷ്ട്രീയ സ്വാധീനം ഉപയോഗിച്ച് ശ്രീ. എ.കെ. ആന്റണിയുടെ സഹായത്തോടെ ഡി.എം.ആർ.സി-യുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഡെൽഹി ഗവൺമെന്റ് ചില

വിട്ടുവീഴ്ചകൾക്ക് തയ്യാറായിട്ടുണ്ട്. കൊച്ചിൻ മെട്രോയുടെ മേൽനോട്ടം ഡെൽഹി മെട്രോ കോർപ്പറേഷനെ ഏൽപ്പിച്ചുകൊണ്ട് മറ്റുപ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുമെന്ന് ശ്രീ. ആര്യാടൻ മുഹമ്മദ് സൂചിപ്പിച്ചു. തിരുവനന്തപുരം മോണോ റെയിലിന്റെ കാര്യത്തിൽ അവഗണന നേരിടുന്നു എന്നൊരു സംശയം ഉണ്ടായിരുന്നു. തിരുവനന്തപുരത്തിന്റെ എം.എൽ.എ എന്നുള്ള നിലയിൽ ഇക്കാര്യത്തിലുള്ള വികാരം പ്രകടിപ്പിച്ചുകൊണ്ട് ഞാനൊരു ഉപവാസം പ്രഖ്യാപിച്ചെങ്കിലും മുഖ്യമന്ത്രി എന്നെ നേരിട്ടുവിളിച്ച് കോഴിക്കോട് മോണോ റെയിലിനോടൊപ്പംതന്നെ തിരുവനന്തപുരം മോണോറെയിലിന്റെയും പണി ആരംഭിക്കുമെന്ന ഉറപ്പു നൽകുകയും ചെയ്തു. 3560 കോടിരൂപയുടെ പ്രോജക്ടാണ് തിരുവനന്തപുരം മോണോറെയിലിനുവേണ്ടി നീക്കി വച്ചിട്ടുള്ളത്. കഴിഞ്ഞ ദിവസം മുഖ്യമന്ത്രി, ധനകാര്യ വകുപ്പുമന്ത്രി, പൊതുമരാമത്ത് വകുപ്പു മന്ത്രി എന്നിവരുടെ സാന്നിദ്ധ്യത്തിൽ യോഗം ചേർന്ന് ഈ പ്രോജക്ട് തത്വത്തിൽ അംഗീകരിച്ചു. ഫണ്ട് മൊബിലൈസ് ചെയ്യാനുള്ള ചർച്ചകൾ നടന്നുവരികയാണ്. അതുപോലെ വേസ്റ്റു മാനേജുമെന്റിന്റെ കാര്യത്തിൽ സംസ്ഥാന സർക്കാരും കോർപ്പറേഷനുമായുള്ള ഏറ്റുമുട്ടലല്ല വേണ്ടത്. ഒരു സമന്വയത്തിന്റെ പാത സ്വീകരിച്ചുകൊണ്ട് വേസ്റ്റ് സംസ്കരണത്തിനുള്ള നടപടികൾ സ്വീകരിച്ചില്ലെങ്കിൽ തലസ്ഥാനത്ത് ഒരുപാട് പകർച്ച വ്യാധികൾ പടർന്നുപിടിക്കും. ഇപ്പോൾ ഡെങ്കിപ്പനി തിരുവനന്തപുരം നഗരത്തിലാണ് ഏറ്റവും കൂടുതൽ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. നമ്മുടെ മുൻ

ഇലക്ട്രിസിറ്റി ബോർഡ് ചെയർമാനായിരുന്ന മാത്യൂ മരണപ്പെട്ടത് ഡെങ്കിപ്പനി വന്നാണ്. ഇപ്പോഴും പല സ്ഥലങ്ങളിലും മരണം നടക്കുന്നുണ്ട്.

ശ്രീ. വി. ശിവൻകുട്ടി: സർ മോണോ റെയിലിനുവേണ്ടി അങ്ങ് ഉപവാസം പ്രഖ്യാപിച്ചിരുന്നു. മുഖ്യമന്ത്രിയുമായി സംസാരിച്ചതിന്റെ അടിസ്ഥാനത്തിൽ അത് പിൻവലിച്ചു. അതുപോലെ ചവർ പ്രശ്നത്തിന് പരിഹാരം കാണുന്നതിന് ഒരു നിരാഹാര സത്യാഗ്രഹം ആരംഭിക്കുന്നതിന് തയ്യാറാണോ?

ശ്രീ. കെ. മുരളീധരൻ: സർ, ഈ കാര്യത്തിൽ സർക്കാരും കോർപ്പറേഷനും ഒരുമിച്ചിരുന്ന് തീരുമാനമെടുക്കണം. നഗരത്തിലെ മാലിന്യ സംസ്കരണ കാര്യത്തിൽ കോർപ്പറേഷൻ എടുത്ത എല്ലാ നടപടികൾക്കും പൂർണ്ണ പിന്തുണ പ്രഖ്യാപിച്ച ഞാൻ മാലിന്യ സംസ്കരണ വിഷയത്തിൽ ഒരിക്കലും രാഷ്ട്രീയം കാണുകയില്ല. ദൗർഭാഗ്യവശാൽ വിളപ്പിൽശാല പ്ലാന്റ് അടച്ചുപൂട്ടി. മാലിന്യം സംസ്കരിക്കാനുള്ള പുതിയ മാർഗ്ഗങ്ങൾ പരിശോധിച്ചശേഷം ഘട്ടംഘട്ടമായി പ്ലാന്റ് പൂട്ടുന്നതിനുപകരം പെട്ടെന്ന് പൂട്ടിയപ്പോഴാണ് പ്രശ്നങ്ങളുണ്ടായത്. എവിടെ വേസ്റ്റ് കൊണ്ടുചെന്നാലും ഇവിടെയും മറ്റൊരു വിളപ്പിൽശാലപോലെ ആയിത്തീരുമെന്നാണ് ആളുകളുടെ സംശയം. വേസ്റ്റ് സംസ്കരിക്കാൻ പോയ എല്ലാ സ്ഥലങ്ങളിലും ഇതാണ് നിലപാട്. പ്രാദേശികമായി ഗവൺമെന്റ് ചെയ്യേണ്ടത് കോർപ്പറേഷനുമായി ആലോചിച്ച് പരിഹാരം കാണണം. പുതിയൊരു സഞ്ചരിക്കുന്ന സംസ്കരണ യൂണിറ്റ് വന്നതും തകരാറിലാ

യതായാണ് ഞാൻ മനസ്സിലാക്കുന്നത്. അതിന്റെ കപ്പാസിറ്റിയെക്കാൾ കൂടുതൽ ഉപയോഗിക്കുന്നതുകൊണ്ട് അതിപ്പോൾ പ്രവർത്തിക്കുന്നില്ല. തിരുവനന്തപുരം നഗരത്തിൽ മാത്രമല്ല ശ്രീ. സാം പിട്രോഡ കൊച്ചിയിൽ എമർജിംഗ് കേരളയുടെ പരിപാടിയിൽ വന്നപ്പോൾ ആദ്യം അദ്ദേഹ ത്തിന്റെ ശ്രദ്ധയിൽപ്പെട്ടത് വേസ്റ്റാണ്. കേരളം പോലുള്ള ഒരു സംസ്ഥാ നത്തെ വേസ്റ്റ് കുന്നുകൂടുന്നതിനെക്കുറിച്ച് അദ്ദേഹംപോലും പറഞ്ഞു. വേസ്റ്റുമാനേജുമെന്റിന്റെ കാര്യത്തിലും തീർച്ചയായും ഒരു പരിഹാരം കണ്ടെത്തണം. ഗവൺമെന്റും ജനപ്രതിനിധികളും കോർപ്പറേഷനും ഒരു മിച്ചിരുന്നെടുക്കുന്ന തീരുമാനങ്ങൾ ഇച്ഛാശക്തിയോടെ നടപ്പിലാക്കണമെ ന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. നേരത്തെ ഇവിടെ പ്രതിപക്ഷ ഉപനേതാവ് കറണ്ട് ചാർജ്ജിന്റെ വർദ്ധനയെക്കുറിച്ച് പറഞ്ഞു. കറണ്ടിന്റെ കാര്യം നമുക്കെല്ലാവർക്കും അറിയാവുന്ന താണ്. നമ്മുടെ സംസ്ഥാനത്തിന് ആവശ്യമുള്ള വൈദ്യുതിയുടെ 40 ശതമാനംമാത്രം ഉത്പ്പാദിപ്പിക്കുകയും 60 ശതമാനം വിലകൊടുത്തുവാങ്ങിക്കൊണ്ടും എത്രകാലം മുമ്പോട്ട് പോകാൻ കഴിയും? ഇവിടെ പുതിയ പദ്ധതിക ളൊന്നും വരുന്നില്ല. ഏത് പദ്ധതികൾ വന്നാലും ബുദ്ധിജീവികളും സാംസ്കാരിക നായകന്മാരും അതിന് തടസ്സം നിൽക്കുന്നു. അവരോട് ബഹുമാനക്കുറവുള്ളതുകൊണ്ട് പറയുന്നതല്ല. പക്ഷേ ഈ അവസ്ഥയിൽ സംസ്ഥാനം എങ്ങനെ മുന്നോട്ട് പോകും? ഇവിടെ എന്ത് പദ്ധതി വന്നാലും തടസ്സപ്പെടുത്തുന്നു. കൂടംകുളത്തുനിന്ന് നമുക്ക് വൈദ്യുതി

തരാമെന്ന് പറയുന്നു. പക്ഷേ എങ്ങനെ കൊണ്ടുവരും? കാറിലും ബസിലും കൊണ്ടുവരാൻ കഴിയുമോ? ലൈൻ വലിക്കുമ്പോൾ എന്റെ വീടിനു മുന്നിൽക്കൂടി ലൈൻ വലിക്കരുത് എന്നുപറഞ്ഞ് സമരം നടത്തും. അവസാനം ഗ്യാസ് കൊണ്ടുവരാൻ കടലിനടിയിൽകൂടി പൈപ്പ്ലൈൻ ഇടാമെന്ന് പറഞ്ഞപ്പോൾ മത്സ്യം ചത്തുപൊന്തും എന്നു പറഞ്ഞു. അപ്പോൾ കരയിലൂടേയും കടലിലൂടേയും ലൈൻ കൊണ്ടുവരാൻ കഴിയാത്ത രീതിയാണ്. വികസന കാര്യങ്ങളിൽ പരസ്പരം കുറ്റപ്പെടുത്തുന്നതിനുപകരം ഒത്തൊരുമിച്ച് നിന്ന് പ്രവർത്തിക്കണം. ശ്രീ. കോടിയേരി ബാലകൃഷ്ണൻ കോൺഗ്രസ്സിന്റെ കാര്യങ്ങളെക്കുറിച്ച് പറഞ്ഞു. കോൺഗ്രസ്സിൽ ഞങ്ങളുടെ അഭിപ്രായ വ്യത്യാസങ്ങൾ പരസ്പരം പറയുന്നതും വിമർശിക്കുന്നതുമൊക്കെ സാധാരണയാണ്. പക്ഷേ ഇന്ന് മാർക്സിസ്റ്റ് പാർട്ടിയുടെ സ്ഥിതിയെന്താണ്? പ്രതിപക്ഷ നേതാവിന്റെ നിയോജകമണ്ഡലമായ മുണ്ടൂരിൽ മാർക്സിസ്റ്റ് പാർട്ടിയുടെ ഒരു ബ്രാഞ്ച് സെക്രട്ടറിയെ മാറ്റാൻവേണ്ടി പ്രതിപക്ഷ ഉപനേതാവായ ശ്രീ. കോടിയേരി ബാലകൃഷ്ണനും ശ്രീ. എ.കെ. ബാലനും എല്ലാവരുംകൂടി അവിടെ ചെന്നപ്പോൾ അവിടെയുള്ള മാർക്സിസ്റ്റ് പാർട്ടി പ്രവർത്തകർ ആക്രമിച്ച രംഗം നമ്മളെല്ലാവരും ചാനലുകളിൽക്കൂടി കണ്ടതല്ലേ? യാഥാർത്ഥ്യമായ ഈ സംഭവം നിഷേധിച്ചിട്ട് കാര്യമില്ല. മാർക്സിസ്റ്റ് പാർട്ടിക്ക് ഒരു ബ്രാഞ്ച് സെക്രട്ടറിയെപ്പോലും മാറ്റാൻ കഴിയാത്ത സ്ഥിതിയിലല്ലേ കാര്യങ്ങൾ ചെന്നെത്തിയിട്ടുള്ളത്. പ്രതിപക്ഷ ഉപനേതാവിന്റെ

സാന്നിദ്ധ്യത്തിലാണ് അടി നടന്നത്. കോൺഗ്രസ്സിന്റെ അഖിലേന്ത്യാ നേതൃത്വം പറയുന്നത് അനുസരിക്കുന്ന ശീലമാണ് കോൺഗ്രസ്സുകാർക്കുള്ളത്. പക്ഷേ മാർക്സിസ്റ്റ് പാർട്ടിയിലെ സ്ഥിതി എന്താണ്? ശ്രീ. വി.എസ്. അച്ചുതാനന്ദനോട് കൂടംകുളത്ത് പോകരുതെന്ന് ശ്രീ. പ്രകാശ് കാരാട്ട് പറഞ്ഞു. അദ്ദേഹം പോകുമെന്ന് പറഞ്ഞു. കളിയിക്കാവിളയിൽ എത്തിയപ്പോൾ നാഗർകോവിൽ ഡിവൈ.എസ്.പി 'അയ്യാ തിരുമ്പി പോങ്കോ' എന്ന് പറഞ്ഞു. അപ്പോൾ നാഗർകോവിൽ ഡിവൈ.എസ്.പി പറഞ്ഞതാണ് ശ്രീ. പ്രകാശ് കാരാട്ട് പറയുന്നതിനെക്കാളും പ്രതിപക്ഷ നേതാവ് കാര്യമായിട്ടെടുത്തത്. അങ്ങനെയുള്ള പ്രതിപക്ഷ നേതാവിന്റെ കീഴിലിരിക്കുന്നവരാണ് കോൺഗ്രസ്സിൽ എന്തൊക്കെയോ അഭിപ്രായ വ്യത്യാസങ്ങളുണ്ട്, എന്തൊക്കെയോ പൊട്ടിത്തെറിയുണ്ടാകാൻ പോകുന്നു എന്നെല്ലാം പറയുന്നത്. അതുപോലെ ഈ സർക്കാർ വന്നപ്പോൾ നാല് എം.എൽ.എ-മാർക്ക് മൂത്രശങ്ക വന്നാൽ ഈ സർക്കാർ താഴെ പോകുമെന്നല്ലേ പറഞ്ഞത്. ഞാനിവിടെ നിയമസഭാംഗം ആകുന്നതിനു മുമ്പ്, 10 വയസ്സിൽ സന്ദർശന ഗ്യാലറിയിലേയ്ക്കുള്ള പ്രവേശനം നൽകിയ കാലംമുതൽ വിസിറ്റേഴ്സ് ഗ്യാലറിയിലിരുന്ന് ഈ നിയമസഭ കണ്ട ആളാണ്. സാധാരണ പൊതുഭരണത്തിന്റെ ചർച്ച കൺക്ലൂഡ് ചെയ്യാൻ പ്രതിപക്ഷത്തുനിന്ന് അവസാനം പ്രസംഗിക്കുന്നത് പ്രതിപക്ഷനേതാവാണ്. കഴിഞ്ഞ തവണത്തെ ബഡ്ജറ്റ് ചർച്ചയുടെ ഒരു ദിവസം അതായത് വ്യവസായ വകുപ്പുമന്ത്രിയുടെ ധനാഭ്യർത്ഥന ചർച്ച

ചെയ്ത ദിവസം മാത്രമാണ് പ്രതിപക്ഷ നേതാവ് ഈ സഭയിൽ വന്ന് വോട്ട് രേഖപ്പെടുത്തിയത്. ഏതെങ്കിലും ദിവസം പ്രതിപക്ഷത്തുനിന്ന് 55-ൽ കൂടുതൽ അംഗങ്ങൾ ഈ സഭയിൽ വോട്ടെടുപ്പിൽ പങ്കെടുത്തിട്ടുണ്ടോ? യു.ഡി.എഫ്-നെ സംബന്ധിച്ച് ഞങ്ങൾ 71- ൽ കുറയാത്ത അംഗങ്ങൾ, ചിലപ്പോൾ കെ.പി.സി.സി പ്രസിഡന്റിന് പാർട്ടി പ്രവർത്തനങ്ങൾക്കുവേണ്ടി സഭയിൽ വരാതിരിക്കാനുള്ള പെർമിഷൻ കൊടുക്കാറുണ്ട്, പിന്നെ എന്തെങ്കിലും അസുഖം വന്നാലും പെർമിഷൻ നൽകാറുണ്ട്. എങ്കിൽപ്പോലും 71-ൽ കുറയാത്ത അംഗങ്ങൾ ഈ സഭയിൽ ഹാജരാകാറുണ്ട്. അതേ സമയം 55 പേരെ തികച്ച് ഈ സഭയിലിരുത്താൻ പ്രതിപക്ഷത്തിന് കഴിഞ്ഞിട്ടുണ്ടോ? മറ്റുള്ളവരുടെ സൗന്ദര്യം അളക്കുന്നതിനു മുമ്പ് ആദ്യം സ്വന്തം മുഖം കണ്ണാടിയിൽ നോക്കണം എന്നുമാത്രമേ മാർക്സിസ്റ്റ് സുഹൃത്തുക്കളോട് പറയാനുള്ളൂ. വഴങ്ങാൻ സമയമില്ല. നിങ്ങളുടെ ചർച്ചയിൽ മറുപടി പറഞ്ഞോളൂ. തീർച്ചയായും മാർക്സിസ്റ്റ് പാർട്ടിയെ പിരിച്ചുവിടണമെന്നൊന്നും ഞാൻ പറയുന്നില്ല. പക്ഷേ അവരുടെ പ്രവൃത്തികളല്ലേ കുഴപ്പങ്ങളുണ്ടാക്കുന്നത്? ഇപ്പോൾ ചന്ദ്രശേഖരന്റെ കൊലപാതകത്തെകുറിച്ച് ഞാൻ വിചാരിച്ചത് പാർട്ടിയിൽനിന്ന് പുറത്തുപോയതിന്റെ വൈരാഗ്യം തീർത്തതാകുമെന്നാണ്. അങ്ങയുടെ നിയോജകമണ്ഡലത്തിൽ ഒരു മാർക്സിസ്റ്റ് പാർട്ടിയുടെ ഭാരാവാഹിയെ സഹപ്രവർത്തകർ കൊന്ന വാർത്ത നാട്ടിൽ മുഴുവൻ പാട്ടല്ലേ. അപ്പോൾ

സ്വന്തം പാർട്ടിയിൽ നിന്ന് പുറത്തുപോയവരെ മാത്രമല്ല പാർട്ടിയ്ക്കകത്തു ള്ളവരേയും ശരിയാക്കുന്ന ഈ സംസ്കാരം നമ്മുടെ സംസ്ഥാനത്തെ എവിടെ കൊണ്ടെത്തിക്കുമെന്ന് ഒരു ഉത്തരവാദപ്പെട്ട പ്രതിപക്ഷകക്ഷി എന്നുള്ള നിലയിൽ മാർക്സിസ്റ്റ് പാർട്ടി ചിന്തിക്കണം. ശ്രീ. ശശി തരൂർ എം.പി-യുടെ ഭാര്യയെക്കുറിച്ചൊക്കെ പറഞ്ഞു. ഈ സഭയിലെ ചില അംഗങ്ങൾതന്നെ അവരുടെ പാർട്ടി സഖാക്കളെക്കുറിച്ച് പരാതി പറഞ്ഞി ട്ടുള്ളത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ഞാൻ അതിനെക്കുറി ച്ചൊന്നും പറയുന്നില്ല. തീർച്ചയായും എല്ലാവരും ഒരുമിച്ച് മുന്നോട്ടു പോയി ഈ സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടു ത്തണമെന്ന് മാത്രമേ പറയുന്നുള്ളൂ. ശ്രീ. ഉമ്മൻ ചാണ്ടി ഇച്ഛാശക്തിയുള്ള മുഖ്യമന്ത്രിയാണ്. 24 മണിക്കൂറിൽ 20 മണിക്കൂറും ശക്തമായി പ്രവർത്തിക്കുന്ന ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിൽ ഈ ഗവൺമെന്റ് കാലാവധി പൂർത്തിയാക്കുക മാത്രമല്ല ജനങ്ങളുടെ അനുഗ്ര ഹത്തോടെ വീണ്ടും അധികാരത്തിൽ വരാൻ കഴിയുമെന്ന പൂർണ്ണ വിശ ്വാസത്തോടെ പൂർണ്ണ മനസ്സോടെ ഈ ഉപധനാഭ്യർത്ഥനകളെ പിന്താങ്ങു ന്നു.

ശ്രീ. കെ. രാജു: സർ, ഞാൻ ഈ സപ്ലിമെന്ററി ഡിമാന്റിനെ എതിർക്കുകയാണ്. ഇവിടെ നേരത്തെ സൂചിപ്പിച്ചതുപോലെ, സഭ പാസ്സാക്കിക്കൊടുത്ത തുകപോലും ചെലവഴിക്കാൻ കഴിയാത്തൊരു ഗവൺമെന്റാണ് ഇവിടെ അധികാരത്തിലിരിക്കുന്നത്. ആ ഒറ്റ കാരണം

കൊണ്ടുതന്നെ ധനാഭ്യർത്ഥന നടത്തിക്കൊണ്ടുള്ള ഈ പ്രമേയം സ്വാഭാ വികമായും എതിർക്കപ്പെടേണ്ടതാണ്. ഈ ഗവൺമെന്റിന്റെ ഇപ്പോഴത്തെ ഇമേജ് എന്താണെന്നുള്ളതിനെ സംബന്ധിച്ച് കേരളത്തിലെ ജനങ്ങൾക്ക് നല്ലതുപോലെ അറിയാം. കേന്ദ്ര ഗവൺമെന്റിലെ രണ്ടാമനെന്നു പറയുന്ന ശ്രീ. എ.കെ. ആന്റണി കോൺഗ്രസ്സിന്റെ സമുന്നതനായിട്ടുള്ള നേതാവാ ണ്. കേരളത്തിൽ നടക്കുന്ന ഭരണത്തെ സംബന്ധിച്ച് കാര്യക്ഷമമായ ഒരു വിലയിരുത്തൽ നടത്തി കഴിഞ്ഞ ഒന്നര വർഷക്കാലത്തെ പെർഫോർമൻസ് കണ്ടതിനുശേഷം ഒരു ഒന്നാന്തരം സർട്ടിഫിക്കറ്റാണ് അദ്ദേഹം കൊടുത്തത്. ആ സർട്ടിഫിക്കറ്റിൽ അദ്ദേഹം പറയുന്നത് 'എനിക്ക് ഈ കേരളത്തിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ ധൈര്യമില്ല എന്നാണ്.' ഈ ഗവൺമെന്റ് വന്നതിനുശേഷം ധൈര്യമായി ഒരു പുതിയ സംരംഭം കേരളത്തിലേയ്ക്ക് അനുവദിക്കാൻ എനിക്ക് കഴിയുന്നില്ല. എനിക്ക് അതിനുള്ള ധൈര്യമില്ല എന്നാണ് ശ്രീ. എ. കെ. ആന്റണി പറഞ്ഞത്. എന്നിട്ട് അദ്ദേഹം പറഞ്ഞു, കഴിഞ്ഞ എൽ.ഡി. എഫ്. സർക്കാരിന്റെ കാലത്ത് ഞാൻ കേന്ദ്രത്തിൽ നിന്നുകൊണ്ട് തീരുമാ നമെടുത്താൽ മതിയായിരുന്നു. ആ എടുക്കുന്ന തീരുമാനങ്ങൾ കേരള ത്തിൽ സത്വരമായി നടപ്പിലാക്കാൻ കേരളത്തിന്റെ അന്നത്തെ വ്യവസായ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും വളരെ താൽപ്പര്യത്തോടുകൂടി പ്രവർത്തിച്ചിരുന്നുവെന്ന് ശ്രീ.എ.കെ. ആന്റണി പറഞ്ഞത് ചെയറിലിരി ക്കുന്ന ഇദ്ദേഹത്തിനുതന്നെ നിഷേധിക്കാൻ കഴിയുമോ? അത് എന്താണ്

സൂചിപ്പിക്കുന്നത്? ഭരണം തുടങ്ങി ഒന്നരവർഷക്കാലം കഴിഞ്ഞപ്പോൾ ഈ ഗവൺമെന്റിന്റെ ഇമേജ് എവിടെ നിൽക്കുന്നുവെന്നുള്ളതിന്റെ പ്രത്യ ക്ഷമായ ഉദാഹരണമാണ്. യു.ഡി.എഫ്-ലെ ഒരു ഘടകകക്ഷിയുടെ ഏറ്റവും പ്രമുഖനായ കേരളത്തിലെ പ്രധാനപ്പെട്ട നേതാവ് പറഞ്ഞു, ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ കുതിക്കുകയായിരുന്നു. കുതിച്ച് മുന്നോട്ട് പോകുകയായിരുന്നു. ശ്രീ. ഉമ്മൻചാണ്ടിയുടെ പെർഫോർമൻസ് എല്ലാം ആദ്യം കണ്ടിട്ട് അദ്ദേഹം പറഞ്ഞു, അത് കുതിച്ച് മുന്നോട്ട് പോകു കയായിരുന്നു. എന്നാൽ ഇപ്പോൾ ഈ ഗവൺമെന്റ് കിതയ്ക്കുകയാണ്. യു.ഡി.എഫ്-ന്റെ ഗവൺമെന്റ് കിതച്ചുക്കൊണ്ടിരിക്കുകയാണ്. ഇങ്ങനെ പോയാൽ താമസംവിന ഇത് കിടപ്പാകും. ഇത് ആരാണ് പറഞ്ഞത്? കേരള ത്തിലെ ഭരണനിർവ്വഹണം നടത്തുന്ന യു.ഡി.എഫ്.-ന്റെ ഒരു നേതാവാണ് പറഞ്ഞത്. ഭരണകക്ഷിയിൽപ്പെട്ട ആളുകൾ തന്നെ മന്ത്രിമാരെ കരിങ്കൊടി കാണിക്കുന്നു. അതല്ലേ കേരളത്തിലെ സ്ഥിതി? ജനങ്ങളും തൊഴിലാളി കളും ജീവനക്കാരുമെല്ലാം കരിങ്കൊടി കാണിക്കാൻ തയ്യാറെടുത്തുക്കൊ ണ്ടിരിക്കുകയാണ്. കാരണം ജനങ്ങളോട് ഈ ഗവൺമെന്റ് യുദ്ധപ്രഖ്യാപ നമാണ് നടത്തുന്നത്. എത്രയോ വർഷക്കാലമായി നാം ഈ നാട്ടിൽ നേടി യെടുത്ത നേട്ടങ്ങൾ ഒന്നര വർഷക്കാലം കൊണ്ട് ഈ ഗവൺമെന്റ് ഇല്ലാ താക്കിയിരിക്കുന്നു. കേരളത്തിൽ എത്രയോവർഷക്കാലമായി ഏത് ഗവൺമെന്റ് മാറിമാറി വന്നാലും പൊതു വിതരണ സമ്പ്രദായം ശക്തമായ രീതിയിൽ നടപ്പിലാക്കിക്കൊണ്ട് വരുന്ന സ്ഥിതിയായിരുന്നു ഇവിടെയുള്ള

ത്. എന്നാൽ ഇപ്പോൾ യു.ഡി.എഫ്. ഗവൺമെന്റ് വന്നതിനുശേഷം കഴിഞ്ഞ ഒന്നര വർഷക്കാലം കൊണ്ട് ഈ പൊതുവിതരണ സമ്പ്രദായം തകർത്തില്ലേ? റേഷൻ കടകളിലെ സ്ഥിതി ഇന്നെന്താണ്? റേഷൻ കടകളിലൂടെ പലവ്യഞ്ജനം അടക്കമുള്ള നിത്യോപയോഗ സാധനങ്ങൾ കൊടുക്കുന്നൊരു സംവിധാനം നേരത്തെ നിലവിലുണ്ടായിരുന്നു. അത് നടത്താൻ ഉദ്ദേശിക്കുന്നില്ല എന്ന് ഭക്ഷ്യവകുപ്പുമന്ത്രി അവസാനം പ്രഖ്യാപിച്ചു. റേഷൻ കടകളിലൂടെ കൊടുക്കുന്ന സബ്സിഡി അരി, അതിന്റെ സബ്സിഡി തുക വാങ്ങണമെങ്കിൽ ബാങ്കിൽ പോകേണ്ട സ്ഥിതി വരുന്നൂവെന്ന് കേൾക്കുമ്പോൾ സാധാരണക്കാരായ ആളുകൾ, ബി.പി.എൽ. ലിസ്റ്റിൽപ്പെടുന്നവരും പാവപ്പെട്ടവരായ ആളുകളെല്ലാം അക്ഷരാർത്ഥത്തിൽ ഭയപ്പെടുകയാണ്. ആദ്യമേ വർദ്ധിച്ച വില അങ്ങോട്ട് കൊടുത്ത് അരി വാങ്ങണം. എന്നിട്ട് ആ കൊടുത്ത തുക വാങ്ങുന്നതിനുവേണ്ടി ബാങ്കിൽ പോകണം. ഇത്രയും വലിയ ഭാരം ജനങ്ങളുടെമേൽ അടിച്ചേൽപ്പിക്കണോ? ഞാൻ ചോദിക്കുന്നു, ഒരു ജനാധിപത്യ ഗവൺമെന്റ് എന്ന് പറയുമ്പോൾ ഇവിടെ കേവലം രണ്ടോ മൂന്നോ സീറ്റിന്റെ മാത്രം ഭൂരിപക്ഷത്തിൽ അധികാരത്തിലിരിക്കുന്ന ഒരു ഗവൺമെന്റ് എത്രയോ വർഷക്കാലമായി ഇവിടെ തുടർന്നുവരുന്ന ഒരു സമ്പ്രദായം മാറ്റിമറിക്കുമ്പോൾ, അത് നിയമസഭയിൽ ചർച്ച ചെയ്താണ് ഒരു തീരുമാനമെടുക്കേണ്ടത്. അതല്ലെങ്കിൽ സർവ്വകക്ഷികളെ വിളിച്ച് ചേർത്ത് അതിന്റെ നേതാക്കന്മാരുമായി ആലോചിക്കണ്ടേ? ഇതൊന്നും ചെയ്യാതെയല്ലേ കേര

ളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് സബ്സിഡിയുമായി ബന്ധപ്പെട്ട് ബാങ്ക് വഴി കൊടുക്കുന്ന ഏർപ്പാട് നടപ്പിലാക്കാൻ പോകുകയാണ് എന്ന്. ആരോഗ്യ മേഖലയിൽ കേരളം 14-ാം സ്ഥാനത്തുനിന്ന് നാലാം സ്ഥാനത്തേയ്ക്ക് വന്നൂവെന്നാണ് ബഹുമാനപ്പെട്ട കെ. മുരളീധരൻ ഇവിടെ പറഞ്ഞത്. ഈ ഗവൺമെന്റിന്റെ ഒന്നരവർഷക്കാലത്തെ പ്രവർത്തനം കൊണ്ട് നാലാം സ്ഥാനത്തേയ്ക്ക് വന്നൂവെന്ന് അദ്ദേഹം പറഞ്ഞു. പല മേഖലകളിലും ഇപ്പോൾ കേരളം മുന്നോട്ടുവന്നൂവെന്നും അദ്ദേഹം പറഞ്ഞു. കേരളം അങ്ങനെ വിവിധ മേഖലകളിൽ മുന്നോട്ടുവന്നിട്ടുണ്ടെങ്കിൽ അത് കഴിഞ്ഞ അഞ്ചാറു വർഷക്കാലത്തെ കേരളത്തിലെ ഗവൺമെന്റിന്റെ പ്രവർത്തനത്തിന്റെ ഫലമായിട്ടാണ്. ആ നേട്ടങ്ങൾ പലതും ഇന്നിപ്പോൾ ഇല്ലാതാക്കുന്ന ഒരു സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്. ആ ഗവൺമെന്റ് വളരെ പക്ഷപാതപരമായ സമീപനം പലപ്പോഴും സ്വീകരിക്കുന്നു? ഇവിടെ തുകകൾ അനുവദിക്കുന്ന കാര്യത്തിൽ, പ്രത്യേകിച്ച് പ്രതിപക്ഷാംഗങ്ങൾക്ക് വിവിധ വികസനകാര്യങ്ങൾക്ക് വേണ്ടിയുള്ള തുകകൾ അനുവദിക്കുന്ന കാര്യത്തിലും റോഡുകൾക്ക് തുക അനുവദിക്കുന്ന കാര്യത്തിലും പുതിയ സംരംഭങ്ങൾക്ക് തുക അനുവദിക്കുന്ന കാര്യത്തിലും വളരെ പക്ഷപാതപരമായ സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്. അത് ഒരു ജനാധിപത്യ ഗവൺമെന്റിന് ഭൂഷണമാണോ? കേരളത്തിൽ കേവലം രണ്ട് സീറ്റിന്റെ ഭൂരിപക്ഷത്തിൽ അധികാരത്തിലിരിക്കുന്ന ഒരു ഗവൺമെന്റ് പ്രതിപക്ഷ

അംഗങ്ങളേയും അവർ പ്രതിനിധാനം ചെയ്യുന്ന മണ്ഡലത്തിലെ ജനങ്ങളേയും ഈ രീതിയിൽ അവഗണിക്കുകയും പക്ഷപാതപരമായി പെരുമാറുകയും ചെയ്യുന്നത് ശരിയാണോ? അങ്ങനെയൊരു സമീപനമല്ലേ ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്? ഇന്നത്തെ ഈ ഡിമാൻഡിൽ ബഹുമാനപ്പെട്ട സ്പീക്കർ അതൊന്ന് വായിച്ച് നേക്കുന്നത് നന്നായിരിക്കും. ഏറ്റവും കൂടുതൽ ടാപ്പിംഗ് തൊഴിലാളികളും വ്യവസായ തൊഴിലാളികളും പണിയെടുക്കുന്ന മേഖലയാണ് പാല.  തൊഴിൽ വകുപ്പുമന്ത്രി അറിഞ്ഞിട്ടാണോ പാലായിൽ ഇ.എസ്.ഐ. ഡിസ്പെൻസറി ആരംഭിക്കുന്നതിന് വേണ്ടിയുള്ള പുതിയൊരു അക്കൗണ്ട് തുറക്കുന്നതും അതിനുവേണ്ടിയുള്ള ആവശ്യങ്ങൾ ഉന്നയിച്ച് വയ്ക്കുന്നതും ..........

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, ബഹുമാനപ്പെട്ട മെമ്പർ തെറ്റിദ്ധാരണ മൂലം ചില പരാമർശങ്ങൾ നടത്തി. ഇ.എസ്.ഐ. ഡിസ്പെൻസറി ഇന്ന് തുടങ്ങണമെങ്കിൽ ചില നോംസ് ഉണ്ട്. അവിടെ ഇത്ര ഐ.പി. ഉണ്ടെങ്കിൽ മാത്രമേ തുടങ്ങാൻ കഴിയുകയുള്ളു. അത് വ്യതിചലിച്ച് സംസ്ഥാന ഗവൺമെന്റിന് പ്രവർത്തിക്കാൻ സാധിക്കില്ല.  പാലായിൽ അങ്ങനെ തുടങ്ങിയിട്ടുണ്ടെങ്കിൽ അതിനുള്ള ഐ.പി. ഉണ്ട്. അങ്ങനെ നിയമപരമായിട്ടുള്ള ആവശ്യകത കണ്ടുകൊണ്ടുതന്നെയാണ് പാലായിൽ ഡിസ്പെൻസറി തുടങ്ങിയിട്ടുള്ളത്.

ശ്രീ. കെ. രാജു: പാലായിൽ അങ്ങനെ ഉണ്ടെങ്കിൽ ഡിസ്പെൻസറി തുടങ്ങുന്നതിന് ഞങ്ങൾക്ക് ഒരു ആക്ഷേപവുമില്ല. അതുപോലെ ബാക്കിയുള്ള എല്ലാ മണ്ഡലങ്ങളിലും എല്ലാ പ്രദേശങ്ങളിലും ആരംഭി ക്കണം എന്ന് മാത്രമേ ഈ ഗവൺമെന്റിന്റെ മുന്നിൽ എനിക്ക് അഭിപ്രായം പറയാനുള്ളൂ. പാലാ ഗവൺമെന്റ് ജനറൽ ആശുപത്രിയിൽ ഡോക്ടർമാ രുടെ 21 പോസ്റ്റിന്റെ അനുവാദത്തിനു വേണ്ടിയാണ് സപ്ലിമെന്ററി ഡിമാന്റിൽ ആവശ്യപ്പെടുന്നത്. അതുപോലെതന്നെയാണ് 45 നേഴ്സിംഗ് സ്റ്റാഫിന്റെ കാര്യവും. എന്താണ് ആരോഗ്യമേഖലയിൽ നടക്കുന്നത്? എന്റെ പത്തനാപുരം താലൂക്കിന്റെ ഹെഡ്ക്വാർട്ടേഴ്സാണ് പുനലൂർ. അവിടത്തെ താലൂക്ക് ആശുപത്രിയിൽ 144 ആണ് ബഡ് സ്ട്രെങ്ത്. അവിടെ അഡ്മിറ്റ് ചെയ്യപ്പെട്ടിട്ടുള്ള രോഗികൾ എന്നു പറയുന്നത് 500-ന് പുറത്താണ്. എത്രയോ വർഷക്കാലമായി ഞങ്ങൾ കേണപേക്ഷിക്കുകയാ ണ്. അവിടത്തെ സ്ട്രെങ്ത് വർദ്ധിപ്പിക്കുന്നതിനും അതിന്റെ അടിസ്ഥാന ത്തിൽ ഡോക്ടർമാരും മറ്റ് സൗകര്യങ്ങളും വേണമെന്ന്. ഭരണപക്ഷത്തും പ്രതിപക്ഷത്തും ഇരിക്കുന്ന എല്ലാ എം.എൽ.എ.മാരുടെയും മണ്ഡലങ്ങ ളിലെ സ്ഥിതി ഞാൻ ആത്മാർത്ഥമായി പരിശോധിക്കാൻ ആവശ്യപ്പെടുക യാണ്. പാലായിൽ മാത്രം 21 ഡോക്ടർമാരും 40 സ്റ്റാഫ് നേഴ്സുമാരേയും അനുവദിച്ചുകൊടുക്കണം. അതെന്ത് ന്യായമാണ്? പക്ഷപാതമല്ലേ? ഇതിന കത്ത് നീതിയുണ്ടോ? പാമ്പാടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശു പത്രിയിൽ 55 പുതിയ പോസ്റ്റുകളാണ് ആവശ്യപ്പെട്ടിരിക്കുന്നത്. എനിക്ക്

യാതൊരു വിരോധവുമില്ല. മുഖ്യമന്ത്രിയുടെ മണ്ഡലമാണ് പാമ്പാടി. അവിടെ 55 പുതിയ പോസ്റ്റുകൾ താലൂക്ക് ആശുപത്രിയിൽ ആവശ്യമാണെങ്കിൽ അനുവദിക്കണം. മുഖ്യമന്ത്രിയായി ഇരിക്കുമ്പോഴെങ്കിലും പുതിയ പോസ്റ്റുകൾ അനുവദിക്കാൻ കഴിയണ്ടേ? അനുവദിക്കണം. പക്ഷേ പാമ്പാടി മാത്രമാണോ? പാലാ മാത്രമാണോ? അവിടെ മാത്രമേ താലൂക്ക് ആശുപത്രികൾ പ്രവർത്തിക്കുന്നുള്ളോ? കേരളത്തെ പ്രതിനിധാനം ചെയ്യുന്ന മണ്ഡലങ്ങളിലെ പി.എച്ച്.സി.കളും സി.എച്ച്.സി. കളും താലൂക്ക് ആശുപത്രികളുമടക്കമുള്ള ആശുപത്രികളിലേയ്ക്ക് ആവശ്യമായ സ്റ്റാഫിനെ നിയമിക്കുന്നതിന് അഡീഷണൽ പോസ്റ്റുകൾ അനുവദിക്കണം. നീതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ഹൈക്കോടതി തന്നെ പറഞ്ഞിട്ടുണ്ട്. ഇവിടെ കേസുകൾ കെട്ടികിടക്കാൻ ഇടയാകുന്നത് ഗവൺമെന്റിൽ നിന്നുള്ള സപ്പോർട്ട് ഇല്ലായെന്നുള്ളതുകൊണ്ടാണ്. പുതിയ സബ് കോടതികൾ ആരംഭിക്കുന്നതിന് ആവശ്യമായ തീരുമാനം ഈ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. എന്റെ മണ്ഡലമായ പുനലൂർ അടക്കം കേരളത്തിൽ 10 സബ് കോടതികൾ അനുവദിക്കുന്നതിന് ആവശ്യമായ പ്രഖ്യാപനം ഇവിടെ നടത്തിയിട്ടുണ്ട്. സപ്ലിമെന്ററിയിലെങ്കിലും ഏതെങ്കിലും പുതിയ കോടതികൾ അനുവദിക്കുന്നതിന് അവശ്യമായ അഡീഷണൽ സ്റ്റാഫിനെ അനുവദിക്കുന്നതിനുള്ള നിർദ്ദേശമുണ്ടോ? ഒരു നിർദ്ദേശവുമില്ല. അതാണ് ഞാൻ സൂചിപ്പിച്ചത്. പൊതുമരാമത്ത് രംഗത്തും മറ്റ് വികസന രംഗത്തും പക്ഷപാതം കാണിക്കുന്നത്

മാത്രമല്ല മനുഷ്യന്റെ ആരോഗ്യപരമായ ആവശ്യങ്ങൾക്ക് വേണ്ടി ജന ങ്ങൾ കേഴുമ്പോൾ ആ രംഗത്ത് രാഷ്ട്രീയം കലർത്തുകയും പക്ഷപാതം കാണിക്കുകയും ചെയ്യുന്നത് ഗവൺമെന്റിന് ഒട്ടും ഭൂഷണമല്ല. ഈ ഉപധ നാഭ്യർത്ഥനയെ ഞാൻ എതിർക്കുന്നു.

ശ്രീ. സി. മോയിൻകുട്ടി: സർ, ഈ ഉപധനാഭ്യർത്ഥനകളെ സന്തോഷ ത്തോടുകൂടി ഞാൻ പിന്താങ്ങുകയാണ്. ജനകീയ കോടതിയിലുൾപ്പെടെ പരമദയനീയമായ തോൽവി സംഭവിച്ചിട്ടുപോലും പിടിച്ചുനിൽക്കുന്നതിനു വേണ്ടി ശ്രീ. കോടിയേരി ബാലകൃഷ്ണനുൾപ്പെടെയുള്ള നേതാക്കൾ കാണിക്കുന്ന പരാക്രമം വളരെ കൗതുകത്തോടുകൂടി മാത്രമേ കാണാൻ സാധിക്കൂ. ഭരണപക്ഷത്തുള്ള ചില ചില്ലറ പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടിയാണ് പ്രതിപക്ഷാംഗങ്ങൾ ഇവിടെ ഞങ്ങളെ പരിഹസിക്കുന്നത്. അവർ ഇതിന് മറുപടിപോലും അർഹിക്കുന്നില്ല. ഈ ഗവൺമെന്റ് എന്ത് നേടിയെന്ന തിന്റെ തെളിവാണ് കഴിഞ്ഞ നിയമസഭാ ഉപതെരഞ്ഞെടുപ്പിലുണ്ടായ ഫലം. അതുകൊണ്ട് അതിനൊരു വിശദീകരണത്തിന്റെ ആവശ്യമില്ല. കഴിഞ്ഞ അഞ്ച് വർഷം എൽ.ഡി.എഫ് ഭരിച്ച് തകർത്തെറിഞ്ഞ കേര ളത്തെ വളരെ വ്യക്തമായ ദിശാബോധത്തോടുകൂടി കെട്ടിപ്പൊക്കി അസ്ഥി വാരമുണ്ടാക്കിയ ഗവൺമെന്റാണ് യു.ഡി.എഫ് ഗവൺമെന്റ്. അതുകൊണ്ടുതന്നെ ഈ ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കാൻ ഭരണ പക്ഷത്തും പ്രതിപക്ഷത്തുമുള്ള അംഗങ്ങൾക്ക് താല്പര്യമുണ്ടാകേണ്ടതാ ണ്. ഇവിടെ എല്ലാവരും സൂചിപ്പിച്ചതുപോല കേരളത്തിലെ ഗൗരവമേറിയ

വിഷയമായിരുന്നു അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെട്ടതാക്കി മാറ്റിയതിൽ നമുക്ക് അഭിമാനിക്കാവുന്ന താണ്. ഇന്ന് കേരളത്തിലെ റോഡുകളുടെ സ്ഥിതി വിസ്മയകരമാണ്. എന്റെ മണ്ഡലത്തിലെ വയനാടൻ ചുരം ലോറി വീണാൽ കാണാൻ കഴിയാത്ത കുഴിയായിരുന്നു. ഒരു മാസംകൊണ്ട് 18 കോടി രൂപ ചെലവഴിച്ച് വളരെ മനോഹരമായി ആ റോഡ് പൂർത്തീകരിച്ചു. മിക്ക റോഡുകളും കാല വർഷം വരുമ്പോഴും മറ്റും അകാലത്തിൽ മരിച്ചുകൊണ്ടിരിക്കുന്നവയായി രുന്നു. നിരവധി റോഡുകളുടെ യഥാർത്ഥ രോഗമെന്താണെന്ന് കണ്ടെത്തി ഗ്യാരന്റിയുള്ള പുതിയ റോഡുകൾ നിർമ്മിക്കുന്നതിന് പി.ഡബ്ല്യൂ.ഡി മന്ത്രി മുൻകൈയെടുത്തത് ചെറിയ കാര്യമല്ല. ഇത് മുമ്പ് ചെയ്യാത്ത കാര്യ മാണ്. പണി കഴിഞ്ഞ് ബില്ല് മാറുന്നതിനുമുമ്പ് റോഡ് കുത്തിയൊലിച്ചു പോകുന്ന സാഹചര്യം ഇന്നില്ല. അതുകൊണ്ടാണ് റോഡുകൾ മനോഹര മാക്കി മാറ്റിയ മന്ത്രിയെയും അതിന് ഫണ്ട് അനുവദിക്കുന്ന ശ്രീ. കെ. എം. മാണിയുടെ ഉപധനാഭ്യർത്ഥനയെയും വളരെ സന്തോഷത്തോടുകൂടി ഞങ്ങൾ അംഗീകരിക്കുന്നത്. 43 കോടി 72 ലക്ഷം രൂപയുടെ ഉപധനാഭ ്യർത്ഥനയാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. എൻ.എച്ച് 17 വികസിപ്പിക്കാനുള്ള ടോക്കൺ പ്രൊവിഷൻ ഇതിലുൾപ്പെടുന്നു എന്നത് സന്തോഷകരമാണ്. ഇത്തരം കാര്യങ്ങളിൽ ഈ ഗവൺമെന്റിന്റെ സമീപനം വളരെ ഗൗരവ ത്തോടുകൂടിയാണ് നമ്മൾ കാണേണ്ടത്. എമർജിംഗ് കേരളയെക്കുറിച്ച് പ്രതിപക്ഷാംഗങ്ങൾ എന്തുകൊണ്ടാണ് ഒന്നും പറയാത്തത്. നിങ്ങൾ ഈ

നാടിന്റെ കാലിൽ വികസനത്തിന്റെ ചങ്ങലക്കെട്ടുകൾ കെട്ടിപ്പൂട്ടി വച്ചിരിക്കുകയായിരുന്നു. അതൊക്കെ പൊട്ടിത്തെറിപ്പിച്ചുകൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുനീങ്ങുന്നത്. വളരെ ശാന്തമായി, വാചാലമല്ലാതെ, കൊട്ടും കലാശവുമില്ലാതെ, വിളംബരപ്പെടുത്താതെ എമർജിംഗ് കേരളയുമായി ബന്ധപ്പെട്ട പ്രവൃത്തി ഭാവി തലമുറയ്ക്ക് ആശ്വാസം പകരുന്ന തരത്തിൽ വളരെ ക്രമാനുഗതമായും വളരെ സൂക്ഷിച്ചും കേന്ദ്രത്തെ വിശ്വാസത്തിലെടുത്ത് അവരുടെ വിശ്വാസമാർജിച്ച് ഈ ഗവൺമെന്റ് മുന്നോട്ടു കൊണ്ടുപോകുമ്പോൾ കേരളത്തിലെ ലക്ഷോപലക്ഷം ചെറുപ്പക്കാർ ഈ ഗവൺമെന്റിന് പിന്തുണയുമായി രംഗത്തുണ്ട്. കേരളത്തിന്റെ ഇന്നത്തെ ആവശ്യമാണ് എമർജിംഗ് കേരളയിലൂടെ കടന്നുവരുന്ന നിരവധി പദ്ധതികൾ. ഇപ്പോൾ കേരളത്തിലേയ്ക്ക് നിരവധി സംരംഭകർ കടന്നുവരികയാണ്. നിങ്ങളുടെ ഭരണകാലത്ത് കേരളത്തിന്റെ നാലയലത്തുപോലും അവർ വരില്ലെന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട. ആ ഒരു പ്രതീക്ഷയാണ് ഈ ഗവൺമെന്റ് ജനങ്ങൾക്ക് നൽകിയിരിക്കുന്ന മെസേജ്. ആ മെസേജിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. കണ്ണൂർ യൂണിവേഴ്സിറ്റി, കുസാറ്റ്, ഐ.എച്ച്.ആർ.ഡി, സ്പോർട്സ് എന്നിവക്കുള്ള ഫണ്ട് ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തിയത് വളരെയധികം സന്തോഷകരമാണ്. ദേശീയതലത്തിൽ മിന്നുന്ന പ്രകടനം കാഴ്ചവച്ച സ്പോർട്സ് താരങ്ങളുണ്ട്. ഇന്ത്യയിലെ സർവ്വകാല റിക്കോർഡ് ഭേദിച്ച ദീർഘദൂര ഓട്ടക്കാരി അശ്വതിയും ദേശീയ വോളീബോളിൽ ഏറ്റവും മികച്ച പ്രകടനം

കാഴ്ചവച്ച കുട്ടികളും പോൾവാൾട്ടിൽ ഏറ്റവും നല്ല പ്രകടനം കാഴ്ചവച്ച കുട്ടികളും എന്റെ മണ്ഡലത്തിലുണ്ട്. സമൂഹത്തിലെ ഏറ്റവും ദുർബലരായ എസ്.സി./എസ്.ടി ഉൾപ്പെടെയുള്ള വിഭാഗത്തിൽനിന്ന് വന്ന കുട്ടികളാണ്. അവർക്ക് ആശ്വാസം നൽകുന്നതിനുവേണ്ടി ആവശ്യമായ ഫണ്ട് കണ്ടെത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. ആരോഗ്യമേഖലയ്ക്ക് 2.8 കോടി രൂപ നീക്കിവച്ചിരിക്കുകയാണ്. ആരോഗ്യമേഖലയോടുള്ള അങ്ങയുടെ സമീപനം തീർച്ചയായും സന്തോഷകരമാണ്. നിരവധി കോളനികളിൽ മാറാരോഗങ്ങൾ പിടിപെട്ട ധാരാളം പാവപ്പെട്ട ആളുകളുണ്ട്. ധാരാളം ആശ്വാസപ്രവർത്തനങ്ങൾ ഗവൺമെന്റ് ഏറ്റെടുത്തിട്ടുണ്ടെങ്കിലും കുറെക്കൂടി ഗൗരവത്തോടുകൂടി ഈ വിഷയം കാണുകയും പട്ടിണിപാവങ്ങളായ കോളനി നിവാസികൾക്ക് ആശ്വാസമേകാൻ നടപടി സ്വീകരിക്കണമെന്നും അപേക്ഷിക്കുന്നു. അതുപോലെ സർക്കാർ സ്കൂളുകളിലെ പ്രാഥമിക സൗകര്യങ്ങൾ മെച്ചപ്പെടുത്തണം. സ്കൂളുകളിലെ പ്രാഥമിക സൗകര്യങ്ങൾ ഇപ്പോഴും ഈജിയൻ തൊഴുത്തുപോലെ അപമാനകരമാണ്. കുടിവെള്ളമില്ലാത്ത ധാരാളം സ്കൂളുകൾ ഇപ്പോഴുമുണ്ട്. എല്ലാ ഗവൺമെന്റുകളും ഇതിന് ഉത്തരവാദികളാണ്. ഈ സ്കൂളുകളിലെ കുട്ടികൾ പ്രാഥമികാവശ്യങ്ങൾക്കുവേണ്ടി എങ്ങോട്ടാണ് പോകേണ്ടത്. ഏറ്റവും മുന്തിയ പരിഗണന നൽകി കുടിവെള്ളം എത്തിക്കുന്നതിനുവേണ്ടിയുള്ള സൗകര്യങ്ങൾ ചെയ്യണം. രാജീവ്ഗാന്ധി കുടിവെള്ള മിഷനിലൂടെ ടോക്കൺ പ്രൊവിഷനുള്ള സാഹചര്യത്തിൽ ഇത് പ്രയോജനപ്പെ

ടുത്തി പരമാവധി ഈ രംഗത്തെ ഇത്തരം പ്രശ്നങ്ങൾ വിശേഷിച്ചും പ്രാഥമിക സൗകര്യങ്ങൾ ലഭ്യമാക്കണം. ധാരാളം അൺഎയിഡഡ് സ്ഥാപനങ്ങളിൽ വളരെ മെച്ചപ്പെട്ട സൗകര്യങ്ങളൊരുക്കുമ്പോൾ നമുക്ക് ഈ രംഗത്ത് ഒന്നും ചെയ്യാൻ സാധിക്കുന്നില്ല എന്നത് ഗൗരവമായ കുറ്റക രമായ അനാസ്ഥയാണ്. ഒരു സ്വയം വിമർശനത്തിലൂടെ ഈ രംഗത്ത് ഫണ്ട് വിനിയോഗിക്കാൻ സാധിക്കണം. കാർഷിക മേഖല വളരെയേറെ പരിഗണന അർഹിക്കുന്നതാണ്. ഞാൻ കാർഷിക മേഖലയിൽനിന്ന് വരുന്ന ഒരു പ്രവർത്തകനാണ്. കാർഷിക മേഖലയിലെ സ്ഥിതി കണ്ടറി യേണ്ടതാണ്. നാളികേരം വിളവെടുത്തിട്ട് ആറ് മാസത്തോളമായി. നിങ്ങൾ ധാരാളം കാര്യങ്ങൾ ചെയ്യുന്നുണ്ട്, അതിൽ സന്തോഷവുമുണ്ട്. പക്ഷേ അതൊന്നും കാർഷികമേഖലയിലേക്കെത്തുന്നില്ല. നാളികേര ത്തിന്റെ സംഭരണ വില ഉറപ്പുവരുത്തുകയും നാളികേരം സംഭരി ക്കുകയും വേണം. ഇത് ഉദ്ഘാടനത്തിൽ ഒതുങ്ങരുതെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. എല്ലാ പഞ്ചായത്തുകളിലും നാളികേരം സംഭരിക്ക ണം. നമ്മുടെ മലയോര കുടിയേറ്റമേഖലയിൽ യാത്രാദുരിതം കാരണം കർഷകർ ഇടത്തട്ടുകാരുടെ ചൂഷണത്തിൽപ്പെടുകയാണ്. 3 രൂപയുടെ നാളികേരത്തിന് ഒന്നര-രണ്ട് രൂപയാണ് ലഭിക്കുന്നത്. അതുകൊണ്ട് അവിടെ യൊക്കെ സംഭരണ കേന്ദ്രങ്ങളുണ്ടാക്കണം. ഞാൻ ബഹുമാനപ്പെട്ട ചെയറി നെയുൾപ്പെടെ എന്റെ മണ്ഡലത്തിലേയ്ക്ക് ക്ഷണിക്കുകയാണ്. അവിടെ പതിമൂന്ന് ഏക്കറിൽ വളരെ മനോഹരമായ ഒരു തെങ്ങിൻതോട്ടമുണ്ടായി

രുന്നു. ഒരു തെങ്ങുപോലും ബാക്കിയില്ലാതെ ആന കുത്തിത്തള്ളിയിട്ടു. ബഹുമാനപ്പെട്ട മന്ത്രി സേനയെ അയച്ചു. അവർ വന്നുപോയതല്ലാതെ ഒന്നും സംഭവിച്ചില്ല. അധികാരമുള്ള ഉദ്യോഗസ്ഥൻമാരെ അവിടേയ്ക്ക് അയച്ച് സ്ഥായിയായ ഒരു സംവിധാനം അവിടെയുണ്ടാക്കണം. വെടി വയ്ക്കാനോ മയക്കുവെടി വയ്ക്കാനോ കഴിയില്ല. ഇവിടെ മനുഷ്യന്റെ ജീവനാണ് അപകടം സംഭവിക്കുന്നത്. കാട്ടുമൃഗങ്ങൾക്ക് സൈ്വരമായി വിഹരിക്കാവുന്നതാണ്. പരിസ്ഥിതിക്കും ഞങ്ങളാരും എതിരല്ല. പക്ഷേ ഇക്കാര്യത്തിൽ പ്രായോഗിമായ ഒരു സമീപനമുണ്ടാകണം. കുട്ടനാട്ടിൽനിന്നും തെക്കൻജില്ലകളിൽ നിന്നും കറുത്ത പശിമയുള്ള മണ്ണുതേടി വന്ന കർഷകർ ഇന്നൊരു പാലായനത്തിന്റെ ഗുഹാമുഖത്താണുള്ളത്. അവിടെ ഫണ്ട് പ്രയോജനപ്പെടുത്തി സമയബന്ധിതമായി സൗരോർജ്ജവേലികൾ സ്ഥാപിക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി കർശന നിർദ്ദേശം നൽകണമെന്ന് അപേക്ഷിക്കുകയാണ്. അതുപോല ഭക്ഷ്യസംസ്കരണ പദ്ധതിക്കുവേണ്ടി കിൻഫ്രക്ക് സംസ്ഥാന വിഹിതം നൽകാനുള്ള ഫണ്ട് ഉപധനാഭ്യർത്ഥനയിൽ വകയിരുത്തിയത് സ്വാഗതാർഹമാണ്. നാളികേര കർഷകരുടെ കാര്യം ഞാൻ സൂചിപ്പിച്ചു. അടിയന്തരമായ പരിഗണന ഇക്കാര്യത്തിലുണ്ടാകണമെന്ന് അപേക്ഷിക്കുകയാണ്. മറ്റൊരുകാര്യം സൂചിപ്പിക്കാനുള്ളത് പട്ടണങ്ങളിൽ മാത്രമല്ല പഞ്ചായത്തുകളിലെ റോഡുകൾപോലും മുറിച്ചുകടക്കാൻ പറ്റാത്ത അവസ്ഥയാണ്. വാഹനങ്ങളുടെ ബാഹുല്യം കാരണം ഞങ്ങളുടെ പഞ്ചായത്തിലെ

റോഡുകൾ മുറിച്ചുകടക്കാൻ അര മണിക്കൂറോളം കാത്തുനിൽക്കേണ്ടിവരുന്നു. എന്താണ് അതിന് പരിഹാരമെന്ന് നമ്മൾ കൂട്ടായി ആലോചിച്ച് തീരുമാനിക്കണം. സെസ് വർദ്ധിപ്പിച്ചോ ടാക്സ് വർദ്ധിപ്പിച്ചോ വാഹനങ്ങളുടെ രജിസ്ട്രേഷൻ നിർത്തലാക്കിയോ വാഹനങ്ങളുടെ ബാഹുല്യം കുറക്കണം. റോഡ് വികസനത്തെക്കുറിച്ച് ബഹുമാനപ്പെട്ട ശ്രീ. കെ. മുരളീധരൻ പറഞ്ഞ അഭിപ്രായത്തോട് എനിക്ക് യോജിപ്പില്ല. റോഡിന്റെ വീതി അറുപത്തഞ്ചും എഴുപത്തഞ്ചും മീറ്ററാക്കാൻ പറ്റില്ല. അതുകൊണ്ട് വാഹനങ്ങൾ നിയന്ത്രിക്കുന്നതിനുവേണ്ടിയുള്ള ശക്തമായ നടപടികൾ സ്വീകരിക്കണമെന്ന് ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണി

ക്കുകയാണ്. വരൾച്ചയെ തുടർന്ന് ആഗസ്റ്റ് 6-ാം തീയതി എന്റെ പ്രദേശത്തുണ്ടായ ഉരുൾപൊട്ടൽ കേരളം കണ്ട ഏറ്റവും വലിയ ഉരുൾപൊട്ടലായിരുന്നു. 750 ഏക്കറും 8 മനുഷ്യ ജിവനുകളുമാണ് നഷ്ടപ്പെട്ടത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുൾപ്പെടെയുള്ള മുഴുവൻ മന്ത്രിമാരുടെയും സജീവസാന്നിദ്ധ്യമുണ്ടായിരുന്നു. പക്ഷേ, അങ്ങ് കൊടുത്ത വാക്കുകൾ പലതും ഇന്നും പാലിക്കപ്പെട്ടിട്ടില്ല. ധാരാളം സഹായങ്ങളൊക്കെ നൽകിയിട്ടുണ്ട്. റോഡുകൾ മുഴുവനായോ ഭാഗികമായോ കുത്തൊലിച്ച് പോയിട്ടുണ്ട്. മനുഷ്യന് പുതിയ ജീവിതം കൊടുക്കാൻ ആ റോഡുകൾ പുന:സ്ഥാപിക്കണം. ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി കരുണ കാണിക്കണം. അതോടൊപ്പം തന്നെ മാണിസാർ ആവശ്യമായ ഫണ്ട് അനുവദി

ക്കണം. ഞങ്ങൾ ചെല്ലുമ്പോൾ പരിഗണിക്കാമെന്ന് പറഞ്ഞാൽ പോര. കെട്ടിടം നിന്ന സ്ഥലങ്ങളെല്ലാം കുത്തിയൊലിച്ച് പുഴ പോലെ മാറിയിരിക്കുന്നു. പുതിയ പുഴ എങ്ങനെ രൂപപ്പെടുമെന്ന് കാണണമെങ്കിൽ എന്റെ മണ്ഡലത്തിൽ വന്നാൽ മതി. എന്തെങ്കിലും ഒരു നല്ല വാക്ക് പ്രതിപക്ഷത്തുള്ളവർ പറയുന്നുണ്ടോ? ആസ്തിവികസന ഫണ്ട് 5 കോടി രൂപ അനുവദിച്ചു. ഒരു നന്ദിവാക്ക് പറയാത്തതെന്താണ്? ഒരു കോടി രൂപ എം.എൽ.എ. ഫണ്ട് പ്രത്യേക പരിഗണനയില്ലാതെ എല്ലാവർക്കും അനുവദിച്ചു. എന്തുകൊണ്ട് ഒരു നല്ല വാക്ക് പറയുന്നില്ല.

മി. ചെയർമാൻ : പ്ലീസ് കൺക്ലൂഡ്......അങ്ങ് ചോദിച്ച സമയം തന്നു.

ശ്രീ. സി. മോയിൻ കുട്ടി : അതുകൊണ്ട് എനിക്ക് പറയാനുള്ളത് മലയോര കുടിയേറ്റ മേഖലയോട് പ്രത്യേക പരിഗണന വേണമെന്നാണ്. വയനാട് ചുരത്തിന്റെ മുകളിൽ നിന്ന് നിലമ്പൂരിൽ അവസാനിക്കുന്നതാണ് എന്റെ മണ്ഡലം. ആവശ്യമായ റോഡുകൾ പുന:സ്ഥാപിക്കുകയും മറ്റ് പദ്ധതികൾക്ക് ആവശ്യമായ ഫണ്ട് അനുവദിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ സർവ്വാത്മനാ പിന്താങ്ങുകയാണ്.

ശ്രീ. പി.സി. ജോർജ്: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. ഇന്ന് രാവിലെ ചോദ്യോത്തരവേളയിൽ സി.പി.ഐ.യുടെ നേതാവായ ശ്രീ. സി. ദിവാകരൻ പറഞ്ഞ കാര്യത്തെക്കുറിച്ചാണ് എനിക്ക് പറയാനുള്ളത്. എമേർജിംഗ് കേരളയിൽ പറഞ്ഞിരിക്കുന്ന

കാര്യങ്ങൾ നടപ്പിലാക്കാൻ കഴിഞ്ഞാൽ കേരളം സ്വർഗ്ഗമാകുമെന്നാണ് അദ്ദേഹം പറഞ്ഞത്. ഞാൻ കേട്ടുകൊണ്ടിരുന്ന കാര്യമാണ്. നിങ്ങൾക്ക് വേണമെങ്കിൽ നിഷേധിക്കാം. ഇത്രയും മനുഷ്യത്വവും നീതിബോധത്തോടും പെരുമാറുന്ന മറ്റൊരു മുഖ്യമന്ത്രിയില്ലെന്നാണ് സി.പി.ഐ (എം).-ന്റെ നേതാവ് ശ്രീ കോലിയക്കോട് എൻ. കൃഷ്ണൻ നായർ സഭയിൽ പറഞ്ഞത്. സി.പി.ഐ. യുടെയും സി.പി.എം.-ന്റെയും എം.എൽ.എ. മാരുടെ അഭിപ്രായം ഇതായിരിക്കുമ്പോൾ ഞാൻ കൂടുതൽ അഭിപ്രായം പറയേണ്ട കാര്യമുണ്ടോ? ഒരു ഗവൺമെന്റിനെ കുറിച്ച് ഇതിൽ കൂടുതൽ എന്താണ് പറയാനുള്ളത്. പ്രതിപക്ഷ ഉപനേതാവ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇന്ന് പ്രസംഗിച്ചപ്പോൾ അദ്ദേഹം ബ്ലാക്ക്മാനെ കുറിച്ചും പറഞ്ഞു. അത് സംബന്ധിച്ച് എനിക്ക് ഒന്ന് രണ്ട് കാര്യങ്ങൾ പറയാനുണ്ട്. എന്താണ് ഈ ബ്ലാക്ക് മാൻ; ഞാൻ ചോദിക്കട്ടെ, സ്വത്വരാഷ്ട്രീയം അപകടമെന്ന് പറയുന്ന മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഇപ്പോഴത്തെ നയമെന്താണ്? കഴിഞ്ഞ ആഴ്ചയാണ് സി.പി.എം.-ന്റെ അഖിലേൻഡ്യാ നേതാവ് ശ്രീ. പ്രകാശ് കാരാട്ട് കൊല്ലത്ത് വന്ന് പട്ടികജാതിക്ഷേമസമിതി ഉദ്ഘാടനം ചെയ്തത്. ഞാൻ ചോദിക്കുന്നത്, സ്വത്വരാഷ്ട്രീയവും ജാതിരാഷ്ട്രീയവും സി.പി.എം. അംഗീകരിച്ചോ? വർഗ്ഗ രാഷ്ട്രീയമല്ലേ കമ്മ്യൂണിസവും മാർക്സിസവും. തൊഴിലാളി വർഗ്ഗവും മുതലാളി വർഗ്ഗവും രണ്ട് വർഗ്ഗം മാത്രമാണുള്ളത്. ആ തൊഴിലാളി വർഗ്ഗത്തിന്റെ സർവ്വാധിപത്യമാണ് കമ്മ്യൂണിസമെന്ന് മാർക്സ് പഠിപ്പിച്ചു. ശ്രീ. പ്രകാശ് കാരാട്ടും

കമ്മ്യൂണിസ്റ്റ് പാർട്ടിയും ഇപ്പോൾ സ്വത്വരാഷ്ട്രീയത്തിലേയ്ക്കും ജാതിരാഷ്ട്രീയത്തിലേയ്ക്കും പോയിരിക്കുന്നു. ഇത് അപമാനകരമല്ലേ. കൊല്ലത്ത് ശ്രീ. പ്രകാശ് കാരാട്ട് പട്ടികജാതി ക്ഷേമ സമിതിക്ക് രൂപം നൽകിയപ്പോൾ ഇവരുടെ സംസ്ഥാന കമ്മിറ്റിയുടെ തീരുമാനപ്രകാരം..... പറയാൻ എനിക്ക് വലിയ ദുഖമുണ്ട്. കേരളത്തിലെ ഏറ്റവും നല്ല സ്പീക്കർമാരിലും മന്ത്രിമാരിലും ഒരാളായ പ്രിയങ്കരനായ ശ്രീ. കെ. രാധാകൃഷ്ണൻ എന്ന എം. എൽ.എ. ഒരു പട്ടികജാതിക്കാരനായതുകൊണ്ട് അദ്ദേഹത്തിന്റെ നേതൃത്വത്തിൽ പട്ടികജാതി ക്ഷേമസമിതി കാസർകോഡ് നിന്നും ജീപ്പ് യാത്ര നടത്തുകയാണ്. എന്തിനുവേണ്ടി, പട്ടിജാതിക്കാരെ രക്ഷിക്കാൻ. ഇതിലെ നീതി എന്താണ്? പട്ടികജാതി ക്ഷേമ സമിതിയെന്ന് പറഞ്ഞ് ഒരു പട്ടികജാതിക്കാരനെ തന്നെ അതിന്റെ നേതൃനിരയിലേയ്ക്ക് എടുത്ത് നിങ്ങൾ സ്വത്വരാഷ്ട്രീയം പറഞ്ഞിട്ട് എന്തുകാര്യം. നിങ്ങൾ വർഗ്ഗ രാഷ്ട്രീയം പറയുന്നവരല്ലേ. ശ്രീ.കെ. രാധാകൃഷ്ണന്റെ പട്ടികജാതിക്ഷേമ യാത്ര മലപ്പുറം ജില്ലയിൽ എത്തുമ്പോൾ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ യുവജനങ്ങൾ എന്താണ് ചെയ്യുന്നത്. ജാതിരഹിത സമൂഹത്തിനുവേണ്ടി ഡി.വൈ.എഫ്. ഐ. ജീപ്പ് യാത്ര സംഘടിപ്പിച്ചിരിക്കുന്നു. ഇതെങ്ങനെയാണ് ശരിയാകുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. മനസ്സിലാക്കാൻ ബുദ്ധിമുട്ടുള്ളതുകൊണ്ട് ചോദിക്കുകയാണ്. ഇതെല്ലാം കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സംഘടനകളാണ്. സ്വന്തമായി മൂലധനമില്ലാതെ അദ്ധ്വാനഭാരം വിറ്റ് ഉപജീവനം കഴിക്കുന്ന ആധുനിക കൂലിവേലക്കാരുടെ വർഗ്ഗത്തെയാണ് കാറൽ

മാർക്സ് തൊഴിലാളികൾ എന്ന് വിളിച്ചത്. ഇത് കേരളത്തിലെ പട്ടികജാതിക്കാരാണെന്നുള്ളത് നിഷേധിക്കാൻ കഴിയില്ല. ആ പട്ടികജാതിക്കാരുടെ പിന്തുണ കൊണ്ടല്ലേ ഈ രാജ്യത്ത് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരത്തിൽ വന്നിട്ടുള്ളത്. ഇ.എം. ശങ്കരൻ നമ്പൂതിപ്പാടിന്റെ കാലം മുതൽ പട്ടികജാതിക്കാരുടെയും പട്ടികവർഗ്ഗക്കാരുടെയും ആദിവാസികളുടെയും പിന്തുണയോടു കൂടിയല്ലേ ഇവർ അധികാരത്തിൽ വന്നത്. കമ്മ്യൂണിസ്റ്റ് പാർട്ടി പട്ടികജാതിക്കാരുടേതായിരുന്നു. ഇപ്പോൾ സി.പി.എം. അവരെ കെട്ടാൻ പ്രത്യേക തൊഴുത്ത് ഉണ്ടാക്കിയ സാഹചര്യത്തിലാണ് ഞാൻ ഇത് പറയുന്നത്. അപ്പോൾ ശ്രീ. കെ. രാധാകൃഷ്ണനെ ഈ തൊഴുത്തിന്റെ നേതാവാക്കിയതിൽ എനിക്ക് സഹിക്കാൻ കഴിയുന്നില്ല. ഏറ്റവും നല്ല സ്പീക്കറും മന്ത്രിയുമായ ശ്രീ. കെ. രാധാകൃഷ്ണനെ വെറും പട്ടികജാതിക്കാരനാക്കി മാറ്റാൻ പാടില്ലായിരുന്നു. അദ്ദേഹത്തെ പട്ടികജാതി ക്ഷേമ സമിതിയുടെ ഭാരവാഹിയാക്കിയതിൽ എനിക്ക് ദുഖമുണ്ടെന്ന് പറഞ്ഞത് അതാണ്. വർഗ്ഗ സമരം സി.പി.എം. ഉപേക്ഷിച്ചോ? ശ്രീ. കോടിയേരി ബാലകൃഷ്ണൻ സംസാരിച്ചപ്പോൾ അതിനെക്കുറിച്ച് യാതൊന്നും പറയാതെ ബ്ലാക്ക് മാനിലേയ്ക്ക് പോയതെന്താണ്? ആ ബ്ലാക്ക് മാനിലേയ്ക്ക് പോയപ്പോൾ എന്താണ് വന്നത്. നിങ്ങളുടെ പ്രവർത്തന റിപ്പോർട്ടിൽ എന്താണുള്ളത്. ന്യൂനപക്ഷങ്ങളേയും ദളിതരേയും പാർട്ടിയിൽ നിന്നകറ്റാൻ ഗൂഢശ്രമമെന്നാണ് സി.പി.എം. റിപ്പോർട്ട്. ഇത് നിങ്ങളുടെ പ്രവർത്തന റിപ്പോർട്ടാണ്. ആ റിപ്പോർട്ടിൽ പറയുന്നത് എന്താണ്;

സംസ്ഥാനത്തെ മതന്യൂനപക്ഷങ്ങളേയും ദളിതരേയും പാർട്ടിയിൽ നിന്ന് അകറ്റാൻ ഗൂഢശ്രമം നടക്കുന്നെന്ന് സി.പി.എം. പാർട്ടി പ്രവർത്തകരെ പഠിപ്പിക്കാൻ സി.പി.എം. കേന്ദ്ര കമ്മിറ്റി തയ്യാറാക്കിയ രാഷ്ട്രീയ സംഭവ വികാസങ്ങൾ സംബന്ധിച്ച റിപ്പോർട്ടിലാണ് ഇത്തരം നിഗമനങ്ങളുള്ളത്. പാർട്ടിയോടൊപ്പം അണിനിരന്ന പട്ടികജാതി വിഭാഗത്തെ അകറ്റാൻ ശ്രമം നടക്കുന്നുവെന്ന് ആ റിപ്പോർട്ടിന്റെ തന്നെ അവസാനഭാഗത്ത് പറ യുന്നു. ഡി.എച്ച്.ആർ.എം. പോലുള്ള സംഘടനകളാണ് ഇതിന്റെ പിന്നിൽ. കടുത്ത മാർക്സിസ്റ്റ് വിരുദ്ധ പ്രചാരങ്ങളാണ് പട്ടികജാതി വിഭാ ഗത്തിനിടയിൽ ഇവർ അഴിച്ചുവിടുന്നത്. പട്ടികജാതി മേഖലയിൽ സ്വാ ധീനം ഉറപ്പിക്കാൻ വലതുപക്ഷം നടത്തുന്ന ശ്രമത്തെ പ്രതിരോധിക്കാൻ പാർട്ടിയാകെ ജാഗ്രത പാലിക്കണമെന്ന നിർദ്ദേശവും റിപ്പോർട്ടിലുണ്ട്. വർഗ്ഗ സമരം പറഞ്ഞുനടന്ന മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ഇപ്പോൾ ജാതി രാഷ്ട്രീയത്തിലേയ്ക്ക് പോയിരിക്കുന്നു. അങ്ങനെയാണെങ്കിൽ നിങ്ങൾ എന്തിനാണ് മറ്റുള്ളവരെ കുറ്റപ്പെടുത്തുന്നത്. എന്റെ ഒരു സംശയം ചോദിക്കട്ടേ, ജാതിരാഷ്ട്രീയം പറയുന്ന നിങ്ങൾക്ക് മുസ്ലീം ലീഗുമായി മുന്നണിയാകാമോ? നിങ്ങൾ അതിലേക്കാണോ വരുന്നതെന്ന് പറയണം. രാഷ്ട്രീയം പറയുമ്പോൾ അത് പറയണ്ടേ. എനിക്ക് മനസ്സിലാ കാത്തത് അതാണ്. ഡി.എച്ച്.ആർ.എം. -നെ എന്തിനാണ് കുറ്റപ്പെടുത്തുന്ന ത്. എന്റെ കയ്യിലിരിക്കുന്നത് പാവപ്പെട്ട പട്ടികജാതിക്കാരന്റെ പരാതികളാ ണ്. ബ്ലാക്ക്മാൻ എന്ന പേരിൽ ആ പാവങ്ങളുടെ കോളനികളിൽ കയറി

ആക്രമണം നടത്തി പാവപ്പെട്ട പട്ടികജാതിക്കാരെ കൊന്നൊടുക്കാൻ ശ്രമിക്കുന്ന ഭീകരന്മാരുടെ സംഘടനയായി സി.പി.ഐ (എം) മാറുന്നു എന്ന ദു:ഖമെനിക്കുണ്ട്. നിങ്ങൾ ഇതവസാനിപ്പിക്കണം. ബ്ലാക്ക്മാൻ എന്ന് പറഞ്ഞ് നിങ്ങൾ ആരെയാണ് പേടിപ്പിക്കുന്നത്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ ബ്ലാക്ക് മാനിലേയ്ക്ക് പോയതുകൊണ്ട് ഞാൻ പറയുന്നു. വർക്കലയിൽ ഉന്നതപോലീസ് ഉദ്യോഗസ്ഥരും മണൽ മാഫിയയും ചേർന്ന് നടത്തിയ കൊലപാതകം പാവപ്പെട്ട ഡി.എച്ച്.ആർ.എം.-ന്റെ തലയിൽ വച്ചുകൊണ്ട് അവരെ ഭീകരവാദികൾ ആക്കി പാവപ്പെട്ട പട്ടികജാതിക്കാരനെ നശിപ്പിക്കാൻ നിങ്ങൾ നടത്തുന്ന ശ്രമം അവസാനിപ്പിച്ചേ മതിയാകൂ. കൊല്ലത്തും വർക്കലയിലുമാണ് ഇതിന് ആരംഭം. ഇതിനെതിരെ പാവപ്പെട്ട പട്ടികജാതിക്കാരൻ സംഘടിച്ചിരിക്കും. നിങ്ങൾ ജാതിരാഷ്ട്രീയം പറയുന്ന നിലയിലേയ്ക്ക് എത്തിയില്ലേ. ഇവിടെ യൂണിവേഴ്സിറ്റി വൈസ് ചാൻസലർമാർ 13 പേരുണ്ട്. ഞാൻ കണക്കെടുത്തുനോക്കി. അതിൽ 6 എണ്ണം നല്ല നായരാണ്. ഒരെണ്ണം ഒന്നാന്തരം നമ്പൂതിരിയാണ്. മൂന്നെണ്ണം ഈഴവരാണ്. രണ്ടെണ്ണം ക്രിസ്ത്യാനികളാണ്. ഒരെണ്ണം മുസ്ലീമാണ്. ഒരു പട്ടികജാതിക്കാരൻ ഇല്ലാത്തത് എന്താണ്? പട്ടികജാതിക്കാരെയും പിന്നോക്ക ജാതിക്കാരെയും പറഞ്ഞുകളിപ്പിക്കുന്നതിന് ഒരു കണക്ക് വേണ്ടേ? പാവപ്പെട്ട പട്ടികജാതിക്കാരനെ വൈസ് ചാൻസിലർ ആക്കിയാൽ എന്താണ് കുഴപ്പം? വൈസ് ചാൻസിലർ സ്ഥാനത്തേയ്ക്ക് ഏതെങ്കിലും ഒരു പട്ടികജാതിക്കാരനെ നിയമിക്കണമെന്ന് ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റിനോട്

ഞാൻ വിനയത്തോടെ അഭ്യർത്ഥിക്കുന്നു. ആ മര്യാദ കാണിക്കാൻ ഗവൺമെന്റ് തയ്യാറാകണം. ഇവിടത്തെ പ്രശ്നം, കുറ്റം പറയാൻ എല്ലാവരുമുണ്ട്.

ശ്രീ. വി.എസ്. സുനിൽകുമാർ : സർ, ഞാൻ ക്രമപ്രശ്നം ഉന്നയിക്കുകയാണ്.

മി. ചെയർമാൻ: പോയിന്റ് ഓഫ് ഓർഡറാണോ ചോദ്യമാണോ?

ശ്രീ. വി.എസ്. സുനിൽകുമാർ : ബഹുമാനപ്പെട്ട ശ്രീ. പി.സി. ജോർജ് വസ്തുതാവിരുദ്ധമായ കാര്യങ്ങൾ പറഞ്ഞ് സഭയെ തെറ്റിദ്ധരിപ്പിക്കാൻ നോക്കുകയാണ്. മുമ്പ് കാർഷിക സർവ്വകലാശാല വി.സി. ആയിരുന്ന ശ്രീ. വിശ്വംഭരൻ പിന്നോക്കവിഭാഗത്തിൽപ്പെട്ട ആളാണ്. പട്ടികജാതിയിൽപ്പെട്ട ആളായിരുന്നു. വസ്തുതാ വിരുദ്ധമായ കാര്യങ്ങൾ പറഞ്ഞ് സഭയെ തെറ്റിദ്ധരിപ്പിക്കുന്നത് ഓർഡറിലാണോ?

ശ്രീ. പി. സി. ജോർജ്: സർ, ഞാൻ പട്ടികജാതിക്കാരുടെ കാര്യമാണ് പറയുന്നത്. പിന്നോക്കക്കാരെ നിങ്ങളൊക്കെകൂടി കളിപ്പിക്കുകയല്ലേ. കുളിപ്പിച്ച് കിടത്തുകയല്ലേ. പട്ടിക വർഗ്ഗക്കാരേയും പിന്നോക്കക്കാരനേയുമൊക്കെ നിങ്ങൾ കമ്മ്യൂണിസ്റ്റ്കാർ കുളിപ്പിച്ച് കിടത്തുകയാണ്. ഒന്നും കൊടുക്കുന്നില്ല. 13 വി. സി. മാരുണ്ടായിട്ട് അതിനകത്ത് ഒരു പട്ടികജാതിക്കാരനെ വയ്ക്കാൻ പാടില്ലായിരുന്നോ? അതിനകത്ത് 3 ഈഴവരുണ്ടല്ലോ. ഇത് ശരിയാണോ? ഈ കേരളത്തിലെ ജനസംഖ്യയുടെ കണക്കെടുത്ത് പരിശോധിക്ക്, എന്നിട്ട് വർത്തമാനം പറഞ്ഞാൽ മതി.

ശ്രീ. രാജു എബ്രഹാം: സർ, ശ്രീ. പി. സി. ജോർജിന്റെ ആവേശത്തിന്റെ തീജ്ജ്വാല സഭയ്ക്ക് മനസ്സിലാകുന്നുണ്ട്. എം.ജി. സർവ്വകലാശാലയിലെ വൈസ് ചാൻസലർ സ്ഥാനം ഒഴിഞ്ഞുകിടക്കുകയാണ്. അവിടെ തീർച്ചയായിട്ടും പട്ടികജാതിക്കാരനായ ഒരാളെ വയ്ക്കുന്നത് ഏറ്റവും നല്ല കാര്യം തന്നെയാണ്. അങ്ങനെ പട്ടികജാതിക്കാരനെ വച്ചില്ലായെന്നുണ്ടെങ്കിൽ അങ്ങ് ചീഫ് വിപ്പ് സ്ഥാനം ഒഴിയുമോ?

ശ്രീ. പി. സി. ജോർജ്: സർ, ഇപ്പോൾ അങ്ങ് ഉൾപ്പെടെ എല്ലാ പേർക്കും പ്രശ്നം ചീപ്പ് വിപ്പ് സ്ഥാനമാണ്. എപ്പോഴും ഞാൻ ഒഴിയണമെന്നുള്ളതാണ്.

മി. ചെയർമാൻ: അദ്ദേഹം ഒഴിയണമെന്ന് ഒരിക്കലും പറഞ്ഞിട്ടില്ല.

ശ്രീ. പി. സി. ജോർജ്: സർ, എന്റെ പാർട്ടികമ്മിറ്റി പറഞ്ഞാൽ ഞാൻ എപ്പോൾ വേണമെങ്കിലും രാജിവയ്ക്കാൻ തയ്യാറാണ്. എനിക്കിതിൽ ഒരു ലാഭവുമില്ല. ഞാൻ പിരിയാം. എനിക്കതിൽ ഒരു വിഷമവുമില്ല. ഇവിടെ ഇരിക്കുന്ന മന്ത്രിമാർ മുഴുവൻ എന്നെക്കാൾ ജൂനിയേഴ്സാണ്. എനിക്കൊരു സ്ഥാനത്തിനുവേണ്ടി പറയുന്നതല്ല ഇതൊന്നും. ഞാൻ പറയുമ്പോൾ വസ്തുത മനസ്സിലാക്കാതെ നിങ്ങൾ സംസാരിക്കരുത്. എത്രയോ കൊല്ലമായി ശ്രീ. രാജു എബ്രഹാം പാവപ്പെട്ട പട്ടികജാതിക്കാരന്റെ വോട്ടും വാങ്ങി നിങ്ങളൊക്കെ സഭയിലേയ്ക്ക് വരുന്നു. അവരോട് നീതി ചെയ്യാൻ നിങ്ങൾക്ക് കഴിയുമോ? പാവപ്പെട്ട ഈഴവ സമുദായക്കാരുടെ വോട്ട് വാങ്ങുന്ന സഖാക്കൻമാരോട് ചോദിക്കുന്നു നിങ്ങൾക്ക് ആ സമൂ

ഹത്തോട് നീതി ചെയ്യാൻ കഴിഞ്ഞോ, ഇല്ല. അതിനാണ് വൈസ് ചാൻസലറുടെ പോസ്റ്റ് ഞാൻ എടുത്തുകാണിച്ചത്. ഏതെങ്കിലും ഒരു യൂണിവേഴ്സിറ്റിയിൽ ഒരു പട്ടികജാതിക്കാരനെ വൈസ് ചാൻസലറാക്കാനുള്ള നീതി ബോധം ശ്രീ ഉമ്മൻചാണ്ടി നേതൃത്വം കൊടുക്കുന്ന ഗവൺമെന്റ് കാണിക്കണമെന്ന് ശ്രീ. കുഞ്ഞാലിക്കുട്ടിയോടുൾപ്പെടെ ഞാൻ ആവശ്യപ്പെടുകയാണ്. ഡി.എച്ച്.ആർ.എം. എന്നുപറയുന്നവരോട് നിങ്ങൾക്കെന്താണ് ഇത്ര വിരോധം. ഡി.എച്ച്.ആർ.എം. എന്നു പറയുന്ന സംഘടന പട്ടികജാതിക്കാരുടെ ഇടയിൽ ശക്തമായ പ്രചരണം നടത്തി. അവർ ബുദ്ധിസ്റ്റുകളാണ്. ഉറുമ്പിനെപ്പോലും കൊല്ലരുതെന്നുപറയുന്ന ബുദ്ധദേവനെ ആരാധിക്കുന്ന പാവപ്പെട്ട പട്ടികജാതിക്കാരായ ഡി.എച്ച്. ആർ.എം.കാർ ഭീകരവാദികളാണെന്ന് പറയുന്നത് നീതിയാണോ? അവരുടെ വേദനിക്കുന്ന അനുഭവങ്ങളുടെ അടിസ്ഥാനത്തിലും എനിക്ക് നല്ല ബോധ്യമുള്ളതുകൊണ്ടുമാണ് ഞാനിത് പറയുന്നത്. ആ നിലയ്ക്ക് ഈ പീഡനപരിപാടി, ബ്ലാക്ക്മാനായി ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ പറഞ്ഞപ്പോൾ ദുഃഖം തോന്നി. ഈ പറയുന്ന ശ്രീ. കോടിയേരി തന്നെയാണോ ബ്ലാക്ക്മാൻ. ദൈവമേ അങ്ങനെ ആകാതിരിക്കട്ടെ എന്ന് ആശംസിച്ചുകൊണ്ട് ഈ ഉപധനാഭ്യർത്ഥനയെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. ജി. സുധാകരൻ: സർ, 17 ഡിമാന്റുകളിലായി 43.72 കോടി രൂപ ആവശ്യപ്പെടുന്ന ഈ ഉപധനാഭ്യർത്ഥനയെ ഞാൻ എതിർക്കുകയാണ്.

ഈ ഡിമാന്റ് അംഗീകരിച്ചുകഴിഞ്ഞാൽ ഗവൺമെന്റ് അപ്രോപ്രിയേഷനിലേയ്ക്ക് നീങ്ങും. ഗവൺമെന്റ് അപ്രോപ്രിയേഷന്റെ രണ്ട് വശങ്ങൾ നോക്കിയാൽ നന്നായിരിക്കും. ഒന്ന് ശ്രീ. കോടിയേരി ബാലകൃഷ്ണൻ നേരത്തെ പറഞ്ഞു. മറ്റൊന്ന് 50 ശതമാനം അപ്രോപ്രിയേഷനും 50 ശതമാനം മിസ് അപ്രോപ്രിയേഷനുമാണ്. അപ്രോപ്രിയേറ്റ് ചെയ്യാൻ 50 ശതമാനം തന്നാൽ നിങ്ങൾ ചെലവഴിക്കില്ല. 28 ശതമാനമാണ് പ്ലാൻ ഫണ്ട് ചെലവഴിച്ചിരിക്കുന്നത്. ഒട്ടാകെയുള്ള 69000 കോടിയിൽ ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞതുപോലെ 42 ശതമാനമാണ്. കഴിഞ്ഞ വർഷം പ്ലാനിൽ നിന്നും 1200 കോടി രൂപ ചെലവഴിച്ചു. അപ്രോപ്രിയേറ്റ് ചെയ്യുന്ന 50 ശതമാനം തന്നെ നിങ്ങൾ വേണ്ടത്ര ചെലവഴിക്കില്ല. ബാക്കി മിസ്അപ്രോപ്രിയേറ്റ് ചെയ്യുകയാണ്. അതുകൊണ്ട് ഇതിനോട് യോജിക്കാൻ കഴിയില്ല. ബഹുമാനപ്പെട്ട മാണി സാറിന് സുഖമില്ലാത്തതിനാൽ അദ്ദേഹം സഭയിലില്ല. പിന്നീട് വരുമെന്ന് പ്രതീക്ഷിക്കുന്നു. ശ്രീ. കെ. എം. മാണിയുടെ ആധികാരികതയെപ്പറ്റിയൊന്നും ഞങ്ങൾക്കാർക്കും തർക്കമില്ല. പക്ഷെ ശ്രീ. കെ. എം. മാണിയുടെ ബഡ്ജറ്റിന്റെ അവസാനം ഒരു കവിത പറഞ്ഞിരുന്നു.

"കേരളമേ വികസിക്കുക നീ പുതു-
തായൊരു ജീവിതമാധുര്യത്തെ-
പ്പാരിനു നല്കാൻ........"

കേരളത്തിന് നൽകാനല്ല, ഇന്ത്യക്ക് നൽകാനല്ല. പാരിനു നൽകാൻ. അതൊരു വിശ്വ കാഴ്ചപ്പാടാണ്. ഇക്കഴിഞ്ഞ 18 മാസമായി എന്തു മധുര മാണ് ഈ നാട്ടുകാർ നുണഞ്ഞത്. മന്ത്രിമാരെല്ലാം ണ്ണ, ണ്ണ നുണയുന്നു ണ്ട്. അത് നമുക്കറിയാം. എല്ലാ മന്ത്രിമാരുമില്ല. കുറച്ചുപേരെ ഞങ്ങൾ ഒഴിവാക്കുന്നു. ഒരു പത്ത് പന്ത്രണ്ട് മന്ത്രിമാർ ണ്ണ, ണ്ണ നുണയുന്നുണ്ട്. അവർക്ക് മധുരമുണ്ട്. ഈ നാടിന് ഒരു മധുരവുമില്ല. ബഹുമാനപ്പെട്ട കെ. എം. മാണി ഓക്സ്ഫോർഡിൽ പോയി പ്രസംഗിച്ചു. അതിലെനിക്ക് വളരെ സന്തോഷമുണ്ട്. ഞാൻ 5 വർഷം ലിറ്ററേച്ചർ പഠിച്ചതാണ്. എന്റെ ഏറ്റവും വലിയ ആഗ്രഹമായിരുന്നു ഓക്സ്ഫോർഡ് കാണുകയെന്നുള്ള ത്. കാണാൻ സാധിച്ചില്ല. ലോകപ്രശസ്തനായിട്ടുള്ള യാത്ര എഴുത്തുകാര നായ എസ്.കെ.പൊറ്റക്കാടിന്റെകൂടെയുള്ള ജോഫ്രീ മൂർദൗസ് 1991-ൽ ഒരു ഇന്റർവ്യൂവിന് വന്നപ്പോൾ എന്നെ ക്ഷണിച്ചിരുന്നു. പക്ഷെ അന്ന് എനിക്ക് പോകാൻ സാധിച്ചില്ല. ആഗ്രഹമുണ്ടായിരുന്ന എനിക്ക് പോകാൻ സാധിച്ചില്ല. പക്ഷെ ശ്രീ. കെ. എം. മാണി പോയി. ബ്രിട്ടീഷ് പാർലമെന്റ് സിസ്റ്റത്തിൽ ഏറ്റവും മഹത്തായ ഒരു കാര്യം ക്യൂൻ അടക്കം പ്രത്യേകിച്ച് ഫൈനാൻസ് മിനിസ്റ്റർ ഉൾപ്പെടെയുള്ളവർ എന്ത് പാർലമെന്റിൽ പറയു ന്നുവോ അത് നടപ്പിലാക്കിയിരിക്കണം. നടപ്പിലാക്കിയില്ലെങ്കിൽ രാജി വച്ച് പോകണം. ശ്രീ. കെ. എം. മാണി രാജിവയ്ക്കണമെന്ന് ഞാൻ പറ യില്ല. കാരണം ശ്രീ. കെ. എം. മാണിയെ ഈ നിലയിലെത്തിച്ച ശ്രീ. ഉമ്മൻ ചാണ്ടി രാജിവച്ച് ഈ നാടിനെ ഒന്ന് രക്ഷിക്കാമോ. ശ്രീ. ഉമ്മൻ

ചാണ്ടി ആ സ്ഥാനം ഒഴിയുന്നതാണ് നല്ലത്. നമ്മൾ കരുതിയപോലുള്ള ആളൊന്നുമല്ല ശ്രീ. ഉമ്മൻ ചാണ്ടി. ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായി വന്നപ്പോൾ ഒരുപാടുപേരോട് ഞാൻതന്നെ പറഞ്ഞു നല്ല ആളാണെന്ന്, നല്ല കാര്യങ്ങളൊക്കെ ചെയ്യുമെന്ന്. അത് വെറുതെയാണ്. അദ്ദേഹം ഈ ഗവൺമെന്റിനെ തെറ്റായി നയിക്കുകയാണ്. ജനങ്ങളെ കബളിപ്പിക്കുക യാണ്. ബഹുമാനപ്പെട്ട കെ. എം. മാണി എന്തുമാത്രം കവിത ചൊല്ലി യാലും ഈ ഗവൺമെന്റ് ശരിയാകാൻ പോകുന്നില്ല. അതുകൊണ്ട് ഓക്സ്ഫോർഡിൽ പോയി പ്രസംഗിച്ചതൊക്കെ നല്ലകാര്യംതന്നെ. പക്ഷെ അവിടെ എന്താണ് നടക്കുന്നതെന്ന കാര്യം മാത്രം അദ്ദേഹത്തിന് മനസ്സി ലായില്ല. അനുവദിച്ച തുക ചെലവഴിക്കാതിരുന്നാൽ അവിടെ ഫൈനാൻസ് മിനിസ്റ്റർ രാജിവച്ച് പോകണം. ഇവിടെ ഫുൾടൈം മന്ത്രിമാ രല്ലാത്തവർ ഈ കാബിനറ്റിൽ ഇല്ലേ. ഇതിനകത്ത് രണ്ടുമൂന്ന് പാർട്ട് ടൈം മന്ത്രിമാരുണ്ട്. പേരൊന്നും ഞാൻ പറയുന്നില്ല. എല്ലാപേർക്കുമറിയാം. അവരുടെ ശ്രദ്ധ മന്ത്രികാര്യങ്ങളിലും രാജ്യസേവനത്തിലുമല്ല. ചാണക ്യന്റെ അർത്ഥശാസ്ത്രം എടുത്ത് വായിച്ചുനോക്കണം. മന്ത്രിസ്ഥാനത്തിരി ക്കുന്നവർ ഉത്തരവാദിത്വം വഹിച്ചില്ലെങ്കിൽ മരണംവരെ ജയിലിൽ ഇടണ മെന്നാണ് അതിൽ എഴുതിവച്ചിരിക്കുന്നത്. ഇവരെയാരേയും ജയിലിൽ ഇടണമെന്ന് ഞാൻ പറയുന്നില്ല. വീട്ടിലെങ്കിലും പറഞ്ഞയയ്ക്കണം. റീ കോൺസ്റ്റിറ്റ്യൂട്ട് ചെയ്യുകയോ രാജിവയ്പിച്ച് പറഞ്ഞയയ്ക്കുകയോ ചെയ്യ ണം. പാർട്ട് ടൈം മന്ത്രിമാർ 5 പേരുണ്ട്. ഇവിടെ മൂന്നു സൈസ് മന്ത്രിമാ

രുണ്ട്. ഒന്ന്, ഓന്തു മന്ത്രിമാർ. ഓന്തുമന്ത്രിമാരെന്നു പറഞ്ഞാൽ രാവിലെ വരുന്ന നിറമല്ല ഉച്ചയ്ക്ക് ശേഷം. വൈകുന്നേരം വേരൊറു നിറമാണ്. കുപ്പായം ഇടയ്ക്കിടയക്ക് മാറിക്കൊണ്ടിരിക്കും. പിന്നെയുള്ളത് കുട്ടിക്കളി മന്ത്രിമാരാണ്. ഇങ്ങനെയുള്ള കോമാളി മാന്ത്രിമാരടങ്ങുന്ന മന്ത്രിസഭയിലല്ലേ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനനും ശ്രീ. കെ. എം. മാണിയും ശ്രീ. കുഞ്ഞാലിക്കുട്ടിയുമൊക്കെ ഇരിക്കുന്നത്. ഇതൊന്നുമല്ല മന്ത്രിസഭ. കോമാളി മന്ത്രി എന്നല്ല കോമാളി മന്ത്രിസഭയെന്നാണ് പറഞ്ഞത്. ഭയങ്കരമായി ഗർജിക്കുന്ന മന്ത്രിമാരാണെന്നൊക്കെയാണ് കോൺഗ്രസ് സമ്മേളനങ്ങളിൽ പറയുന്നത്. ഈ മന്ത്രിസഭയിൽ ഏതെങ്കിലും ഒരു റോറിംഗ് ലയണിനെ കാണിക്കാമോ. ചില മന്ത്രിമാരൊക്കെ റോർ ചെയ്യാൻ ശ്രമിച്ചു. പക്ഷെ അത് നടക്കില്ല. മന്ത്രിമാരിൽ ഭൂരിപക്ഷവും റോറിംഗ് ലയൺസല്ല, റോറിംഗ് ലയേഴ്സാണ്. ഉച്ചത്തിൽ കള്ളം പറയുന്നവരാണ്. ഇവിടെ എല്ലാ ധാർമ്മിക നീതികളേയും ഭരണഘടനാ നീതികളേയും പാർലമെന്റ് നീതികളേയും കാബിനറ്റ് നീതികളേയും ലംഘിക്കുകയാണ്. ഇതികത്ത് കുറേ ബുച്ചേഴ്സുണ്ട്. അതായത് മനുഷ്യരെയോ മൃഗങ്ങളെയോ സസ്യങ്ങളെ കൊല്ലുന്നവരല്ല. നമ്മുടെ രാഷ്ട്രമീമാംസയെ കൊല്ലുകയാണ്. അതുമാത്രമല്ല നമ്മുടെ തത്വങ്ങളെ കൊല്ലുകയാണ്. Butchers of the Co-operatives, butchers of democracy, butchers of constitution. വിശ്വാസികളും അവിശ്വാസികളും എന്ന് കോൺസ്റ്റിറ്റ്യൂഷനിൽപ്പോലുമില്ലാത്ത വിശ്വാസം ഒരു വ്യക്തിയുടെ ആത്മനൃഷ്ടമായ അവകാശമെന്നു പറയുന്ന

ഇന്ത്യൻ കോൺസ്റ്റിറ്റ്യൂഷന്റെ മുകളിൽ കയറി ചവിട്ടിമെതിച്ചുകൊണ്ട് ശ്രീ. ഉമ്മൻ ചാണ്ടി പറഞ്ഞു കമ്മ്യൂണിസ്റ്റുകാരെ ഇടതുപക്ഷക്കാരെ വോട്ടില്ല, എഴുതിത്തരണം. അന്നത്തെ മുഖ്യമന്ത്രിയായ ശ്രീ. വി.എസ്.അച്ചുതാനന്ദനും അന്നത്തെ ദേവസ്വം വകുപ്പുമന്ത്രിയായ ഞാനും എന്റെ സഹപ്രവർത്തകരായ ശ്രീ. എം. എ. ബേബിയും ശ്രീ. എ. കെ. ബാലനും ശ്രീ. എളമരം കരീമും ശ്രീ. കോടിയേരി ബാലകൃഷ്ണനുമടക്കമുള്ള മന്ത്രിമാരും എം.എൽ.എ. മാരും ഇന്നുള്ള എം.എൽ.എ.മാർക്ക് എഴുതിക്കൊടുക്കണം. ഞാൻ ഇപ്പോൾ അറവുകാട് ക്ഷേത്രത്തിലെ പൂജാരിയിൽ നിന്ന് ഇവിടെ വന്ന് പൂജചെയ്യുന്നുണ്ട്, നമസ്കരിക്കുന്നുണ്ട് എന്ന് ശ്രീ. ഉമ്മൻ ചാണ്ടിക്ക് സർട്ടിഫിക്കറ്റ് വാങ്ങിക്കൊടുക്കണം. നാണമുണ്ടോ ഈ മനുഷ്യന്. ഈ മനുഷ്യൻ ഏതുകാലത്താണ് ഭരിക്കുന്നത്. ഏതു ഭരണഘടന. അതുകൊണ്ടുതന്നെയാണ് ഇത് മാറ്റേണ്ടിവന്നത്. അപ്പോൾ you are the butchers of the constitution, butchers of parliamentary democracy, butchers of cabinet practice, butchers of public morality and butchers of financial social justice. ചില ഭരണകക്ഷി

എം.എൽ.എ മാരുടെ, മന്ത്രിമാരുടെ മണ്ഡലത്തിൽ 15 കോടി രൂപയുടെ റോഡ് വികസനം. ഞങ്ങൾക്കാർക്കുമൊന്നുമില്ല, ഇവിടെ ശ്രീ. ശിവൻകുട്ടിയും ശ്രീ. രാജുവുമൊക്കെ പറഞ്ഞു. 1400 കോടി രൂപയുടെ റോഡ് നിർമ്മിച്ചതിന് ഞാനദ്ദേഹത്തെ അഭിനന്ദിക്കുകയാണ്. ഇടതുപക്ഷ ജനാധി

പത്യ ഗവൺമെന്റ് കൊണ്ടു വന്ന മുഴുവൻ റോഡുകളും നിങ്ങൾ തീർത്തു, നിങ്ങൾ ഒന്നും മാറ്റിവച്ചില്ല. നിങ്ങളെ ഞാൻ തലയിൽ കൈവച്ച് അനുഗ്രഹിച്ചു ആലപ്പുഴ വച്ച് ഓർമ്മയില്ലേ? നിങ്ങളെ ദൈവം രക്ഷിക്കുമെന്ന്, കാരണം നിങ്ങൾ ദൈവ വിശ്വാസിയായതുകൊണ്ട്. എന്റെ അഭിപ്രായമല്ല പറഞ്ഞത് നിങ്ങൾ ഈ വിവേചനം കാണിക്കാൻ പാടില്ല. വേഡ്സ് വർത്തിന്റെ പ്രസിദ്ധമായ ഒരു കവിതയുണ്ട്, ഫെർഡിലിറ്റി. ആ കവിതയിൽ യജമാനൻ മരിച്ചപ്പോൾ ആ മരിച്ച സ്ഥലത്തു നിന്ന് ഈ പട്ടി മാറുന്നില്ല. മരിക്കുന്നിടം വരെ ആ പട്ടിയുടെ വിശ്വസ്തത. സാമ്രാജ്യത്വം ഇവിടെ നിന്ന് പോയി. സാമ്രാജ്യത്വം പോയെങ്കിലും അധികാര കസേരയിൽ സാമ്രാജ്യത്വമാണിരിക്കുന്നതെന്ന മട്ടിൽ ശ്രീ. ഉമ്മൻചാണ്ടി ഇങ്ങനെ ആ സാമ്രാജ്യത്വത്തോട് കൂറ് കാണിക്കുകയാണ്. ബ്രിട്ടീഷ് സാമ്രാജ്യത്വമില്ല. പകരം ഇവിടെ വരുന്നുണ്ട്. എഫ്.ഡി.ഐ. ക്കാർ, ആഗോളവത്ക്കരണക്കാർ, ആഗോളവത്ക്കരണത്തെ പൂവിട്ട് പൂജിക്കുന്ന സാംബിറ്റോഡയെ പറ്റിയൊക്കെ പറയുന്നതു കേട്ടു. ആരാണ് സർ, ഈ പപ്പടം, സാംബിറ്റോഡ. ഇവനാരാണ്? ഇന്ത്യയിൽ ഇയാളുടെ സംഭാവന എന്താണ്? ഒരു പാട് കമ്പ്യൂട്ടർ വിദ്യാർത്ഥികളുണ്ട്. അതിൽ ഒരു മേജർ കമ്പ്യൂട്ടർ വിദ്യാർത്ഥി ഈ തരത്തിലൊക്കെയെല്ലാവരെയും കൊലചെയ്യുകയാണ്. മേജർ ബുച്ചറാണ്, ഹെഡ് ഓഫ് ദ ബുച്ചേഴ്സാണ് ശ്രീ. ഉമ്മൻ ചാണ്ടി. അങ്ങനെയൊരു ഭരണമാണ് നിങ്ങളുടേത്. ശ്രീ. കോടിയേരി ഇവിടെ നിങ്ങൾ നടത്തിയ 2012-13 -ലെ പ്ലാൻ ഫണ്ടിന്റെ വിനിയോഗം പറഞ്ഞു.

28 ശതമാനമേ ആയിട്ടുള്ളൂ. ഇനി മൂന്നു മാസമേയുള്ളൂ. നാല് മാസം തന്നേക്കാം. നിങ്ങൾ 4,000 കോടി രൂപയെ ചെലവഴിച്ചിട്ടുള്ളൂ. പതിനായിരം കോടി രൂപ ചെലവഴിച്ചിട്ടില്ല. നിങ്ങൾ കഴിഞ്ഞ തവണ 1200 കോടി രൂപ ചെലവഴിക്കാതിരുന്നെങ്കിൽ ഇത്തവണ ഏറ്റവും കുറഞ്ഞത് 6,000 കോടി രൂപ ചെലവഴിക്കുമായിരിക്കും. മൊത്തം 69,000 കോടി രൂപയിൽ 42 ശതമാനം ഇനി മൂന്നു മാസം കൂടി കഴിഞ്ഞാലും നിങ്ങൾ പരമാവധി ഒരു പതിനായിരം കോടി രൂപ ചെലവഴിക്കും. കണക്കു നോക്കിയപ്പോൾ നിങ്ങൾ 80,000 കോടി രൂപ ബഡ്ജറ്റ് എസ്റ്റിമേറ്റിലുള്ളതിൽ അഞ്ചു വർഷക്കാലം ഭരിക്കുമ്പോൾ ചെലവഴിക്കുകയില്ല. ഞങ്ങളുടെ കാലത്തുണ്ടായിരുന്ന കടം നിങ്ങൾ പെരുപ്പിച്ച് 2015-16 വരെ ഭരിക്കാൻ കഴിയുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നില്ല. നിങ്ങൾ ഈ കേരളത്തിന്റെ കടബാധ്യത 1,40,000 കോടി രൂപയാക്കി മാറ്റും. ഞങ്ങൾ ഏൽപ്പിച്ചപ്പോൾ 69,000 കോടിരൂപ അത് 1957 ലെ ഇ.എം.എസ് ഗവൺമെന്റിന്റെ കാലം മുതലുള്ളതാണ്. ഇപ്പോൾ അത് 94,000 കോടി രൂപയായി. ഇക്കണക്കിന് 1,40,000 കോടി രൂപയാകും. കടഭാരത്തിൽ ഉഴറുകയാണ്. പക്ഷെ എവിടെ ഈ പണം; എന്തിന് നിങ്ങൾ ചെലവഴിക്കുന്നു? ഇതൊന്നും വ്യക്തമായ കാര്യമല്ല. നികുതിയിൽ കുറവ് വന്ന കാര്യം ശ്രീ. കോടിയേരി പറഞ്ഞു. ഞാനത് ആവർത്തിക്കുന്നില്ല. നിങ്ങൾ പണം

തന്നാൽ ചെലവഴിക്കുന്നത് തന്നെ തെറ്റായ കാര്യത്തിലാണ്. എന്ന കാര്യവും പറയുകയുണ്ടായി. ഞാൻ നിങ്ങളോട് ഒരു കാര്യം പറഞ്ഞു കൊള്ളട്ടെ, ഞങ്ങൾ ഭരിച്ചപ്പോൾ ഒരു വർഷം 2010-11 -ൽ ചെലവഴിക്കാൻ തീരുമാനിച്ച പണത്തിൽ നിന്ന് ആകെ കുറവ് വന്നത് 43 ലക്ഷം രൂപ മാത്രമാണ്. നിങ്ങൾ കഴിഞ്ഞ ഒറ്റ വർഷം ആയിരത്തി ചില്വാനം കോടി രൂപ....... ഇവിടെ ഒരു ബഹുമാനപ്പെട്ട മുസ്ലീം ലീഗ് എം.എൽ.എ. പറഞ്ഞു, എല്ലാം തകർത്തു, ഞങ്ങളത് അടിത്തറയിൽ നിന്നും പൊക്കിക്കൊണ്ടു വരികയാണെന്ന്. ഇങ്ങനെയൊന്നും പ്രസംഗിച്ചിട്ട് കാര്യമില്ല. മുസ്ലീം ലീഗുകാർ ഇങ്ങനെയൊന്നും പ്രസംഗിക്കേണ്ട കാര്യമില്ല. ഞങ്ങൾക്ക് അഭിപ്രായ വ്യത്യാസം വേറെ കാര്യത്തിലുണ്ടെങ്കിലും, നിങ്ങളിൽ പലരും ജനങ്ങളുടെ പിന്തുണയു ള്ളവരായതുകൊണ്ട് പറയുകയാണ്. ആവശ്യമില്ലാത്ത ഒന്നിലും ശ്രീ. ഉമ്മൻ ചാണ്ടിക്കു വേണ്ടി പ്രസംഗിച്ച് വെറുതെ ഡർബാറൊന്നും കാണിക്കേണ്ട കാര്യമില്ല. മലയാളം വാരികയെന്നൊരു വാരികയുണ്ടോ? മലയാളം മാസിക ഉമ്മൻ ചാണ്ടി സ്പെഷ്യൽ. ഈ മാസിക രജിസ്റ്റർ ചെയ്തിട്ടില്ല. മാസികയാണെങ്കിൽ രജിസ്റ്റർ ചെയ്യണം ബുള്ളറ്റിനാണെങ്കിൽ രജിസ്റ്റർ ചെയ്യേണ്ട. കാര്യമില്ല. ചില മാസികയുടെ എഡിറ്ററായി നമ്മൾ ഇരുന്നിട്ടുണ്ട്. നാഷണൽ രജിസ്ട്രേഷനാണ്, കേരളത്തിലല്ല. രജിസ്റ്റർ ചെയ്യാത്ത മാസികകളുണ്ട് ശ്രീ. ഉമ്മൻ ചാണ്ടിയുടെ പേരിൽ. ഇത് കണ്ടാൽ തോന്നും പി.ആർ.ഡി. യുടെതാണെന്ന്. പക്ഷെ അത് പരസ്യമാണ്. 13 ഗവൺമെന്റ് പരസ്യങ്ങളും 3

സ്വകാര്യ പരസ്യങ്ങളും. ഒരു സുനിൽ ഭാസ്ക്കരൻ. ആരാണ് സർ ഇത്? ഗൗരവമുള്ള പ്രശ്നമാണ്. ലക്ഷക്കണക്കിന് രൂപ ഗവൺമെന്റിൽ നിന്ന് പരസ്യമെന്ന് പറഞ്ഞ് വാങ്ങി രജിസ്ട്രേഷനില്ലാത്ത കള്ള ഡോക്യുമെന്റ് മുഖ്യമന്ത്രിയുടെ പേരിലിറക്കുകയാണ്. ഞാൻ കേസിനൊന്നും പോകുന്നില്ല. വിജിലൻസിൽ കൊടുത്താൽ ഇത് കേസാണ്. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണനെ ആരും ബുദ്ധിമുട്ടിക്കില്ല, വെറുതേ കൊണ്ട് കോടതിയിൽ കൊടുത്താൽ മതി. താങ്കൾക്കത് ചെയ്യാൻ കഴിയില്ല. കാരണം പ്രശ്നമുണ്ട്. ഞങ്ങൾ കോടതിയിൽ കൊടുക്കുന്നില്ല. ശ്രീ. ഉമ്മൻചാണ്ടിയെപ്പറ്റി എന്താണ് പറയുന്നത്? ഇന്ത്യയിൽ ഇതുപോലൊരു മുഖ്യമന്ത്രിയില്ലെന്നാണ് ഈ മാസികയിൽ പറയുന്നത്. വളരെ കഷ്ടമാണ്. മാധ്യമത്തിൽ രാജേശ്വരി എന്ന് പറയുന്ന എഴുത്തുകാരി, അത് തൂലികാനാമമായിരിക്കും, എഴുതിയിരിക്കുകയാണ്, കേരളം കണ്ട എക്കാലത്തെയും ഏറ്റവും വഷളൻ മുഖ്യമന്ത്രിയാരാണെന്ന് ചോദിച്ചാൽ നിർമത്സര ബുദ്ധികളായ ആരും ശ്രീ. ഉമ്മൻ ചാണ്ടിയെന്ന് മൂന്നു തവണ പറയും. ഇത് ഞാൻ പറഞ്ഞതല്ല. ഇത് നൂറ് ശതമാനം ശരിയാണെന്ന് ഇപ്പോൾ യു.ഡി.എഫ്-നോട് ആഭിമുഖ്യമുള്ള നോവലിസ്റ്റ് ശ്രീ. ജി.എൻ. പണിക്കർ സാറും പറയുകയാണ്. അദ്ദേഹം വഷളനാണെന്ന് ഞാൻ പറയുന്നില്ല.......(ബഹളം).....ജയശങ്കറല്ല, രാജേശ്വരി, ജയശങ്കറായാലെന്താ? ജയശങ്കർ നിങ്ങളെപ്പറ്റി കമന്ററിയിൽ നല്ലത് പറയുന്നത് കേട്ടല്ലോ, അതല്ല. ശ്രീ. ഉമ്മൻ ചാണ്ടി വഷളനാണെന്നല്ല ഞാൻ പറയുന്നത്. പക്ഷെ, ഇതു പോലുള്ള

തട്ടിപ്പ്, നമ്മൾ കോളേജിലൊക്കെ മത്സരിക്കുമ്പോൾ ഇതുപോലെ ആരെ ക്കൊണ്ടെങ്കിലുമടിച്ചിറക്കും. ഇതൊക്കെ ആവശ്യമുണ്ടോ? ഇത്രയേയുള്ളൂ ഈ മുഖ്യമന്ത്രി.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്..

ശ്രീ. ജി. സുധാകരൻ: ഞാൻ കൺക്ലൂഡ് ചെയ്യുകയാണ്. ഇന്നലെ *****[4]യല്ലേ കയറിനെപ്പറ്റി പറഞ്ഞത്. ഞാനത് കേട്ടുകൊണ്ടിരുന്നു. 40 രൂപയാണ് ഞാൻ മിനിസ്റ്ററായിരുന്നപ്പോൾ. 150 രൂപ കൊടുത്തു, 200 രൂപയായി പ്രഖ്യാപിച്ചപ്പോൾ ഇലക്ഷൻ വന്നു. ഞങ്ങൾ 20 കോടി രൂപ പ്ലാനിംഗ് ബോർഡിൽ നിന്ന് വാങ്ങി ഇൻകം സപ്പോർട്ട് സ്കീമിന് കൊടുക്കുകയും ചെയ്തു. അത് അദ്ദേഹം നടപ്പിലാക്കി. ഉടനെ പറയുകയാണ് എല്ലാം ശ്രീ. അടൂർ പ്രകാശ് വന്നതിന് ശേഷമാണെന്ന്. ഇങ്ങനെയെന്തെല്ലാം **** യാണ് പറയുന്നത്. നിങ്ങൾ സ്ത്രീകളെ അപമാനിച്ചില്ലേ? ദേവസ്വം ബോർഡിൽ നിന്ന് ചവിട്ടി പുറത്താക്കിയില്ലേ. പാവപ്പെട്ട ശ്രീ. വി. എസ്. ശിവകുമാറിന് ഇതുവല്ലതുമറിയുമോ? നിയമം ഭേദഗതി ചെയ്ത് ദേവസ്വം ബോർഡ് മെമ്പർക്ക് 45 വയസ്സായി ചുരുക്കി. ശ്രീ. ഉമ്മൻ ചാണ്ടി നിങ്ങൾക്കറിയുമോ 50 വയസ്സില്ലാത്ത സ്ത്രീകൾക്ക് ശബരിമലയിൽ കയറാൻ കഴിയില്ല. നിങ്ങളുടെ ദേവസ്വം ബോർഡ് മെമ്പർ ശബരിമലയിൽ കയറുമോ? രാജി വയ്ക്കാൻ ധൈര്യമുണ്ടെങ്കിൽ രാജി

[4] വാക്ക് പിൻവലിച്ചു.

വയ്ക്ക്. ദൈവത്തിന്റെ പേരിൽ നടക്കുന്ന കള്ളക്കളിയുണ്ടല്ലോ. ഓരോന്നിനും ഓരോ സമയം വരും. ശ്രീ. ഉമ്മൻ ചാണ്ടി നിങ്ങൾ കേരളം കണ്ട ഏറ്റവും പാപ്പരായ മുഖ്യമന്ത്രിയാണ്. നിങ്ങൾക്ക് യാതൊരു ഫിലോസഫിക്കൽ ബേസിസുമില്ലല്ലോ. ഇവിടെയാരാ ഭരിച്ചത്? പട്ടം താണുപിള്ള, ആർ. ശങ്കർ, ഇ.എം.എസ്, അതുപോലെ സി. അച്യുതമേനോൻ, പി.കെ. വാസുദേവൻ നായർ, ഇ. കെ. നായനാർ, സി.എച്ച്. മുഹമ്മദ്കോയ, സമരധീരനായ ശ്രീ. വി.എസ്. അച്ചുതാനന്ദൻ, വളരെ സംയമന ശീലമുള്ള ശ്രീ. എ. കെ. ആന്റണി, അതുപോലെ പുരാണങ്ങളിൽ അഗാധ പാണ്ഡിത്യമുള്ള കെ. കരുണാകരൻ, അവർക്കൊക്കെ ഫിലോസഫിക്കൽ ബേസിസുണ്ടായിരുന്നു. കോളേജിൽ പഠിച്ചാൽ മാത്രമല്ല, എന്തെങ്കിലും ഫിലോസഫിക്കൽ ബേസിസ്.......... ഞങ്ങൾ വിശ്വാസികളല്ലെന്നു പറഞ്ഞു. ശ്രീ. ഉമ്മൻ ചാണ്ടി നിങ്ങൾ എന്തിലാണ് വിശ്വസിക്കുന്നത്? നിങ്ങൾ പള്ളിയിൽ പോകുന്നുണ്ടാകും. നിങ്ങൾ അവിടെ പോയി എന്താണ് പ്രാർത്ഥിക്കുന്നത്? ഈ നാട് നന്നാകണമെന്നാണോ? അതോ മുത്തൂറ്റിന് കൂടുതൽ കൂടുതൽ ബ്രാഞ്ച് തുറക്കണമെന്നാണോ? നിങ്ങൾ പണ്ട് ശ്രീ. എ. കെ. ആന്റണിയെയും കെ. കരുണാകരനെയും ഇല്ലാതാക്കിയതുപോലെ, ശ്രീ. എ. കെ. ആന്റണി വീണ്ടും ഉയർന്നു വന്നു. ശ്രീ. കെ. മുരളീധരനെ പുറത്താക്കിയതു പോലെ ....(ബഹളം).......... കോൺഗ്രസ്സിലെ ഗ്രൂപ്പുകളിയിൽ..........(ബഹളം)............ അയ്യോ കർത്താവേ എന്റെ

കൂടെ നിൽക്കേണമേ..........(ബഹളം)................. എന്നാണോ പറയാൻ പോകുന്നത്.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്. പോയിന്റ് ഓഫ് ഓർഡർ.....

ശ്രീ. സി. പി. മുഹമ്മദ്: സർ, ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി സാറിനെക്കുറിച്ച് വളരെ മോശമായ പരാമർശം മുത്തൂറ്റിന്റെ കാര്യം കൂട്ടിച്ചേർത്ത് പറയുകയാണ്. അതുപോലെ തന്നെ പാർലമെന്ററിയല്ലാത്ത ****** എന്നദ്ദേഹം ഒരുപാട് തവണ ആവർത്തിച്ചു. മുൻ ദേവസ്വം മന്ത്രിയായ അദ്ദേഹം കൊടുങ്ങല്ലൂർ ഭഗവതിയുടെ തിരുമുറ്റത്ത് പാടുന്ന പാട്ടാണ് ഇപ്പോൾ ഇവിടെ പാടുന്നത്.............(ബഹളം)............... ഇത് രേഖയിൽ നിന്ന് നീക്കം ചെയ്യണം.

മി. ചെയർമാൻ: പരിശോധിക്കുന്നതാണ്.

ശ്രീ. ജി. സുധാകരൻ: പാർലമെന്ററിയല്ലാത്ത എന്തെങ്കിലുമുണ്ടെങ്കിൽ നീക്കം ചെയ്യണം. പക്ഷെ ശ്രീ. ഉമ്മൻചാണ്ടി, നിങ്ങൾ സ്ഥാനം ഒഴിയുന്നതാണ് നല്ലത്, നിങ്ങൾ സ്ഥാനം ഒഴിയണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മി. ചെയർമാൻ: ശ്രീ. ജി. സുധാകരന്റെ പ്രസംഗത്തിൽ ഏതെങ്കിലുമൊരെണ്ണം പാർലമെന്ററിയല്ലാത്തതുണ്ടെങ്കിൽ അത് പരിശോധിച്ച് നീക്കം ചെയ്യുന്നതാണ്. ശ്രീ. സണ്ണി ജോസഫ്....പ്ലീസ്....... ഒരു സെക്കന്റ്.......... (ബഹളം)............ഒരു മിനിറ്റ്.........ലൈ എന്ന പദം പാർലമെന്ററിയല്ല എന്ന് റൂളിംഗ് നിലവിലുള്ളതാണ്. ലൈ എന്ന പദം പാർലമെന്ററിയല്ല.

ശ്രീ. വി. എസ്. സുനിൽ കുമാർ: ഇവിടെ കൊടുങ്ങല്ലൂർ ഭഗവതിയുടെ തിരുമുമ്പിൽ ഒരിക്കലും ********[5] പാടാറില്ല. അങ്ങ് അവിടത്തെ എം.എൽ.എ.യാണ്. അവിടെ ശുദ്ധമായ സാഹിത്യമാണ് പാടുന്നത്. പുറത്ത് പാടുന്നുണ്ടായിരിക്കാം. ശ്രീ. സി. പി. മുഹമ്മദ് അവിടെ മോശമായ കാര്യമാണ് നടന്നു കൊണ്ടിരിക്കുന്നത് എന്ന് പറഞ്ഞത് ഓർഡറില്ല. അത് പിൻവലിക്കണം. കൊടുങ്ങല്ലൂർ ഭഗവതിയുടെ മുൻപിൽ ഒരിക്കലും അങ്ങനെ ചെയ്യാറില്ല.

മി. ചെയർമാൻ: ..... (ബഹളം)......... ബഹുമാനപ്പെട്ട അംഗം ശ്രീ. വി. എസ്. സുനിൽ കുമാർ പറഞ്ഞത് ശരിയാണ്. കൊടുങ്ങല്ലൂർ ഭഗവതിയുടെ തിരുമുറ്റത്ത് ഒരിക്കലും അത്തരത്തിലുള്ള പാട്ട് പാടാറില്ല. അവിടെ സാഹിത്യമാണ് പാടുന്നത്. അത് തീർച്ചയായും അംഗീകരിക്കുന്നു. ..... (ബഹളം)......... കൊടുങ്ങല്ലൂർ ക്ഷേത്രവുമായി ബന്ധപ്പെട്ട കാര്യത്തിൽ പറഞ്ഞു കഴിഞ്ഞു. .......(ബഹളം)......... ശ്രീ. സണ്ണി ജോസഫ്..........കൊടുങ്ങല്ലൂർ ക്ഷേത്രവുമായി ബന്ധപ്പെട്ട കാര്യത്തിൽ ശ്രീ. സി. പി. മുഹമ്മദ് പറഞ്ഞ പരാമർശം രേഖയിൽ നിന്ന് നീക്കം ചെയ്യുന്നതാണ്. പ്ലീസ്........ആഭ്യന്തര വകുപ്പുമന്ത്രി.......... .......(ബഹളം).........

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ശ്രീ. സി. പി. മുഹമ്മദ് പറഞ്ഞ വാചകം അദ്ദേഹം

[5] വാക്ക് പിൻവലിച്ചു.

തന്നെ പിൻവലിച്ചതായി ഇവിടെ പറഞ്ഞാണ്. പിന്നെ അത് രേഖയിൽ നിന്ന് നീക്കം ചെയ്യേണ്ട കാര്യമില്ല. അദ്ദേഹമത് പിൻവലിച്ച് കഴിഞ്ഞു.

മി. ചെയർമാൻ: പ്ലീസ്........ അദ്ദേഹം പറഞ്ഞത്...... അദ്ദേഹം പിൻവലിച്ചതായി പ്രഖ്യാപിച്ചിരിക്കുകയാണ്. പിൻവലിച്ച കാര്യം വീണ്ടും ചർച്ചാവിഷയമാക്കേണ്ട കാര്യമില്ല. അത് രേഖയിൽ നിന്ന് നീക്കം ചെയ്യേണ്ട കാര്യമില്ല. ........(ബഹളം)..........ശ്രീ. രാജു സീറ്റിൽ പോകൂ.....പ്ലീസ്......(ബഹളം) ..

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ശ്രീ. സി. പി. മുഹമ്മദ് പറഞ്ഞ വാചകം അദ്ദേഹത്തിന് തന്നെ എതിരായി ഉപയോഗിക്കാൻ സാധ്യതയുണ്ട് അതിനാൽ അദ്ദേഹത്തിന് മാന്യത, അതു സംബന്ധിച്ചൊരു മാപ്പ് പറഞ്ഞ അവസാനിപ്പിക്കുന്നതാണ്.

ശ്രീ. സി. പി. മുഹമ്മദ്: ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് പറഞ്ഞതുകൊണ്ട് ഞാൻ പറയട്ടെ, സാധാരാണ കൊടുങ്ങല്ലൂരിനെപ്പറ്റി ഇതിന് മുമ്പും സഭയിൽ ഞാൻ പ്രസംഗിച്ചിട്ടുണ്ട്. ......(ബഹളം)........... ഞാനൊരിക്കലും *******[6] എന്ന് പറഞ്ഞിട്ടില്ല. ഞാൻ പാട്ട് എന്നേ പറഞ്ഞിട്ടുള്ളൂ. അത് ആർക്കെങ്കിലും വേദന ഉണ്ടാക്കിയിട്ടുണ്ടെങ്കിൽ ഞാൻ പിൻവലിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് : സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായും പിന്താങ്ങുന്നു. കഴിഞ്ഞ 20 മാസക്കാലത്തിനുള്ളിൽ കേരള

---

[6] വാക്ക് പിൻവലിച്ചു.

ത്തിലെ ജനങ്ങളോട് പറഞ്ഞിട്ടുള്ള വാഗ്ദാനങ്ങൾ പ്രാവർത്തികമാക്കിയിട്ടുള്ള ഗവൺമെന്റാണ് ഇത്. മുഖ്യമന്ത്രിയുടെ ജനസമ്പർക്കപരിപാടിയിലും ഒരു രൂപയ്ക്ക് അരി നൽകുന്ന പദ്ധതിയിലും ആരംഭിച്ച് ജനകീയ പ്രവർത്തനങ്ങൾ ഇന്ന് മറ്റു കാര്യങ്ങളിലേയ്ക്ക് തുടർന്നു കൊണ്ടുപോകുകയാണ്. അതിവേഗം ബഹുദൂരം എന്ന ശൈലിയിൽ മുന്നോട്ടു പോകുന്ന സർക്കാർ ഇന്ന് കാര്യക്ഷമതയുടെയും കാരുണ്യപ്രവൃത്തികളുടേയും മേഖലയിലേയ്ക്ക് കടന്നിരിക്കുന്നു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ കാരുണ്യ ലോട്ടറിയിലൂടെ കേരളത്തിലെ സാധാരണക്കാരായ, നിർദ്ധനരായ രോഗികളുടെ ചികിത്സയ്ക്ക് ഇത്രയേറെ പ്രാധാന്യം നൽകി അവരെ സഹായിച്ച മറ്റൊരു ഗവൺമെന്റില്ല. കാര്യക്ഷമതയെക്കുറിച്ച് നേരത്തെ ശ്രീ. ജി. സുധാകരൻ ഇവിടെ സംസാരിച്ചപ്പോൾ കേരളത്തിലെ മന്ത്രിമാർ പാർട്ട്ടൈം മന്ത്രിമാരാണെന്ന് പറഞ്ഞു. കേരളത്തിൽ ശ്രീ. ഉമ്മൻ ചാണ്ടി നയിക്കുന്ന യു.ഡി. എഫ്. മന്ത്രിസഭയിലെ മന്ത്രിമാർ പാർട്ട് ടൈം മന്ത്രിമാരല്ല മറിച്ച് ഓവർടൈം മന്ത്രിമാരാണ് എന്നാണ് എനിക്ക് പറയാനുള്ളത്. ഈ സർക്കാരിനെ നിയന്ത്രിക്കുന്ന ഉമ്മൻ ചാണ്ടിയും മറ്റു മന്ത്രിമാരും ഓവർടൈം വർക്ക് ചെയ്യുന്ന മന്ത്രിമാരാണ്. ശ്രീ. ഉമ്മൻ ചാണ്ടിയെപ്പറ്റി ആർക്ക് പറയാൻ സാധിക്കും; മാണിസാറിനെക്കുറിച്ചും ശ്രീ. കുഞ്ഞാലിക്കുട്ടി സാഹിബിനെക്കുറിച്ചും ആർക്ക് പറയാൻ സാധിക്കും? അപ്പുറത്ത് നിന്ന് സംസാരിച്ച ശ്രീ. ജി. സുധാകരന് പോലും കേരളത്തിന്റെ മരാമത്ത് വകുപ്പ് മന്ത്രിയെ പ്രശംസിച്ച് സംസാരി

ക്കേണ്ടി വന്നു. പ്രതിപക്ഷത്തു പോലും കേരളത്തിലെ മരാമത്ത് മന്ത്രിയെ പ്രശംസിച്ച് സംസാരിക്കേണ്ട സാഹചര്യമുണ്ടായിരിക്കുന്നു. ഈ മന്ത്രിസഭയുടെ കാലത്തല്ല നേരെ മറിച്ച് പഴയ മന്ത്രിസഭയുടെ കാലത്താണ് മുഖ്യ മന്ത്രിക്ക് തന്നെ അദ്ദേഹത്തിന്റെ മന്ത്രിസഭയിലെ ഒരംഗത്തെക്കുറിച്ച് പോഴൻ മന്ത്രി എന്ന് വിശേഷിപ്പിച്ചത്; ആരായിരുന്നു എന്ന് ഞങ്ങൾക്ക് എല്ലാമറിയാം. അവർ മറക്കരുത്. ഈ സർക്കാരിനെ കേരളത്തിലെ ജനങ്ങളുടെ പിന്തുണയുണ്ട് എന്ന് ആവർത്തിച്ച് തെളിയിക്കപ്പെട്ട കാര്യമാണ്. ഏത് കാര്യങ്ങളും പരിശോധിക്കാം. ഇപ്പോൾ എന്തിനാണ് ഈ ഉപധനാഭ്യർത്ഥന എന്ന് ശ്രീ. കോടിയേരി ബാലകൃഷ്ണൻ നേരത്തെ സംസാരിച്ചപ്പോൾ ചോദിച്ചു. കാർ വാങ്ങുന്നതിനു വേണ്ടിയാണ് അല്ലെങ്കിൽ ഏതെങ്കിലും ഒരു ആശുപത്രിയുടെ ആവശ്യത്തിന് വേണ്ടി, സ്റ്റാഫിനെ നിശ്ചയിക്കുന്നതിനു വേണ്ടിയാണ് എന്നൊക്കെ പറഞ്ഞു. ഒന്ന് കണ്ണോടിച്ച് നോക്കിയാൽ മനസ്സിലാക്കാൻ സാധിക്കും, കണ്ണൂർ യൂണിവേഴ്സിറ്റിക്ക്, കുസാറ്റിന്, ഐ.എച്ച്.ആർ.ഡി.-ക്ക്, ലോകായുക്തയ്ക്ക്, മൂലമറ്റത്തെ പവ്വർസ്റ്റേഷന്, താഴെചൊവ്വ കണ്ണൂർ റോഡിന്റെ നവീകരണത്തിന്...... എന്തിനാണ് താഴെചൊവ്വ കണ്ണൂർ റോഡ് നവീകരിക്കുന്നത്? കണ്ണൂരിലെ ചാലയിലുണ്ടായ അതീവഗുരുതരമായ ചാല ദുരന്തം: ടാങ്കർ ലോറി തകർന്ന് പൊട്ടി അപകടമുണ്ടായി. അപകടത്തിൽ 20 ആളുകൾ മരിച്ചു. മുഖ്യമന്ത്രിയും സംഘവും അവിടെ പാഞ്ഞെത്തി കാര്യങ്ങൾ ആലോചിച്ചു. മരാമത്ത് മന്ത്രിയും ആളുകളുമെല്ലാം അവിടെയുണ്ടായിരു

ന്നു. കണ്ണൂരിലെ പ്രധാനപ്പെട്ട ഈ റോഡിന് വീതി കുറവാണ്, ആ റോഡിന് വീതി കൂട്ടണമെന്ന് ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി എം.എൽ.എ. പറഞ്ഞു. നാഷണൽ ഹൈവേയ്ക്ക് വീതി കൂട്ടണം; അതിനുള്ള സംഖ്യ ബഡ്ജറ്റിലുണ്ടായിരുന്നില്ല. അതിനു വേണ്ടിയാണ് അഡീഷണലായി ഭരണാനുമതി നൽകിയത്; ആ സംഖ്യയാണ് ഇവിടെ ഉപധനാഭ്യർത്ഥനയുടെ ഭാഗമായി ഗവൺമെന്റ് പാസ്സാക്കണം എന്ന് ആവശ്യപ്പെടുന്നത്. ലീഡറെ ഞങ്ങൾ മറന്നുവെന്ന് നേരത്തെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞു, അദ്ദേഹം കാര്യങ്ങൾ പൂർണ്ണമായും മനസ്സിലാക്കണം. ഈ ഉപധനാഭ്യർത്ഥനയിലെ ഒരു ഐറ്റം തിരുവനന്തപുരത്ത് മുൻ മുഖ്യമന്ത്രി ആരാധ്യനായ ലീഡറുടെ പ്രതിമ സ്ഥാപിക്കുന്നതിനുള്ള സാമ്പത്തിക ആവശ്യത്തിനുവേണ്ടി കൂടിയാണ് ഈ ഉപധനാഭ്യർത്ഥന എന്ന് ഇത് വായിച്ചാൽ മനസ്സിലാകും. കുടിവെള്ള പദ്ധതിയടക്കമുള്ള മറ്റു വികസന ആവശ്യങ്ങൾക്കു വേണ്ടിയാണ് ഈ ഉപധനാഭ്യർത്ഥന. കേരളത്തിലെ സർക്കാരിന്റെ ഏത് വകുപ്പെടുത്തു പരിശോധിച്ചാലും ധാരാളം ക്ഷേമപദ്ധതികൾ; പ്രവർത്തനപരിപാടികളുമായി മുന്നോട്ട് പോയിട്ടുണ്ട്. ഞാൻ പ്രത്യേകിച്ച് മരാമത്ത് വകുപ്പിനെക്കുറിച്ച് തന്നെ സംസാരിക്കാൻ ആഗ്രഹിക്കുന്നു. ഈ അടുത്ത കാലത്താണ് കേരളം ഏറ്റവും സ്വാഗതാർഹമായിട്ടുള്ള ഒരു ശബ്ദം കേട്ടത് – കെ.എസ്.ടി.പി. യുടെ രണ്ടാം ഘട്ട പദ്ധതി. ആ സ്കീം മുടങ്ങിപ്പോയി എന്നാണ് ഇതുവരെ നാം കരുതിയത്. എന്നാൽ രണ്ടാം ഘട്ടത്തിൽ ലോകബാങ്കിന്റെ സഹായത്തോടു കൂടി കേരളത്തിലെ സുപ്ര

ധാനമായ ആറു റോഡുകളുടെ നവീകരണത്തിനു വേണ്ടിയുള്ള അനുമതി യാണ് ബഹുമാനപ്പെട്ട മരാമത്ത് വകുപ്പുമന്ത്രി ഇവിടെ നേടിയെടുത്തിട്ടു ള്ളത്. കേരളത്തിലെ റോഡുകളുടെ അവസ്ഥയെന്തായിരുന്നു? എൽ.ഡി. എഫ്. തന്നെ ആവർത്തിച്ച് പാർലമെന്റ് ഇലക്ഷനിലും പിന്നീട് തദ്ദേശസ്വ യംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പിലും പരാജയപ്പെട്ടപ്പോൾ എൽ. ഡി.എഫ്. നേതൃത്വം അവരുടെ പരാജയ കാരണം പരിശോധിച്ചപ്പോൾ അവർ ചെന്നെത്തിയത് കേരളത്തിലെ റോഡുകൾ കുണ്ടും കുഴിയും നിറഞ്ഞ റോഡുകളാണ് ജനങ്ങൾ തങ്ങളെ എതിർക്കാനുള്ള പല കാരണ ങ്ങളിലൊന്ന് എന്ന് മനസ്സിലാക്കി. എന്നാൽ അത് അവർക്ക് പരിഹരി ക്കാൻ സമയമുണ്ടായിരുന്നില്ല. അങ്ങനെ കുണ്ടും കുഴിയുമായി കിടന്നി രുന്ന എൻ.എച്ച്, സ്റ്റേറ്റ് ഹൈവേ, ഗ്രാമീണ റോഡുകൾ ഉൾപ്പെടെയുള്ള കേരളത്തിലെ റോഡുകൾ നവീകരിച്ച് യാത്രാ യോഗ്യമാക്കിയ മന്ത്രി യാണ് പൊതു മരാമത്ത് വകുപ്പുമന്ത്രി. 250% മാർക്കാണ് ഈ കാര്യങ്ങൾ വിലയിരുത്തിക്കൊണ്ട് നൽകിയിട്ടുള്ളത്. പലപ്പോഴും പി.ഡബ്ല്യു.ഡി. അവഗണിക്കുന്നു എന്ന് ഞങ്ങൾ പരാതിപ്പെട്ടിട്ടുള്ള മലബാർ മേഖയിലെ കാസർഗോഡ്-കാഞ്ഞങ്ങാട് റോഡ്, പിലാത്തറ-പാപ്പിനിശ്ശേരി റോഡ്, എന്റെ നിയോജകമണ്ഡലത്തിലെ 53 കിലോമീറ്ററുള്ള തലശ്ശേരി-വളവു പാറ റോഡ്, പ്രതിപക്ഷ നേതാവിന്റെ മണ്ഡലത്തിലെ പെരുമ്പിലാവ്-പെ രിന്തൽമണ്ണ- 41 കിലോമീറ്റർ റോഡ്, ചെങ്ങന്നൂർ-ഏറ്റുമാനൂർ-മൂവാറ്റുപുഴ റോഡ്, പുനലൂർ-പൊൻകുന്നം-തൊടുപുഴ-132 കിലോമീറ്റർ റോഡ് ഇത്ത

രത്തിൽ ലോകബാങ്ക് സഹായത്തോടെ പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ചിരിക്കുന്നു. കേരളത്തിലുണ്ടായിട്ടുള്ള പ്രകൃതിദുരന്തങ്ങളെ സംബന്ധിച്ച് അവിടെയുണ്ടാകുന്ന നഷ്ടം, അതിന്റെ യാഥാർത്ഥ്യത്തിന്റെ അടിസ്ഥാനത്തിൽ ആ നഷ്ടം കണക്കുകൂട്ടി കൃഷിക്കാർക്കും മറ്റ് ദരിദ്രവിഭാഗങ്ങൾക്കുമുള്ള ആനുകൂല്യങ്ങൾ മൂന്നിരട്ടി വർദ്ധിപ്പിച്ചു നൽകാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബന്ധപ്പെട്ട മന്ത്രിമാർക്കും ചുമതല നൽകി, അതിനുവേണ്ടി കൃഷി വകുപ്പുമന്ത്രിയെയും റവന്യൂ വകുപ്പു മന്ത്രിയെയും അധികാരപ്പെടുത്തി. ആ ആശ്വാസ പദ്ധതികൾക്കുള്ള ആനുകൂല്യ സംഖ്യ മൂന്നിരട്ടി വർദ്ധിപ്പിച്ച് നൽകാൻ കേരളത്തിലെ ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. ദുരന്തങ്ങളോട് എന്ത് സമീപനം സ്വീകരിക്കുന്നു? എന്റെ നിയോജകമണ്ഡലത്തിലെ ഇരിട്ടിയിൽ വെള്ളപ്പൊക്കമുണ്ടായി. ഏഴ് മന്ത്രിമാർ അവിടെയെത്തി; വെറുതേ എത്തുകയല്ലേ ചെയ്തത്. ശ്രീ. ഉമ്മൻ ചാണ്ടി എന്ന കേരളത്തിന്റെ ജനകീയ മുഖ്യമന്ത്രി അവിടെ വന്നു പഞ്ചായത്ത് പ്രസിഡന്റുമാരെ അടക്കം എല്ലാവരെയും യോഗം വിളിച്ച് ആവശ്യമായ കാര്യങ്ങൾ, ഞങ്ങൾ നിർദ്ദേശിച്ച നഷ്ടപരിഹാര പാക്കേജ് അടക്കം അംഗീകരിച്ചു. തിരുവമ്പാടിയിലെ ഉരുൾപൊട്ടലുണ്ടായ കാര്യം എല്ലാവർക്കുമറിയാം. കണ്ണൂർ ചാലയിൽ ദുരന്തമുണ്ടായി; 20 ആളുകൾ മരിച്ചു. 15-ാമത്തെ ദിവസം ഗ്രാമവികസന വകുപ്പുമന്ത്രി ശ്രീ. കെ. സി. ജോസഫ്, ഐ.ഒ.സി. യുടെ കാശ് വരാൻ കാത്തുനിൽക്കാതെ ഒന്നാംഘട്ടം വിതരണം ചെയ്യുന്നതിന് ഒന്നരക്കോടി രൂപയുടെ ചെക്കു

മായി അവിടെ ചെന്നു. അവിടെ മരിച്ചവരുടെ കുടുംബങ്ങൾ ഉൾപ്പെടെ അഗ്നിക്കിരയായ വീടുകൾ നവീകരിക്കുന്നതിനു വേണ്ടിയുള്ള എല്ലാ ക്ഷേമ പദ്ധതികൾക്കും; ആനുകൂല്യങ്ങൾ, അവശതകൾ എന്നിവ പരിഹരിക്കാനുമുള്ള നടപടികളും സ്വീകരിച്ചു. സഹകരണ വകുപ്പുമന്ത്രിയെ ബുച്ചർ ഓഫ് കോ-ഓപ്പറേഷൻ എന്ന്. ശ്രീ. ജി. സുധാകരൻ ഇവിടെപ്പറഞ്ഞു. ഞാൻ അദ്ദേഹത്തോട് ആത്മാർത്ഥമായി ചോദിക്കാൻ ആഗ്രഹിക്കുന്നു. കേരളത്തിലെ സഹകരണ ജനാധിപത്യം കശാപ്പ് ചെയ്തത് ആരാണെന്ന് ആത്മാർത്ഥമായി സത്യസന്ധമായി അക്കാര്യം പരിശോധിക്കാൻ കേരളത്തിൽ ശ്രീ. ജി. സുധാകരൻ, പ്രതിപക്ഷ ഉപനേതാവ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ, കണ്ണൂരിൽ നിന്നു വരുന്ന മാർക്സിസ്റ്റ് പാർട്ടിയുടെ ഏതെങ്കിലും എം.എൽ.എ.-യോ തയ്യാറാകുമോ? വിനീതമായി ഞാൻ അവരോട് അപേക്ഷിക്കുകയാണ്. ഒരു ചർച്ചയ്ക്ക്; ഒരു സംവാദത്തിന് അവർ തയ്യാറാകുമോ? ശ്രീ. എം. വി. രാഘവൻ ആരംഭിച്ച കണ്ണൂരിലെ സഹകരണ എ.കെ.ജി. ആശുപത്രി പിടിച്ചെടുത്തത് ആരാണ്? ശ്രീ. എം. വി. രാഘവനും ശ്രീ. കെ. സുധാകരനും നേതൃത്വം നൽകിയ പരിയാരം മെഡിക്കൽ കോളേജിൽ ജനാധിപത്യം കശാപ്പ് ചെയ്ത പഴയ സഹകരണ മന്ത്രിയാണ് ഇവിടെ വന്ന് ബഹുമാന്യനായ സി.എൻ. ബാലകൃഷ്ണനെ കശാപ്പുകാരനെന്നു വിളിച്ചാൽ, അദ്ദേഹം ജനാധിപത്യത്തെ സംരക്ഷിക്കുന്ന കാവൽക്കാരനാണ്. ഇവിടെ ശ്രീ. ജി. സുധാകരൻ ബുച്ചർ എന്ന് വിളിക്കുമ്പോൾ ഞങ്ങൾ

ഓർമ്മിച്ച്ത് ഏത് ബുച്ചറിംഗാണ്. ഇവിടെ മനുഷ്യനെ ബുച്ചർ ചെയ്യുന്ന മാർക്സിസ്റ്റ് പാർട്ടിയുടെ നേതൃത്വമാണ് കണ്ണൂർ ലോബി. ആരാണ് ബുച്ചർ? ബുച്ചർ എന്ന് പറഞ്ഞാൽ കശാപ്പുകാരനാണ്. മാർക്സിസ്റ്റ് പാർട്ടിയുടെ നേതൃത്വം അറിഞ്ഞുകൊണ്ടാണ് ടി.പി.ചന്ദ്രശേഖരനെ കശാപ്പ് ചെയ്തത്. ഫസലിനെ കശാപ്പ് ചെയ്തത് ആരാണ്? ജീവനുവേണ്ടി യാചിച്ച ഷുക്കൂർ എന്ന ചെറുപ്പക്കാരനെ നിഷ്ക്കരുണം കശാപ്പ് ചെയ്ത ബുച്ചർമാർ അപ്പുറത്തിരിക്കുമ്പോഴാണ് ഇവിടെ ജനാധി പത്യത്തെ ഞങ്ങൾ കശാപ്പ് ചെയ്യുന്നുവെന്ന് പറയുന്നത്. ആ ബുച്ചർമാരെ പിടിച്ചതുകൊണ്ടാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെതിരെ ഇവർ പറ യുന്നത്. ആ ബുച്ചർമാരെ പിടിക്കാൻ ഐക്യ ജനാധിപത്യമുന്നണിക്ക് കഴിഞ്ഞിരിക്കുന്നു. ചന്ദ്രശേഖരൻ വധക്കേസിൽ ഞങ്ങൾക്ക് പങ്കില്ലാ യെന്നും ഞങ്ങൾ ബുച്ചർമാരല്ലായെന്നും പ്രകാശ് കാരാട്ട് മുതൽ താഴെ ത്തട്ടിലുള്ള ജയരാജന്മാർ വരെ പറഞ്ഞപ്പോഴും കേരളത്തിലെ പ്രതിപക്ഷ നേതാവ് എന്താണ് പറഞ്ഞത്; പാർട്ടി എത്ര ഉച്ചത്തിൽ ഇക്കാര്യം പറ ഞ്ഞാലും അരി ആഹാരം കഴിക്കുന്നവരാരും ഇത് വിശ്വസിക്കില്ലായെ ന്നാണ് പറഞ്ഞത്. ഇതുസംബന്ധിച്ച് അന്വേഷിക്കുമെന്ന് പ്രകാശ് കാരാട്ടും പിണറായി വിജയനുമെല്ലാം ആവർത്തിച്ച് പറഞ്ഞു. പാർട്ടിതല ത്തിലെങ്കിലും... കണ്ണൂർ ജില്ലാ സെക്രട്ടറി ശശിയുടെ കാര്യത്തിലും എറ ണാകുളം ജില്ലാ സെക്രട്ടറി ആയിരുന്ന കോട്ടമുറിക്കലിന്റെ കാര്യത്തിലും നടത്തിയ അന്വേഷണ കമ്മീഷനെയെങ്കിലുംവച്ച് ടി.പി. ചന്ദ്രശേഖരൻ

വധക്കേസ് അന്വേഷിക്കുവാൻ മാർക്സിസ്റ്റ് പാർട്ടി എന്തുകൊണ്ട് ഇതുവരെയും തയ്യാറായില്ല? അവർക്കതിനുള്ള രാഷ്ട്രീയ ആത്മാർത്ഥതയും മര്യാദയും സത്യസന്ധതയുമില്ല. ഈ കൊല്ലുന്ന രാഷ്ട്രീയം, ഈ ബുച്ചറിംഗ് നടത്തിക്കൊണ്ടിരിക്കുന്നത് അപ്പുറത്തെ ആളുകളാണ്. ആ രാഷ്ട്രീയത്തോട് യോജിക്കുവാൻ സി.പി.ഐ-ക്ക് സാധിക്കില്ല. സർക്കാരിന്റെ ജനക്ഷേമ പ്രവർത്തനങ്ങളെ കേരളത്തിലെ ജനങ്ങൾ അംഗീകരിക്കുന്നു. ഞങ്ങൾ ഒന്നരക്കൊല്ലമായി ഈ നിയമസഭയിൽ വരികയാണ്. പ്രതിപക്ഷത്തെ എന്തെങ്കിലും കാര്യം...... എന്താണ് സർ എം.എം. മണിയുടെ കേസ്? എം.എം. മണിക്കെതിരെ സമർപ്പിച്ച എഫ്.ഐ.ആർ. റദ്ദ് ചെയ്യുവാൻ കേരള ഹൈക്കോടതിയിൽ മണി പോയപ്പോൾ ഹൈക്കോടതി അതിനെക്കുറിച്ച് പറഞ്ഞ ഒരു വാചകം, .....his declaration in the speech though not strictly a verbatim reproduction is thus - "I issued a list, 13 persons -1, 2, 3, 4. First three were killed, one was shot dead, one was stabed to death and one was beaten to death." He declares further after raising a query whether the listeners understood is retry. First one was shot, second one was killed by stabbing, third one was killed by beating then all the Congress men removing Khadi swept away from the place. ഇത് എം.എം. മണിയുടെ മലയാളത്തിന്റെ പ്രസംഗമാണ്. ഇത് ബഹുമാന്യനായ സുഹൃത്ത് ശ്രീ. കോടിയേരി ബാലകൃ

ഷ്ണനും എ.കെ. ബാലനും മനസ്സിലാക്കണം മണിയുടെ മലയാളത്തിലുള്ള പ്രസംഗം മണിക്ക് വേണ്ടി ഹാജരായ അഡ്വ. എൻ.കെ. ദാമോദരൻ മുൻ അഡ്വക്കേറ്റ് ജനറലിന്റെ അനുമതിയോടുകൂടി കോടതി അതിന്റെ സി.ഡി പരിശോധിച്ചതിനുശേഷം തർക്കമില്ലാതെ ബോധ്യപ്പെട്ടതാണ്. ഞങ്ങൾ 13 ആളുകളുടെ ലിസ്റ്റുണ്ടാക്കി ഒന്നാമത്ത ആളെ വെടിവച്ചു കൊന്നു, രണ്ടാമത്ത ആളെ കുത്തിക്കൊന്നു, മൂന്നാമത്തെ ആളെ തല്ലിക്കൊന്നു. ഇത് മണി പറയുന്നതാണ്. ആ മണിയെ നിങ്ങൾ എന്തിനാണ് പാർട്ടിയിൽ നിന്ന് പുറത്താക്കിയത്; ഈ കുറ്റം ചെയ്തതിനല്ല നിങ്ങൾ മണിയെ പാർട്ടിയിൽ നിന്ന് പുറത്താക്കിയത്. ഇക്കാര്യം പ്രസംഗിച്ചതിനാണ് നിങ്ങൾ മണിയെ പുറത്താക്കിയത്. ഈ കുറ്റം ഏറ്റുപറഞ്ഞതിന്റെ പേരിലാണ് മണിയെ നിങ്ങൾ പുറത്താക്കിയത്.

ശ്രീ. എ. കെ. ബാലൻ: പ്രശാന്ത് ബാബു ഒരു നീട്ടമുള്ള, വണ്ണമുള്ള നേതാവിനെ സംബന്ധിച്ച് പറഞ്ഞിട്ടുണ്ട്. അത് ആരെ പറ്റിയാണ് പറഞ്ഞത്?

ശ്രീ. സണ്ണിജോസഫ്: ശ്രീ. കെ. സുധാകരനെക്കുറിച്ചാണ് പറഞ്ഞതെന്ന് എല്ലാവർക്കും അറിയാം. കെ. സുധാകരനെക്കുറിച്ച് കെ. സുധാകരനല്ല പറഞ്ഞത്, ഇത് മണിയുടെ പ്രസംഗത്തെക്കുറിച്ച് മണിതന്നെ പറയുന്നതാണ്. കെ. സുധാകരന്റെ വിഷയത്തിൽ കേസ് എടുത്തതാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ചന്ദ്രശേഖരൻ വൈദികൻ എന്നുപറയുന്ന സാത്വികനായ

കോൺഗ്രസ്സിന്റെ മുൻ ബ്ലോക്ക് പ്രസിഡന്റിന്റെ അനുസ്മരണ യോഗ ത്തിൽ പങ്കെടുക്കുവാൻ ചെന്നപ്പോൾ എല്ലാവർക്കും വിനയമാണ് നല്ല തെന്ന് പറഞ്ഞത് ദയവായി അങ്ങ് ഇങ്ങനെ ദുർവ്യാഖ്യാനം ചെയ്യരുത്. ഇത് ഞാൻ അങ്ങയോടും പറയുന്നു. എന്റെ സ്റ്റാന്റ് ഇപ്പോഴും ഇതാണ്. വിനയമാണ് നല്ലത്. ആ രൂപത്തിൽ പൊതുപ്രവർത്തനം കൊണ്ടുപോക ണമെന്നേ അതിനർത്ഥമുള്ളൂ.

ശ്രീ. സണ്ണിജോസഫ്: ശ്രീ. എ.കെ. ബാലൻ പറഞ്ഞ നാൽപ്പാടി വാസുവിന്റെ കേസ് ജില്ലാ കോടതിയും ഹൈക്കോടതിയും ശ്രീ. സുധാക രൻ നിരപരാധിയാണെന്ന് വിധിച്ച കേസാണ്. ജയരാജൻ സുപ്രീം കോട തിവരെ പോയി പരാജയപ്പെട്ട കേസാണ്. മണിയുടെ കേസ് അതല്ലാ വളരെ വ്യത്യസ്ഥമാണ്. അതുകൊണ്ട് കേരളത്തിൽ ക്രമസമാധാന നില സംരക്ഷിക്കുവാൻ നേതൃത്വം നൽകുന്ന ആഭ്യന്തരവകുപ്പുമന്ത്രിയും അതിനെ സഹായിക്കുന്ന മുഖ്യമന്ത്രിയും അതിനെ സഹായിച്ചുകൊണ്ട് കേരളത്തിന്റെ വികസനപ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്ന ധന കാര്യമന്ത്രിയും കേരള ഗവൺമെന്റിനുവേണ്ടി അവതരിപ്പിച്ച ഉപധനാഭ്യർത്ഥനകളെ തികഞ്ഞ മനസ്സോടെ പിന്താങ്ങുന്നു.

ശ്രീ. കെ.ടി. ജലിൽ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. പാരിസ്ഥിതിക കയ്യേറ്റങ്ങൾ കേരളത്തിന്റെ ചരിത്ര ത്തിൽ എല്ലാ സീമകളും ലംഘിച്ചുകൊണ്ട് തിമിർത്താടുന്ന കാഴ്ചയാണ് യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് നാം കാണുന്നത്. ഒരുതരത്തിലുമു

ളള സാമൂഹിക പ്രതിബദ്ധതയുമില്ലാത്ത മാഫിയാസംഘങ്ങൾക്ക് മന്ത്രിമാർ ചൂട്ട് പിടിക്കുകയും ഉദ്യോഗസ്ഥന്മാർ കൂട്ടുനിൽക്കുകയും ചെയ്യുന്നത് സഹിക്കുവാൻ ഭരണപക്ഷത്തുളള അങ്ങ് ഉൾപ്പെടെയുളള എം.എൽ.എ-മാർക്ക് കഴിയാതെ പോയതുകൊണ്ടാണ് ഹരിത സംഘം എന്ന പേരിൽ നിങ്ങൾ എല്ലാവരുംകൂടി ഒരു സംഘം രൂപീകരിച്ചത്. നിങ്ങളുടെ ആശങ്കകളോടും വിചാരങ്ങളോടും ഞാൻ യോജിക്കുകയാണ്. ഇന്നലെ ബഹുമാന്യനായ സി.പി.മുഹമ്മദ് സഭയിൽ പുഴകളിൽ നിന്ന് മണൽ എടുക്കുവാൻ വാഹനങ്ങൾ പുഴകളിലേക്ക് ഇറങ്ങുന്നത് തടയണമെന്നാവശ്യപ്പെട്ടുകൊണ്ട് ഒരു സബ്മിഷൻ അവതരിപ്പിക്കുകയുണ്ടായി. ആ സബ്മിഷന് മറുപടി പറഞ്ഞുകൊണ്ട് ബഹുമാന്യനായ റവന്യൂവകുപ്പ് മന്ത്രി ശ്രീ. അടൂർ പ്രകാശ്, വാഹനങ്ങൾ പുഴയിലേക്ക് ഇറങ്ങിയല്ലാതെ എങ്ങനെയാണ് മണൽ എടുക്കുകയെന്നാണ് ചോദിച്ചത്. ഇതിനെതിരെ ശ്രീ. സി.പി. മുഹമ്മദ് ഉൾപ്പെടെ കോൺഗ്രസ്സിന്റെ പല അംഗങ്ങളും പ്രതിഷേധം രേഖപ്പെടുത്തിയതായി ഇന്ന് പത്രത്തിൽനിന്ന് വായിക്കുകയുണ്ടായി. പ്രസ്താവന മന്ത്രി ഇതുവരെ പിൻവലിച്ചിട്ടില്ല. വളരെ നിരുത്തരവാദപരമായ പ്രസ്താവനയാണ് മന്ത്രി ഇന്നലെ സഭയിൽ നടത്തിയത്. മന്ത്രിമാരുടെ ഒത്താശ പ്രകൃതിവിഭവ ചൂഷണം നടത്തുന്ന മാഫിയാ സംഘങ്ങൾക്ക് ഉണ്ടെന്നാണ് മന്ത്രിയുടെ മറുപടിയിൽ നിന്ന് വ്യക്തമാകുന്നത്. അതുകൊണ്ടുതന്നെ കോഴിക്കോട് ജില്ലാകളക്ടറെ ആക്രമിക്കുവാൻ ഒരു സംഘം മണൽ മാഫിയ ധൈര്യം കാണിച്ചത്. പ്രകൃതിവിഭവങ്ങളുടെ

അനിയന്ത്രിതമായ ചൂഷണം തടയുവാൻ കക്ഷി രാഷ്ട്രീയം മറന്നു കൊണ്ട് കേരളം ഒന്നിക്കേണ്ട കാലം അതിക്രമിച്ചിരിക്കുകയാണ്. നമ്മുടെ പുഴകൾ ചളിക്കുണ്ടുകളായി മാറുന്നു. നമ്മുടെ നെൽപ്പാടങ്ങൾ നിഷ്ക്കരുണം നികത്തപ്പെടുന്നു. കുടിവെള്ളംപ്പോലും കോർപ്പറേറ്റുകൾ ഊറ്റിയെടുത്ത് വിൽക്കുന്നു. മരങ്ങൾ നിർദ്ദാക്ഷിണ്യം വെട്ടിമുറിച്ച് വനമേ ഖല തരിശാക്കുന്നു. മനുഷ്യനും പ്രകൃതിയും തമ്മിൽ ഉണ്ടാകേണ്ട ബന്ധം ഒരു ഭാര്യയും ഭർത്താവും തമ്മിൽ ഉണ്ടാകേണ്ട ബന്ധമാണ്. ദൗർഭാഗ്യവശാൽ കേരളത്തിലും നമ്മുടെ രാജ്യത്തും പ്രകൃതിയും മനുഷ ്യനും തമ്മിലുള്ള ബന്ധം പരപുരുഷനും പരസ്ത്രീയും തമ്മിലുള്ള ബന്ധ മാണെന്ന് പറയേണ്ടി വന്നതിൽ എനിക്ക് ദു:ഖമുണ്ട്. രണ്ടുതരം പ്രകൃതി വിഭവങ്ങളുണ്ട്. ഒന്ന്, പുന:സ്ഥാപിക്കുവാൻ കഴിയുന്ന പ്രകൃതിവിഭവ ങ്ങളും മറ്റൊന്ന് പുന:സ്ഥാപിക്കുവാൻ കഴിയാത്ത പ്രകൃതി വിഭവങ്ങളും. പുന:സ്ഥാപിക്കുവാൻ കഴിയാത്ത പ്രകൃതി വിഭവങ്ങൾ ലോകാവസാനം വരെ ഈ ഭൂമുഖത്ത് ജീവിക്കുവാൻ വിധിക്കപ്പെടുന്ന മനുഷ്യർക്ക് മുഴു വൻ അനുഭവിക്കുവാനുള്ളതാണ്. ഒരു ലിറ്റർ പെട്രോൾ ഭൂമിയിൽ നിന്ന് നമ്മൾ ഊറ്റിയെടുത്ത് കഴിഞ്ഞാൽ അത് എന്നെന്നേക്കുമായി ഊറ്റിയെടു ക്കുന്നതാണ്. ലോകാവസാനം വരെ ഒരു തുള്ളി പെട്രോൾ അതിന്റെ സ്ഥാനത്ത് പുന:സ്ഥാപിക്കപ്പെടുന്നില്ല. ഒരു കിലോ കൽക്കരി ഭൂമിയിൽ നിന്ന് നമ്മൾ കുഴിച്ചെടുത്ത് കഴിഞ്ഞാൽ ലോകാവസാനം വരെയും അത് കുഴിച്ചെടുക്കുകയാണ്. ലോകം അവസാനിക്കുന്നതുവരെ അതിന്റെ

സ്ഥാനത്ത് ഒരു നുളള് കൽക്കരി പുന:സ്ഥാപിക്കപ്പെടുന്നില്ല. പുന:സ്ഥാപിക്കപ്പെടാൻ സാധിക്കാത്ത പ്രകൃതിവിഭവങ്ങൾ ലോകം അവസാനിക്കുന്നതുവരെയുള്ള മനുഷ്യർക്ക് ഉപയോഗിക്കുവാൻ വേണ്ടിയുള്ളതാണ്. അതാണ് നമ്മൾ അത്യാർത്തി മൂത്ത് ലാഭക്കൊതി മൂത്ത് ഊറ്റി എടുത്ത് നിഷ്ക്കരുണം ഉപയോഗപ്പെടുത്തുകയും ചൂഷണം ചെയ്യുകയും ചെയ്തുകൊണ്ടിരിക്കുന്നത്. ഭൂമിയിൽ നിന്ന് എടുക്കുന്ന സാധനങ്ങൾ we can take what we want from the nature. നമുക്ക് പ്രകൃതിയിൽ നിന്ന് ആവശ്യമുള്ളത് എടുക്കാം. ആവശ്യത്തിനപ്പുറം നമ്മൾ എടുത്തുകൊണ്ട് പ്രകൃതിയെയും നമ്മുടെ ചുറ്റുപാടിനെയും പരിസ്ഥിതിയെയും ഇല്ലാതാക്കിക്കൊണ്ടിരിക്കുകയാണ്. നമുക്ക് എല്ലാവർക്കും മതവും ജാതിയും സമുദായവും വിശ്വാസവും എല്ലാമുണ്ട്. പക്ഷേ അതൊന്നും കേരളത്തിൽ പൊതു ചർച്ചയ്ക്ക് വിധേയമായിട്ടില്ല. യു.ഡി.എഫ് ഗവൺമെന്റ് ഇത്തവണ അധികാരത്തിൽ വന്നതിനുശേഷമാണ് വ്യക്തിനിഷ്ഠമാകേണ്ട ഇത്തരം കാര്യങ്ങൾ നിർലജ്ജം പൊതുസമൂഹം ചർച്ചകൾക്ക് വിഷയീഭവിപ്പിക്കുന്നത്. ബഹുമാന്യനായ പി.സി. ജോർജ് നേരത്തെ നടത്തിയ പ്രസംഗത്തിൽ എന്താണ് നമ്മൾ കേട്ടത്? ഇങ്ങനെ പച്ചയ്ക്ക് മതവും ജാതിയും പറഞ്ഞുകൊണ്ട് ഉദ്യോഗതലത്തിൽ ഇരിക്കുന്നവരെ വേർത്തിരിക്കുവാൻ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒരു പ്രത്യേകമായ ഉത്സാഹം കേരളത്തിൽ കണ്ടുതുടങ്ങിയിരിക്കുന്നു എന്നുള്ളത് ആശാസ്യമാണോ? ഇത് കേരളത്തിന്റെ പുരോഗതിയെ അല്ല അധോഗതി

യെയാണ് സൂചിപ്പിക്കുന്നത്. മന്ത്രിപദം മുതൽ വൈസ് ചാൻസലർ ഉൾപ്പെടെ തൂപ്പുകാരൻ വരെ നിയമിക്കപ്പെടുമ്പോൾ അയാളുടെ വർഗ്ഗവും വർണ്ണവും പച്ചയ്ക്ക് പറയാൻ ആർക്കും ഒരു മടിയുമില്ലാത്ത ഒരു അവസ്ഥയിലേക്ക് കേരളം മാറിയിരിക്കുകയാണ്. ഈ ഒരു ദുർഗതി കേരളത്തിന് ഉണ്ടാക്കിയത് ഇപ്പോഴത്തെ യു.ഡി.എഫ് സർക്കാരാണ്. നേരത്തെ ഇവിടെ പരാമർശിക്കപ്പെട്ട ഒരു ബില്ലിൽ എന്തായിരുന്നു വ്യവസ്ഥ ചെയ്തിരുന്നത്? ഗവർണ്ണറുടെ അനുമതിക്കായി അയച്ച ഓർഡിനൻസിൽ എന്തായിരുന്നു വ്യവസ്ഥ ചെയ്തിരുന്നത്? ഹിന്ദുക്കളായ എം.എൽ.എ.മാർ വിശ്വസികളാണെന്ന് സാക്ഷ്യപ്പെടുത്തണം. എന്തുകൊണ്ട് ആ നിയമം മുസ്ലീങ്ങൾക്ക് ബാധകമാക്കിയില്ല? ഹജ്ജ് കമ്മിറ്റിയിലേക്ക് എല്ലാ മുസ്ലീം അംഗങ്ങൾക്കും വോട്ടില്ലേ? വഖഫ് ബോർഡിലേക്ക് മുസ്ലീം പ്രതിനിധിയെ തെരഞ്ഞെടുക്കാൻ എല്ലാ മുസ്ലീങ്ങൾക്കും വോട്ടില്ലേ? അവിടെ എന്തുകൊണ്ട് വിശ്വാസത്തിന്റെ ഈ നിഷ്ക്കർഷത പാലിക്കുവാൻ നിർബന്ധിച്ചില്ല? മുസ്ലീങ്ങൾക്ക് ഒരു നിയമം, ഹിന്ദുക്കൾക്ക് വേറൊരു നിയമം, ക്രൈസ്തവർക്ക് മറ്റൊരു നിയമം. ഇങ്ങനെ നിയമത്തിൽ മതവും ജാതിയും വർഗ്ഗീയതയും കടത്തിക്കൊണ്ട് എന്ത് ചെയ്യുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്? എന്തുകൊണ്ടാണ് ഇത്തരമൊരു സാഹചര്യം കേരളത്തിൽ ഉണ്ടായതെന്ന് ഓരോരുത്തരും ആലോചിക്കുന്നത് നന്നായിരിക്കും. ഓരോ ജാതി-മത സമുദായങ്ങളിലെയും സർവ്വയോഗ്യരായിട്ടുള്ള പ്രാപ്തൻമാരെ തഴഞ്ഞ്

രാഷ്ട്രീയ വിധേയത്വത്തിന്റെയും വ്യക്തി താൽപ്പര്യങ്ങളുടെയും പേരിൽ നിയമിക്കുന്നതാണ് ഇത്തരത്തിലുള്ള ചിന്തകൾ നമ്മുടെ നാട്ടിൽ ഉടലെടുക്കുന്നതിന് ഹേതുവായിട്ടുള്ളതെന്ന് മനസ്സിലാക്കാൻ വലിയ ബുദ്ധിവൈഭവമൊന്നും ആവശ്യമില്ല. യോഗ്യൻമാർ ഒരു സ്ഥാനത്ത് വന്നപ്പോൾ ഒരു കാലത്തും കേരളത്തിൽ അത് ചർച്ച ചെയ്യപ്പെട്ടില്ല. അവരുടെ മതമോ ജാതിയോ വിശ്വാസമോ നോക്കിയിട്ടില്ല. നമ്മുടെ രാജ്യത്തിന്റെ പാരമ്പര്യവും അതാണ്. ഭരണാധികാരിയുടെ മതവും ജാതിയും ഇൻഡ്യയിൽ ഒരു കാലത്തും നോക്കിയിട്ടില്ല. അങ്ങനെയായിരുന്നെങ്കിൽ ബുദ്ധമതക്കാരനായിരുന്ന ശ്രീബുദ്ധൻ ഇൻഡ്യയിൽ ഭരണം നടത്തിയപ്പോൾ മഹാഭൂരിപക്ഷം വരുന്ന ഹൈന്ദവർ അതിനെതിരായി കലാപം നടത്തേണ്ടതായിരുന്നില്ലേ? 800 വർഷക്കാലം മുസ്ലീം ഭരണം ഇൻഡ്യയിൽ നിലനിന്നിട്ടുണ്ട്. പക്ഷേ ഹൈന്ദവ മഹാഭൂരിപക്ഷം മുസ്ലീം ഭരണം നിലനിന്ന കാലത്ത് അതിനെതിരായി കലാപം നടത്തിയതിന് ചരിത്രത്തിൽ എവിടെയും സാക്ഷ്യപത്രമില്ല, തെളിവില്ല. ഇൻഡ്യയുടെ പ്രധാനമന്ത്രിയായിരുന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്റു തികഞ്ഞ നാസ്തികനും ഭൗതികവാദിയുമായിരുന്നില്ലേ? അദ്ദേഹം ഇൻഡ്യയുടെ പ്രധാനമന്ത്രിയുടെ കസേരയിലിരുന്നു. മഹാഭൂരിപക്ഷം വരുന്ന മതവിശ്വാസികളായ ഞങ്ങളെ ഭരിക്കാൻ ഒരു മതത്തിലും വിശ്വസിക്കാത്ത, പണ്ഡിറ്റ് നെഹ്റുവിന് എന്താണ് അവകാശമെന്ന് ആരെങ്കിലും ചോദ്യം ചെയ്തോ? പക്ഷേ ഇന്ന് ഭരണാധികാരികളുടെ മതംപോലും, അവരുടെ വിശ്വാസം പോലും ചർച്ച

കൾക്ക് പാത്രമാവുകയാണ്. അനർഹവും അനാവശ്യവുമായത് അവകാശമാണെന്ന് വരുത്തിപ്പിടിച്ചു വാങ്ങുമ്പോൾ അത് വിമർശിക്കപ്പെട്ടില്ലെങ്കിലേ അത്ഭുതമുള്ളൂ. കാലിക്കറ്റ് യൂണിവേഴ്സിറ്റി വൈസ് ചാൻസലറുടെ നിയമനം വിവാദമായത് ഇത്തരുണത്തിൽ സ്മരണീയമാണ്. കോളേജിൽ പഠിപ്പിക്കാത്ത ഒരാളെ വൈസ് ചാൻസലറാക്കാൻ ആദ്യം ശ്രമം നടന്നു. എതിർപ്പ് വന്നപ്പോൾ ആ സ്ഥാനത്തേക്ക് പരിഗണിക്കാൻ ഒരു സൈനിക് സ്കൂളിന്റെ പ്രിൻസിപ്പളാകാൻ യോഗ്യതയുള്ള ആളെയാണ് കണ്ടെത്തിയത്. അതിന്റെ ദുരന്തം ആ സർവ്വകലാശാല ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. അന്യായമായത് നേടാൻ അനർഹരെ പദവിയിൽ ഇരുത്തിയാലേ സാധിക്കൂവെന്ന് മനസ്സിലാക്കിയാണ് സർക്കാർ ഇതിനൊക്കെ മുതിരുന്നത്. കേരളത്തിൽ കാലാകാലങ്ങളായി നിലനിന്നിരുന്ന മത-സാമുദായിക ബന്ധങ്ങളുടെ ഊഷ്മളത ഇല്ലാതാക്കാൻ കാരണമായ നിലപാടുകളാണ് യു.ഡി.എഫ് ഓരോ ദിവസവും സ്വീകരിച്ചുവരുന്നത്. വികസന കാര്യങ്ങൾക്ക് പണം അനുവദിക്കുന്നതിനുപോലും ഇത്തരത്തിലുള്ള പരിഗണനകൾ കടന്നുവരുന്നുവെന്ന ആക്ഷേപം ഉയരുന്നത് കേരളത്തിൽ ആദ്യമായിട്ടാണ്. കഴിഞ്ഞ എൽ.ഡി.എഫ് സർക്കാർ എല്ലാ വിഭാഗങ്ങളെയും പ്രദേശങ്ങളെയും തുല്യമായിട്ടാണ് പരിഗണിച്ചത്. ശ്രീ. വി.എസ്. അച്ചുതാനന്ദൻ മുഖ്യമന്ത്രിയായിരിക്കെയാണ് അലിഗഢ് യൂണിവേഴ്സിറ്റിയുടെ ഓഫ് ക്യാമ്പസ് പെരിന്തൽമണ്ണയിൽ ആരംഭിച്ചത്. ഈ സ്ഥാപനം ഒരു ഇഞ്ച് പോലും

മുന്നോട്ടുപോകാതെ തുടങ്ങിയ സ്ഥലത്ത് തന്നെ നിൽക്കുകയാണ്. മൂന്ന് വർഷത്തിനിടയിൽ ഒരു സ്ഥിരം ജീവനക്കാരനെപ്പോലും ഇവിടെ നിയമിച്ചിട്ടില്ല. കേന്ദ്ര ഗവൺമെന്റ് നൽകാമെന്ന് പറഞ്ഞ 140 കോടി രൂപ ഇതുവരെ നൽകിയിട്ടുമില്ല. ഇങ്ങനെ മതത്തിന്റെയും ജാതിയുടെയും വർഗ്ഗത്തിന്റെയും വർണ്ണത്തിന്റെയും അടിസ്ഥാനത്തിൽ ജനങ്ങളെ വേർത്തിരിച്ചുകൊണ്ട് ഭരണം നടത്തുന്ന, ജനങ്ങളെ ഭിന്നിപ്പിച്ചുകൊണ്ട് ഭരണം നടത്തുന്ന ഈ സർക്കാരിന്റെ ഉപധനാഭ്യർത്ഥനകളെ ഒരിക്കലും പിന്തുണയ്ക്കാനാവില്ല എന്നുപറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്:</u> സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു. സർക്കാരിന് അപ്രോപ്രിയേറ്റ് ചെയ്ത തുക എക്സ്പെന്റിച്ചർ ആയിട്ടില്ലെന്ന് ഇവിടെ ശ്രീ. ജി. സുധാകരൻ പറഞ്ഞു. 2010-11-ലെ സി.ആന്റ്.എ.ജി റിപ്പോർട്ട് അനുസരിച്ച് അപ്രോപിയേറ്റ് ചെയ്ത് വോട്ട് ചെയ്തത് 56,862 കോടി രൂപ, എക്സ്പെന്റിച്ചർ 41,374 കോടി രൂപ. 15,487 കോടി രൂപ ചെലവാക്കാതെ പോയവരാണ്. എന്നിട്ട് ഇവിടെ അപ്രോപ്രിയേറ്റ് ചെയ്തത് സംബന്ധിച്ച് അഭിപ്രായം പറയുന്നത് ശരിയാണോ? ഇന്ന് രാവിലെ അടിയന്തര പ്രമേയത്തിൽ കാർഷിക മേഖലയിലേക്ക് കഴിഞ്ഞ സർക്കാർ ചെയ്ത കാര്യങ്ങളെക്കുറിച്ച് പറഞ്ഞു. അവർ ചെയ്തിട്ടില്ല എന്നുള്ള അഭിപ്രായമൊന്നും നമുക്കില്ല. പക്ഷേ ഏറ്റവും അവസാനത്തെ ഇക്കണോമിക് റിവ്യൂവിൽ പറയുന്നത്, 2004-05

-ൽ 17.48 ശതമാനമുണ്ടായിരുന്ന വാർഷിക വരുമാനത്തിന്റെ വിഹിതം 2010-11 ആയപ്പോഴേക്കും കുറഞ്ഞ് 10.59 ശതമാനമായി. നിങ്ങൾ അഞ്ച് വർഷം കൊണ്ട് വാർഷിക വരുമാനത്തിൽ ഉണ്ടാക്കിയ വർദ്ധനവ് ഇക്കണോമിക് റിവ്യൂ പറയുന്നു, സി.ആന്റ്.എ.ജി പറയുന്നു. അതുമാത്രമല്ല ഇവിടെ പറമ്പിക്കുളം-ആളിയാറിന്റെ കാര്യത്തിൽ സർക്കാർ എന്തു ചെയ്തു എന്നാണല്ലോ ചോദിക്കുന്നത്. ഇവിടെ മുല്ലപ്പെരിയാറിന്റെ കാര്യത്തിൽ കരാർ ലംഘനം നടക്കുമ്പോൾ, പറമ്പിക്കുളം-ആളിയാറിന്റെ കാര്യത്തിൽ കരാർ ലംഘനം നടക്കുന്ന അതേസമയത്തല്ലേ കഴിഞ്ഞ ഗവൺമെന്റ് 2006 ഒക്ടോബർ 18-ന് നെയ്യാറിലെ വെള്ളം നിയമസഭയിൽ ഒരു പ്രമേയം പാസ്സാക്കി തമിഴ്നാടിന് കൊടുക്കാൻ തീരുമാനിച്ചത്. അന്ന് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ആ പ്രമേയത്തിന് ഒരു ഭേദഗതി കൊണ്ടുവന്നു. നെയ്യാറ്റിൻകര താലൂക്കിലെ കൃഷിക്കാവശ്യമായ വെള്ളത്തിനുശേഷമുള്ള അധിക വെള്ളം നൽകുന്നതിനും മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷിതത്വം സംബന്ധിച്ച് കേരള ജനതയുടെ ആശങ്ക, പറമ്പിക്കുളം-ആളിയാറിന്റെ കരാർ ലംഘനം, ഭവാനിപ്പുഴയിൽ മുക്കാലിയിൽ കേരളം ആരംഭിച്ച തടയണ നിർമ്മാണം തമിഴ്നാട് തടയുന്ന സാഹചര്യം ഇതെല്ലാം പരിഗണിച്ചുകൊണ്ട് ഈ പ്രമേയത്തിൽ നിന്ന് പിൻമാറണമെന്നുപറഞ്ഞ് പറമ്പിക്കുളം-ആളിയാറിന്റെയും മുല്ലപ്പെരിയാറിന്റെയും കരാർ ലംഘനം നിൽക്കുമ്പോൾ നിങ്ങൾ തമിഴ്നാട്ടിലെ പഞ്ചായത്ത് ഇലക്ഷന് അവിടെ സി.പി.ഐ(എം)-ന് ഗുണമുണ്ടാക്കാൻ വേണ്ടി

നെയ്യാറിലെ വെള്ളം തമിഴ്നാടിന് കൊടുക്കാൻ തീരുമാനമെടുത്ത ആളുകളാണ്. എന്നിട്ട് ഇവിടെ വന്ന് അതിനെ വിമർശിച്ചുകൊണ്ട് പറയുന്നു. ഓർമ്മകളുണ്ടായിരിക്കണമെന്ന് ഓർമ്മിപ്പിക്കാൻവേണ്ടി ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. ഈ ഗവൺമെന്റിന്റെ സപ്ത ധാരാ പദ്ധതികളെക്കുറിച്ച് ഇവിടെ പറഞ്ഞു. ഈ സർക്കാരിന്റെ സപ്ത ധാരാ പദ്ധതി 91.71 ശതമാനം നേട്ടമുണ്ടായി. 664 പദ്ധതികളിൽ 374 എണ്ണം പൂർണ്ണമായി നടപ്പിലാക്കാനും 235 എണ്ണം പൂർത്തീകരണത്തിന്റെ വിവിധ ഘട്ടങ്ങളിൽ നിൽക്കുകയുമാണ്. അതിൽ പ്രതിപക്ഷ സാമാജിക രുടെ മണ്ഡലങ്ങളും ഉൾക്കൊള്ളുന്നുണ്ട്. ഈ യാഥാർത്ഥ്യങ്ങളെ ഉൾക്കൊള്ളാതെയാണ് സപ്തധാരാ പദ്ധതിയെ ശ്രീ. ജി. സുധാകരനെ പ്പോലെയുള്ളവർ വിമർശിക്കുന്നത്. യുവജനങ്ങളുടെ നേതാക്കൻമാർ അപ്പുറത്തും ഇപ്പുറത്തുമുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം എമർജിംഗ് കേരളപോലെ ചെറുപ്പക്കാർക്കുവേണ്ടി തൊഴിലവസരം ഉണ്ടാ ക്കാൻ പദ്ധതിയുണ്ടായി. അതുപോലെ ഒരെണ്ണം നിങ്ങൾക്കുണ്ടായി രുന്നോ? സ്വയം സംരംഭക മിഷൻപോലെ ഒരു പദ്ധതിയുണ്ടായി, അത് നിങ്ങൾക്കുണ്ടായിരുന്നോ? സ്കൂളുകളിൽ അഡീഷണൽ സ്കിൽ അപ്ഗ്ര ഡേഷൻ സ്കീം പ്രോഗ്രാമുണ്ടാക്കി, അതുപോലൊരെണ്ണം നിങ്ങൾക്കു ണ്ടായിരുന്നോ? അഞ്ച് വർഷക്കാലം ചെറുപ്പക്കാരുടെ തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കാനുള്ള ഒരു പദ്ധതി പുതിയതായി ആരംഭിക്കാൻ ആ ഗവൺമെന്റിന് കഴിഞ്ഞിരുന്നോ? കഴിഞ്ഞിട്ടില്ല, എന്നുമാത്രമല്ല അശാ

സ്ത്രീയമായ പെൻഷൻ ഏകീകരണം. ആര് പറഞ്ഞിട്ടാണ്? കേരളത്തിലെ പബ്ലിക് സർവ്വീസ് കമ്മീഷൻ വഴിയുള്ള നിയമനങ്ങളുടെ താളം തെറ്റിച്ചത് ഡോ.തോമസ് ഐസക് കൊണ്ടുവന്ന പരിഷ്ക്കാരമായ അശാസ്ത്രീയമായ പെൻഷൻ ഏകീകരണമായിരുന്നു. ആ അശാസ്ത്രീയമായ പെൻഷൻ ഏകീകരണത്തെ കുറ്റകരമായ മൗനം കൊണ്ട് അംഗീകരിച്ച സ്നേഹിതൻമാരാണ് അപ്പുറത്തിരിക്കുന്ന യുവജന നേതാക്കൻമാർ എന്നുള്ള കാര്യം നിങ്ങൾക്ക് എല്ലാവർക്കും അറിവുള്ളതാണല്ലോ? അന്ന് അതിനെ നിങ്ങൾ അംഗീകരിച്ചു. അതിനെ ഞങ്ങൾ മാറ്റി. ഈ സർക്കാർ ചെറുപ്പക്കാർക്ക് തൊഴിൽ കൊടുക്കുന്നു. നിയമന നിരോധനം വഴിയല്ല. ആരോഗ്യ മേഖലയിൽ, പോലീസിന്റെ രംഗത്ത്, 13,000 പുതിയ തസ്തികകൾ സൃഷ്ടിച്ച് അവിടെ നിയമനം നടത്തിക്കൊണ്ട്, അല്ലാത്ത സ്ഥലത്ത് സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ചുകൊണ്ടാണ് തൊഴിൽ കൊടുത്തത്. ശ്രീ. മാത്യൂ ടി. തോമസിന്റെ ഒരു പ്രസ്താവന ഞാൻ പത്രത്തിൽ വായിച്ചു. കെ.എസ്.ആർ.ടി.സി-ൽ 4336 പേരെ സ്ഥിരപ്പെടുത്താൻ എനിക്ക് ആഗ്രഹമുണ്ടായിരുന്നെങ്കിലും ആ സർക്കാരിന്റെ കാലത്ത് കഴിഞ്ഞില്ല എന്ന്. ഈ സർക്കാർ വന്ന് സ്ഥിരപ്പെടുത്തിയതുകൊണ്ടാണ് റെഫറണ്ടത്തിൽ പതിനേഴ് ശതമാനം വോട്ട് ഐ.എൻ.ടി.യു.സി.ക്ക് കൂടുതൽ കിട്ടിയത്. തൊഴിലാളികൾ നൽകിയ അംഗീകാരമാണെന്നുള്ള യാഥാർത്ഥ്യം നിങ്ങൾ മനസ്സിലാക്കണം. അദ്ധ്യാപക പാക്കേജ് വഴി 10,036 അദ്ധ്യാപകർക്ക് അവരുടെ ജോലിക്ക് സുരക്ഷിതത്വം കൊടുത്തതും ഈ

ഗവൺമെന്റിന്റെ കാലത്താണ്. ഈ ഗവൺമെന്റിനെതിരെ നിങ്ങൾ സമരങ്ങൾ നടത്തി. കള്ളക്കേസ് എടുക്കുന്നു എന്നുപറഞ്ഞുകൊണ്ടാണ് ഒന്നാമത്തെ സമരം നടത്തിയത്. ആരാണ് കള്ളക്കേസ് എടുത്തത്? ശ്രീ. പി. ശശിക്കെതിരെയുള്ള കേസ് ഞങ്ങളുടെ കേസാണോ? ഗോപി കോട്ടമുറിക്കലിനെതിരെയുള്ള കേസ് ഞങ്ങളുടെ കേസാണോ? എം. എം. മണിയുടെ മുമ്പിൽ മൈക്ക് കെട്ടിക്കൊടുത്തത് ഞങ്ങളാണോ? ശ്രീ. ശശിക്കെതിരെ പരാതി കൊടുത്ത സി.പി.ഐ.(എം) നേതാവിന്റെ സ്ഥിതി എന്താണെന്നുള്ള കാര്യം അറിയാമല്ലോ? അദ്ദേഹം കഴിഞ്ഞ സഭയിൽ ഞങ്ങളോടൊപ്പം ഉണ്ടായിരുന്ന ആളാണ്. ഇപ്പോൾ ഈ സഭയിൽ അദ്ദേഹം വരാത്തതിന്റെ കാരണം അറിയാമല്ലോ? ശ്രീ. പി. ശശിക്കെതി രെയുള്ള പ്രതിപക്ഷ ഉപനേതാവിന്റെ ചാരിത്ര്യ പ്രസംഗം ഞാൻ കേട്ടു. നിങ്ങൾ ശ്രീ. പി. ശശിക്കെതിരെ എന്തിനാണ് നടപടി എടുത്തത്? ഗോപി കോട്ടമുറിക്കലിനെതിരെ സ്റ്റിംഗ് ഓപ്പറേഷൻ നടത്തിയത് എന്തിനാണ്? കൈരളി ടി.വി.യിൽ സാക്ഷി എന്നുപറഞ്ഞുകൊണ്ടുള്ള ഒരു പരിപാടി ഉ ണ്ടായിരുന്നല്ലോ. ആ പരിപാടി എങ്ങനെയാണ് പെട്ടെന്നൊരു സുപ്രഭാത ത്തിൽ അവസാനിച്ചത്? ഇതൊക്കെ എല്ലാവരെയും ഓർമ്മപ്പെടുത്താൻ നിങ്ങൾ പരിശ്രമിക്കരുതെന്നാണ് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെതിരെ കള്ളക്കേസ് എടുത്തു എന്നുപറഞ്ഞു. അദ്ദേഹത്തിനെതിരെയുള്ള കേസിൽ ഡിവിഷൻ ബഞ്ചിന്റെ വിധി വരാൻ പോകുന്നതേയുള്ളൂ. കെ. കരുണാകരൻ മുഖ്യമ

ന്ത്രിയായിരുന്ന കാലത്ത് അദ്ദേഹത്തിന്റെ ബന്ധുവായ സോമന് ഭൂമി കൊടുത്തു എന്ന് ഇവിടെ പറയുകയുണ്ടായി. അദ്ദേഹത്തിന് ഭൂമി കൊടുത്തിട്ടില്ല. അന്ന് അദ്ദേഹം ഭൂമിക്ക് അപേക്ഷിച്ചപ്പോൾ ഒരു കേസുണ്ടായി. അതിനുശേഷം ആ കേസ് പ്രോപ്പറായി സബ്മിറ്റ് ചെയ്തില്ലായെന്ന് പറഞ്ഞുകൊണ്ട് കോടതി ആ കേസ് മടക്കുകയാണ് ചെയ്തത്. അതിനുശേഷം അദ്ദേഹത്തിന് ഭൂമി കിട്ടിയില്ല. അതിന് കാരണമുണ്ടായിരുന്നു. 18-11-77-ൽ 3540/1977 - 1977-ലും ശ്രീ. ടി.കെ. സോമന്റെ ഭാര്യയ്ക്ക് മാരാരിക്കുളം നോർത്ത് വില്ലേജിൽ രണ്ടര ഏക്കർ ഭൂമി ഉണ്ടായിരുന്നു. പക്ഷേ 2006-ൽ അദ്ദേഹം ഭൂമിക്കായി വീണ്ടും അപേക്ഷ കൊടുത്തു. കേസിന്റെ വിശദാംശം എല്ലാവർക്കും അറിവുള്ളതുകൊണ്ട് ഞാൻ അതിന്റെ മെറിറ്റിലേക്ക് കടക്കുന്നില്ല. അദ്ദേഹത്തിന് അന്ന് ഭൂമി കിട്ടിയില്ല. പട്ടയം ലഭിച്ചത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ്. ആ പട്ടയത്തിനാണ് വിൽപ്പനാവകാശത്തിനുവേണ്ടി ശ്രമിച്ചതും റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി പറ്റില്ലായെന്ന് പറഞ്ഞതിനുശേഷം കാബിനറ്റിൽ ഔട്ട് ഓഫ് അജണ്ടയായി കൊണ്ടുവന്ന് അതിന് വിൽപ്പനാവകാശം കൊടുത്തതും. കോടതിയുടെ ജഡ്ജ്മെന്റിൽതന്നെ പറയുന്നു, after the case was again taken up for disposal, later a memo was filed seeking permission to produce the case diary for my perusal. പക്ഷേ ഈ കേസ് ഡയറിപോലും കാണാതെയാണ് ഇവിടെ വിധി പുറപ്പെടുവിച്ചിരി

ക്കുന്നത്. ഞാൻ ഏത് അന്വേഷണവും നേരിടാൻ തയ്യാറാണെന്ന് പ്രതിപക്ഷ നേതാവ് പറയുകയാണ്. ഇവിടെ നന്ദകുമാറുമായി ബന്ധപ്പെട്ട ഡേറ്റാ സെന്ററിന്റെ കേസ് വന്നല്ലോ. ആ കേസും നന്ദകുമാർ എന്നുപറഞ്ഞ ഷേഡി ക്യാരക്ടറായ കോർപ്പറേറ്റ് ദല്ലാൾ, പ്രതിപക്ഷ നേതാവുമായി ഏറ്റവും അടുത്ത ബന്ധമുള്ള ആൾ സുപ്രീം കോടതിയിൽപോയി അത് തടഞ്ഞിരിക്കുകയാണ്. ഇവിടെ അദ്ദേഹത്തിന്റെ മകൻ, അരുൺകുമാർ വേഴ്സസ് സ്റ്റേറ്റ് ഓഫ് കേരള, ഞാൻ ഈ ജഡ്ജ്മെന്റ് കൂടി വായിക്കാം. ഇവിടെ ഒരു ജഡ്ജിയുടെ ജഡ്ജ്മെന്റിന്റെ നിരീക്ഷണങ്ങൾ വലിയ വാർത്തയും മാധ്യമങ്ങളിൽ ചർച്ചയുമായല്ലോ. ആ ജഡ്ജ്മെന്റിൽ എന്താണ് പറയുന്നത്? ഇതുസംബന്ധിച്ച് അന്നത്തെ പ്രതിപക്ഷനേതാവ് അന്നത്തെ മുഖ്യമന്ത്രിക്ക് ഒരു കത്ത് കൊടുത്തു. ആ കത്ത് ഇങ്ങനെയാണ്, അങ്ങയെക്കുറിച്ചും അങ്ങയുടെ ഓഫീസിനെക്കുറിച്ചും മകൻ അരുൺകുമാറിനെക്കുറിച്ചുമുള്ള പതിനൊന്ന് ആരോപണങ്ങൾ ഉണ്ട്. അതിന് മുഖ്യമന്ത്രി ശ്രീ. വി.എസ് അച്ചുതാനന്ദൻ അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രിക്ക് ഒരു കത്ത് കൊടുത്തു. പ്രിയപ്പെട്ട കോടിയേരി ബാലകൃഷ്ണൻ, 9-3-2011, എന്റെ മകൻ അരുൺ കുമാറിനെതിരെ ഉയർന്നിരിക്കുന്ന ആരോപണങ്ങൾ ഉചിതമായ ഒരു ഏജൻസിയെക്കൊണ്ട് അന്വേഷിക്കണം. ആരോപണം എന്താണ്? അങ്ങയെക്കുറിച്ച്, അങ്ങയുടെ ഓഫീസിനെക്കുറിച്ച്, അങ്ങയുടെ മകനെക്കുറിച്ച്. അതിന് ജസ്റ്റിസ് ആന്റണി ഡൊമിനിക്കിന്റെ വിധി വന്നിരിക്കുകയാണ്. ശ്രീ. ആന്റണി ഡൊമിനിക്

പറയുന്നത് എന്താണ്? Specific allegations were made not only against the petitioner but also against his father, the former Chief Minister and his Office. എന്നിട്ട് പറയുന്നു, Though this letter contains a generous request against the former Chief Minister absorbed himself and his office from the scope of the enquiry recommended by himself എന്നാണ് പറഞ്ഞത്. അദ്ദേഹം സ്വയം രക്ഷപ്പെടുകയാണ് ചെയ്തത്. എന്ന് മാത്രമല്ല, മകനെക്കുറിച്ച് അന്വേഷിക്കാൻ പറഞ്ഞത് ലോകായുക്തയോടാണ്. സ്വന്തം കേസ് ഇല്ലാതാക്കി, ഓഫീസിനെക്കുറിച്ചുള്ള ആരോപണങ്ങൾ ഒഴിവാക്കി, മകനെക്കുറിച്ച് അന്വേഷിക്കാൻ ലോകായുക്ത പറഞ്ഞു. ലോകായുക്ത ഐ.എച്ച്.ആർ.ഡി.യുടെ പരിധിയിൽ വരാത്തതുകൊണ്ട് ആ അന്വേഷണം നടന്നതുമില്ല. ധാർമ്മികതയുടെ ഒരു കണിക അവശേഷിക്കുന്നുണ്ടെങ്കിൽ ഈ ജഡ്ജ്മെന്റ് പുറത്ത് വന്നപ്പോൾ അദ്ദേഹം രാജി വയ്ക്കേണ്ടതായിരുന്നു. പക്ഷേ അദ്ദേഹം രാജി വച്ചില്ല. ഒരു അന്വേഷണവും നേരിടാൻ അദ്ദേഹം തയ്യാറുമല്ല. ഒരു കേസ് മകനെക്കൊണ്ട് കൊടുപ്പിക്കുന്നു, ഒരു കേസ് പി.എ.-യെകൊണ്ട് കൊടുപ്പിക്കുന്നു, സുപ്രീം കോടതിയിൽ ഒരു കേസ് നന്ദകുമാറിനെക്കൊണ്ട് കൊടുപ്പിക്കുന്നു, ഒരെണ്ണത്തിൽ അദ്ദേഹം തന്നെ നേരിട്ട് പോകുകയും ചെയ്യുന്നു. ഒരു അന്വേഷണവും നടത്താൻ സമ്മതിക്കാതെ ഞാൻ ഏത് അന്വേഷണവും നേരിടാമെന്ന് പറയുകയാണ്. ശ്രീ. നന്ദകു

മാർ ആദായ നികുതി വകുപ്പിന് നൽകിയ മൊഴിയാണിത്. താങ്കളും റില യൻസ് ഇൻഡസ്ട്രീസുമായി എന്ത് ബന്ധമാണുള്ളതെന്നും താങ്കൾക്ക് ഒന്നരകോടി രൂപ എങ്ങനെയാണ് ലഭിച്ചതെന്നും ചോദിച്ചപ്പോൾ ശ്രീ. നന്ദ കുമാർ പറഞ്ഞത്, റിലയൻസ് ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്ന കമ്പനി യുടെ പേരിൽ റിലയൻസ് ഫ്രഷ് എന്ന റീറ്റെയിൽ ശൃംഖല കേരളത്തിൽ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് അന്ന് ഞാൻ റിലയൻസുമായി ബന്ധ പ്പെട്ടു. 2006 അവസാനം കമ്പനിയുടെ ഗ്രൂപ്പ് വൈസ് പ്രസിഡന്റും ഗവൺമെന്റുമായി സംസാരിക്കാൻ ഞാൻ സൗകര്യം ഒരുക്കിക്കൊടുത്ത തിന്റെ പേരിലാണ് കൊണാട്ട്പ്ലേസിലെ അക്കൗണ്ടിൽ എനിക്ക് ഒന്നര ക്കോടി രൂപ റിലയൻസുകാർ ഇട്ടുതന്നതെന്ന് ശ്രീ. നന്ദകുമാർ ആദായ നികുതി വകുപ്പിന് നൽകിയിരിക്കുന്ന മൊഴിയിൽ പറയുകയാണ്. അഴി മതിക്കെതിരെ കുരിശുയുദ്ധം നടത്തുന്ന കേരളത്തിലെ പ്രതിപക്ഷ നേതാവിന് നന്ദകുമാർ എന്നുവിളിക്കുന്ന ഈ ഷേഡി ക്യാരക്ടറായ കോർപ്പറേറ്റ് ദല്ലാളുമായി എന്ത് ബന്ധമാണുള്ളത്? 43 റിലയൻസ് ഫ്രഷ് -ന്റെ ഔട്ട്ലെറ്റ് എങ്ങനെയാണ് കേരളത്തിൽ വന്നതെന്ന് ഈ കുത്തകവി രുദ്ധ പോരാളികൾ ജനങ്ങളോട് വിശദീകരിക്കാൻ തയ്യാറാകണം. അദ്ദേ ഹത്തിന്റെ മകനെക്കുറിച്ച് ശ്രീലേഖയുടെ റിപ്പോർട്ടിൽ വരാതിരുന്ന ഒരു കാര്യം മലയാള മനോരമയിൽ വന്നു. നടരാജൻ ഡിവൈ.എസ്.പി.യു മായി സംസാരിച്ചു. അദ്ദേഹം ഡിവൈ.എസ്.പി.യുമായി സംസാരിക്കുന്ന തിനുമുമ്പ് 7.21-ന് നടരാജൻ അരുൺകുമാറുമായി സംസാരിച്ചു. അതിനു

ശേഷം 8.27-ന് നടരാജൻ കുഞ്ഞനുമായി സംസാരിച്ചു. ഈ അഴിമതിക്കാരനെ മനുഷ്യാവകാശ കമ്മീഷണറാക്കരുതെന്നുള്ള റിപ്പോർട്ട് പൂഴ്ത്തിവച്ച് അദ്ദേഹത്തെ മനുഷ്യാവകാശ കമ്മീഷണറാക്കി. അദ്ദേഹത്തെ സ്വാധീനിക്കാൻവേണ്ടി നടരാജൻ വിളിക്കുന്നു. നടരാജനെ അന്നത്തെ മുഖ്യമന്ത്രിയുടെ മകൻ അരുൺ കുമാറും വിളിക്കുന്നു. അരുൺകുമാർ നടരാജനേയും അതിനുശേഷം നടരാജൻ കുഞ്ഞനേയും വിളിച്ചത് എന്തിനാണെന്ന് പ്രതിപക്ഷ നേതാവ് വിശദീകരിക്കണം. ഒരു വശത്ത് അഴിമതി വിരുദ്ധ പോരാട്ടത്തിന്റെ ആൾരൂപവുമായി നിൽക്കുക, മറുവശത്ത് ഈ അഴിമതികളെല്ലാം ചെയ്യുക. ഇവിടെ നിങ്ങൾ കുറേ സമരങ്ങൾ നടത്തി. കുടുംബശ്രീക്കുവേണ്ടി രാപകൽ സമരം നടത്തുകയുണ്ടായി. ഞാനിവിടെ ഒരു കാര്യം ചോദിക്കട്ടെ, ഡോ. തോമസ് ഐസക് ഇപ്പോൾ ഇവിടെയില്ല. നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് ഏതെങ്കിലും ഒരു ദാരിദ്ര്യ നിർമ്മാർജ്ജനപദ്ധതി കുടുംബശ്രീക്ക് നൽകിയിട്ടുണ്ടോ? എ.ഡി.ബി.-യുടെയും വേൾഡ് ബാങ്കിന്റേയും അസിസ്റ്റൻസ് ഉണ്ടായിരുന്നു. കൂടാതെ സുനാമി റീഹാബിലിറ്റേഷനുമുണ്ടായിരുന്നു. ആർ.കെ.വി.വൈ. 2008 മുതൽ ഉണ്ടായിരുന്നു. ഒന്നും കൊടുത്തിട്ടില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് കുടുംബശ്രീക്ക് ആദ്യമായി ഒരു മിഷൻ മോഡ് പ്രോജക്ട് നൽകിയത്. 84 കോടി രൂപ അതിനുവേണ്ടി കൊടുത്തു. ഇവിടെ നടത്തിയ അടുപ്പുകൂട്ടി സമരത്തെക്കുറിച്ച് ഞാൻ ഒന്നും പറയുന്നില്ല. ഞാനിവിടെ ജനയുഗം വായിക്കുകയാണ് - സി.പി.ഐ.(എം)-ന്റെ

നേതൃത്വത്തിൽ പാചക വാതക സിലിണ്ടർ വില നിയന്ത്രിക്കുന്നതിനെതിരെ സംസ്ഥാന വ്യാപകമായി സംഘടിപ്പിച്ച അടുപ്പുകൂട്ടി സമരത്തിൽ അനന്തപുരി ഒരു പൊങ്കാലക്കളംപോലെയായി. വി.എസ്. അച്ചുതാനന്ദന്റെ ധർമ്മപത്നി ശ്രീമതി വസുമതി പാൽപ്പായസം ഉണ്ടാക്കിയപ്പോൾ അതിൽ അല്പം ആഢ്യത്വമുണ്ടോയെന്ന് സംശയിച്ച പിണറായി വിജയന്റെ പത്നി ശ്രീമതി കമല കപ്പ പുഴുങ്ങി. അതേ തൊഴിലാളി വർഗ്ഗ വികാരത്തോടെ എം.എ. ബേബിയുടെ ഭാര്യ ശ്രീമതി ബെറ്റി കുടംപുളിയിട്ട് മത്തിക്കറി വിളമ്പി. ഇത് വീക്ഷണത്തിൽ വന്ന വാർത്തയല്ല, ജനയുഗത്തിൽ വന്ന വാർത്തയാണ്. നിങ്ങളുടെ അടുപ്പുകൂട്ടി സമരം എന്തിനാണെന്ന് ജനങ്ങളെ ബോധ്യപ്പെടുത്താൻപോലും നിങ്ങൾക്ക് സാധിച്ചില്ല. മംഗലാപുരത്തുനിന്നും ശബരിമലയിലേക്ക് വന്ന ചില സ്വാമിമാർ അടുപ്പുകൂട്ടി സമരം കണ്ടപ്പോൾ തൊഴുകയുണ്ടായി. ഇത് സമരമാണോ പൊങ്കാലയാണോയെന്നുള്ളത് അവർക്ക് മനസ്സിലായില്ല. നിങ്ങൾക്ക് കൊടിയോ ബാനറോ മുദ്രാവാക്യമോ ഇല്ല. അങ്ങനെ ഒരു സോഷ്യൽ ഡെമോക്രാറ്റിക് സമരം നിങ്ങൾ നടത്തി. ഒരു കാര്യം എനിക്ക് മനസ്സിലായി. നിങ്ങളുടെ അടുപ്പിൽ നിന്നും അരങ്ങിലേക്ക് വന്നത് എന്തൊക്കെയാണ്? അടപ്രഥമൻ, ബീഫ് ഉലത്തിയത്, നെയ്മീൻ കുടംപുളിയിട്ട് വറ്റിച്ചത് ഇവയെല്ലാമാണ്. എന്തായാലും കേരളത്തിൽ സി.പി.ഐ.(എം)-ന് ഈ വിലക്കയറ്റമൊന്നും ബാധിച്ചിട്ടില്ലെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. മുഖ്യമന്ത്രിയെക്കുറിച്ചും മന്ത്രിമാരെക്കുറിച്ചും രാഷ്ട്രീയ നേതാക്കന്മാരെക്കുറിച്ചു

മെല്ലാം വാരികകളിലും ആനുകാലികങ്ങളിലും വാർത്തകൾ വരും. ഇത് മുഖ്യമന്ത്രി ചെയ്യിച്ചതാണെന്ന് പറഞ്ഞുകൊണ്ട് അങ്ങയെപ്പോലുള്ള ഒരാൾ ഇത്തരമൊരു അഭിപ്രായം ഇവിടെ പറഞ്ഞത് ശരിയായില്ല. അങ്ങ് മന്ത്രിയായിരുന്ന കാലത്ത് അങ്ങയുടെ മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങളെക്കുറിച്ചുള്ള പരസ്യം പത്രങ്ങളിൽ വന്നിരുന്നു. വിവരാവകാശ നിയമപ്രകാരം ശേഖരിച്ച രേഖയാണ്. അങ്ങ് മന്ത്രിയായിരുന്നപ്പോൾ സഹകരണ സ്ഥാപനങ്ങളുടെ മാത്രം പരസ്യം കൊടുത്ത് അങ്ങയുടെ വികസന നേട്ടങ്ങൾ ജനങ്ങളിൽ എത്തിക്കുന്നത് അഴിമിതിയാണ്. പക്ഷേ ആരെങ്കിലും പുറത്തിറക്കുന്ന ഒരു വാരികയിൽ മുഖ്യമന്ത്രിയെക്കുറിച്ച് ലേഖനം വന്നത് ഒരു വലിയ ആരോപണമായി ഉന്നയിക്കുകയാണ്. വിവരാവകാശ നിയമപ്രകാരം ശേഖരിച്ച രേഖയിൽ അങ്ങ് മന്ത്രിയായിരുന്നപ്പോൾ അമ്പലപ്പുഴയിലെ വികസന നേട്ടങ്ങളുടെ പരസ്യത്തിൽ കൊടുത്തിരിക്കുന്ന പരസ്യം മുഴുവൻ സഹകരണ സ്ഥാപനങ്ങളുടെ മാത്രമാണെന്ന് പറയുമ്പോൾ ഇതൊരു അന്വേഷണത്തിന് സാധ്യതയുള്ള കാര്യമാണ്. ഞങ്ങൾ അന്വേഷിക്കാനൊന്നും പോകുന്നില്ല. പക്ഷേ അങ്ങയെപ്പോലുള്ള ഒരാൾ ഇത്തരമൊരു ആരോപണം ഉന്നയിക്കുന്ന സമയത്ത് അതിന് കുറച്ചുകൂടി ഗൗരവമുണ്ടാകണം. ഇവിടെ ഈ ഗവൺമെന്റിന്റെ വികസന പദ്ധതികളെ പിന്തുണയ്ക്കാൻ, പിഡബ്ല്യു.ഡി.യുടെ കാര്യം മാത്രം പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. അപ്രോപ്രിയേറ്റ് ചെയ്ത് വോട്ട് ചെയ്തത് 600 കോടിയാണ്. 1112 കോടി രൂപയാണ്

ചെലവാക്കിയത്. 600 കോടി വോട്ട് ചെയ്തപ്പോൾ 1112 കോടി രൂപ ചെലവഴിച്ച ഒരു ഗവൺമെന്റിന്റെ ഉപധനാഭ്യർത്ഥനകളെ അഭിമാനപൂർവ്വം അനുകൂലിക്കുകയാണ്.

ശ്രീ. എ.എ.അസീസ്: സർ, കഴിഞ്ഞ 19 മാസത്തെ യു.ഡി.എഫ്. ഭരണത്തെ സംബന്ധിച്ച് യു.ഡി.എഫിലെ ഘടകകക്ഷിയിലെ പ്രമുഖയായ ഒരു നേതാവ് പറഞ്ഞത് ഈ ഗവൺമെന്റിനെ തൂത്തെറിഞ്ഞ് ചാണകം തളിക്കണമെന്നാണ്. മുഖ്യമന്ത്രി ഓടി നടന്ന് വാങ്ങിയ കടലാസ് കെട്ടുകളെല്ലാം ഏതെങ്കിലും പെട്ടിക്കടയിൽ തൂക്കി വിൽക്കുന്നതായിരിക്കും നല്ലതെന്ന് പറഞ്ഞതും ഞങ്ങളല്ല. അതുപോലെതന്നെ ജനജീവിതം ഇത്രയേറെ ദുരിതത്തിലാക്കിയ ഒരു കാലഘട്ടം ഇതിനുമുമ്പ് ഉണ്ടായിട്ടുണ്ടോ? പണ്ട് ഞങ്ങൾ സമരം ചെയ്യുന്ന കാലഘട്ടത്തിൽ വിളിച്ചിട്ടുണ്ട് – 'ഉപ്പിന് മുളകിന് കൊത്തംപാലിന് തൊട്ടതിനൊക്കെ തീവിലയായി.' എന്ന്. ഇപ്പോൾ ശ്രീ. ഉമ്മൻചാണ്ടിയുടെ കാലഘട്ടത്തിൽ അങ്ങനെ വിളിക്കേണ്ടതല്ലേ? ഏതിനാണ് തീവിലയാകാത്തത്? യഥാർത്ഥത്തിൽ നിങ്ങൾ ഈ ഗവൺമെന്റിനെ ന്യായീകരിക്കുമ്പോൾ രണ്ട് ദിവസത്തെ നിയമസഭാ സമ്മേളനം കൂടി കഴിഞ്ഞ് വീട്ടിൽ പോകുമ്പോൾ ഇപ്പോൾ അടുക്കളയിലെ ബഡ്ജറ്റ് എങ്ങനെയുണ്ടെന്ന് ഭാര്യമാരോട് ചോദിക്കണം. എങ്ങനെയാണ് കുടുംബ ബഡ്ജറ്റ് എന്ന്. ഇന്നലെ ഉണ്ടായിരുന്നതുപോലെയാണോ ഇന്നത്തെ കുടുംബ ബഡ്ജറ്റ്? വീട്ടമ്മമാരുടെ കുടുംബ

ബഡ്ജറ്റ് തകർത്ത ഭരണമാണ് വാസ്തവത്തിൽ ഇപ്പോൾ കേരളത്തിലുള്ള ത്. ഭൂമാഫിയ, മദ്യമാഫിയ, മണൽ മാഫിയ, ഇനി ഏത് മാഫിയയാണ് അരങ്ങേറാനുള്ളത്? എല്ലാത്തരം മാഫിയകളും അരങ്ങേറുകയാണ്. മധ്യ തിരുവിതാംകൂറിലെ പ്രമുഖ വ്യവസായമാണ് കശുവണ്ടി വ്യവസായം. അവിടത്തെ 40 കശുവണ്ടി ആഫീസുകൾ രണ്ട് മാസമായി അടച്ചിട്ടിരിക്കുകയാണ്. മീറ്റർ കമ്പനിയും കേരള സിറാമിക്സും പാർവ്വതി മില്ലും അടച്ചുപൂട്ടി. അനേകായിരം തൊഴിലാളികൾ ഇന്ന് പട്ടിണിയിലാണ്. ഏത് കാലഘട്ടത്തിലും യു.ഡി.എഫ്. അധികാരത്തിൽ വരുമ്പോൾ പൊതുമേഖലാ സ്ഥാപനങ്ങളെല്ലാം വലിയ പ്രതിസന്ധിയിലാണ്. പൊതുമേഖലാ സ്ഥാപനങ്ങളേയും പരമ്പരാഗത വ്യവസായങ്ങളേയും സംബന്ധിച്ച് കഴിഞ്ഞ ദിവസം സഖാവ് പി. കെ. ഗുരുദാസൻ ഇവിടെ എന്താണ് പറഞ്ഞത്? എൽ.ഡി.എഫ്. ഭരണത്തിന്റെ തുടർച്ചയെന്നുള്ള നിലയിൽ 265 ദിവസം പ്രവൃത്തി ദിനങ്ങളുണ്ടായിരുന്നുവെന്നാണ്. അത് ശരിയാണ്. 2001-ലും ഇതുതന്നെയാണ് സംഭവിച്ചത്. ഭരണത്തിന്റെ തുടർച്ചയെന്നുള്ള നിലയിൽ ആദ്യത്തെ വർഷം വർക്കിംഗ് ഡേയ്സ് ഉണ്ടായിരുന്നുവെങ്കിലും പിന്നീട് ക്രമേണ കുറഞ്ഞ് പന്ത്രണ്ട് മുതൽ പതിമൂന്ന് ദിവസമായി. അതിനെതിരെ സമരം നടത്തുകയും ആ സമരത്തിൽ പങ്കെടുത്തതിന് എന്നെ പോലീസ് അറസ്റ്റ് ചെയ്ത് രണ്ടുദിവസം ജയിലിലിടയ്ക്കുകയും ചെയ്തതാണ്. ആ സ്ഥിതി ഇപ്പോഴും തുടരുകയാണ്. കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും 40 കശുവണ്ടി ഫാക്ടറികൾ

രണ്ടുമാസമായി അടഞ്ഞുകിടക്കുകയാണ്. അതുപോലെ മീറ്റർ കമ്പനി അടച്ചുപൂട്ടൽ ഭീഷണിയിലാണെന്ന് പറഞ്ഞ് അവിടത്തെ തൊഴിലാളികൾ ഇന്നലെ ഇവിടെ വന്നിരുന്നു. കറണ്ട് ചാർജ്ജ് അടയ്ക്കാത്തതിന്റെ പേരിൽ കേരളാ സിറാമിക്സ് എന്ന സ്ഥാപനത്തിന്റെ ഫ്യൂസൂരിയതിനാൽ അവിടത്തെ പ്രവർത്തനം സ്തംഭിച്ചിരിക്കുകയാണെന്നാണ് അവിടത്തെ തൊഴിലാളി സംഘടനാനേതാക്കൾ പറയുന്നത്. ആ സ്ഥാപനത്തിന്റെ പ്രവർത്തനം പൂർണ്ണമായി നിലച്ചു. ഇതാണ് യു.ഡി.എഫിന്റെ സത്ഭരണമെന്ന് എല്ലാവരുമറിയണം. ഇന്ത്യൻ സ്വാതന്ത്ര്യത്തിനുമുമ്പും സ്വാതന്ത്ര്യാനന്തരവും 48 മണിക്കൂർ നീണ്ടുനിൽക്കുന്ന ഒരു പണിമുടക്ക് ഇതുവരെ നടത്തിയിട്ടില്ല. എന്നാൽ 2013 ഫെബ്രുവരി മാസം 20, 21 എന്നീ തീയതികളിൽ ഐ.എൻ.ടി.യു.സി.-യും ബി.എം.എസും മുസ്ലീം ലീഗിലെ എസ്.ടി.യു. വിഭാഗത്തിൽപ്പെട്ട തൊഴിലാളികളും കൈകോർത്തുപിടിച്ച് രാജ്യത്തെ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റത്തിനെതിരെ 48 മണിക്കൂർ നീണ്ടുനിൽക്കുന്ന അതിശക്തമായ പണിമുടക്ക് നടത്തുകയാണ്. ഗവൺമെന്റ് ജീവനക്കാർ, അധ്യാപകർ, എൽ.ഐ.സി.-ബാങ്ക്-തപാൽ ജീവനക്കാർ എന്നിവരും രാജ്യത്ത് പണിയെടുക്കുന്ന കർഷകരും കർഷത്തൊഴിലാളികളും വ്യവസായ തൊഴിലാളികളും മാത്രമല്ല, എല്ലാ വിഭാഗത്തിൽപ്പെട്ട ആളുകളും പണിമുടക്കുകയാണ്. ഈ ഗവൺമെന്റ് നടപ്പിലാക്കാൻ പോകുന്ന പങ്കാളിത്ത പെൻഷനെ സംബന്ധിച്ച് യാതൊരു കുഴപ്പവുമില്ലെന്നും എല്ലാവരും സംതൃപ്തരാണെന്നും അവർ ആരുംതന്നെ

സമരം ചെയ്യുന്നില്ലെന്നുമാണ് ശ്രീ. കെ. എം. മാണി പറയുന്നത്. എന്നാൽ ഫെബ്രുവരി മാസം 8-ാം തീയതി മുതൽ സർക്കാർ ജീവനക്കാരും അധ്യാപകരും പണിമുടക്കിലേയ്ക്ക് നീങ്ങുകയാണ്. 2001-ൽ യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോഴാണ് കേരളചരിത്രത്തിൽ ആദ്യമായി സർക്കാർ ജീവനക്കാരും അധ്യാപകരും 33 ദിവസം നീണ്ടുനിന്ന സമരം നടത്തുകയും എസ്മ ഉപയോഗിച്ച് അന്ന് വനിതാ ജീവനക്കാർ ഉൾപ്പെടെയുള്ളവരെ അറസ്റ്റ് ചെയ്ത് ജയിലിലടയ്ക്കുകയും ചെയ്തത്. ഇത്തരത്തിൽ ദുഷ്പേര് സമ്പാദിച്ച് പുഴുത്തുനാറിയൊരു ഗവൺമെന്റിന് ഇവിടെ തുടരാൻ യാതൊരവകാശവുമില്ല. ഈ ഗവൺമെന്റ് കാലാവധി പൂർത്തിയാക്കുമെന്ന് ഭരണപക്ഷത്തുള്ള അംഗങ്ങൾക്കുപോലും വിശ്വാസമില്ല. യു.ഡി.എഫിന്റെ പാർലമെന്ററി പാർട്ടി യോഗം കൂടിയതിനുശേഷമുള്ള പത്രവാർത്തകൾ വരുന്നത്, അസംതൃപ്തരാണ്, വിലക്കയറ്റം നിയന്ത്രിക്കാൻ കഴിയാതെ വാണംപോലെ കുതിച്ചുയരുകയാണ് എന്നൊക്കെയാണ്. അതെല്ലാം പറയുന്നത് ആരാണ്? യു.ഡി.എഫിലെ സുഹൃത്തുക്കൾ തന്നെയാണ്. ഇപ്പോൾ ഹരിത എം.എൽ.എ.മാർ എന്നൊരു പുതിയ വിഭാഗം ജന്മം കൊണ്ടിരിക്കുകയാണ്. ആരാണ് ഈ ഹരിത എം.എൽ.എ. മാരെന്ന് അറിയില്ല. ഏതായാലും ഈ ഉപധനാഭ്യർത്ഥനയെ പിന്താങ്ങാൻ നിർവ്വാഹമില്ല. ഞാൻ എതിർക്കുന്നു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. ഒരു വർഷവും ഏഴ് മാസവും കൊണ്ട് ഒരു പതിറ്റാണ്ടിന്റെ സുകൃതം ഈ നാടിന് നൽകിയ ഒരു സർക്കാരാണിത്. ആദ്യവർഷത്തിൽതന്നെ 91 ശതമാനം നേട്ടമുണ്ടാക്കി ഗതിവേഗത തെളിയിച്ച ഒരുസർക്കാർ, 2011 ഒക്ടോബർ 31 വരെ പദ്ധതി അടങ്കലിന്റെ 22 ശതമാനം മാത്രമാണ് വിനിയോഗിച്ചിരുന്നതെങ്കിൽ 2011-12 വരെ 28 ശതമാനമായി ഉയർന്നിരിക്കുന്നുവെന്നത് ഒരു യാഥാർത്ഥ്യമായി നിൽക്കുകയാണ്. വിനിയോഗത്തിന്റെയും വരുമാനത്തിന്റെയും കാര്യത്തിൽ മികവുതെളിയിക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. 2011-12 സാമ്പത്തിക വർഷം 39,518.26 കോടി രൂപയായിരുന്നു പ്രതീക്ഷിത വരുമാനമെങ്കിൽ 38,081.81 കോടി രൂപ സമാഹരിക്കാനായത് ഏറെ ശ്രദ്ധേയമാണ്. ഈ സർക്കാർ ഭരണനിർവ്വഹണ രംഗത്ത് ഏറെ മികവുകാണിച്ച് ദേശീയ ശ്രദ്ധതന്നെ നേടിക്കഴിഞ്ഞു. അധികാരക്കസേര ഉപയോഗപ്പെടുത്തി അനർഹരായവർക്ക് വഴിവിട്ട് ഭൂമി നൽകിയ പ്രതിപക്ഷ നേതാവ് മുള്ളൊടിഞ്ഞ മത്സ്യത്തെപ്പോലെ അപ്പുറത്ത് നിൽക്കുന്നതുകൊണ്ടായിരിക്കാം പ്രതിപക്ഷത്തിന് ഈ അവസ്ഥയിൽ സഭയിൽ നിൽക്കേണ്ടിവന്നത്. യു.ഡി.എഫ്. സർക്കാരിന്റെ മുന്നേറ്റത്തിൽ പിടിച്ചുനിൽക്കാനാകാതെ കരയിലിട്ട മത്സ്യത്തെപ്പോലെ പിടയുകയാണ് പ്രതിപക്ഷാംഗങ്ങൾ. സത്യത്തിൽ ഇവിടെയൊരു സമരം നടത്താൻപോലും നിങ്ങൾക്ക് അവസരമുണ്ടായിരുന്നില്ല. ആന്ധ്രാസർക്കാർ അരി വിദേശത്തേയ്ക്ക് കയറ്റി

അയയ്ക്കാൻ തീരുമാനിക്കുകയും കർണ്ണാടക സർക്കാർ ജ്യോതിബ്രാന്റ് എന്ന ചുവന്ന അരിയുടെ ഉൽപ്പാദനം നിർത്തുകയും കാവേരി നദീജല പ്രശ്നത്തിന്റെ പേരിൽ തമിഴ്നാട് ഗവൺമെന്റ് അരിയുടെ മേൽ കൂടുതൽ നിയന്ത്രണം ഏർപ്പെടുത്തുകയും ചെയ്തില്ലായിരുന്നുവെങ്കിൽ ഇടതുപക്ഷ ത്തിന് ഒരു വാക്കൗട്ട് നടത്താൻപോലും ഈ സഭയിൽ അവസരമുണ്ടാകു മായിരുന്നില്ല. അതിനപ്പുറം ഒന്നും ഇവിടെ സംഭവിച്ചിട്ടില്ല. നിക്ഷേപകരെ ആകർഷിക്കാനും ആലംബഹീനരെ മാറോടണയ്ക്കാനും അവരുടെ കണ്ണീരൊപ്പാനും ഈ സർക്കാരിന് കഴിഞ്ഞിരിക്കുന്നു. അർബുദ-കിഡ്നി -ഹൃദ്രോഗ ബാധിതരെ ചികിത്സിക്കാൻ മാർഗ്ഗമില്ലാതെ പ്രയാസമനുഭവി ക്കുന്നവർ ഇല്ലാത്ത ഒരു സംസ്ഥാനമായി കേരളം മാറി. കാരുണ്യ പദ്ധതി യിലൂടെ മൂന്ന് ലക്ഷം രൂപവരെയാണ് ഇവർക്ക് നൽകുന്നത്. അടിസ്ഥാന വികസന സൗകര്യമില്ലാതെ ഒരു നാടിന് മുന്നോട്ടു കുതിക്കാനാവില്ല. കേരളം ആ രംഗത്ത് വലിയ മുന്നേറ്റമാണ് നടത്തുന്നത്. ഇടതുപക്ഷ മുന്നണി സർക്കാരിന്റെ കാലഘട്ടത്തിൽ ശവമഞ്ചത്തിൽ കിടത്തിയ കെ. എസ്.ടി.പി.-ക്ക് വീണ്ടും മൃതസഞ്ജീവനി നൽകി നടപ്പിലാക്കാൻ ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് തീരുമാനമെടുത്തിരിക്കുന്നുവെന്ന് മാത്രമല്ല, 98 ശതമാനം ഭൂമിയും അതിനായി ലഭ്യമാക്കിക്കഴിഞ്ഞു. വിദ്യാഭ്യാസ രംഗത്തുണ്ടായിക്കൊണ്ടിരിക്കുന്ന അത്ഭുതകരമായ മാറ്റങ്ങൾ ആർക്കും കാണാതിരിക്കാനാവില്ല. നൂതനവും ദൂരകാഴ്ചയുമുള്ള പദ്ധതികളാണ് കേരളത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഒരുഭാഗത്ത് മാതൃഭാ

ഷയ്ക്കുവേണ്ടി ഒരു സർവ്വകലാശാല യാഥാർത്ഥ്യമാക്കി. സംസ്ഥാനത്തിന്റെ മനുഷ്യവിഭവശേഷി കൂടുതലും വിനിയോഗിക്കുന്നത് വിദേശത്താണ്. അങ്ങനെ മനുഷ്യവിഭവശേഷി വിനിയോഗിക്കുന്നിടത്ത് ഒട്ടേറെ പുതിയ മാനങ്ങൾ ഇന്ന് കണ്ടെത്തേണ്ടിയിരിക്കുന്നു. ഇവിടെ മാതൃഭാഷയ്ക്ക് പ്രാമുഖ്യം നൽകുന്നതുപോലെ വിദേശത്തും അവരുടെ മാതൃഭാഷയ്ക്ക് പ്രാമുഖ്യം നൽകിക്കൊണ്ടിരിക്കുന്നു. അതുകൊണ്ടാണ് പൗരസ്ത്യഭാഷ പഠിക്കേണ്ടത് അനിവാര്യതയാണെന്ന് മനസ്സിലാക്കിക്കൊണ്ട് 13 ഭാഷകൾ പഠിക്കാനുതകുന്ന വിധം ഒരു ഇംഗ്ലീഷ് ഫോറിൻ ലാംഗ്വേജ് യൂണിവേഴ്സിറ്റിക്ക് ഈ സർക്കാർ തുടക്കമിടുന്നത്. മാത്രമല്ല, ഏത് വിദേശ യൂണിവേഴ്സിറ്റിയുടെയും കവാടങ്ങൾ നമുക്കുമുമ്പിൽ തുറക്കുന്ന അക്കാഡമിക് സിറ്റിയിലൂടെ വിദേശ സർവ്വകലാശാലകളുടെ സാന്നിദ്ധ്യം ഉറപ്പാക്കാനുതകുന്ന ഒരു പദ്ധതിക്ക് സംസ്ഥാനത്ത് തുടക്കം കുറിക്കാനിരിക്കുകയാണ്. കേരളത്തിന്റെ സാമ്പത്തിക രംഗത്ത് നേട്ടങ്ങളുണ്ടാക്കിയത് സ്കിൽഡ് തൊഴിലാളികൾ ആയിരുന്നില്ല, കഴിഞ്ഞ കാലഘട്ടങ്ങളിൽ ഗൾഫ് രാജ്യങ്ങളിൽ ചേക്കേറിയ അൺസ്കിൽഡ് തൊഴിലാളികളാണ് ഇന്ന് ഏറ്റവും കൂടുതൽ പ്രയാസമനുഭവിക്കുന്നത്. കാരണം, അവർ ചെയ്തിരുന്ന ജോലികൾ ചെയ്യാൻ കുറഞ്ഞ ശമ്പളത്തിന് ആളുകൾ വരികയാണ്. ആ ഒരു ഘട്ടത്തിൽ കേരളത്തിലെ പുതിയ തലമുറയെ സ്കിൽഡാക്കി മാറ്റുകയെന്ന കാലോചിതമായ പരിഷ്ക്കാരമാണ് വിദ്യാഭ്യാസവകുപ്പ് സ്കിൽ അക്വിസിഷൻ പ്രോഗ്രാമിലൂടെ നടപ്പിലാക്കാൻ ഉദ്ദേ

ശിക്കുന്നത്. ഇങ്ങനെ ബുദ്ധിപരമായി ഒരു നാട്ടിലെ ജനങ്ങളെ വിദ്യാഭ്യാസ രംഗത്ത് ഉയർത്തിക്കൊണ്ടുവരാനുള്ള ശ്രമങ്ങൾ ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നു. എന്നുമാത്രമല്ല, ശ്രവണ മാന്ദ്യമുള്ളവർക്ക് ശ്രവണശേഷി തിരിച്ചുകൊണ്ടുവരാൻ, കോക്ലിയർ ഇംപ്ലാന്റേഷൻ വഴി പാവപ്പെട്ട 51 കുട്ടികൾക്കാണ് അഞ്ചുലക്ഷത്തോളം രൂപയുടെ സഹായം ലഭ്യമായത്. ഒരു ഗവൺമെന്റ് ജനപക്ഷത്തുനിന്നുകൊണ്ട് എങ്ങനെ പ്രവർത്തിക്കുന്നുവെന്നതിന്റെ ഏറ്റവും വലിയ സവിശേഷതയായി ഇതിനെ കാണേണ്ടിയിരിക്കുന്നു. ഇത്തരം ഇടപെടലുകൾ ഉണ്ടാകുമ്പോഴും കേരളത്തിന്റെ ഭരണരംഗത്ത് ഈ ഗവൺമെന്റ് ശക്തമായ മുന്നേറ്റം നടത്തിക്കൊണ്ടിരിക്കുകയാണ്. ഇവിടെ സൂചിപ്പിച്ച പല കാര്യങ്ങൾക്കും ഞാൻ മറുപടി പറയുന്നില്ല. പക്ഷേ, ബഹുമാനപ്പെട്ട കെ.ടി. ജലീൽ സൂചിപ്പിച്ചത് ഇവിടെ ഏതൊക്കെയോ സമുദായങ്ങളെ ഉയർത്തിക്കൊണ്ടുവരാൻ ശ്രമിക്കുന്നുവെന്നാണ്. ദയവുചെയ്ത് രാഷ്ട്രീയ ലാഭത്തിനുവേണ്ടി കേരളത്തിൽ ഇത്തരത്തിലുള്ള വിഷബീജങ്ങൾ കലർത്തരുതെന്നാണ് പറയാനുള്ളത്. സാമൂഹ്യ പിന്നോക്കാവസ്ഥയ്ക്കുവേണ്ടിയുള്ള പോരാട്ടം എല്ലാകാലത്തും നടത്തിയിട്ടുണ്ട്. സാമൂഹ്യ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുവേണ്ടി സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്. ബി.ജെ.പി.യും സിപി.ഐ(എം)-ഉം ഒന്നിച്ച് ജയ്പൂരിലെ ബിർളാ ഓഡിറ്റോറിയത്തിൽ ഒരു സെമിനാറിൽ പങ്കെടുത്തപ്പോൾ സി.പി.ഐ. (എം) എം.പി. മുഹമ്മദ് സലീം നടത്തിയ ഒരു പ്രസംഗം ഇന്നത്തെ വെബ്സൈറ്റിൽ

പബ്ലിഷ് ചെയതിട്ടുണ്ട്. ഉദ്യോഗരംഗത്തേയ്ക്ക് മുസ്ലീം സമുദായത്തെ കൊണ്ടുവരുന്നതിൽ ആരും മടികാണിക്കരുതെന്നാണ് അദ്ദേഹം അതിൽ പറഞ്ഞിരിക്കുന്നത്. കേരളത്തിൽ ആരുടെയെങ്കിലും നിക്ഷിപ്ത താൽപ്പര്യ ങ്ങൾക്കുവേണ്ടി സി.പി.ഐ.(എം)-ന്റെ ബഞ്ചിൽ  ഇരുന്നുകൊണ്ട് ഒരു മെമ്പറെക്കൊണ്ട് ഇങ്ങനെ പറയിപ്പിക്കുന്നത് എന്തിനാണെന്ന് എനിക്ക് മന സ്സിലാകുന്നില്ല. സാമൂഹ്യ പിന്നോക്കാവസ്ഥ ആർക്കൊക്കെയാണോ അവർ കടന്നുവരട്ടെ, അവർ ഒരിക്കലും കടന്നുവരരുതെന്നുള്ള ഒരു നില പാട് സ്വീകരിക്കാൻ പാടില്ല. കേരളത്തിൽ ഐക്യജനാധിപത്യമുന്നണി സർക്കാരിന്റെ ഭരണ നേട്ടങ്ങൾ ഈ രാജ്യത്തിലെ ജനങ്ങൾക്കറിയാം. ഇവിടെ വളരെ കൃത്യമായി ജനങ്ങളുടെ കാര്യങ്ങൾ പഠിക്കുകയും അത നുസരിച്ച് മുന്നോട്ടുപോവുകയും ചെയ്യുന്ന നിലപാടാണ് എന്നും ഐക്യ ജനാധിപത്യമുന്നണി ഗവൺമെന്റ് എടുത്തിട്ടുള്ളത്. ഐക്യജനാധിപത്യ മുന്നണിയുടെ നേതാക്കന്മാർ ഇവിടെ നടത്തുന്ന പ്രവർത്തനങ്ങളെ ചെറു താക്കി കാണിക്കാൻ ചിലർ ശ്രമിച്ചു. അതിൽ ഏറ്റവും പ്രധാനമായി പറ ഞ്ഞത് കേന്ദ്രമന്ത്രി ചില കാര്യങ്ങൾ പറഞ്ഞിരിക്കുന്നുവെന്നാണ്. കേന്ദ്ര മന്ത്രി എന്താണ് പറഞ്ഞത്? കേന്ദ്രമന്ത്രി ശ്രീ. എ.കെ. ആന്റണി കേരള ത്തിൽ വന്ന് പറഞ്ഞതെന്താണെന്ന് കേരളത്തിലെ ജനങ്ങൾക്കറിയാം. അദ്ദേഹം പറഞ്ഞത്, കേരളത്തിലെ വ്യവസായസ്ഥാപനങ്ങളിൽ തൊഴിൽസമരങ്ങൾ ഇല്ലാത്ത ഒരന്തരീക്ഷമുണ്ടാക്കി ആ സ്ഥാപനത്തെ മുന്നോട്ടുകൊണ്ടുപോകാൻ കഴിയണമെന്നാണ്. കേരളത്തിൽ അത്തര

മൊരു സാഹചര്യം ഉണ്ടാക്കിയെടുക്കുന്നതിൽ ഏത് ഗവൺമെന്റും പ്രതിജ്ഞാബദ്ധമാണ് എന്നൊരു സന്ദേശമാണ് നൽകിയത്. സമരമുഖത്തേയ്ക്ക് മാത്രം വന്നാൽ പോരെന്നും കേരളത്തിൽ ഉണ്ടായിരിക്കുന്ന ഈ മാറ്റങ്ങൾ ഉൾക്കൊള്ളാൻ തയ്യാറാകണമെന്നുമാണ് അദ്ദേഹം പറഞ്ഞത്. കമ്മ്യൂണിസ്റ്റ് പാർട്ടി ഇന്ന് സമരമുഖത്താണ്. ഇവിടെ വാൾമാർട്ടിന്റെ കാര്യത്തിൽ വലിയ പ്രചാരണം നടത്തുന്നവരുണ്ട്. ഞങ്ങൾ കൃത്യതയോടുകൂടി മനസ്സിലാക്കുന്നത്, കമ്മ്യൂണിസ്റ്റ് പാർട്ടി സ്വർഗ്ഗരാജ്യമെന്ന് പറയുന്ന രാജ്യങ്ങളിലൊന്നും അവർ എടുത്ത നിലപാടുകൾ കേരളത്തിലേതുപോലെയല്ല. അത് വളരെ വ്യക്തമാണ്. ഇവിടെ ടോൾ കൊടുക്കുന്നതിനെതിരെ ചിലർ പ്രസ്താവനകൾ നടത്തുകയാണ്. നാടിനെ ഒരു നിക്ഷേപസൗഹൃദ സംസ്ഥാനമാക്കി മാറ്റണമെങ്കിൽ, തിരുവനന്തപുരത്തെത്തുന്ന ഒരു വ്യവസായി കുറഞ്ഞസമയം കൊണ്ട് മലബാറിൽ എത്തണം. തിരുവനന്തപുരത്ത് ഒരു ടൂറിസ്റ്റ് വന്നാൽ ദൈവത്തിന്റെ സ്വന്തം നാട് കാണണമെങ്കിൽ അദ്ദേഹം കുറഞ്ഞ ദിനങ്ങൾകൊണ്ട് മലബാറിൽ എത്തണം.

ഇവിടെ ഏതെങ്കിലും ഒരു നല്ല റോഡ് ഉണ്ടാക്കിയാൽ ആ റോഡിനെതിരാണ്, ടോൾ കൊടുക്കാൻ പാടില്ല. ഞങ്ങളുടെ കൂടെ വിദേശയാത്ര ചെയ്തിരുന്ന അപ്പുറത്തിരിക്കുന്ന അംഗങ്ങൾപോലും ടോൾ കൊടുക്കുന്നത് പുഞ്ചിരിയോടുകൂടി നോക്കിയിരുന്നത് ഞങ്ങൾ കണ്ടു. നിങ്ങളുടെ സ്വപ്ന ഭൂമിയായ ചൈനയിൽ ടോൾ കൊടുക്കാത്ത ഒരൊറ്റ റോഡും ഇല്ലെന്നുള്ളത് അപ്പുറത്തുള്ളവർ മനസ്സിലാക്കണം. അവിടെ

അതൊക്കെ ആകാം. വാൾമാർട്ട് വഴി നിങ്ങൾ അവിടെ ചില്ലറ വ്യാപാരം നടത്തുന്നു. അതിന് യാതൊരു തകരാറുമില്ല. 50 കി. മീ. നീണ്ടുകിടക്കുന്ന പച്ചക്കറിത്തോട്ടത്തിൽ അപ്പുറത്തിരിക്കുന്ന സഖാവ് എ. കെ. ബാലൻ അടക്കം ഞങ്ങൾ ഒന്നിച്ചാണ് പോയത്. എങ്ങനെയാണ് അതിന് വിപണി കണ്ടെത്തുന്നതെന്ന് ചോദിച്ചപ്പോൾ വിപണി കണ്ടെത്തിയത് വാൾമാർട്ട് വഴിയാണെന്നാണ് പറഞ്ഞത്. ഞങ്ങൾ വാൾമാർട്ടിന് നൽകുന്നു; വാൾമാർട്ട് ചില്ലറ വ്യാപാരികൾക്കും സാധാരണക്കാർക്കും നൽകുന്നു എന്നാണ്. അവിടെ ഏറ്റവും ചെറിയ ചില്ലറ വ്യാപാര രംഗത്തുപോലും വാൾമാർട്ടാണ് പിടിമുറുക്കിയിരിക്കുന്നത്. അവിടെ റെയിൽവേ സ്റ്റേഷനിലെ കാന്റീനുകൾ നിയന്ത്രിക്കുന്നത് കെ. എഫ്. സി.-യും സ്റ്റാർബക്ക്സുമാണ്. ഒരു നാടിനുണ്ടായിക്കൊണ്ടിരിക്കുന്ന ഈ മാറ്റങ്ങൾ നിങ്ങൾ ഉൾക്കൊള്ളണം. ഇതൊരു ചെറിയ മാറ്റമല്ല. മാത്രമല്ല, വിദേശ മൂലധന നിക്ഷേപത്തോടുകൂടിയല്ലാതെ, സ്വകാര്യ മൂലധനത്തോടുകൂടി ഒരു വ്യവസായം അവിടെ തുടങ്ങാൻ പാടില്ല. വ്യവസായ സ്ഥാപനങ്ങളിൽ സമരം പാടില്ല. വ്യവസായ സ്ഥാപനങ്ങളിലെ തൊഴിലാളിയെ പിരിച്ചുവിടാനും തിരിച്ചെടുക്കാനുമുള്ള അവകാശം അവിടത്തെ മാനേജ്മെന്റിനുണ്ട്. ഞാൻ അപ്പുറത്തിരിക്കുന്നവരോട് ചോദിക്കട്ടെ, എന്തിനാണ് ലോകത്ത് ഈ മാറ്റങ്ങളൊക്കെ നടക്കുമ്പോൾ കേരളത്തിൽ ഇതൊന്നും പാടില്ല എന്നൊരു നിലപാട് സ്വീകരിച്ചുകൊണ്ട് നിങ്ങൾ മുന്നോട്ടുപോകുന്നത്? അതാണ് ഞങ്ങൾക്കറിയാത്തത്. ഈ മാറ്റങ്ങളെ കണ്ണ് തുറന്ന്

കാണണം. അവിടെ പാർട്ടി നിലനിൽക്കുന്നുവെന്നത് സത്യമാണ്. അവിടെ കമ്മ്യൂണിസ്റ്റ് പാർട്ടിയുണ്ട്. എന്തിനാണ്? അതും വ്യക്തമാണ്. 90 വർഷത്തേയ്ക്ക് ലീസിന് കൊടുക്കുന്ന സർക്കാരിന്റെ ഭൂമി ലീസിനെടുത്തിരിക്കുന്നത് ചില പ്രാദേശിക കമ്മ്യൂണിസ്റ്റ് നേതാക്കന്മാരാണ്. അവർ റിയൽ എസ്റ്റേറ്റ് മാനേജ്മെന്റിന് അത് മറിച്ചുകൊടുത്ത് വലിയ ധനാഢ്യന്മാരായി മാറുന്നുവെന്നതാണ് ഇപ്പോൾ ചൈന അനുഭവിക്കുന്ന വലിയ പ്രതിസന്ധി. അതിൽ നിന്ന് മനസ്സിലാക്കേണ്ടതെന്താണ്? അവിടെ പാർട്ടി പോലും പിടിച്ചുനിൽക്കുന്നത് കച്ചവട കണ്ണോടുകൂടിയാണ്. ഇത്തരം മാറ്റങ്ങളുണ്ടാകണം. ലോകത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന ഈ മാറ്റങ്ങൾ ഉൾക്കൊള്ളാൻ നിങ്ങൾ തയ്യാറെടുക്കണമെന്നേ ഞങ്ങൾ പറയുന്നുള്ളൂ. ഇവിടെ കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് ആ തയ്യാറെടുപ്പില്ല. ചൈനയിൽ എന്താണ് ഉള്ളതെന്ന് ചോദിച്ചാൽ അവിടെ കമ്മ്യൂണിസമൊഴികെ ബാക്കിയെല്ലാമുണ്ട്. ഇതാണ് കമ്മ്യൂണിസമെങ്കിൽ കേരളത്തിലെ ഈ കമ്മ്യൂണിസം അവിടെ ഇല്ല. കേരളത്തിലെ കമ്മ്യൂണിസം വികസനരംഗത്ത് കേരളത്തെ പിറകോട്ട് കൊണ്ടുപോകുന്നു. ഒരു ഗവൺമെന്റിന് ചെയ്യാൻ കഴിയുന്നതൊക്കെ നമ്മൾ ചെയ്യുന്നു. നമ്മൾ എത്ര മുന്നോട്ടുപോയി? ഈ ഗവൺമെന്റ് വന്നതിനുശേഷം വ്യാവസായിക രംഗത്തും ഇൻഫർമേഷൻ ടെക്നോളജി മേഖലയിലും നമ്മൾ ബഹുദൂരം മുന്നോട്ടുപോയി. ഇൻഫർമേഷൻ ടെക്നോളജിയുടെ മേഖലയിൽ മുന്നോട്ടുപോയപ്പോഴും നമുക്ക് സോഫ്റ്റ്വെയർ രംഗത്ത് മാത്രമാണ് പിടിച്ചുനിൽക്കാനായത്.

ഇൻഫർമേഷൻ ടെക്നോളജിയിൽ ഹാർഡ് വെയർ മാനുഫാക്ച്ചറിംഗ് കൂടി നടത്തുന്ന ഒരു സംസ്ഥാനമായി കേരളം മാറിയിരിക്കുന്നു. ഈ മാറ്റം ചെറുതായി കാണാൻ കഴിയുമോ? ഏതാനും ദിവസം മുമ്പ് കേരള ത്തിൽ നിർമ്മിച്ച ഐ-പാഡ്, കേരളത്തിലെ സ്കൂൾ കുട്ടികൾക്കുവേണ്ടി നിർമ്മിച്ച ഇ-റീഡർ ഇതൊക്കെയാണ് ഷെയർ മാർക്കറ്റിലെത്തിയത്. ഒരു നാട് വ്യാവസായിക രംഗത്ത് വളരുന്നു, വിദ്യാഭ്യാസ രംഗത്ത് വളർച്ചയോ ടുകൂടി മുന്നോട്ടുപോകുന്നു, പാവപ്പെട്ടവരോട് അനുകമ്പ കാണിക്കുന്നു. നാടിന്റെ ആഭ്യന്തരരംഗത്ത് മികവ് കാണിച്ചുകൊണ്ടിരിക്കുന്നു, ഒരു സംശയവും ആർക്കുമില്ല. കഴിഞ്ഞ കാലഘട്ടങ്ങളിൽ നിന്നും വ്യത്യസ്ത മായി ആഭ്യന്തര രംഗത്ത് രാഷ്ട്രീയ പ്രതിയോഗികളെ വകവരുത്താൻ കൊലക്കത്തിയെടുക്കാമെന്ന ഒരു സമീപനം ഇന്ന് ഒരു രാഷ്ട്രീയ പാർട്ടിക്കും എടുക്കാൻ പറ്റാത്ത സ്ഥിതിയുണ്ടായിട്ടുണ്ട്. അതുകൊണ്ട് ഒരു വർഷവും ഏഴ് മാസവും കൊണ്ട് അത്ഭുതകരമായ മാറ്റങ്ങളുണ്ടാ ക്കിയ ഈ ഗവൺമെന്റിന് ഇനിയും മുന്നോട്ടുകുതിക്കാൻ ഉപയുക്തമാ കുന്ന വിധം ഈ ഉപധനാഭ്യർത്ഥനയെ പിന്തുണച്ചുകൊണ്ട് ഞാൻ അവ സാനിപ്പിക്കുന്നു.

<u>ശ്രീ. എളമരം കരീം</u>: സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു. ഈ സർക്കാരിന്റെ പ്രവർത്തനങ്ങൾ എല്ലാ രംഗത്തും ദയ നീയമായ പരാജയമാണെന്ന് ഏതാണ്ട് എല്ലാവരും സമ്മതിച്ചുകഴിഞ്ഞിരി ക്കുകയാണ്. ഇത് (യു.ഡി.എഫ്. പ്രകടന പത്രിക ഉയർത്തിക്കാണിച്ചു

കൊണ്ട്) യു. ഡി. എഫ്.-ന്റെ പ്രകടന പത്രികയായിരുന്നു. ഇതിലെ എല്ലാ കാര്യങ്ങളും ഞാൻ പറയുന്നില്ല. അടിസ്ഥാന സൗകര്യ വികസന പദ്ധതി കളെക്കുറിച്ച് പറഞ്ഞ സ്ഥലത്ത് സ്മാർട്ട് സിറ്റി, നാനോ ടെക്നോളജി, സാങ്കേതിക വിദ്യാ വികസനം തുടങ്ങിയ ഒട്ടേറെ വാഗ്ദാനങ്ങൾ അന്നത്തെ യു. ഡി. എഫ്. സർക്കാർ മുന്നോട്ടുവച്ചു. ഇന്ന് അതിന്റെ സ്ഥിതിയെന്താണെന്ന് വലിയ വിശദീകരണം കൂടാതെ തന്നെ എല്ലാ വർക്കുമറിയാം. സാമൂഹ്യക്ഷേമം എടുത്താൽ അന്നത്തെ വാഗ്ദാനം ബി. പി. എൽ.-കാർക്ക് 1 രൂപയ്ക്കും എ. പി. എൽ.-കാർക്ക് 2 രൂപയ്ക്കും പ്രതിമാസം 35 കിലോ അരി നൽകുമെന്നാണ്. വാഗ്ദാനം എവിടെ എത്തിനിൽക്കുന്നു? പരമ ദരിദ്രകുടുംബങ്ങളെ സർക്കാർ ദത്തെടുക്കും. അതിനർത്ഥം യാതൊരു ഗതിയും കിട്ടാതെ കോൺഗ്രസ്സിന് വെളിയിലായി രുന്ന ശ്രീ. കെ. മുരളീധരനെ ദത്തെടുക്കുമെന്നായിരുന്നോ; അതോ പാവ പ്പെട്ട ദരിദ്ര കുടുംബങ്ങളെ ദത്തെടുക്കുമെന്നോ; ഈ ദത്തെടുക്കലിലൂടെ എന്താണ് നടന്നത്? 100 ദിന കർമ്മ പരിപാടിയുമായി ബന്ധപ്പെട്ട് 100 ദിവസം കൊണ്ട് നിങ്ങൾ എന്തെല്ലാം വികസനമാണ് ഈ നാട്ടിൽ ഉണ്ടാ ക്കിയത്; നിങ്ങൾ പ്രസിദ്ധീകരിച്ച വികസന രേഖയാണ് എന്റെ കൈവശ മുള്ളത്. സ്മാർട്ട് സിറ്റി ഉണർന്നു. എവിടെയാണ് സ്മാർട്ട് സിറ്റി ഉണർന്നത്? ഇനി ആളുകൾക്ക് അവസരം കൊടുക്കാൻ കഴിയില്ല, ഞങ്ങൾക്ക് മറ്റ് വഴി നോക്കേണ്ടിവരുമെന്ന് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി കഴിഞ്ഞ ദിവസം പറഞ്ഞു. 100 ദിവസത്തെ കർമ്മ പരിപാ

ടിയിൽ ഉണർന്നുവെന്ന് എഴുതിവച്ചതും ആ പറയുന്നതും തമ്മിൽ എന്താണ് ബന്ധം; കൊച്ചി മെട്രോയുടെ ചൂളം വിളി. - എവിടെ നിന്നാണ് ചൂളം വിളി കേൾക്കുന്നത്; ആരാണ് ആ പദ്ധതി ഏറ്റെടുത്ത് നടത്തുന്നതെന്നതിന് ഇന്നുവരെ തീരുമാനമായോ; എന്തിന്റെ പേരിലാണ് തർക്കമുള്ളതെന്ന് ഞങ്ങളേക്കാൾ കൂടുതൽ നിങ്ങൾക്ക് അറിയാം. വിഴിഞ്ഞം പ്രതീക്ഷാനിർഭരം. - പ്രതീക്ഷ അവിടെ നിൽക്കട്ടെ. പ്രതീക്ഷ തുടർച്ചയായി നിന്നാൽ ആത്മഹത്യ ചെയ്യേണ്ടി വരില്ല. കണ്ണൂരിലെ സ്വപ്നം ചിറക് വിരിക്കുന്നു - 2010-ൽ അന്നത്തെ മുഖ്യമന്ത്രി സഖാവ് വി. എസ്. അച്ചുതാനന്ദൻ കല്ലിട്ടതിനുശേഷം രണ്ടാമത്തെ ഒരു കല്ല് അല്ലെങ്കിൽ രണ്ടാമത് എന്തെങ്കിലുമൊന്ന് കണ്ണൂരിൽ നടന്നിട്ടുണ്ടോ; അതിന്റെ കൺസൽട്ടന്റിനെ നിശ്ചയിക്കുന്ന കാര്യത്തിൽപ്പോലും ഒരു തീരുമാനമെടുക്കാൻ സാധിച്ചിട്ടില്ല. ദ്രവരൂപത്തിൽ വാതകം വീട്ടിൽ - ഏത് വീട്ടിലാണ് എത്തിയതെന്ന് ദൈവം തമ്പുരാന് മാത്രമറിയാം. പുതുവയ്പിൻ എൽ. പി. ജി. പദ്ധതി പൂർത്തീകരിക്കുമ്പോൾ ആ വാതകം കേരളത്തിലെ നഗരങ്ങളിലേയ്ക്കും വ്യവസായ പദ്ധതികൾക്കും എത്തിക്കും - പൈപ്പ്ലൈൻ നിക്ഷേപിക്കുന്ന ജോലിപോലും പൂർത്തിയായിട്ടില്ല, അതുപോലും തടസ്സപ്പെട്ട് കിടക്കുകയാണ്. ശ്രീ. എ. കെ. ബാലൻ എപ്പോഴും ഉന്നയിക്കുന്ന ഒരു കാര്യമാണത്. ഞാൻ അതിനെക്കുറിച്ച് വിശദീകരിക്കുന്നില്ല. സപ്തധാര എന്നത് നിങ്ങളുടെ മറ്റൊരു പദ്ധതിയാണ്. പദ്ധതികൾ ഇടയ്ക്കിടയ്ക്ക് വരാറുണ്ട്. ഒന്നാമത്തേത് സുതാര്യം - 'അഴിമതിരഹിതവും സുതാ

ര്യവുമായ ഭരണം' 1.10.2012-ലെ മലയാള മനോരമയിൽ എഴുതിയിരിക്കുന്നു - 'എല്ലാ വകുപ്പുകളിലും അഴിമതിക്ക് വകുപ്പ്.' ഇതാണോ സുതാര്യത? 'സെക്രട്ടേറിയറ്റിൽ ട്രാൻസ്ഫർ ചാകര', 'വിരമിച്ചവരെ സ്ഥലം മാറ്റുന്ന മോട്ടോർ വാഹന വകുപ്പ്', 'പോലീസ് നിങ്ങളെ ഭരിക്കും അവരെ ഞങ്ങൾ ഭരിക്കും', 'തട്ടിപ്പ്, വെട്ടിപ്പ്, വീതം വയ്പ്പ് ' - പത്രവാർത്തയുടെ തലക്കെട്ടുകൾ. ഇതാണ് സുതാര്യം. 'തട്ടിപ്പിന്റെ ജലസേചനം', 'അഴിമതി നങ്കൂരമിടുന്ന തുറമുഖം', '20 കോടിയുടെ ടെണ്ടർ സമർപ്പിക്കാൻ 5 ദിവസം', 'കോടികൾ മറിയുന്ന മരാമത്ത്.' 'വൈദ്യുതി ബോർഡിൽ സ്ഥലം മാറ്റം', എന്നിട്ട് അവസാനം എഴുതിയിരിക്കുന്നത് 'അഴി' മതിയോ എന്നാണ്. അഴിമതിയെന്നുള്ളത് എഴുതിയിരിക്കുന്നതാണ്. ഞാൻ അതിന്റെ വിശദാംശമൊന്നും വായിക്കുന്നില്ല. ഇതാണോ സുതാര്യം?

ഇനി രണ്ടാമത്തെ കാര്യം, സുന്ദരം-മാലിന്യനിർമ്മാർജ്ജനവും പരിസ്ഥിതി സംരക്ഷണവും. ഇന്നലെ ശ്രീ. വി. എസ്. സുനിൽ കുമാർ ഇവിടെ പറഞ്ഞതുകൊണ്ട് ഞാൻ കൂടുതലായി പറയുന്നില്ല. ബഹുമാനപ്പെട്ട മന്ത്രിയുടെ മുഖം വളരെ സുന്ദരമാണ്, നഗരം അത്ര സുന്ദരമല്ല, കേരളത്തിലെ ഗ്രാമവും സുന്ദരമല്ല. ഈ ഒന്നര വർഷത്തിനുള്ളിൽ മാലിന്യ നിർമ്മാർജ്ജനത്തിനുള്ള ഒരു പദ്ധതിപോലും കേരളത്തിലെവിടെയും

നടപ്പാക്കിയിട്ടില്ല. സംസ്ഥാന സർക്കാരിന് ഉത്തരവാദിത്വമില്ല, നഗരസഭയ്ക്കാണ് ഉത്തരവാദിത്വം എന്ന് ഇന്നലെ ബഹുമാനപ്പെട്ട മന്ത്രിയും പറഞ്ഞു, ഡെപ്യൂട്ടി സ്പീക്കർ ചെയറിലിരുന്നും പറഞ്ഞു. ഒരു ഉത്തരവാദിത്വവുമില്ലെങ്കിൽ എന്തിനാണ് നഗരവികസനത്തിന് ഒരു മന്ത്രി; കൊടിയും ഓടി നടക്കാനാണോ? അതുപോലെ സമൃദ്ധം സാമ്പത്തിക രംഗം - അതിവേഗം വളരാനും തൊഴിലില്ലായ്മ പരിഹരിക്കാനുമുള്ള നിങ്ങളുടെ പരിപാടി. ധനകാര്യ വകുപ്പ് പ്രഖ്യാപിച്ച തൊഴിൽ സംരംഭകത്വ മിഷനിലൂടെ എത്രപേർക്ക് തൊഴിൽ കൊടുത്തു; ഇതു സംബ ന്ധിച്ച് ശ്രീ. പി. സി. വിഷ്ണുനാഥ് ഇവിടെ പ്രസംഗിച്ചു. 22 സംരംഭകർക്കാണ് വായ്പ കിട്ടിയത്. വേറെ ആരും വായ്പയ്ക്കായി വന്നില്ല. വൈദ്യുതിയില്ലാത്ത കേരളത്തിൽ ആര്, എന്ത് സംരംഭം തുടങ്ങാനാണ്; ഏത് നിലയിൽ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കും? സുദൃഢം സുശക്തമായ അടിസ്ഥാന സൗകര്യങ്ങൾ - എവിടെയാണ് നിങ്ങൾ സുദൃഢമാക്കിയത്? ആരോഗ്യരംഗം - മികച്ച ചികിത്സാ സൗകര്യങ്ങൾ. തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ 9-ാം വാർഡ് സന്ദർശിച്ചിട്ട് ഈ വാചകം വായിക്കാൻ നിങ്ങൾക്ക് ധൈര്യമുണ്ടാകുമോ; എവിടെയാണ് നിങ്ങൾ ചികിത്സാ സൗകര്യങ്ങൾ കൊടുക്കുന്നത്? വിവര വിജ്ഞാനാധിഷ്ഠിതം - ഒന്നര വർഷത്തിനുള്ളിൽ ഐ. ടി. വ്യവസായ രംഗത്ത് എന്ത് നേട്ടമാണ്, പുതിയതായി എന്ത് കാൽവയ്പ്പ് വയ്ക്കാനാണ് നിങ്ങൾക്ക് സാധിച്ചത്? ഓരോ രംഗത്തും ഇങ്ങനെയാണ് കാര്യങ്ങൾ. ഈ നാട്ടിലെ നിയമവാഴ്ച

യുടെ സ്ഥിതിയെന്താണ്? ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഇവിടെയില്ല. അദ്ദേഹം ഇത് കേൾക്കേണ്ടതായിരുന്നു. കഴിഞ്ഞ 11 മാസം കൊണ്ട് കേരളത്തിൽ നടന്നത് 371 സ്ത്രീകളുടെ കൊലപാതകമാണ്. ശ്രീ. എം. ചന്ദ്രന് സഭയിൽ രേഖാമൂലം കൊടുത്ത മറുപടിയാണ്. ഒന്നര വർഷംകൊണ്ട് 1661 ബലാൽസംഗങ്ങൾ, നിങ്ങളുടെ ഭരണത്തിൽ പ്രായപൂർത്തിയാകാത്ത പെൺകുട്ടികൾ പീഡനത്തിനിരയായത് 199,. പ്രതിദിനം സ്ത്രീകൾക്കെതിരെ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകൾ/കുറ്റകൃത്യങ്ങൾ ശരാശരി 20 എണ്ണം. ഇതെല്ലാം ക്രൈം റിക്കോർഡ് ബ്യൂറോയുടെ കണക്കാണ്. പറവൂർ, കോതമംഗലം, വൈപ്പിൻ, കോഴിക്കോട്, മരട് പെൺവാണിഭ കേസുകൾ നിങ്ങളുടെ ഭരണകാലത്തുണ്ടായി. ഏഷ്യാനെറ്റിന്റെ ബെസ്റ്റ് മിനിസ്റ്റർ പരിശോധനയിൽ അവസാനം ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെട്ട 5 പേരിൽ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുമുണ്ട്. ആ 'ബെസ്റ്റ് മിനിസ്റ്റർ'പട്ടത്തിന് അദ്ദേഹം തികച്ചും അർഹനാണെന്നാണ് എനിക്ക് തോന്നുന്നത്. കാരണം, ഇത്രയും നേട്ടങ്ങൾ കൈവരിക്കാൻ ഇന്നേവരെ കേരളത്തില ഒരു ആഭ്യന്തര വകുപ്പുമന്ത്രിക്കും സാധിച്ചിട്ടില്ല. നിയമവാഴ്ചയെ സംബന്ധിച്ച് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുള്ള കാര്യങ്ങളെല്ലാം ഇവിടെ വിശദീകരിക്കുന്നില്ല, പക്ഷെ ഒന്നുരണ്ട് കാര്യങ്ങൾ പറയാതെ പോകാൻ വയ്യ.

17.12.2012-ലെ മലയാള മനോരമയിൽ അക്രമപ്പുഴയ്ക്ക് തടയിടണം എന്ന് പറഞ്ഞിരിക്കുന്നു. ആലപ്പുഴയെ അക്രമപ്പുഴ എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. വിശദീകരിക്കാൻ സമയമില്ലാത്തതുകൊണ്ട് ഞാൻ കൂടുതൽ പറയുന്നില്ല. പോലീസ് സ്റ്റേഷനിൽ ശ്രീ. കെ. സുധാകരന്റെ കുത്തിയിരുപ്പ് സമരം മറ്റൊരു വാർത്തയാണ്. പാപ്പിനിശ്ശേരിയിൽ നിന്നും അനധികൃതമായി മണൽ കടത്തുകയായിരുന്ന രണ്ട് ലോറികൾ പുലർച്ചേ എ.എസ്. ഐ. രാജന്റെ നേതൃത്വത്തിലുള്ള പോലീസ് സംഘം പിടികൂടിയിരുന്നു. എ.എസ്.ഐ. ഉൾപ്പെടെയുള്ളവരെ മണൽ നിറച്ച മിനിലോറി ഓടിച്ചുകയറ്റി അപായപ്പെടുത്താൻ പ്രതികളായ സമദ്, ഹമീദ് എന്നിവർ ശ്രമിച്ചതായി പോലീസ് പറയുന്നു. ലോക്കപ്പിലായവരെ മോചിപ്പിക്കാൻ യൂത്ത് കോൺഗ്രസ് അഴീക്കോട് മണ്ഡലം പ്രസിഡന്റ് കല്ലിക്കോടൻ രാകേഷും സംഘവും വളപട്ടണം പോലീസ് സ്റ്റേഷനിൽ എത്തി. വാക്കേറ്റവും കയ്യാങ്കളിയുമൊക്കെ നടന്നു. രാകേഷിനെ പോലീസ് കസ്റ്റഡിയിലെടുത്തു. രാകേഷിനെ മർദ്ദിച്ചുവെന്നാരോപിച്ചുകൊണ്ട് ശ്രീ. കെ. സുധാകരൻ എത്തി. പിന്നാലെ എം.എൽ.എ.-മാരായ ശ്രീ. എ.പി. അബ്ദുള്ളക്കുട്ടിയും കെ. എം. ഷാജിയും എത്തി. കോൺഗ്രസ് നേതാക്കളായ പ്രമോദ്, സുരേന്ദ്രൻ, മാർട്ടിൻ ജോർജ്, സത്യൻ വണ്ടിച്ചൽ എന്നിവരുമെത്തി. 1.11.2012-ലെ കേരള കൗമുദി പത്രത്തിലെ വാർത്തയാണ്. നിങ്ങൾ ആരെ സംരക്ഷിക്കാനാണ് വെപ്രാളം കാട്ടിയത്? കേരളത്തിൽ നിയമവാഴ്ച ഇങ്ങനെയാണോ? കോഴിക്കോട് കളക്ടറെ മണൽ മാഫിയ ആക്രമിച്ചതിന്

പോലീസ് സ്റ്റേഷനിൽ പരാതി കൊടുത്തപ്പോൾ പോലീസ് പറയുന്നത് എന്താണെന്നറിയാമോ? ഞങ്ങൾ കേസ് എടുത്തിട്ട് എന്തിനാണ് വെറുതെ സ്ഥലംമാറ്റത്തിന് നിൽക്കുന്നത് എന്നാണ്. കളക്ടറെ ആക്രമിച്ച സംഭവത്തിൽ പോലീസിന്റെ പ്രതികരണമാണിത്. കളക്ടറെ കൊല്ലാൻ ശ്രമിച്ചതാണ്. 18.9.2012-ലെ മലയാള മനോരമ പത്രത്തിലെ വാർത്ത ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി മനസ്സിലാക്കണം. 'ഇങ്ങനെ പോയാൽ, നോക്കൂ എത്ര മോഷണങ്ങൾ' എന്നാണ് പറഞ്ഞിരിക്കുന്നത്. '15 പവനും 12,000 രൂപയും' - ഒരു തലക്കെട്ട്, '10 പവൻ പോയി' - രണ്ടാമത്തെ തലക്കെട്ട്, 'ക്ഷേത്രത്തിൽ 3 പവൻ' - മൂന്നാമത്തെ തലക്കെട്ട്. 'ആടിനെ അടിച്ചുമാറ്റി' - നാലാമത്തെ തലക്കെട്ട്, 'കോഴിക്കും രക്ഷയില്ല' - അഞ്ചാമത്തെ തലക്കെട്ട്. അങ്ങ് ബെസ്റ്റ് മിനിസ്റ്റർ അവാർഡിന് തികച്ചും അർഹൻ തന്നെയാണ്, അതിൽ ഒരു സംശയവുമില്ല. ഏഷ്യാനെറ്റ് ചാനലിന്റെ ബെസ്റ്റ് മിനിസ്റ്റർ അവാർഡ് കിട്ടുന്നതിന് ഇവന്റ് മാനേജ്മെന്റിനെ വച്ച് എസ്.എം.എസ്. അയപ്പിക്കാൻ മത്സരിക്കുകയാണ് ഷോർട്ട് ലിസ്റ്റിൽ വന്ന നമ്മുടെ മന്ത്രിമാർ. രാഷ്ട്രീയ പ്രതിയോഗികൾക്കുനേരെ കള്ളക്കേസ് എടുപ്പിക്കാൻ വേണ്ടി ഇതുപോലെ പ്രവർത്തിച്ച, ശുഷ്ക്കാന്തി കാണിച്ച ഒരു ആഭ്യന്തര വകുപ്പുമന്ത്രി കേരളത്തിലുണ്ടായിട്ടില്ല.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : അങ്ങ് അനുവദിച്ചാൽ ഞാൻ മറുപടി പറയാം.

ശ്രീ. എളമരം കരീം :സർ, മറുപടി പറയാൻ മന്ത്രിമാർക്ക് സമയമുണ്ട്. ഇവിടെ ശ്രീ. പി. സി. വിഷ്ണുനാഥ് വളരെ ആവേശപൂർവ്വം സംസാരിച്ച ഒരു കേസ് ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഒരു ദല്ലാൾ നന്ദകുമാറിനെക്കുറിച്ച് വളരെ ഉജ്ജ്വലമായ പ്രഭാഷണം നടത്തിയില്ലേ?. സ്വന്തം മന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ കേൾക്കട്ടേയെന്ന് വിചാരിച്ചായിരിക്കും ശ്രീ. പി. സി. വിഷ്ണുനാഥ് ഇത്രയും ശക്തിയായി പറഞ്ഞിട്ടുണ്ടാവുക. ഈ ദല്ലാൾ നന്ദകുമാർ 100 കോടി രൂപയോളം വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദിച്ചുവെന്ന പരാതിയുടെ അടിസ്ഥാനത്തിൽ 2012 ഫെബ്രുവരി 22-ന് സി.ബി.ഐ. അന്വേഷണത്തിന് നിങ്ങൾ ഉത്തരവിറക്കിയപ്പോൾ ആ ഉത്തരവിനെ ചോദ്യം ചെയ്തുകൊണ്ട് നന്ദകുമാർ ഹൈക്കോടതിയിൽ പോയി. ഹൈക്കോടതിയിൽ ആ വിജ്ഞാപനം ഹാജരാക്കാൻ കോൺഗ്രസുകാരനായ ഡി.ജി.പി. ആസിഫ് അലി സന്നദ്ധനായില്ല. അദ്ദേഹം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അടുത്ത സുഹൃത്താണ്. പ്രസ്തുത ഉത്തരവ് ഡൽഹി സി.ബി.ഐ. ആസ്ഥാനത്തേയ്ക്ക് അയച്ചുകൊടുത്തിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു. എന്നിട്ടും ഹൈക്കോടതി സ്റ്റേ അനുവദിച്ചില്ല. നന്ദകുമാർ പിന്നീട് സുപ്രീം കോടതിയിൽ പോയി. സുപ്രീംകോടതിയിൽ കേരള ഗവൺമെന്റിനുവേണ്ടി ഒരു വക്കീൽ ഹാജരായില്ല. ഈ നോട്ടിഫിക്കേഷൻ കോടതിയിൽ ഹാജരാക്കിയതുമില്ല. താൽക്കാലികമായ സ്റ്റേ വാങ്ങി നന്ദകുമാർ രക്ഷപ്പെട്ടു. ഈ കേസിനെ സംബന്ധിച്ച് ശ്രീ. പി. സി. വിഷ്ണുനാഥ് ഒരക്ഷരം പറഞ്ഞില്ല. ആരുടെ

ഏജന്റാണ് നന്ദകുമാർ എന്ന് ഈ സംഭവത്തിൽ നിന്നും വ്യക്തമല്ലേ; എന്തിനാണ് ഇങ്ങോട്ട് തിരിച്ചുപിടിക്കുന്നത്? ഇവിടെ നിരവധി കേസുകളുണ്ടായി. ഇടുക്കി ജില്ലയിലെ ഒരു റിമോട്ട് വില്ലേജിൽ ശ്രീ. എം.എം. മണി നടത്തിയ ഒരു പ്രസംഗത്തിന്റെ പേരിൽ ഒരുപാട് ഒച്ചപ്പാടും പ്രശ്നങ്ങളുമൊക്കെയുണ്ടായി. പ്രസംഗത്തെക്കുറിച്ച് സി.പി.ഐ.(എം)-ന്റെ നിലപാട്, എൽ.ഡി.എഫ്.-ന്റെ നിലപാടൊക്കെ ഞങ്ങൾ പറഞ്ഞിട്ടുണ്ട്, അതിന് ഞങ്ങൾക്ക് യാതൊരു വ്യത്യാസവുമില്ല, മറച്ചുവയ്ക്കാനുമില്ല. പക്ഷേ ആ പ്രശ്നം സംബന്ധിച്ച് കേസ് എടുത്തുകൊണ്ട് അത് കൈകാര്യം ചെയ്ത രീതിയെക്കുറിച്ച് നിങ്ങൾ സാവകാശം  ആലോചിക്കണം. 35 വർഷങ്ങൾക്കുമുമ്പ് തീർപ്പുകൽപ്പിച്ച, കോടതി പരിശോധിച്ച് അവസാനിപ്പിച്ച ഒരു കേസിൽ പ്രതിയായിരുന്ന മോഹൻദാസ് അന്ന് സി.പി.എം. പ്രവർത്തകനായിരുന്നു. കുറച്ചുകൊല്ലങ്ങൾക്കുശേഷം അദ്ദേഹം സി.പി.ഐ.(എം) വിട്ട് ബി.ജെ.പി.-യിലായി.  സി.പി.ഐ(എം.)-ൽ നിന്നും വിട്ട് ബി.ജെ.പി. -യിലേയ്ക്കുപോയ ഒരാൾക്ക് സി.പി.എം-നോട് എന്തായിരിക്കും വികാരം? അങ്ങനെയുള്ള ഒരു ബി.ജെ.പി.-ക്കാരൻ നൽകിയ മൊഴിയെ അടിസ്ഥാനപ്പെടുത്തി എം.എം. മണി, ഒ.ജി. മദനൻ, കുട്ടൻ എന്നിവരുടെ പേരിൽ ക്രിമിനൽ കേസ് ചാർജ് ചെയ്തു.  പുലർച്ചെയാണ് എം.എം. മണിയെ അറസ്റ്റ് ചെയ്ത് നിങ്ങൾ ലോക്കപ്പിൽ അടച്ചത്. രാജ്യദ്രോഹികളെ അറസ്റ്റ് ചെയ്യുന്ന രീതിയിലല്ലേ എം.എം. മണിയെ അറസ്റ്റ് ചെയ്യാൻ പോയത്? സി.പി.ഐ.(എം)-ന്റെ ഉന്നതനായ ഒരു നേതാവ് രാജ്യം വിട്ടു

പോകാൻ സാധ്യതയുണ്ടായിരുന്നോ? മൂന്നര മണിമുതൽ ഓപ്പറേഷൻ റിങ്ടോൺ എന്ന പേരിൽ നിങ്ങൾ അവിടെ നടത്തിയ ഓപ്പറേഷൻ ഒരു രാഷ്ട്രീയ നേതാവിന് നേരെ പ്രയോഗിക്കുന്നത് മര്യാദയായിരുന്നോ? അതിന്റെ ആപത്ത് പി.സി. ജോർജിന് മനസ്സിലായി. ഇത്രയും ജനപിന്തുണ യുള നേതാക്കന്മാരുടെ പേരിൽ ഇങ്ങനെ നടപടിയെടുത്തത് യു.ഡി.എ ഫ്.-ന് ഗുണം ചെയ്യില്ലായെന്ന് ശ്രീ. പി.സി. ജോർജ് അന്ന് പറഞ്ഞത് ഞാൻ ഓർക്കുകയാണ്. എന്തിനുവേണ്ടിയായിരുന്നു ഈ പരിശ്രമം? അങ്ങനെയാണെങ്കിൽ ഇതുവരെ തീർപ്പുകൽപ്പിച്ച മുഴുവൻ കേസുകളി ലേയും പ്രതികളോ സാക്ഷികളോ ആയിരുന്ന ആളുകൾ വീണ്ടും ഒരു മൊഴി കൊടുത്താൽ നിങ്ങൾ ആ കേസുകൾ പുനരന്വേഷിക്കുമോ? അങ്ങ നെയെങ്കിൽ എത്ര കേസുകൾ പുനരന്വേഷിക്കേണ്ടിവരും? ഇവിടെ അന്വേ ഷണം നടത്താനും മേൽനോട്ടം വഹിക്കാനും ലോകാവസാനം വരെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ആ സീറ്റിലിരിക്കുമെന്ന് നിങ്ങൾ കരുതു ന്നുണ്ടോ? സീറ്റുകളിൽ നിന്നും മാറിയാൽ, ഇതേ അന്വേഷണത്തിന് ഉത്ത രവിടാനും അന്വേഷണത്തിന് മേൽനോട്ടം വഹിക്കുവാനും മറ്റാരെങ്കിലും വന്നാൽ എന്തായിരിക്കും നിങ്ങളുടെ പ്രതികരണം? കേരളത്തെ തമിഴ്നാട് പോലെയാക്കരുത്. അവിടെ ഒരു മുഖ്യമന്ത്രി വന്നാൽ മറ്റൊരു മുഖ്യമന്ത്രി ജയിലിലാണ്. ഈ അവസ്ഥയിലേയ്ക്ക് കേരളത്തെ കൊണ്ടുപോകാൻ എന്തിനാണ് തിരുവഞ്ചൂർ രാധാകൃഷ്ണൻ എന്ന ആഭ്യന്തര വകുപ്പുമന്ത്രി ശ്രമിച്ചത്? സ്വന്തം പാർട്ടിയിൽ, നേതൃത്വത്തെയും ഇഷ്ടമില്ലാത്തവരെയും

കുതികാൽവെട്ടി പരിചയമുള്ള രാഷ്ട്രീയ പ്രവർത്തകന്മാർക്കേ ഇങ്ങനെ കുടുസ്സായും സങ്കുചിതമായും ചിന്തിക്കാൻ കഴിയുകയുള്ളൂ. കെ. കരുണാകരന്റെ കാല് വാരാൻ ചാരക്കേസ് ചമച്ചുണ്ടാക്കിയ നാടാണിത്. നമ്പി നാരായണൻ  എന്ന ശാസ്ത്രജ്ഞന്റെ പേരിലുള്ള കേസ് എന്തായി? ആ കേസ് വന്നില്ലായിരുന്നുവെങ്കിൽ ഇന്ത്യയ്ക്ക് ക്രയോജനിക് സാങ്കേതിക വിദ്യ സ്വന്തമായി കിട്ടുമായിരുന്നുവെന്ന് ശ്രീ. ജി. മാധവൻ നായർ പറഞ്ഞു. ആർക്ക് വേണ്ടിയായിരുന്നു ആ കേസ്?  രണ്ടു ലക്ഷ്യമായിരുന്നു. ഒന്ന്, ഏതോ വിദേശ ശക്തികൾക്കുവേണ്ടി ഈ രാഷ്ട്രത്തിന്റെ സ്വയം പര്യാപ്തതയെ തകർക്കുക. രണ്ട്, രാഷ്ട്രീയ പ്രതിയോഗിയായ കെ. കരുണാകരനെ ശരിപ്പെടുത്തുക. ഇതുപോലെ നിരവധി സംഭവങ്ങളിൽ പ്രതിയോഗികളെ വീഴ്ത്താൻ ഒളിയമ്പെയ്ത് ശീലമുള്ള ആളുകൾക്കു മാത്രമേ ഇങ്ങനെ പ്രവർത്തിക്കാൻ സാധിക്കൂ. ഷൂക്കൂർ വധക്കേസിന്റെ പ്രശ്നം എങ്ങനെയാണ്? ശ്രീ. പി ജയരാജനെ അറസ്റ്റ് ചെയ്യണമെന്ന് മുൻകൂട്ടി നിങ്ങൾ തീരുമാനിച്ചു. എന്നിട്ട് അതിന് കള്ളസാക്ഷികളെ ഉണ്ടാക്കി. രണ്ട് കോളേജ് പ്യൂണുകളെയാണ് സാക്ഷികളായി എടുത്തത്. സർ സെയ്ദ് ഹൈസ്ക്കൂളിലെ പ്യൂൺ കപ്പാലത്തെ പഴയപുരയിൽ അബു ആണ് മൊഴി കൊടുത്തത്. മറ്റൊന്ന്, കെ.ഇ. സാഹിബ് കോളേജ് പ്യൂൺ അള്ളാംകുളം കോട്ടയ്ക്കകത്ത്  പുതിയപുരയിൽ മുഹമ്മദ് സാബീർ. ഈ രണ്ടുപേരുടെ മൊഴിയെ അടിസ്ഥാനപ്പെടുത്തിയാണ് കേസ് എടുത്തത്. ഫെബ്രുവരി 20 -ന് തളിപ്പറമ്പ് സഹകരണ ആശുപത്രിയിലെ 315-ാം നമ്പർ മുറിയുടെ

പുറത്ത് പകുതി ചാരിയിട്ട മുറിയിൽ സി.പി.ഐ.(എം.)-ന്റെ അരിയിൽ ലോക്കൽ കമ്മിറ്റി സെക്രട്ടറി യു.വി. വേണു, ഷുക്കൂറിനെ വധിക്കാൻ നിർദ്ദേശം നൽകുന്നത് കേട്ടുവെന്നാണ് ഇവരുടെ മൊഴി. ഇയാൾ കേട്ടതു പോലെ പരിക്കുപറ്റി ചികിത്സയിൽ കഴിയുന്ന ശ്രീ. പി. ജയരാജനും ശ്രീ. റ്റി.വി.. രാജേഷ് എം.എൽ.എ.-യും കേട്ടിട്ടുണ്ടാകണമെന്നാണ് ഈ കേസിന് ആസ്പദമായി പോലീസ് കെട്ടിച്ചമച്ചത്. അങ്ങനെയാണെങ്കിൽ ഈ വിവരം കേട്ട രണ്ട് സാക്ഷികൾ പോലീസിന് വിവരം കൊടു ക്കുകയോ ലീഗ് നേതാക്കന്മാരെ അറിയിക്കുകയോ ചെയ്തോ? അതറിയി ക്കാത്തത് തെറ്റാണെന്ന രീതിയിൽ ശ്രീ. പി. ജയരാജനെ അറസ്റ്റ് ചെയ്ത തുപോലെ ഈ രണ്ടുപേരെ നിങ്ങൾ എന്തുകൊണ്ട് അറസ്റ്റ് ചെയ്തില്ല; എന്തുകൊണ്ട് കേസ് എടുത്തില്ല? ശ്രീ. പി. ജയരാജൻ സി.പി.ഐ(എം.) -ന്റെ കണ്ണൂർ ജില്ലാ സെക്രട്ടറിയല്ലേ; നാടകീയമായി അറസ്റ്റ് ചെയ്യണമായി രുന്നോ? ചോദ്യം ചെയ്യാൻ വിളിച്ചുകൊണ്ടുവന്ന് സ്റ്റേഷനിൽ വച്ച് കസ്റ്റ ഡിയിലെടുക്കണോ? സമൻസ് കൊടുത്താൽ കോടതിയിൽ വരില്ലേ? നിയമം നിയമത്തിന്റെ വഴിയിൽ പോകുമെന്നാണ് എപ്പോഴും ആഭ്യന്തര വകുപ്പുമന്ത്രി പറയുന്നത്. ശ്രീ. കെ. സുധാകരന്റെ കാര്യത്തിൽ നിയമം എവിടെപ്പോയി? ശ്രീ. കെ. സുധാകരന് മുമ്പിൽ നിങ്ങൾ കീഴടങ്ങിയില്ലേ; വളപട്ടണം പോലീസ് സ്റ്റേഷനിലെ എസ്.ഐ.-യെ നിങ്ങൾക്ക് മാറ്റേണ്ടിവ ന്നില്ലേ; അവിടെ നിയമം എവിടെ? പ്രകാശ് ബാബുവിന്റെ വെളിപ്പെടു ത്തലിന്റെ അടിസ്ഥാനത്തിൽ കേസെടുത്തോ; ശ്രീ. കെ. സുധാകരൻ

വെല്ലുവിളിച്ചു നടക്കുകയല്ലേ? ശ്രീ. കെ. സുധാകരന്റെ ഗൺമാൻ കെ.എസ്.ആർ.ടി.സി. ബസിൽ വച്ച് ഒരാളെ പിടിച്ചിറക്കി അടിച്ചുകൊന്നു. അപ്പോൾ ശ്രീ. കെ. സുധാകരന് എന്തും പറയാം, അതിന് കേസില്ല. ഈ നാട്ടിൽ രണ്ട് നീതിയാണ്. പ്രതിപക്ഷ നേതാവിനെ അപകീർത്തിപ്പെടുത്താൻ ഭൂമിദാനം സംബന്ധിച്ച് കേസെടുത്ത് അതിന്റെ പേരിൽ പ്രസംഗിച്ചുനടക്കുന്നു. വിൽപ്പനാവകാശം സംബന്ധിച്ച സർക്കാർ ഉത്തരവ് ഈ സഭയിൽ ഹാജരാക്കാൻ നിങ്ങളെ വെല്ലുവിളിക്കുകയാണ്. അങ്ങനെയാരുത്തരവ് എൽ.ഡി.എഫ്. ഗവൺമെന്റ് ഇറക്കിയിട്ടുണ്ടോ? എന്തിന്റെ പേരിലാണ് കേസ്? രണ്ട് നീതിയാണ് നിങ്ങൾ കാണിക്കുന്നത്. ഞങ്ങൾക്ക് ഒരു നീതി, ഭരണപക്ഷത്തിന് മറ്റൊരു നീതി. ഇത് എത്രകാലം മുന്നോട്ടുപോകും? തിരുവനന്തപുരം പ്രാന്തപ്രദേശങ്ങളിൽ ഇപ്പോൾ ഒരു ബ്ലാക്ക്മാൻ ഇറങ്ങിയിട്ടുണ്ടെന്ന് കേട്ടു, അത് അങ്ങാവാതിരിക്കട്ടേയെന്ന് ഞാൻ പ്രാർത്ഥിക്കുകയാണ്. ജനങ്ങൾ ഭയപ്പാടോടുകൂടി കഴിയുകയാണ്. ഈ നിലയിലേയ്ക്ക് കേരളത്തെ കൊണ്ടുപോകരുത്. അതുകൊണ്ട് ഈ സർക്കാരിന്റെ ഉപധനാഭ്യർത്ഥനയെ ഞാൻ ശക്തിയായി എതിർക്കുന്നു.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ചുരുങ്ങിയ കാലഘട്ടത്തിനുള്ളിൽ കേരളത്തിലെ മഹാഭൂരിപക്ഷം വരുന്ന ജനങ്ങളുടെ ജീവൽപ്രശ്നങ്ങളോട് അങ്ങേയറ്റം നിഷേധാത്മക നിലപാട് സ്വീകരിച്ച സർക്കാരാണ് ഇത്. കാർഷിക മേഖലയെക്കുറിച്ച് ഇവിടെ നടന്ന ചർച്ചയിൽ നിന്നും ഉരുത്തിരിഞ്ഞു വന്നത്

കാർഷികമേഖല തകർന്നു എന്നാണ്. അങ്ങനെ കാർഷികമേഖല തകർന്നതുകൊണ്ട് കഷ്ടപ്പെടുന്ന ജനങ്ങൾ എത്ര പേരാണ് എന്ന് അറിയാത്തവരല്ല ഇവിടെയുള്ളത്. മലയോരമേഖലയെ സംരക്ഷിക്കുന്നതിനുവേണ്ടിയാണ് അട്ടപ്പാടി പാക്കേജും ഇടുക്കി പാക്കേജും വയനാട് പാക്കേജും പ്രഖ്യാപിച്ചത്. കുട്ടനാട് പാക്കേജിന്റെ അതേ ദുരന്തമല്ലേ ഈ മൂന്ന് പാക്കേജുകൾക്കും സംഭവിച്ചുകൊണ്ടിരിക്കുന്നത്. നാളികേരത്തെക്കുറിച്ച് ഇവിടെ സബ്മിഷൻ ഉന്നയിച്ചു. കഴിഞ്ഞ ദിവസത്തെ ചർച്ചയിൽ നാളികേരം സംഭരിക്കുന്നതിന് ഇനിയും സംവിധാനമില്ലാത്തതുകൊണ്ട് കേരകർഷകർ ദുരിതമനുഭവിക്കുകയാണെന്ന് കണ്ടെത്തിയത് ഈ സഭതന്നെയല്ലേ. അപ്പോൾ ഏതു വിഭാഗം ജനങ്ങളെയാണ് ഈ സർക്കാർ സംരക്ഷിച്ചിട്ടുള്ളത്. തീവിലയാണ് ഇവിടെയുള്ളതെന്ന് എല്ലാവരും പറയുകയും അത് ഈ സഭ അംഗീകരിക്കുകയും ചെയ്തതാണ്. ഈ സർക്കാരിന്റെ കീഴിൽ ജനങ്ങൾ തീവിലയ്ക്ക് വിധേയമായികൊണ്ടിരിക്കുന്നു എന്ന് ഈ സഭ അംഗീകരിച്ചാൽ അതിനർത്ഥം സംസ്ഥാനത്തെ മഹാഭൂരിപക്ഷം ജനങ്ങളും ദുരിതക്കയത്തിലാണ് എന്നുതന്നെയല്ലേ. ശ്രീ. പി.സി. വിഷ്ണുനാഥ് സംസാരിച്ചപ്പോൾ ഒരു കാര്യം സൂചിപ്പിക്കുകയുണ്ടായി. എനിക്കത് വലിയ അത്ഭുതത്തിനിടയാക്കി. എൽ.ഡി.എഫിനെ അദ്ദേഹം വിമർശിച്ചത് നിങ്ങൾ നെയ്യാർ ഡാമിലെ വെള്ളം തമിഴ്നാടിന് കൊടുത്തില്ലേ എന്നു പറഞ്ഞുകൊണ്ടാണ്. കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. രമേശ് ചെന്നിത്തല ഇവിടെ ഇരിപ്പുണ്ട്. അതൊരു തെറ്റാണെങ്കിൽ പാർട്ടിയുടെ

നയം അതാണോ എന്ന്  അദ്ദേഹം വ്യക്തമാക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു.  അങ്ങനെ വെള്ളം കൊടുത്ത നിലപാട് തെറ്റാണ്, അത് ഒരു സംസ്ഥാനം മറ്റൊരു സംസ്ഥാനത്തോട് കാണിക്കാൻ പാടില്ലാത്ത നിലപാടാണെന്നും  രണ്ട് സംസ്ഥാനങ്ങൾ തമ്മിലുള്ള സംഘർഷം വർദ്ധിപ്പിക്കുന്ന വിധത്തിലാണ് പ്രവർത്തിക്കേണ്ടിയിരുന്നത് എന്നുമാണെങ്കിൽ അത് ആ പാർട്ടിയുടെ നയമാണോ എന്ന് വ്യക്തമാക്കേണ്ടത് ശ്രീ. രമേശ് ചെന്നിത്തലയാണെന്ന്   ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അദ്ദേഹം അതിന് മറുപടി പറയുമെന്ന് ഞാൻ കരുതുന്നു. പിടിപ്പുകേടിന്റെ പര്യായമാണ് ഈ സർക്കാർ എന്ന് നേരത്തെ സംസാരിച്ചിരുന്നവർ ഇവിടെ ചൂണ്ടിക്കാണിച്ചു. ജനകീയനായ മുഖ്യമന്ത്രി എന്ന് നിങ്ങളെല്ലാവരും പറയുന്ന ശ്രീ. ഉമ്മൻ ചാണ്ടി ഈ ബെസ്റ്റ് മിനിസ്റ്റർ പരിപാടിയുടെ ഒന്നാമത്തെ പേരിൽ ഇനിയും വന്നിട്ടില്ല. അത് നിങ്ങൾ ശ്രദ്ധിച്ചോ എന്നറിയില്ല. എന്തുകൊണ്ട് എൻട്രിയിൽ വന്നില്ല?

ശ്രീ. ബെന്നി ബെഹനാൻ:  അത് ഉമ്മൻചാണ്ടി മന്ത്രിസഭയിലെ മികച്ച മന്ത്രിയെ കണ്ടെത്തുന്ന ടിവി പ്രോഗ്രാമാണ്.

ശ്രീ. എ. കെ. ശശീന്ദ്രൻ:  ഞാൻ തെറ്റിദ്ധരിച്ചതാണെങ്കിൽ തിരുത്താം. അത് ശ്രീ. ബെന്നി ബെഹനാൻ അല്ല ആര് ചൂണ്ടിക്കാണിച്ചാലും തിരുത്താൻ എനിക്ക് മടിയില്ല. പക്ഷേ അവിടെ മന്ത്രിമാരുടെ എണ്ണമെടുത്തപ്പോൾ എങ്ങനെയാണ് ബെസ്റ്റ് മിനിസ്റ്ററാകുന്നത് എന്നതിന്റെ ഉദാഹരണം ഇവിടെ ചൂണ്ടിക്കാണിച്ചല്ലോ. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനോട്

എനിക്ക് അപേക്ഷിക്കാനുള്ളത്, അങ്ങ് ഇത്ര പക്ഷപാതിയാകരുത്, സുധാകരനെ അങ്ങേയ്ക്ക് ഭയമുണ്ടാകും. പക്ഷേ അദ്ദേഹത്തോടും ന്യായമായ നിലയിൽ മാത്രമേ പ്രവർത്തിക്കുകയുള്ളൂ എന്ന് ഉറപ്പു വരുത്തുന്നതിലൂടെ മാത്രമേ അങ്ങ് ന്യായം നോക്കുന്ന മന്ത്രിയാണെന്ന് ജനങ്ങളെ ബോധ്യപ്പെടുത്താനാവുകയുള്ളൂ. അതിന് കഴിയാത്ത അങ്ങ് എത്ര തന്നെ വാദിച്ചാലും നീതിയും ന്യായവും നോക്കി ഭരണം നടത്തുന്ന മന്ത്രിയാണെന്ന് അംഗീകരിക്കാൻ കേരളത്തിലെ ജനങ്ങൾക്ക് കഴിയില്ല. അങ്ങയുടെ പരിമിതി എനിക്ക് മനസ്സിലാക്കാൻ സാധിക്കും. ചുരുങ്ങിയ കാലഘട്ടത്തിനിടയിൽ കേരളത്തിലെ മൂന്നേകാൽ കോടി ജനങ്ങളുടെ ജീവൽപ്രശ്നങ്ങൾക്ക് ഒരു പരിഹാരവും കാണാതെ, പദ്ധതിപ്രഖ്യാപനങ്ങളിലും പ്രസ്താവനകളിലും മാത്രമായി ഒതുങ്ങുന്ന ഒരു ഗവൺമെന്റിന്റെ ഉപധനാഭ്യർത്ഥനകളെ അംഗീകരിക്കാൻ നിർവ്വാഹമില്ലാത്തതുകൊണ്ട് ഞാൻ എതിർക്കുന്നു.

ശ്രീ. മാത്യൂ ടി. തോമസ്: സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ഈ ഗവൺമെന്റ് ഭരണ നിർവ്വഹണത്തിൽ ഇത്രമാത്രം പക്ഷപാതിത്വം കാണിക്കുന്നു എന്നതിന്റെ തെളിവിന് വേറെ ഒരിടത്തും അന്വേഷിച്ചു പോകേണ്ടതില്ല. ഈ സപ്ലിമെന്ററി ഡിമാന്റുകളുടെ പത്താം പേജിൽ ഡിമാന്റ് നമ്പർ 18-ൽ ആരോഗ്യ വകുപ്പ് ഏതൊക്കെ ആവശ്യത്തിനുവേണ്ടിയാണ് സപ്ലിമെന്ററി ഡിമാന്റ് ചോദിക്കുന്നത് എന്ന് നാല് ഐറ്റത്തിൽ കാണുന്നു. നെടുമങ്ങാട്, പാല എന്നീ രണ്ട് നിയോജകമണ്ഡലങ്ങ

ളിലെ ഇ.എസ്.ഐ. ഡിസ്പെൻസറികൾക്ക് എട്ട് പോസ്റ്റുകൾ വീതം, ഇത് രണ്ടും ഭരണകക്ഷി എം.എൽ.എ.മാരുടെ മണ്ഡലങ്ങളാണ്. കേരളത്തിലെ ആശുപത്രികളിൽ ഡോക്ടർമാരില്ല, നേഴ്സുമാരില്ല എന്ന പരാതി വ്യാപക മായിട്ടുണ്ട്. പക്ഷേ ഇവിടെ കാണുന്നത് ഒറ്റയടിക്ക് 28/5/2012-ൽ 21 ഡോക്ടർമാരുടെ തസ്തിക പാലാ ആശുപത്രിയിൽ ക്രിയേറ്റ് ചെയ്തി രിക്കുന്നു. 21 ഡോക്ടർമാരുടെ മാത്രമല്ല 45 നേഴ്സുമാരുടെ തസ്തികയും ഒരൊറ്റ ഗവൺമെന്റ് ഉത്തരവിലൂടെ ധനകാര്യ വകുപ്പുമന്ത്രിയുടെ മണ്ഡല ത്തിലെ പാലാ ആശുപത്രിയിൽ സൃഷ്ടിച്ചതിന്റെ ഉപധനാഭ്യർത്ഥനയാണ് പാസ്സാക്കികൊടുക്കാൻ പറയുന്നത്. കോടിക്കണക്കിന് അയ്യപ്പഭക്തൻമാരെ ത്തുന്ന നിലയ്ക്കൽ പി.എച്ച്.സി. ശ്രീ. രാജു എബ്രഹാമിന്റെ മണ്ഡലത്തി ലായി പോയതിനാൽ അവിടെ ഡോക്ടർമാരില്ല, 9 പുതിയ പോസ്റ്റുകൾ അനുവദിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ മണ്ഡലത്തിലെ പാമ്പാടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ 55 പുതിയ തസ്തികകൾ സൃഷ്ടിച്ചി രിക്കുന്നു. മുഴുവൻ തസ്തികകളും സൃഷ്ടിച്ചിരിക്കുന്ന പാലായിലും പുതുപ്പള്ളിയിലും മാത്രമാണോ രോഗികൾ ഉള്ളത്. കേരളത്തിന്റെ ധനകാ ര്യവകുപ്പു മന്ത്രി പാലായുടെ ധനകാര്യവകുപ്പു മന്ത്രിയാണോ; കേരള ത്തിന്റെ മുഖ്യമന്ത്രി പുതുപ്പള്ളിയുടെ മുഖ്യമന്ത്രിയാണോ? ഭരണ നിർവ്വഹ ണത്തിൽ ഇത്രമാത്രം പക്ഷപാതിത്വം പാടുണ്ടോ? അവിടം കൊണ്ടും തീരു ന്നില്ല ഹരിപ്പാട് നിയോജക മണ്ഡലത്തിൽ കഴിഞ്ഞ ഒന്നര കൊല്ലത്തിനിട യിൽ നടന്ന വികസന പ്രവർത്തനങ്ങൾ വേറെ ഏതെങ്കിലും മണ്ഡല

ത്തിൽ നടന്നിട്ടുണ്ടോ? ഭരണ നിർവ്വഹണത്തിൽ പക്ഷപാതിത്വം കാണിക്കുന്നത് സത്യപ്രതിജ്ഞാ ലംഘനമാണെന്നുള്ള തിരിച്ചറിവോടുകൂടി വേണം മന്ത്രിമാർ പ്രവർത്തിക്കേണ്ടത്. ഫ്ളഡിന്റെ, എൻ.സി.ആർ.എഫ്.ന്റെ ഫണ്ട് ഭരണകക്ഷിയിൽപ്പെട്ട മന്ത്രിമാരടക്കമുള്ള മണ്ഡലങ്ങളിൽ നാല് കോടി രൂപ, പ്രതിപക്ഷത്തെ എം.എൽ.എ.മാരുടെ മണ്ഡലങ്ങളിൽ 10 ലക്ഷം രൂപ. ഇത്രമാത്രം നീചമായ പക്ഷപാതിത്വം ഒരു കാലഘട്ടത്തിലും കേരള സംസ്ഥാനത്ത് ഉണ്ടായിട്ടില്ല. നിർമ്മാണ പ്രവർത്തനങ്ങളിലും ഇതുതന്നെയാണ് നടത്തികൊണ്ടിരിക്കുന്നത്. രാഷ്ട്രീയ വൈരനിര്യാതന ബുദ്ധിയോടുകൂടി ഈ ഗവൺമെന്റ് പ്രവർത്തിക്കുന്നതുപോലെ മറ്റൊരു ഗവൺമെന്റും ഒരു കാലഘട്ടത്തിലും പ്രവർത്തിച്ചിട്ടില്ല. ശ്രീ. എളമരം കരീം പറഞ്ഞതുകൊണ്ട് ഞാൻ അതിലേയ്ക്ക് വിശദമായി പോകുന്നില്ല. കേരളത്തിന്റെ ആഭ്യന്തര മന്ത്രി ഇന്ന് സൃഷ്ടി, സംഹാര രൂപമായി നിൽക്കുകയാണ്. പ്രതിപക്ഷ നേതാക്കൻമാർക്കെതിരെ കള്ളക്കേസുകൾ സൃഷ്ടിച്ചെടുക്കുകയും ഭരണപക്ഷത്തുള്ളവർക്കെതിരെയുണ്ടായിരുന്ന കേസ്സുകൾ സംഹരിക്കുകയും ചെയ്യുന്ന ഒരു രൂപത്തിലാണ് ആഭ്യന്തര മന്ത്രി ഇന്ന് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. രണ്ടു തരത്തിലുള്ള നീതി, അതിന്റെ വിശദാംശങ്ങൾ നേരത്തെ ഇവിടെ പറഞ്ഞതുകൊണ്ട് ഞാൻ അതിലേയ്ക്ക് പോകുന്നില്ല. ക്രമസമാധാനം ഇത്രമാത്രം തകർന്ന ഒരു കാലഘട്ടം ഈ സംസ്ഥാനത്തുണ്ടായിട്ടുണ്ടോ? പൗരൻമാർക്ക് ഇന്ന് സ്വൈരജീവിതമുണ്ടോ? മണ്ണ്, മണൽ മാഫിയകൾ കേരളത്തിലെ എല്ലാ

മേഖലകളിലും, കണ്ണൂരിൽ മാത്രമല്ല മറ്റു പല സ്ഥലങ്ങളിലും അഴിഞ്ഞാട്ടം നടത്തികൊണ്ടിരിക്കുകയാണ്. എന്റെ നിയോജക മണ്ഡല ത്തിലെ കീഴ്വായ്പ്പൂർ പോലീസ് സ്റ്റേഷനിൽ മണ്ണ്, മണൽ ലോബി കൾക്കെതിരെ ശക്തമായ നിലപാട് സ്വീകരിച്ച ഒരു എസ്.ഐ.യുണ്ടായിരു ന്നു. ഒരു എസ്.ഐ. കല്പാന്തകാലത്തോളം ഒരു സ്റ്റേഷനിലിരിക്കണ മെന്ന് ഞാൻ പറയുന്നില്ല. പക്ഷേ ആ എസ്.ഐ. ഇരുന്നുകഴിഞ്ഞാൽ മണ്ണ്, മണൽ ലോബികളുടെ താല്പര്യങ്ങൾ സംരക്ഷിക്കപ്പെടുന്നില്ല എന്ന തുകൊണ്ട് അദ്ദേഹത്തെ മാറ്റി. ആരുടെ ശുപാർശ പ്രകാരമാണ് മാറ്റിയത്? ഇക്കാര്യം ഞാൻ നിയമസഭയിൽ ഉന്നയിച്ചു. പരിശോധിക്കുമെന്ന് മന്ത്രി പറഞ്ഞു, പക്ഷേ പരിശോധിച്ചില്ല. ആ എസ്.ഐ. പോയാൽ എല്ലാം അപ കടത്തിലാകുമെന്ന് പറയുന്നില്ല. പക്ഷേ പോയികഴിഞ്ഞ് ഒരാഴ്ചയ്ക്കു ള്ളിൽ അവിടെ ഒരു ക്ഷേത്രത്തിനുള്ളിൽ കയറി ഒരു അമ്പലവാസിയെ കൊലപ്പെടുത്തി. അത് പരിശോധിക്കാമെന്ന് അന്നും മന്ത്രി പറഞ്ഞു, പരി ശോധിച്ചില്ല. മല്ലപ്പള്ളിയിലെ പോലീസ് എയ്ഡ്പോസ്റ്റ് ഈ ലോബികൾ തകർത്തപ്പോൾ അതിന്റെ പേരിൽ ഒരു കേസ്സെടുക്കാൻ പോലും പോലീസ് തയ്യാറായിട്ടില്ല. പോലീസിന്റെ എയിഡ്പോസ്റ്റ് തകർത്താൽ കേസ്സെടുക്കാത്ത പോലീസ് കേരളത്തിലുണ്ടായിട്ടുണ്ടോ? അവിടെയും കാര്യങ്ങൾ അവസാനിക്കുന്നില്ല. ആ പോലീസ് സ്റ്റേഷൻ അതിർത്തിയിൽ താമസിച്ചിരുന്ന വൃദ്ധദമ്പതികൾ കഴിഞ്ഞ 9-ാം തീയതി ഞായറാഴ്ച, പട്ടാപകൽ പതിനൊന്നര മണി കഴിഞ്ഞ് പള്ളിയിൽ പോയി മടങ്ങിവന്നതി

നുശേഷം ആ വീട്ടിലെ ഗൃഹനാഥയെ അന്യസംസ്ഥാനത്തൊഴിലാളികളെന്നു പറയുന്നു, കൊലപ്പെടുത്തി. ആ പോലീസ് സ്റ്റേഷൻ അതിർത്തിയിൽതന്നെ മണ്ണ്, മണൽ ലോബികൾക്ക് ഇത്രമാത്രം സൗകര്യം ചെയ്തു കൊടുത്ത ഒരു ഗവൺമെന്റില്ല. മുതിർന്ന പൗരൻമാർക്ക് വേണ്ടി കരുതൽ പദ്ധതി ഇവിടെ ഉദ്ഘാടനം ചെയ്തു. അതിന്റെ റിസൾട്ട് എന്താണ്? സംസ്ഥാനത്തെ മുതിർന്ന പൗരൻമാർ ഇന്ന് കേരളത്തിൽ താമസിക്കുവാൻ ആശങ്കപ്പെടുന്ന സ്ഥിതി സംജാതമായിരിക്കുകയാണ്. സ്ത്രീത്വത്തിനുനേരെ ഇത്രയും കടന്നാക്രമണങ്ങൾ നടന്ന ഒരു കാലമുണ്ടോ? ഇന്നത്തെ പത്രമാധ്യമങ്ങളിൽ ഒരു വാർത്ത വായിച്ചു. ന്യൂഡൽഹിയിൽ ബസ്സിനുള്ളിൽ വച്ച് ഒരു പെൺകുട്ടിയെ പല ആളുകൾ ചേർന്ന് പീഡിപ്പിച്ചു, ആ പെൺകുട്ടി ഗുരുതരാവസ്ഥയിൽ ആശുപത്രിയിലാണ്. നമ്മുടെ നാട് ലജ്ജിക്കേണ്ട കാര്യമാണ്. കേരളത്തിലെ സ്ഥിതി എന്താണ്? അച്ഛനും അമ്മയും കൂട്ടുനിന്നുകൊണ്ട് പതിനഞ്ചു വയസ്സുകാരിയെ പീഡിപ്പിച്ച കഥ നാം കേട്ടില്ലേ. ഭാരതമെന്ന പേരു കേട്ടാൽ അഭിമാനപൂരിതമാകണമെന്നും കേരളമെന്നു കേട്ടാൽ തിളയ്ക്കണം ചോര ഞരമ്പുകളിൽ എന്നൊക്കെ പറഞ്ഞയിടത്ത് കേരളമെന്നു കേട്ടാൽ ലജ്ജിക്കുന്ന തരത്തിലേയ്ക്ക് നമ്മുടെ നാടിനെ കൊണ്ടു ചെന്നെത്തിച്ച ഗവൺമെന്റാണ് ഈ ഉപധനാഭ്യർത്ഥനയുമായി വന്നിരിക്കുന്നത്. ഇത്രമാത്രം വിലക്കയറ്റം ഉണ്ടായിട്ടുള്ള കാലഘട്ടം ഉണ്ടായിട്ടുണ്ടോ? വിലക്കയറ്റം സ്വാഭാവികമായി ഉണ്ടായ പ്രതിഭാസമൊന്നുമല്ല. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ നയ

വൈകല്യങ്ങളുടെ പ്രതിഫലനമാണ് ഈ വിലക്കയറ്റം. കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന ജനവിരുദ്ധ നയങ്ങൾ കൂടുതൽ വീര്യത്തോടുകൂടി സംസ്ഥാനത്ത് നടപ്പിലാക്കികൊണ്ടിരിക്കുകയാണ്. ഒൻപത് ഗ്യാസ് സിലിണ്ടർ കൊടുക്കണമെന്ന് കേന്ദ്രത്തിലെ കോൺഗ്രസ് ഹൈക്കമാന്റ് കോൺഗ്രസ്സ് മുഖ്യമന്ത്രിമാരോട് പറഞ്ഞപ്പോൾ ഇവിടുത്തെ മുഖ്യമന്ത്രി പറഞ്ഞു. ബി.പി.എൽ. കുടുംബങ്ങൾക്കാകാം. എ.പി.എൽ.-ന് ഇല്ല. ഹൈക്കമാന്റിന്റെ നിർദ്ദേശത്തിൽ ആ വ്യവസ്ഥയില്ല. ഇപ്പോൾ പറയുന്നത് എന്താണ്? കഴിഞ്ഞ വർഷത്തെ ഉപഭോഗം പരിശോധിച്ചുകെണ്ട് അത് ചെയ്യാമെന്നാണ്. ഈ സംസ്ഥാനത്തെ അരി വിതരണം നിലച്ചു. മാവേലി സ്റ്റോറുകളിലും ത്രിവേണി സ്റ്റോറുകളിലും സാധനങ്ങളില്ല. നിത്യോപയോഗ സാധനങ്ങളുടെ വില ഇവിടെ മന:പൂർവ്വം സൃഷ്ടിച്ചതാണ്. ആ വിലക്കയറ്റം സൃഷ്ടിച്ചെടുക്കുന്ന കാര്യത്തിൽ സർക്കാരെല്ലാ സഹായവും ചെയ്തുകൊടുത്തുകൊണ്ടിരിക്കുകയാണ്. അതാണ് ഇവിടെയുള്ള സ്ഥിതി. ഏറ്റവും നല്ല മന്ത്രിക്കുവേണ്ടിയുള്ള തെരഞ്ഞെടുപ്പ് നടക്കുകയാണ്. പുറത്തിറങ്ങി നടക്കാൻ കഴിയുന്നില്ല. മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽപെട്ടവർ വന്ന് ആ ഫോണൊന്ന് തരുമോ എന്ന് ചോദിക്കുകയാണ്. ഞങ്ങളുടെയൊക്കെ ഫോണിൽ നിന്നുതന്നെ മെസ്സേജ് അയച്ചുകൊണ്ടിരിക്കുകയാണ്. ഈ മത്സരം ഒരർത്ഥവുമില്ലാത്ത മത്സരമാണ്. ഈ കാലഘട്ടത്തിൽ സംസ്ഥാനത്ത് ഭരണ നിർവ്വഹണത്തിൽ പക്ഷപാതിത്വം കാണിക്കുന്ന, ക്രമസമാധാനം തകർത്ത, വിലക്ക

യറ്റം തടയാൻ ഒരു നടപടിയും സ്വീകരിക്കാത്ത സർക്കാരിന്റെ ഉപധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഇവിടെ അവതരിപ്പിച്ച ഉപധനാഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുകയാണ്. ഈ ഗവൺമെന്റ് ഒന്നും ചെയ്തിട്ടില്ലെന്നും രാജ്യത്ത് നടക്കുന്ന എല്ലാ സംഭവവികാസങ്ങൾക്കും ക്രിമിനൽ കുറ്റങ്ങൾക്കും ഉത്തരവാദി ഈ ഗവൺമെന്റാണെന്ന മട്ടിലാണ് പലരുമിവിടെ ഘോര ഘോരമായി സംസാരിച്ചുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ ഒരു വർഷക്കാലത്തെ കേരള ഗവൺമെന്റിന്റെ പെർഫോർമൻസ് ഒരു പക്ഷേ മറ്റൊരു ഗവൺമെന്റിനും കേരള സംസ്ഥാനത്ത് ഒരു വർഷം കൊണ്ട് ചെയ്യാൻ സാധിക്കാത്ത അനേകം സുപ്രധാനമായ സംരംഭങ്ങൾക്ക് നേതൃത്വം കൊടുക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. ഇവിടെ എന്റെ സ്നേഹിതൻ ശ്രീ. എളമരം കരീം പറഞ്ഞതുപോലെ സ്മാർട്ട് സിറ്റി ഉണർന്നുവെന്ന് പറഞ്ഞാൽ ശരിക്കും ഉണർന്നു. 5 വർഷക്കാലമായി യാതൊന്നും ചെയ്യാതിരുന്ന സ്മാർട്ട് സിറ്റിയുടെ കാര്യത്തിൽ ഒരു നല്ല തുടക്കം കുറിക്കുന്നതിനാവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചത് ഈ ഗവൺമെന്റാണ്. അതിനുവേണ്ടി രാവിലെ ഇവിടെ ചോദ്യോത്തര സമയത്ത് ബഹുമാനപ്പെട്ട ഐ. ടി. വകുപ്പുമന്ത്രി പറഞ്ഞതുപോലെ 'Government to Government discussion was taken place'. യു.എ.ഇ. ഗവൺമെന്റും കേരള ഗവൺമെന്റും തമ്മിലുള്ള കൂടിയാലോചന നേരിട്ട്

നടന്നു. ആ സംഭവം സത്യമായി പുലരുമെന്നുള്ളതിന് തുടക്കംകുറിച്ചു. ഒരു പവലിയനെങ്കിലും അവിടെ ഉണ്ടായി. വിഴിഞ്ഞം തുറമുഖത്തിന്റെ കാര്യത്തിലും വിദ്യാഭ്യാസ രംഗത്തും പൊതുമരാമത്ത് വകുപ്പിലും വളരെയധികം കാര്യങ്ങൾ ചെയ്തു. പൊതുമരാമത്ത് വകുപ്പിൽ നടന്ന പുതിയ വികസന പദ്ധതികളെ അഭിനന്ദിക്കാത്തവർ ആരുണ്ട്. എന്റെ സ്നേഹിതൻ ശ്രീ. മാത്യൂ. റ്റി. തോമസ് മന്ത്രിയായിരുന്ന ആളാണ്. അദ്ദേഹത്തിന്റെ മണ്ഡലത്തിൽ 14 കോടി രൂപയുടെ ബൈപ്പാസ് കൊടുക്കാൻ ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് വരേണ്ടിവന്നു. അദ്ദേഹം മന്ത്രിയായിരുന്ന കാലത്ത് അദ്ദേഹത്തിന് സാധിക്കാത്ത കാര്യങ്ങൾവരെ ഇവിടെ നടന്നു. ഇവിടെ പല ഐ. ടി. വ്യവസായങ്ങളും പുതിയ കാലഘട്ടത്തിന്റെ വ്യവസായങ്ങളും അല്ലെങ്കിൽ 'New ideas, innovative ideas' എന്നു പറയുന്ന ന്യൂതന ആശയങ്ങളുടെ ഒരു കാലഘട്ടമാണിന്ന്. അത് പലർക്കും മനസ്സിലാകാത്തതുകൊണ്ടാണ്. ഞാനുൾപ്പെടെയുള്ള ആളുകൾ പഴയ തലമുറയിൽപ്പെട്ടവരാണ്. വ്യവസായത്തിനുമുണ്ട് പഴയ തലമുറയും പുതിയ തലമുറയും. പഴയ തലമുറയിൽപ്പെട്ട ആളുകൾ ഇത് മനസ്സിലാകാത്തതുകൊണ്ടാണ് ഇതിനെ എതിർക്കുന്നത്. വലിയ പുക കുഴലും കാർബൺഡൈഓക്സൈഡും പുറത്തുവിടുന്ന വലിയ വലിയ വ്യവസായശാലകളെകുറിച്ച് മാത്രമുള്ള ഒരു സങ്കൽപ്പമാണ് പഴയ ആളുകൾക്കുള്ളത്. പുതിയ വ്യവസായം അവർക്ക് മനസ്സിലാകുന്നില്ല. Innovative ideas എന്താണ്? സ്റ്റാർട്ട് അപ് എന്നു പറയുന്ന തരത്തിലുള്ള

പുതിയ വ്യവസായങ്ങൾ, സ്റ്റാർട്ട്-അപ് കമ്പനികൾ ഇന്ത്യയിലാകെ 10 എണ്ണമേയുള്ളൂ. അതിൽ 5 എണ്ണം വന്നത് കേരളത്തിലാണ്. ആ കമ്പനികൾ ഇൻഫോസിസ്, ബ്ലാക്ക്ബെറി, ഒറാക്കിൾ, വിപ്രോ തുടങ്ങിയവ പോലെയാകും. അങ്ങനെ ലോക പ്രശസ്തമായ ലോകത്തിന്റെ സാമ്പത്തിക ഘടനയെ നിയന്ത്രിക്കുന്ന തരത്തിലുള്ള മഹത്തായ സ്ഥാപനങ്ങൾ കേരളത്തിൽ ഉയർന്നുവരാൻ പോവുകയാണ്. ഇത് ഒരു ദിവസം രാവിലെ സാധിക്കുന്ന ഒരു അത്ഭുതമല്ല. അങ്ങനെയൊരു വണ്ടർലാന്റല്ലല്ലോ കേരളം. മാജിക്കിന്റെ പണിയൊന്നും ഗവൺമെന്റിന് അറിയില്ല. പക്ഷേ ഈ ഗവൺമെന്റ് ഇപ്പോൾ ചെയ്തുതുടങ്ങിയ കാര്യങ്ങൾ ഫലം ചെയ്യുമെന്നും കേരളത്തെ ലോകനിലവാരത്തിലേയ്ക്ക് ഉയർത്തുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. എമർജിംഗ് കേരള വന്നപ്പോഴും ചില ആളുകളൊക്കെ പരിഹസിച്ചു. പക്ഷേ എമർജിംഗ് കേരളയിൽ നേരിട്ട് പാർട്ടിസിപ്പേറ്റ് ചെയ്തയാളുകൾ അത്ഭുതത്തോടുകൂടിയാണ് അതിനെ നോക്കിക്കണ്ടത്. കേരള സംസ്ഥാനത്തിന്റെ നല്ല ഭാവി കരുപിടിപ്പിക്കുന്നതിൽ നിർണ്ണായകമായ പങ്ക് വഹിച്ച ഒരു സംഭവമായിരുന്നു എമർജിംഗ് കേരള. അതെല്ലാം ഫലപ്രദമായി വരികയാണ്. അതിനുശേഷം ഒരു ഇൻഫ്രാസ്ട്രക്ചർ കോൺഫറൻസ് നടന്നു. കേരളത്തിലെ പൊതുമരാമത്തുവകുപ്പിന്റെ ചരിത്രത്തിലാദ്യമായിട്ടാണ് ഒരു ഇൻഫ്രാസ്ട്രക്ചർ കോൺഫറൻസ് 2011 ലും 2012 ലും ഈ ഗവൺമെന്റ് നടത്തിയത്. ലോകത്തിലെ വലിയ

എക്സ്പേർട്ട്സ് മുഴുവൻ വന്നു. എമർജിംഗ് കേരളയ്ക്കും, ഇൻഫ്രാസ്ട്രക്ചർ കോൺഫറൺസിനും വന്നു. അവിടെ നടന്ന ഡിസ്ക്കഷനുകളും അതിന്റെയൊക്കെ ഫലമായി ഉണ്ടാകാൻ പോകുന്ന മാറ്റങ്ങളും മനസ്സിലാകാത്തതുകൊണ്ടാണ് ഇങ്ങനെയൊക്കെ സംസാരിക്കുന്നതെന്നാണ് എനിക്ക് തോന്നുന്നത്. ലാപ്ടോപ്പും ഐപാടുമൊക്കെ എം. എൽ. എ.-മാർക്ക് ഉപയോഗിക്കാമെന്നു ബഹുമാനപ്പെട്ട സ്പീക്കർ ഇന്നലെ ഇവിടെ പറഞ്ഞു. ഉപയോഗിക്കാമെന്ന് പറഞ്ഞാൽ ശരിയല്ല എത്ര പേർക്ക് അതുപയോഗിക്കാനറിയാം. ലാപ്ടോപ്പായാലും ഐപാടായാലും പുതിയ ടെക്നോളജി ഉപയോഗിക്കാൻ അറിയുന്ന ഒരു പുതിയ തലമുറ കേരളത്തിൽ ജനിച്ചിട്ടുണ്ട്. നമുക്ക് അവരെ വിസ്മരിക്കാൻ പറ്റില്ല. നല്ല Intellectual caliber-റുള്ള നല്ല Technical know-how -വുള്ള നല്ല വിദ്യാ സമ്പന്നരായിട്ടുള്ള ലോകത്തെക്കുറിച്ച് പുതിയ പുതിയ ധാരണകളുള്ള ഒരു വലിയ യുവജനസമൂഹം യുവതീ യുവാക്കന്മാർ കേരളത്തിലുണ്ട്. അവരെ പൂർണ്ണമായി വിസ്മരിച്ചിട്ടാണ് നമ്മളെപ്പൊലെയുള്ള രാഷ്ട്രീയ ക്കാർ പഴയ തലമുറയിലുള്ളവർ പണ്ട് ചുമരെഴുതിയും ജാഥ വിളിച്ചും രണ്ട് മുദ്രാവാക്യം വിളിച്ചും മാത്രം പരിചയമുള്ള ആളുകൾ ഈ വലിയ വലിയ കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നത്. ഞാൻ പറയുന്നു, 'I am not fit', ഞാനും ആ ചർച്ചയിൽ പങ്കെടുക്കാൻ യോഗ്യത ഉള്ളവനാണെ ന്നുള്ള അഭിപ്രായം എനിക്കില്ല. അതുകൊണ്ട് ഈ പുതിയ കാലഘട്ട

ത്തിൽ ജനങ്ങളോടൊപ്പമെങ്കിലും സഞ്ചരിക്കാൻ നമുക്ക് സാധിക്കണം. ജനങ്ങളുടെ മുന്നിലാണ് രാഷ്ട്രീയ നേതൃത്വം സഞ്ചരിക്കേണ്ടത്. പക്ഷേ, അതിന് പകരം, at least നമ്മൾ ജനങ്ങളുടെ കൂടെയെങ്കിലും സഞ്ചരിക്കണം. ഇവിടെ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ഭാഗത്ത് നിന്നും പ്രതിപക്ഷത്തുനിന്നും സംസാരിക്കുന്നവർ ഈ അക്കാദമിക് യോഗ്യതകളും കഴിവും പ്രാപ്തിയും ഭാവനയും ഊർജ്ജസ്വലതയുമുള്ള നമ്മുടെ ചെറുപ്പക്കാരെ വിസ്മരിക്കുകയാണ്. വാസ്തവത്തിൽ ഒരു സംഘർഷം കേരളത്തിൽ നടന്നുകൊണ്ടിരിക്കുകയാണ്. പഴയ തലമുറയും പുതിയ തലമുറയും തമ്മിൽ. യാഥാസ്ഥിതിക മനോഭാവമുള്ള രാഷ്ട്രീയക്കാരും പുരോഗമനവാദികളായ രാഷ്ട്രീയക്കാരും തമ്മിൽ. പുരോഗമനവാദിയെന്നു പറഞ്ഞാൽ പണ്ട് ഇടതുഭാഗത്തിരിക്കുന്നവരാണ് പുരോഗമന വാദികളെന്നുള്ള സങ്കല്പമുണ്ടായിരുന്നു. ആ കാലം മാറി, ഇപ്പോൾ ആ പുരോഗമനവാദമല്ല. അപ്പോൾ ഇന്ന് ലോകം പോകുന്ന വഴിയേ കേരളത്തെ കൊണ്ടുപോകാനുള്ള സംരംഭങ്ങളിലാണ് ഈ ഗവൺമെന്റ് ഏർപ്പെടുന്നത്. ബഹുമാനപ്പെട്ട ശ്രീ.ഉമ്മൻ ചാണ്ടിയും ബഹുമാനപ്പെട്ട ശ്രീ. കുഞ്ഞാലിക്കുട്ടി സാഹിബും ശ്രീ. മാണിസാറുമെല്ലാം നേതൃത്വം കൊടുക്കുന്ന ഈ ഗവൺമെന്റ് കഴിഞ്ഞ ഒന്ന് - ഒന്നര വർഷക്കാലം കൊണ്ട് ഇവിടെ ചെയ്ത കാര്യങ്ങൾ ഓരോന്നായി എണ്ണിയെണ്ണി പറഞ്ഞാൽ ഏഴ് മിനുട്ടും എട്ടു മിനുട്ടുകൊണ്ടും സാധിക്കുന്ന കാര്യങ്ങളല്ല. എന്റെ സ്നേഹിതൻ ശ്രീ. എളമരം കരീം പഴയ

പുസ്തകം നോക്കി പഴയ കാര്യങ്ങളൊക്കെയാണ് പറഞ്ഞത്. ഇപ്പോൾ പലരും മലയാള മനോരമയുടെ ആരാധകരായി തീർന്നിരിക്കുകയാണ്. ശ്രീ. എ.കെ. ആന്റണി എന്നു പറഞ്ഞാൽ കണ്ണിൽ കണ്ടുകൂടാത്ത ആൾക്കാരാണ്. ഇപ്പോൾ ശ്രീ. എ.കെ. ആന്റണിയ്ക്ക് വോട്ട് ചെയ്യുന്നു. അതുപോലെ മലയാള മനോരമയ്ക്ക് വോട്ട് ചെയ്യുന്നു. ഇത് എന്തൊരു അത്ഭുതമാണ്. ശ്രീ. എ.കെ. ആന്റണി ഇവരെ പറ്റി പറഞ്ഞതും മലയാള മനോരമ ഇവരെപ്പറ്റി പറഞ്ഞതും അവർ അംഗീകരിക്കുന്നുണ്ടോ? അവർക്കാവശ്യമായിട്ടുള്ള ഒരു ഭാഗം മാത്രം അംഗീകരിച്ചാൽ പോര. ശ്രീ. എ. കെ. ആന്റണിയെപോലെയുള്ള പ്രഗത്ഭനായ ഒരു വ്യക്തി ഒരു പക്ഷേ, നാളെ രാജ്യത്തിന്റെ പ്രധാനമന്ത്രിയോ പ്രസിഡന്റോ ആകാൻ പോകുന്ന വ്യക്തിയാണ്. അങ്ങനെയുള്ള ധീരനായ ഒരു നേതാവിനെ കേരളം പറഞ്ഞയച്ചതാണ് ഡൽഹിയിൽ. ശ്രീ. എ. കെ. ആന്റണി കേരള ത്തിന്റെ മൈന്റ് സെറ്റ് ശരിയല്ല എന്നാണ് പറഞ്ഞത്. ഞാൻ തന്നെ എത്രയോ തവണ ഈ കാര്യം പ്രസംഗിച്ചിട്ടുണ്ട്. കേരളത്തിന്റെ മൈന്റ് സെറ്റ് ശരിയല്ലെന്ന് നമ്മൾ എല്ലാവരും പറഞ്ഞിട്ടുണ്ട്. കേരളത്തിൽ ഡെവലപ്മെന്റ് വരാൻ ആരും അനുവദിക്കില്ല നിഷേധാത്മകമായ ഒരു പൊളിറ്റിക്സ് ഇവിടെയുണ്ട് എന്നാണ്. അതൊന്നു ഭംഗിയാക്കി അദ്ദേഹ ത്തിന്റെ ഭാഷയിൽ അദ്ദേഹം പറഞ്ഞു എന്നു മാത്രമേ ഉള്ളു. അത് ഏറ്റെ ടുത്ത് ശ്രീ. എ.കെ. ആന്റണി മോശക്കാരാണെന്ന് പറഞ്ഞില്ലെ? ശ്രീ. എ. കെ. ആന്റണി പറഞ്ഞത് എല്ലാം അംഗീകരിക്കണം. ഒരു ഭാഗം അംഗീക

രിച്ചാൽ പോര. മുഴുവനായി അംഗീകരിക്കാൻ തയ്യാറാകണമെന്നാണ് എനിക്ക് നിങ്ങളോട് പറയുവാനുള്ളത്. അതുപോലെ പോലീസിനെക്കുറിച്ച് പറഞ്ഞു. കേരള സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ഇത്രയും നിഷ്പക്ഷമായി പ്രവർത്തിച്ച ഒരു പോലീസ് സേന ഉണ്ടായിട്ടില്ല. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പു മന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെ ഞാൻ മുക്തകണ്ഠം അഭിനന്ദിക്കുകയാണ്. നിഷ്പക്ഷമായി പോലീസ് പെരുമാറിയതുകൊണ്ടാണ് ഇവരൊക്കെ അതിനെ എതിർക്കുന്നതെന്നുള്ളത് എനിക്ക് നല്ല ഉറപ്പാണ്. എം.എം. മണിയെപ്പറ്റി പറയുമ്പോൾ ഇടുക്കി ഒരു റീമോട്ട് വില്ലേജായി. റീമോട്ട് വില്ലേജിൽ കിടക്കുന്ന മണി എന്തോ പറഞ്ഞതിന് കേസ്സെടുത്തു എന്നാണ്. മണി ശ്രീ. ബീനോയ് വിശ്വത്തെപോലെ പോഴനായതുകൊണ്ടാണ് അങ്ങനെ പറഞ്ഞത് വാസ്തവത്തിൽ ശ്രീ. മണിക്കറിയാവുന്നതിൽ...(ബഹളം).... ******[7]ഞാനല്ല പറഞ്ഞത്. അവിടെ ഇരിക്കുന്ന ആളാണ്.

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, പോയിന്റ് ഓഫ് ഓർഡർ.

മി. ചെയർമാൻ : പോയിന്റ് ഓഫ് ഓർഡർ

ശ്രീ. വി. എസ് സുനിൽ കുമാർ : ഈ സഭയിലില്ലാത്ത ഒരംഗത്തെപ്പറ്റി ******എന്നു വിളിച്ച് അപമാനിക്കുന്നവിധത്തിൽ പറയുന്നത് രേഖയിൽ നിന്ന് നീക്കം ചെയ്യണം.

മി.ചെയർമാൻ : അദ്ദേഹം പിൻവലിച്ചു.

[7] വാക്ക് പിൻവലിച്ചു.

ശ്രീ. കെ.എൻ.എ. ഖാദർ: ആ വാക്ക് ഞാൻ പിൻവലിക്കുന്നു. ശ്രീ. ബിനോയ് വിശ്വവും ഞാനും തമ്മിലുള്ള ബന്ധത്തിന്റെ പകുതി ബന്ധം പോലും ശ്രീ. സുനിൽ കുമാറിന് അദ്ദേഹവുമായി ഉണ്ടാകില്ല. ശ്രീ. ബിനോയ് വിശ്വം പ്രസിഡന്റും ഞാൻ ജനറൽ സെക്രട്ടറിയുമായി സ്റ്റുഡന്റ്സ് ഫെഡറേഷനിൽ വർക്ക് ചെയ്തവരാണ്. ശ്രീ. ബിനോയ് വിശ്വത്തെക്കുറിച്ച് പറഞ്ഞത് കേരളത്തിന്റെ മുഖ്യമന്ത്രി ആയിരുന്ന ശ്രീ. വി.എസ്. അച്ചുതാനന്ദനാണ്. ഞാൻ പറഞ്ഞ വാക്ക് പിൻവലിക്കുന്നതിൽ എനിക്ക് പ്രശ്നമില്ല. ഒരു *******പറഞ്ഞതുകൊണ്ട് ശ്രീ. എം.എം. മണിയുടെ പേരിൽ കേസ്സായി എന്നാണ് ഞാൻ പറഞ്ഞത്. ശ്രീ. എം . എം. മണിക്ക് അറിയാവുന്നതിനെക്കാൾ കൂടുതൽ കാര്യങ്ങൾ അറിയാവുന്ന മഹാന്മാർ ഇവിടെ ഇരിക്കുന്നുണ്ട്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ പോലീസ് മോശമായത് എന്തുകൊണ്ടാണെന്ന് നിങ്ങൾക്കറിയാമോ? കേസിന്റെ അവസാനംവരെ പോലീസ് പോയിട്ടില്ല. അങ്ങനെ പോയിരുന്നുവെങ്കിൽ ഇവിടെയിരുന്ന് വർത്തമാനം പറയുന്ന ആളുകളുടെ സ്ഥിതി എന്താകുമായിരുന്നുവെന്ന് കാണാമായിരുന്നു.

മി. ചെയർമാൻ: അങ്ങേയ്ക്ക് അനുവദിച്ച സമയം കഴിഞ്ഞു.

ശ്രീ. കെ.എൻ.എ. ഖാദർ: സമയം കഴിഞ്ഞിട്ടില്ല. ഞാൻ തുടങ്ങിയതല്ലേയുള്ളൂ. ഞാനും ഹരിത രാഷ്ട്രീയത്തിന്റെ അനുകൂലിയാണ്. ഇവിടെ പ്രതിപക്ഷ ഉപനേതാവ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞൊരു കാര്യമുണ്ട്.

ശ്രീ. സി. ദിവാകരൻ: ഹരിത രാഷ്ട്രീയത്തിന്റെ വക്താവാണെന്ന് പറഞ്ഞത് ചെയറിനെ കളിയാക്കിയതാണ്.

ശ്രീ. കെ.എൻ.എ. ഖാദർ: ശ്രീ. വി.ഡി. സതീശനോടാണ് ഞാൻ പറഞ്ഞത്. അത് ചെയറിനെ കളിയാക്കിയതാകുന്നതെങ്ങനെയാണ്?

മി. ചെയർമാൻ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിനെ നമുക്ക് നല്ല അർത്ഥത്തിൽ എടുക്കാം. ഗ്രീൻ പൊളിറ്റിക്സ് എന്നത് കേരളത്തിന്റെ നല്ലൊരു സിഗ്നലായി എടുക്കാം. അദ്ദേഹം പറഞ്ഞ കാര്യത്തെ നമുക്ക് സ്വാഗതം ചെയ്യാം.

ശ്രീ. കെ.എൻ.എ. ഖാദർ: ഞാൻ മുസ്ലിംലീഗുകാരനാണ് എന്നുള്ള അർത്ഥംകൂടി അതിനുണ്ട്. പ്രതിപക്ഷ ഉപനേതാവ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ സംസാരിച്ചപ്പോൾ എനിക്ക് അത്ഭുതം തോന്നി. ശ്രീ. കോടിയേരി ബാലകൃഷ്ണനെ വളരെ ഇഷ്ടപ്പെടുന്ന ആളാണ് ഞാൻ. കേരളത്തിന്റെ മുഖ്യമന്ത്രിയൊക്കെ ആകേണ്ട ആളായ അദ്ദേഹം ഉടുവസ്ത്രമില്ലാതെ ഓടിയ കാര്യങ്ങളെക്കുറിച്ച് പറഞ്ഞപ്പോൾ എനിക്ക് അത്ഭുതം തോന്നി. ഇന്ത്യൻ രാഷ്ട്രീയത്തിൽ ഉടുവസ്ത്രംപോലുമില്ലാതെ നിൽക്കുന്ന ഇടതുപക്ഷത്തിനെയാണോ അദ്ദേഹം ഉദ്ദേശിച്ചതെന്നറിയില്ല. പിന്നെ ഒരു ബ്ലാക്ക് മാൻ വൈറ്റ് മാന്റെ കാര്യം പറഞ്ഞു. who is the white man and who is the black man? ആ ബെഞ്ചുകളിലേക്കു നോക്കിയാൽ ഒരു വൈറ്റ് മാനും അപ്പുറത്ത് ഒരു ബ്ലാക്ക് മാനുമുണ്ട്. അപ്പോൾ ബ്ലാക്ക് ആന്റ് വൈറ്റ് തമ്മിലുള്ള ഒരു സംഘട്ടനമുണ്ടെന്ന് പറ

യാം. White man is trying to become the opposition leader. ബ്ലാക്ക് മാനെ മാറ്റാൻ ശ്രമിക്കുന്നുണ്ട്. യഥാർത്ഥത്തിലുള്ള ബ്ലാക്ക് മാനും വൈറ്റ് മാനും അവരുടെ ഇടയിൽ തന്നെയാണുള്ളത്. അതുപോലെ ശ്രീനാരായണ ഗുരു ജീവനോടെ ഉണ്ടായിരുന്നുവെങ്കിൽ പോളിറ്റ് ബ്യൂ റോയിൽ മെമ്പറാകുമായിരുന്നെന്ന് ഒരു മാർക്സിസ്റ്റ് നേതാവ് പറഞ്ഞതായി അടുത്തകാലത്ത് പത്രത്തിൽ വന്നിരുന്നു. എന്റെ സ്നേഹി തൻ ശ്രീ. ജി. സുധാകരൻ വിശ്വാസത്തെക്കുറിച്ച് പറഞ്ഞതുകൊണ്ടാണ് ഞാനിത് പറയുന്നത്. അതിനു മുമ്പ് ശ്രീ. എം.എ. ബേബി ഒരു സാംസ്കാരിക സമ്മേളനത്തിൽ യേശുക്രിസ്തു ജീവനോടെ ഉണ്ടായിരു ന്നെങ്കിൽ പോളിറ്റ് ബ്യൂറോയിൽ മെമ്പറാകുമായിരുന്നെന്ന് പറഞ്ഞ തായി മലയാള മനോരമ പത്രത്തിന്റെ 9-ാം പേജിൽ കണ്ടിരുന്നു. ശ്രീനാ രായണ ഗുരുവും യേശു ക്രസ്തുവും ജീവനോടെ ഉണ്ടായിരുന്നെങ്കിൽ പോളിറ്റ് ബ്യൂറോയിൽ അംഗമാകുമായിരുന്നു എന്ന് പറയുമ്പോൾ നമ്മൾ ശ്രദ്ധിക്കേണ്ട സംഗതി........

<u>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാ കൃഷ്ണൻ)</u>: സർ, ശ്രീനാരായണ ഗുരുവും യേശുക്രിസ്തുവുമൊക്ക ജീവ നോടെ ഉണ്ടായിരുന്നുവെങ്കിൽ അവർ ശ്രീ. പ്രകാശ് കാരാട്ടിന്റെ താഴെ ഇരിക്കുമായിരുന്നു എന്നാണ് ഈ പറഞ്ഞതിന്റെ അർത്ഥം. അത് അങ്ങേയ്ക്ക് മനസ്സിലായോ?

<u>ശ്രീ. കെ.എൻ.എ.ഖാദർ</u>: അതുതന്നെയാണ്. ഞാനീ വിഷയം തന്നെയാണ് പറഞ്ഞുവന്നത്. ഇതിനുമുമ്പും ഞാൻ ഈ വിഷയം സഭയ്ക്കുപുറത്ത് പ്രസംഗിച്ചിട്ടുള്ളതാണ്. യേശു ക്രിസ്തുവുണ്ടെങ്കിലും മഹാനായ പ്രവാചകനും നവോത്ഥാന നായകനായ ശ്രീനാരായണ ഗുരുവുമൊക്കെ ഉണ്ടായിരുന്നുവെങ്കിൽ അവർക്ക് പോളിറ്റ് ബ്യൂറോ അംഗത്വം മാത്രമേ നൽകൂ. സെക്രട്ടറി ഇവരൊക്കെ തന്നെയായിരിക്കും. ഒരു പ്രാഥമിക അംഗത്വം ഇല്ലാത്ത ആൾക്ക് എങ്ങനെയാണ് പോളിറ്റ് ബ്യൂറോയിൽ അംഗത്വം കൊടുക്കുന്നത്? ഇടതുപക്ഷത്തിന്റെ ആക്ഷേപങ്ങളൊക്കെ അടിസ്ഥാനരഹിതമാണ്. ഈ ഉപധനാഭ്യർത്ഥനയെ വളരെ സന്തോഷത്തോടുകൂടി പിന്താങ്ങുകയാണ്.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനയെ ശക്തമായി എതിർക്കുന്നു. ഈ മാഫിയ സർക്കാരിന് എന്തിനാണ് ഈ ഉപധനാഭ്യർത്ഥന. ഈ സംസ്ഥാനത്ത് ഒരു ഭരണമുണ്ടോ? ഇവിടെ മാഫിയ ഭരണമാണ് നടന്നുകൊണ്ടിരിക്കുന്നത്. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി പറഞ്ഞു സ്വർഗ്ഗമുണ്ടാക്കിയെന്ന്. ഒന്നരക്കൊല്ലത്തെ ഭരണം ജനങ്ങൾക്ക് ജീവിക്കാൻ കഴിയാത്ത ഒരു സാഹചര്യമാണുണ്ടാക്കിയത്. ജനങ്ങൾക്ക് ഇത്രയും ശാപമായിത്തീർന്ന ഗവൺമെന്റ് കേരളത്തിന്റെ ചരിത്രത്തിൽ ഉണ്ടായിട്ടില്ല. അങ്ങനെയുള്ള ഒരു സർക്കാരിന്റെ ഉപധനാഭ്യർത്ഥനയെ എനിക്കൊരിക്കലും പിന്തുണയ്ക്കാൻ കഴിയില്ല. ഇവിടെ എനിക്കുമുമ്പ് സംസാരിച്ച ശ്രീ. മാത്യൂ റ്റി.

തോമസ് ചില കണക്കുകൾ പറഞ്ഞു. ഈ സപ്ലിമെന്ററി ഡിമാന്റുതന്നെ ഭരണഘടനാ വിരുദ്ധമാണ്. ഭരണഘടനയനുസരിച്ച് ഈ സപ്ലിമെന്ററി ഡിമാന്റ് അംഗീകരിക്കാൻ കഴിയുമോ? ഒരു മന്ത്രിയുടേയും മുഖ്യമന്ത്രി യുടേയും മണ്ഡലത്തിൽ മാത്രം 121 പോസ്റ്റുകൾ ക്രിയേറ്റ് ചെയ്യാൻ വേണ്ടിയുള്ള ഈ ഉപധനാഭ്യർത്ഥന പാസ്സാക്കിക്കൊടുക്കണോ? ശ്രീ. പി.സി. ജോർജ് ഉറങ്ങുകയാണ്. ഞാൻ അദ്ദേഹത്തെ വിളിച്ചുണർത്തുക യാണ്. എന്തിനെക്കുറിച്ചും സംസാരിക്കുന്ന ആളായ ശ്രീ. പി.സി. ജോർജിന് ഈ അനീതിയെക്കുറിച്ച് എന്ത് പറയാനുണ്ട്? 141 എം. എൽ.എ-മാർ ഇരിക്കുന്ന ഈ സഭ രണ്ട് മന്ത്രിമാർക്കുവേണ്ടി ഈ ഉപധ നാഭ്യർത്ഥന പാസ്സാക്കിക്കൊടുക്കണം എന്ന നാണംകെട്ട ഡിമാന്റ് വയ്ക്കുമ്പോൾ അത് അംഗീകരിച്ചുകൊടുക്കാൻ കഴിയുമോ? ശ്രീ. പി. സി. ജോർജ് എന്താണ് മിണ്ടാത്തത്? നിങ്ങൾ എല്ലാ സത്യവും തുറന്നുപ റയുന്ന ആളല്ലേ. കഴിഞ്ഞ ദിവസം ഞാൻ ജനപക്ഷത്താണ് നിൽക്കുന്ന തെന്ന് നിങ്ങൾ പറഞ്ഞു. അങ്ങ് ജനപക്ഷത്ത് നിൽക്കണ്ട, പൂഞ്ഞാറിന്റെ പക്ഷം പിടിച്ചെങ്കിലും അങ്ങേയ്ക്ക് ഒരക്ഷരം പറയാൻ കഴിയുമോ? തൃശ്ശൂർ മെഡിക്കൽ കോളേജിൽ 300 കിടക്കകളുള്ള പുതിയ ബിൽഡിംഗ് പോസ്റ്റ് ക്രിയേറ്റ് ചെയ്യാത്തതുകൊണ്ട് ഓപ്പൺ ചെയ്യാത്തതാണ്. ഈ മന്ത്രിക്ക് അവിടെ ഒരു 50 പോസ്റ്റ് ക്രിയേറ്റ് ചെയ്യാൻ സാധിച്ചോ? പാമ്പാടി, പാല എന്നീ രണ്ട് മണ്ഡലങ്ങളിലേയ്ക്ക് 121 പോസ്റ്റ് ക്രിയേറ്റ്

ചെയ്യാൻവേണ്ടി ഉപധനാഭ്യർത്ഥന പാസ്സാക്കിക്കൊടുക്കാൻ പറഞ്ഞാൽ നാണംകെട്ടവർ പാസ്സാക്കിക്കൊടുക്കും. മാന്യന്മാർക്ക് അത് പറ്റില്ല. അതു കൊണ്ടാണ് ഈ ഡിമാന്റ് ഒരിക്കലും അംഗീകരിക്കാൻ കഴിയില്ലെന്ന് പറ ഞ്ഞത്. ഞാനിതിന്റെ കണക്കിലേയ്ക്കൊന്നും പോകുന്നില്ല. ഒന്നരക്കൊ ല്ലംകൊണ്ട് ചെയ്ത കാര്യങ്ങളൊക്കെ ഇവിടെ പറഞ്ഞു. ബഹുമാനപ്പെട്ട ശ്രീ. ജി. സുധാകരനും ശ്രീ. കോടിയേരി ബാലകൃഷ്ണനുമൊക്കെ കണ ക്കുകൾ വിശദീകരിച്ചുകൊണ്ട് പറഞ്ഞതിനാൽ ഞാനിതാവർത്തിക്കുന്നില്ല. ഒന്നരക്കൊല്ലമായി ഇവിടത്തെ സ്ഥിതി എന്താണ്. പാലക്കാട് കോച്ച് ഫാക്ടറി തുടങ്ങിയോ? കൊച്ചിൻ മെട്രോയുടെ സ്ഥിതി ഇവിടെ ചർച്ചചെ യ്തതല്ലേ? കൊച്ചിൻ മെട്രോയുടെ കാര്യത്തിൽ എന്തെങ്കിലും വ്യക്തത യുണ്ടോ. എന്താണ് സംഭവിക്കാൻ പോകുന്നതെന്ന് ആർക്കെങ്കിലും അറിയാമോ? 6000 കോടിരൂപയുടെ പദ്ധതിയുടെ കമ്മീഷൻ പറ്റുന്നതു മായി ബന്ധപ്പെട്ട തർക്കത്തിൽ കേരളത്തിന്റെ ഒരു സ്വപ്ന പദ്ധതി തകർന്നടിഞ്ഞിരിക്കുകയാണ്. വിഴിഞ്ഞം ഹാർബറിനെക്കുറിച്ച് എന്തെല്ലാം പറഞ്ഞു. ഞങ്ങളൊരു മതിലും റോഡും ഉദ്ഘാടനം ചെയ്തു. നിങ്ങളിപ്പോൾ എന്ത് ഉദ്ഘാടനം ചെയ്തു? ഒന്നരക്കൊല്ലമാ യില്ലേ, വിഴിഞ്ഞം ഹാർബർ പദ്ധതിയെക്കുറിച്ച് ഈ സഭ അറിയേണ്ടതു ണ്ട്. ഇടതുപക്ഷ ജനാധിപത്യ മുന്നണി വിഭാവനം ചെയ്ത മദർഷിപ്പു കൾക്ക് വരാൻ കഴിയുന്ന നമ്മുടെ രാജ്യത്തെ ഏറ്റവും വലിയ സാമ്പത്തിക ശക്തിയാക്കി മാറ്റാൻ കഴിയുന്ന, കേരളത്തെ ഇന്ത്യയുടെ

കവാടമാക്കി മാറ്റാൻ കഴിയുന്ന വമ്പൻ പദ്ധതിയാണോ നിങ്ങൾ കൊണ്ടു വരുന്നത്? ഒരു ചെറിയ കപ്പൽ വരാൻ കഴിയുന്ന ഒരു പദ്ധതിയാക്കി ചുരുക്കിയത് ഏത് ലോബിയ്ക്കുവേണ്ടിയാണ്? വിഴിഞ്ഞം ഹാർബർ പദ്ധ തിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ്? ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ. ബാബു അതിന്റെ സ്ഥിതിയെക്കുറിച്ച് പറയട്ടെ.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ശ്രീ. വി. എസ്. സുനിൽ കുമാർ എന്തടിസ്ഥാനത്തിലാ ണിത് പറഞ്ഞതെന്നറിയില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തയ്യാറാ ക്കിയ പ്രോജക്ടിൽ ഞങ്ങൾ ഒരു മാറ്റവും വരുത്തിയിട്ടില്ല. എന്തോ തെറ്റിദ്ധാരണയുടെ അടിസ്ഥാനത്തിലാണ് ശ്രീ. വി. എസ്. സുനിൽ കുമാർ പറയുന്നത്. ദയവായി അത് തിരുത്തണം.

ശ്രീ. രജു എബ്രഹാം: വല്ലാർപ്പാടം കണ്ടെയ്നർ ടെർമിനലിനു വേണ്ടി പണം മുടക്കിയിരിക്കുന്ന ദുബൈ പോർട്ട് ട്രസ്റ്റിന്റെ മുഴുവൻ പണവും തിരികെ കിട്ടുന്നതുവരെ വിഴിഞ്ഞം പോർട്ടിൽ ഒരു നടപടിയും ഇവർ സ്വീകരിക്കില്ല എന്ന കാര്യം അങ്ങേയ്ക്കറിയാമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: ഇക്കാര്യത്തിൽ ഞാൻ തർക്കി ക്കുന്നില്ല. ഒരു കാര്യം ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് പറയാം. വിഴിഞ്ഞം ഹാർബർ പദ്ധതി കേരളത്തിൽ വിഭാവന ചെയ്തതുപോലെ യല്ല നടപ്പാക്കാൻ പോകുന്നതെന്ന് വരും ദിവസങ്ങളിൽ അങ്ങേയ്ക്ക് മന സ്സിലാകും. ഈ രാജ്യത്ത് ജീവിക്കാൻ കഴിയില്ല എന്നുപറഞ്ഞാൽ, പണ്ടു

കാലത്ത് ഇരുട്ടിന്റെ മറവിലായിരുന്നു അക്രമം നടത്തിയിരുന്നത്. ഇപ്പോൾ പകൽ വെളിച്ചത്തിൽ ഇവിടെ അക്രമം നടക്കുന്നു എന്നാണ് പുതിയ പഠനത്തിൽ വെളിപ്പെടുത്തിയിരിക്കുന്നത്. നിയമവ്യവസ്ഥയേയും പോലീസിനേയും ഇവിടത്തെ മാഫിയാ സംഘങ്ങൾക്ക് ഭയം ഇല്ലാത്തതിനാലാണ് പകൽ വെളിച്ചത്തിൽ അക്രമങ്ങൾ നടക്കുന്നത്. നമ്മുടെ രാജ്യത്ത് നടക്കുന്ന അക്രമങ്ങളിൽ 32 ശതമാനവും രാവിലെ മുതൽ വൈകുന്നേരം 6 മണിയ്ക്കുള്ളിലാണ് സംഭവിക്കുന്നത്. സ്ത്രീകൾക്കും കുട്ടികൾക്കും പുറത്തിറങ്ങി നടക്കാൻ കഴിയുന്നില്ല. ഇവിടെ ക്രസമാധാന നില പരിപൂർണ്ണമായും തകർന്നിരിക്കുകയാണ്. ഇരുട്ടിന്റെ ശക്തികൾ പകൽ വെളിച്ചത്തിൽ നടത്തിക്കൊണ്ടിരിക്കുന്ന ഒരു പ്രക്രിയയായി യു.ഡി.എഫിന്റെ ഭരണം മാറിയിരിക്കുകയാണ്. ഈ ഗവൺമെന്റിന്റെ ഭരണം ഒരു മാഫിയാ ഭരണമായി മാറിയിരിക്കുകയാണ്. അധികാരത്തിൽ വന്ന സമയത്തുണ്ടായിരുന്ന പിന്തുണ ഇപ്പോൾ ഇവർക്കുണ്ടോ? ശ്രീ. ആർ സെൽവരാജ് എന്ന ഒരു എം.എൽ.എ-യുടെ പിന്തുണ കൂടി എന്നുള്ളതല്ലാതെ ജനപിന്തുണ കൂടിയോ? ഭരണപക്ഷ ത്തുള്ള എം.എൽ.എ-മാർ യു.ഡി.എഫ് എം.എൽ.എ അല്ലെങ്കിൽ കോൺഗ്രസ്സ് എം.എൽ.എ ആണെന്ന് പറയുന്നുണ്ടോ? ഹരിത എം. എൽ.എ ആണെന്ന് പറയാനാണിഷ്ടം. കാരണം നാട്ടിൽ നടക്കണമെങ്കിൽ ഹരിത എം.എൽ.എ എന്നോ വേറെ ഏതെങ്കിലും എം.എൽ.എ-ആണെന്നോ പറയേണ്ട ഗതികേടാണുള്ളത്. കെ.പി.സി.സി യോഗം നട

ക്കുമ്പോൾ മന്ത്രിമാരെക്കുറിച്ച് ശക്തമായ വിമർശനങ്ങളുണ്ടാകുന്നു. ശ്രീ. വി.എം. സുധീരനെപ്പോലെയുള്ള ആളുകൾ പറയുന്നതെന്താണ്? ഇവിടെ ട്രാൻസ്ഫർ ആന്റ് പോസ്റ്റിംഗ് നടത്താൻ വേണ്ടി ലേലംവിളി നടക്കുന്നു എന്ന് പറഞ്ഞത് ശ്രീ. വി.എം. സുധീരനാണ്. വാസ്തവ ത്തിൽ ഇവിടെ ഭരണമെന്നുപറയുന്നത് പണമുണ്ടാക്കാനുള്ള ഏർപ്പാടാ ണ്. കെ.പി.സി.സി യോഗം മാത്രമല്ല കോൺഗ്രസ്സിന്റെ ഏതെങ്കിലും യോഗം ശരിയായ രീതിയിൽ നടത്താൻ കഴിയുന്നുണ്ടോ? ശ്രീ. പി. സി. വിഷ്ണുനാഥ് അടുപ്പുകൂട്ടി സമരത്തെ വിമർശിച്ചതായി ജനയുഗം പത്ര ത്തിൽ വായിച്ചു. നിങ്ങൾ അടുപ്പുകൂട്ടി സമരം നടത്തണ്ട. യൂത്ത് കോൺഗ്രസ്സിന് ഒരു മീറ്റിംഗ് നടത്താൻ കഴിയുമോ? ശ്രീ. പി.സി. വിഷ്ണു നാഥിന്റെ ജാഥ തുടങ്ങിയത് അവസാനിപ്പിക്കാൻ പൈലറ്റ് വാഹനം പരി ശോധിച്ചശേഷം കുഴപ്പമൊന്നുമില്ലെങ്കിൽമാത്രം ജാഥ പോകുമായിരുന്നു. വാസ്തവത്തിൽ അടുപ്പുകൂട്ടി സമരമല്ല ഉടുപ്പൂരി സമരമാണ് ഇപ്പോൾ കോൺഗ്രസ്സിനുള്ളിൽ നടന്നുകൊണ്ടിരിക്കുന്നത്. കെ.എസ്.യു.വിന്റെ യോഗങ്ങളിൽ ആളുകൾ തമ്മിലടിയും, ഉടുപ്പൂരി കളയലുമാണ് നടക്കുന്നത്. യൂത്ത് കോൺഗ്രസ്സ് സമ്മേളനങ്ങളിലെല്ലാം പോലീസ് ലാത്തി ച്ചാർജ്ജ് ചെയ്താണ് പിരിച്ചുവിടുന്നത്. ഇന്നലെ എറണാകുളം ജില്ലയിൽ ഒരാൾ നഗ്നനായി ഓടി. ആ സംഭവത്തെപ്പറ്റി പോലീസ് അന്വേഷിച്ചു. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ മിണ്ടുന്നില്ല. റിപ്പോർട്ട് എന്താണെന്ന് അറിയാമോ? കെ.എസ്.യു.-വിന്റെ ലോകോളേജ് യൂണിറ്റിൽ ഒരു യോഗം

കഴിഞ്ഞ് ഓടിപ്പോരുകയാണ്. അതാണ് അവിടെ സംഭവിച്ചിരിക്കുന്നത്. കോട്ടയത്തും ഇതുപോലെ സംഭവിച്ചു. അപ്പോഴും സാഹചര്യത്തെളിവ് അനുസരിച്ച് നോക്കിയപ്പോൾ അവിടെയും ഒരു കോൺഗ്രസ്സിന്റെ മീറ്റിംഗ് നടന്നിട്ടുണ്ട്. അതിൽ നിന്നും ഓടിവന്ന ആളാണ് എന്നാണ് ഇപ്പോൾ പോലീസ് പറയുന്നത്. ഉടുപ്പൂരി പരിപാടി നടത്തിക്കൊണ്ടിരിക്കുന്ന ഒരു പാർട്ടിക്ക് ഈ രാജ്യത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ കളിയാ ക്കാനോ അവരെക്കുറിച്ച് എന്തെങ്കിലും പറയാനോ ഉത്തരവാദിത്വ ത്തോടുകൂടി സംസാരിക്കാനോ കഴിയുമോ? പ്രതിപക്ഷ നേതാവ് ശ്രീ. വി.എസ്. അച്ചുതാനന്ദനെതിരായി ശ്രീ. പി.സി. വിഷ്ണുനാഥ് അഴിമതി ആരോപണം നടത്തിയിരിക്കുകയാണ്. ശ്രീ. പി.സി. വിഷ്ണുനാഥ് പറ ഞ്ഞത് എന്താണ്? ശ്രീ. പി.സി. വിഷ്ണുനാഥ് പറഞ്ഞ കാര്യം, അന്ന് ഭൂമി കൊടുത്തിട്ടില്ല. ഞാൻ ചോദിക്കട്ടെ, അന്ന് ഭൂമി കൊടുക്കാൻ തീരുമാനി ക്കുമ്പോൾ ലാന്റ് അസൈൻമെന്റ് കമ്മിറ്റി തീരുമാനിക്കുമ്പോൾ സഖാവ് വി.എസ്. അച്ചുതാനന്ദൻ ഒരു എം.എൽ.എ. ആണോ? ഒരു എം.എൽ.എ. പോലുമല്ല. രണ്ടാം പ്രതിയാക്കിയ ശ്രീ. കെ. പി. രാജേന്ദ്രൻ എ.ഐ.എസ്. എഫ്-ന്റെ നേതാവായിരുന്നു. ഇപ്പോൾ അവർക്കെതിരെ ആരോപിച്ച ഗൂഢാലോചന കുറ്റം എന്തായി. ഗൂഢാലോചനയിൽ ഒന്നാം പ്രതി കുറ്റക്കാരനല്ലെന്നുമാത്രമല്ല മുഖത്തടിക്കുന്നതുപോലെ സംസാരിച്ചു കൊണ്ട് കോടതി ഉത്തരവിട്ടു. കോടതിയുടെ വിധിപകർപ്പ് ഇവർ വിചാരി ച്ചാൽ മാറ്റാൻ പറ്റില്ല. മാറ്റണമെങ്കിൽ പ്രത്യേകമായി കോടതിയിൽ റിട്ട്

കൊടുത്തതിനുശേഷം മാറ്റേണ്ടി വരും. കോടതി വിധിയിൽ പറയുന്ന കാര്യമാണ്. ആ വിധിയിൽ ഈ ഗവൺമെന്റിന്റെ അധികാര ദുർവിനിയോഗത്തെക്കുറിച്ച് വ്യക്തമായി പറഞ്ഞിരിക്കുന്നു. ഇവിടെ ഭരണമില്ലായെന്ന് പറയുമ്പോൾ രാജ്യത്ത് കുടിവെള്ളം കിട്ടാനില്ല. ഇന്ന് രാവിലെ പറഞ്ഞില്ലേ? ഒരു മോട്ടോർ വയ്ക്കാൻ വേണ്ടി 5 ലക്ഷം രൂപയില്ല. 5 ലക്ഷം രൂപയില്ല എന്ന് പറഞ്ഞിടത്ത് ഇപ്പോൾ കൊല്ലം ജില്ലയിലെ കാര്യം ശ്രീ. മുല്ലക്കര രത്നാകരൻ ഇവിടെ പറഞ്ഞു. ജപ്പാൻ കുടിവെള്ള പദ്ധതിക്കുവേണ്ടി വച്ച തുക വകമാറ്റി 39 ആഡംബര ഇന്നോവ കാർ വാങ്ങി. അരിമണിയൊന്ന് കൊറിക്കാനില്ല, തരിവളയിട്ട് കിലുക്കാൻ മോഹമെന്ന് പറയുമ്പോലെ  വാട്ടർ അതോറിറ്റി വാങ്ങിയത് 39 ആഡംബര ഇന്നോവ കാറുകളാണ്. അതിൽ ഒരു ഇന്നോവ കാർ മന്ത്രിയുടെ വീട്ടിലേയ്ക്ക് കൊടുത്തയച്ചു. പത്രങ്ങളിൽ വന്ന വാർത്തയാണ്. ജനയുഗം പത്രത്തിൽ മാത്രമല്ല എല്ലാ പത്രത്തിലും വന്നു. 39 ആഡംബര കാറുകൾ വാങ്ങി അതിലൊരു കാർ മന്ത്രിയുടെ വീട്ടിൽ കൊടുത്തയച്ചു. സത്യമാണോ? മന്ത്രി നിഷേധിക്കണം. ഞാൻ സഭയിലാണ് പറയുന്നത്. ജപ്പാൻ കുടിവെള്ള പദ്ധതിയുടെ വകമാറ്റി ചെലവഴിച്ചുവാങ്ങിയ 39 ആഡംബര കാറുകളിൽ ഒരു കാർ മന്ത്രിയുടെ വീട്ടിലേയ്ക്ക് വന്നിട്ടുണ്ട്. ആ കാർ ആരാണ് ഉപയോഗിക്കുന്നത്? 5 ലക്ഷം രൂപയ്ക്ക് ഒരു മോട്ടോർ വയ്ക്കാൻ കാശില്ല. 39 ആഡംബര ഇന്നോവ കാറുകൾ വാങ്ങാൻ

പണമുണ്ടെന്ന് പറഞ്ഞ് ധൂർത്തടിക്കുന്നു. ഇവർ ഈ രാജ്യത്തെ വിറ്റുതുല യ്ക്കുകയാണ്. ഇവിടെ റേഷൻ അരിയില്ല. 15 രൂപയ്ക്ക് 15 കിലോ അരി കിട്ടുമെന്ന് പ്രഖ്യാപിച്ച മനുഷ്യനെ കാണാനില്ല. ഏതെങ്കിലും കടയിൽ അരി കിട്ടുന്നുണ്ടോയെന്ന് ഞാൻ പല സ്ഥലത്തും ആളുകളെ വിട്ട് തിരക്കി. അവിടെ ഒരു സ്ഥലത്തും അരി കിട്ടാനില്ല. ഏതെങ്കിലും പട്ടണ പ്രദേശങ്ങളിൽ കിട്ടുന്നുണ്ടോയെന്ന് എനിക്കറിയില്ല. നാട്ടിൻപുറങ്ങളിൽ അരി കിട്ടാനില്ല. 20 രൂപ 50 പൈസയ്ക്ക് കൊടുക്കുമെന്ന് പറയുന്ന അരി കിട്ടാനുണ്ടോ? റേഷൻ കടകൾ അടച്ച് പൂട്ടിക്കൊണ്ടിരിക്കുകയല്ലേ? ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി പറഞ്ഞ കാര്യം, അരിയുടെ വില കൂടാൻ കാരണം തമിഴ്നാട്ടിൽ നിന്നും അരി വരാത്തത് കൊണ്ടാണ്. ഉള്ളിയുടെ വില കൂടിയത് എന്തുകൊണ്ടാണ്? പരിപ്പിന്റെ വില കൂടിയത് എന്തുകൊ ണ്ടാണ്? ഒരു ഉദാഹരണം ചോദിക്കട്ടെ? എൽ.ഡി.എഫ്. ഗവൺമെന്റ് ഭരിക്കുന്ന കാലത്ത് ചെറുപയർ 29 രൂപയ്ക്കാണ് കൊടുത്തത്. ഇപ്പോൾ എത്രയാണ്? 60 രൂപയാണ്. കടല 48 രൂപയ്ക്ക് കൊടുത്തു. ഇപ്പോൾ 66 രൂപയാണ്. 22 രൂപയുടെ കടുക് ഇപ്പോൾ 42 രൂപയ്ക്കാണ് കൊടുക്കുന്ന ത്. ജീരകം 110 രൂപയ്ക്ക് കൊടുത്തു. ഇപ്പോൾ 179 രൂപയ്ക്കാണ് കൊടു ക്കുന്നത്. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണിയോട് ഞാൻ ചോദിക്കട്ടെ. സബ്സിഡി ഇനത്തിൽ ഞങ്ങൾ കൊടുത്തിരുന്ന സാധനങ്ങളാണ് ഇവർ ഇപ്പോൾ വിലകൂട്ടി കൊടുത്തുക്കൊണ്ടിരിക്കുന്നത്. രാജ്യത്തെ എല്ലാ സാധനങ്ങളുടേയും വില ഇങ്ങനെ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അരി

വരാതിരുന്നതുകൊണ്ടാണ് ഇവിടെ വില വർദ്ധിച്ചത് എന്നൊക്കെ പറഞ്ഞു കഴിഞ്ഞാൽ എന്താണ് സ്ഥിതി? ഇവർ എമർജിംഗ് കേരള കൊണ്ടുവന്നു. എന്താണ് സംഭവിച്ചത്? ഇവിടെ അങ്ങ് ഉൾപ്പെടെ പറഞ്ഞു, നെൽവയൽ തണ്ണീർത്തട നിയമത്തിന്റെ ഡാറ്റാ ബാങ്ക് വരാൻ പോകുന്നുവെന്നാണ്. ഡാറ്റാ ബാങ്ക് വരില്ല. ഈ നാട്ടിൽ മുഴുവൻ നെൽവയൽ നികത്തി ഇഷ്ടം പോലെ കൊടുക്കാൻ തീരുമാനിച്ച മാഫിയ സംഘം അപ്പുറത്തിരിക്കുക യാണ്. എമർജിംഗ് കേരളയ്ക്ക് വേണ്ടി യോഗം നടത്താൻ ചെലവഴിച്ചത് 16,67,09,000 രൂപയും printing advertisement -ന് 302 ലക്ഷം രൂപയും മറ്റ് advertisement-കൾക്കും പബ്ലിസിറ്റിയ്ക്കും 121 ലക്ഷം രൂപയും ഫുഡ് ആന്റ് അക്കോമഡേഷന് 321 ലക്ഷം രൂപയും ഡൊമസ്റ്റിക് ആന്റ് ഇന്റർനാ ഷണൽ റോഡ് ഷോയ്ക്ക് 133 ലക്ഷം രൂപയുമാണ്. ഇത് എന്റെ കണക്ക ല്ല. ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടിയുടെ വകുപ്പ് തന്ന കണക്കാണ്. നാണ മുണ്ടോ? 16 കോടി രൂപ കൊടുത്താൽ ഞങ്ങൾ ഇതുപോലത്തെ 10 എമർജിംഗ് കേരള ഉണ്ടാക്കി തരാം. എനിക്ക് ഒരു സംശയം, ഇവർ വരു മ്പോഴൊക്കെ യോഗം നടത്തി ഇങ്ങനെ ലക്ഷക്കണക്കിന് കോടിക്കണക്കിന് രൂപ ചെലവഴിച്ച് കേരളയും എമർജിംഗ് കേരളയും നടത്തുന്നതിന്റെ പിന്നിൽ ഒരു വലിയ ലോബിയുണ്ടോയെന്ന് പോലും സംശയിക്കുകയാണ്. ആളുകളെപ്പറ്റിക്കാൻ വേണ്ടി കോടിക്കണക്കിന് രൂപ ഇതുപോലെ ധൂർത്തടിക്കാൻ വേണ്ടിയാണോ ഈ സപ്ലിമെന്ററി ഡിമാന്റ്?

ഈ രാജ്യത്തെ വിറ്റുതുലയ്ക്കുന്ന മൂട്ടാള ഭരണത്തിന് എതിരായി നില കൊള്ളുന്ന ഒരു മനുഷ്യനും സമ്മതിക്കില്ല. അതുകൊണ്ട് 121 പോസ്റ്റുകൾ പാലായിലേയ്ക്കും പാമ്പാടിയിലേയ്ക്കും കൊടുക്കാൻ പക്ഷപാതം കാട്ടുന്ന ഈ ഗവൺമെന്റ് കൊണ്ടുവന്ന ഈ ധനാഭ്യർത്ഥനകളെ അംഗീ കരിക്കാൻ ആത്മാഭിമാനബോധമുള്ളവർക്ക് കഴിയുകയില്ല. ഈ ഡിമാന്റിനെ ഞാൻ ശക്തമായി എതിർക്കുകയാണ്.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥ നകളെ പിന്താങ്ങുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ശ്രീ. കെ.എം. മാണി നിയമസഭയിൽ തന്നെ പറഞ്ഞു, സാമ്പത്തികമായി വലിയ പ്രയാസമേറിയ കാലഘട്ടത്തിലൂടെയാണ് പോകുന്നതെന്ന്. അതു സംബന്ധിച്ച് ഒരു ധവളപത്രംതന്നെ ശ്രീ. കെ.എം. മാണി ഇറക്കുകയുണ്ടാ യി. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ റോഡുകളുടെ സ്ഥിതി എന്തായിരുന്നു? ഇപ്പോഴത്തെ സ്ഥിതി എന്താണ്? ഈ വ്യത്യാസം കാണാതെ നമുക്ക് പോകാൻ കഴിയുമോ? ഭരണകക്ഷി പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാവരുടേയും നിയോജകമണ്ഡലത്തിലെ റോഡു കളുടെ സ്ഥിതി ഈ ഗവൺമെന്റ് വരുമ്പോഴത്തെ സ്ഥിതിയാണോ? ഇപ്പോൾ മാറിയില്ലേ. എത്ര മാറ്റമുണ്ടായി. ഇവിടെ പല കാര്യങ്ങളിലും പണമില്ലെന്നുള്ള പല്ലവി ധനകാര്യ വകുപ്പ് പറഞ്ഞിരുന്നെങ്കിലും ഇപ്പോൾ അതില്ല. ഇവിടെ എല്ലാ കാര്യങ്ങൾക്കും പണം അനുവദിക്കാൻ ഞാൻ ഒരു ധനകാര്യ വിദഗ്ദ്ധനാണ് എന്ന് വലിയൊരു ജാഡയും പോസുമൊന്നും

കാണിക്കാതെതന്നെ നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ.എം. മാണിക്ക് കഴിയുന്നുണ്ട്. എല്ലാ കാര്യങ്ങൾക്കും പണമുണ്ട്. ഇവിടെ ഗ്യാസ് സിലിണ്ടറിന്റെ കാര്യം വന്നു. അപ്പോൾ തന്നെ പറഞ്ഞു, കേരള ത്തിൽ നിന്ന് 3 സിലിണ്ടർ കൂടി കൊടുക്കാം. കേരളത്തിലെ ധനകാര്യ വകുപ്പ് സബ്സിഡിയോടുകൂടി കൊടുക്കാമെന്ന് പറഞ്ഞു. പണമില്ലാ യെന്ന് പറഞ്ഞുകൊണ്ട് ഒരു വികസന പദ്ധതിയും മാറ്റിവയ്ക്കുന്ന ഒരു ഗവൺമെന്റല്ല എന്നത് നമ്മൾ പ്രത്യേകമായി മനസ്സിലാക്കണം. ഇവിടെ ഓരോ നിയോജക മണ്ഡലങ്ങളിലും പക്ഷപാതപരമായാണ് കാര്യങ്ങൾ നടത്തുന്നതെന്ന് ശ്രീ. മാത്യൂ ടി. തോമസ് പറയുന്നു. ശ്രീ. മാത്യൂ ടി. തോമസിന് എങ്ങനെ ഇത് പറയാൻ കഴിയുമെന്ന് എനിക്ക് അറിയില്ല. കാരണം ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് അദ്ദേഹം തിരുവല്ല ബൈപ്പാസിനുവേണ്ടി നടപടിയെടുത്തത്. ഞാൻ കഴിഞ്ഞ നിയമസഭ യിലെ അംഗമായിരുന്നു. വൺടൈം അപ്ഗ്രഡേഷൻ എന്ന് പറഞ്ഞ് പത്തനംതിട്ട ജില്ലയിൽ ശ്രീ. രാജു എബ്രഹാമിന്റെയും ശ്രീ. കെ.സി. രാജ ഗോപാലിന്റെയും ശ്രീ. മാത്യൂ ടി. തോമസിന്റെയും നിയോജക മണ്ഡല ത്തിൽ പണം കൊടുത്തിട്ട് ഒരു പഞ്ചായത്ത് റോഡിന് ഒരു രൂപ നിങ്ങൾ തന്നോ?

ശ്രീ. രാജു എബ്രഹാം: സർ, ശ്രീ. തോമസ് ഐസക് ധനകാര്യ വകു പ്പുമന്ത്രിയായിരിക്കുമ്പോൾ ബഹുമാനപ്പെട്ട കെ. ശിവദാസൻ നായരുടെ നിയോജക മണ്ഡലത്തിലെ പ്രധാനപ്പെട്ട 3 റോഡുകൾക്ക് പണം നൽകി

ഭരണാനുമതി നൽകുകയും ടെണ്ടർ നൽകുകയും പ്രവർത്തി തുടങ്ങുകയും ബഹുമാനപ്പെട്ട എം.എൽ.എ. അവിടെ അദ്ദേഹത്തിന്റെ ഫ്ളക്സ് ബോർഡ് സ്ഥാപിക്കുകയും ചെയ്തിരുന്നു. ഈ വസ്തുത മറച്ച് വച്ചിട്ട് സഭയെ തെറ്റിദ്ധരിപ്പിക്കും വിധം...

ശ്രീ. കെ. ശിവദാസൻ നായർ: ഞാൻ അങ്ങനെ ഫ്ളക്സ് ബോർഡ് വയ്ക്കുന്ന ഒരാളല്ല. ഇപ്പോൾ ഫ്ളക്സ് ബോർഡ് കാരണം ശബരിമല അയ്യപ്പന്റെ പടം പോലും ഒരിടത്തും കാണാൻ നിവൃത്തിയില്ല. അങ്ങോട്ട് പോകുന്ന വഴിക്ക് മുഴുവൻ ശ്രീ. രാജു എബ്രഹാമിന്റെ ഫോട്ടോയാണുള്ളത്. പന്തളം-കോഴഞ്ചേരി റോഡ്, ആറന്മുള്ള നിയോജക മണ്ഡലത്തിലും പത്തനംതിട്ട നിയോജക മണ്ഡലത്തിലുമായിരുന്നു. ഇപ്പോൾ എന്റെ നിയോജക മണ്ഡലത്തിലാണ് പൂർണ്ണമായും ഉള്ളത്. ആറന്മുള്ള നിയോജക മണ്ഡലം അവസാനിക്കുന്നതുവരെ അതിന് പണം കൊടുത്തു. അതിനുശേഷം പത്തനംതിട്ട നിയോജക മണ്ഡലത്തിൽ പണമില്ല. ശ്രീ. മാത്യൂ ടി. തോമസ്, പക്ഷപാതപരമല്ല അല്ലേ? നിങ്ങൾ പറയുമ്പോൾ എല്ലാ കാര്യങ്ങളും ശരിയാണോ എന്ന് മനസ്സിലാക്കി പറയണം. ആസ്തി വികസന ഫണ്ട് 705 കോടി രൂപ ശ്രീ. കെ.എം. മാണി മാറ്റിവച്ചിരിക്കുകയാണ്. എം.എൽ.എ. ഫണ്ട് ഒരു കോടിയാക്കി വർദ്ധിപ്പിച്ചു. എല്ലാ നിയോജക മണ്ഡലത്തിലും 6 കോടി രൂപ ഒരു വർഷം ചെലവഴിക്കാൻ കഴിയുന്നു. കഴിഞ്ഞ 5 വർഷക്കാലംകൊണ്ട് ഒരു കോടി രൂപ എനിക്ക് നിങ്ങൾ തന്നിട്ടില്ല. ഇവിടെ വന്നിട്ട് പക്ഷപാതപരമാണന്ന് പറയുന്നതിനകത്ത്

നിങ്ങൾക്ക് എന്ത് മര്യാദയാണ് എന്നെനിക്ക് മനസ്സിലാകുന്നില്ല. ഇവിടെ ശ്രീ. എളമരം കരീം സുതാര്യമാണോയെന്ന് ചോദിച്ചതിന്റെ തെളിവാണ് സേവനാവകാശ നിയമം വരെ നടപ്പിലാക്കാൻ ഈ ഗവൺമെന്റ് തയ്യാറാ യത്. അതുവരെ നടപ്പിലാക്കാൻ ഈ ഗവൺമെന്റ് തയ്യാറായി. പണം ഉണ്ടോ ഇല്ലയോ എന്നുള്ളതല്ല. ഇവിടെ ഞാൻ ചോദിക്കട്ടെ, പാവപ്പെട്ടവന് വീട് വയ്ക്കുന്നതിന്റെ പണം കഴിഞ്ഞ ഗവൺമെന്റ് ജില്ലാ സഹകരണ ബാങ്കിൽ നിന്ന് പണം കടം കൊടുത്തുകൊള്ളാമെന്ന് പറഞ്ഞു. പല സഹകരണ ബാങ്കുകളും പണം കൊടുത്തില്ല. കൊടുത്ത ബാങ്കുകൾ ബുദ്ധിമുട്ടിലായി. ഈ ഗവൺമെന്റ് ആ തുക പട്ടികവർഗ്ഗക്കാർക്ക് രണ്ടര ലക്ഷമായും പട്ടികജാതിയിൽപ്പെട്ടവർക്കും പൊതു വിഭാഗത്തിൽപ്പെട്ട വർക്കും രണ്ട് ലക്ഷമായും വർദ്ധിപ്പിച്ചു. ഇ.എം.എസ്, ഐ.എ.വൈ ഭവന പദ്ധതികൾക്ക് പണം കൊടുക്കുന്നതിനുവേണ്ടി 600 കോടി രൂപ ഹഡ്കോയിൽനിന്ന് വായ്പയെടുക്കാൻ തീരുമാനിച്ചിരിക്കുകയാണ്. കാര്യങ്ങൾ ശരിയായ രീതിയിൽ നടക്കണമെന്ന ആഗ്രഹത്തോടുകൂടിയാണ് ഗവൺമെന്റ് പ്രവർത്തിക്കുന്നത്. അത് മനസ്സിലാക്കാതെ എങ്ങനെയാണ് നമുക്ക് മുന്നോട്ടുപോകാൻ കഴിയുന്നത്. ജീവനക്കാരുടെ ക്ഷാമബത്ത കുടിശ്ശികയില്ലാതെ നൽകാൻ ഗവൺമെന്റ് തയ്യാറായി. പാവപ്പെട്ട വർക്കുള്ള ചികിത്സാ ധനസഹായമായ കാരുണ്യ ബനവലന്റ് ഫണ്ട് വളരെ വിജയകരമായി നടപ്പിലാക്കാൻ കഴിയുന്നുണ്ട്. 43.72 കോടി രൂപ യ്ക്കുള്ള ഉപധനാഭ്യർത്ഥനയാണ് ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. ശ്രീ. വി.

എസ്. അച്ചുതാനന്ദൻ മുഖ്യമന്ത്രിയായിരുന്നപ്പോൾ അദ്ദേഹത്തെ മുഖ്യമന്ത്രി സ്ഥാനത്തുനിന്ന് മാറ്റാൻ രണ്ടുതവണ തീരുമാനിച്ചിരുന്നു എന്നാണ് മലയാള മനോരമ പത്രത്തിൽ എഴുതിയിരിക്കുന്നത്. (പത്രം ഉയർത്തിക്കാണിക്കുന്നു). കേസിൽ വിജയിച്ചു എന്ന വിജയഭാവത്തോടെ വിജയശ്രീലാളിതനായി പ്രതിപക്ഷ നേതാവ് പത്രക്കാരെ കണ്ടപ്പോൾ പറഞ്ഞത് "പ്രതിപക്ഷ നേതാവായ എന്റെ കസേര തെറിപ്പിക്കാൻ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും ശ്രീ. ഉമ്മൻ ചാണ്ടിയും ഗൂഢാലോചന നടത്തുന്നു" എന്നാണ്. അതിന്റെ മറുപടിയായി ശ്രീ. പിണറായി വിജയൻ പറഞ്ഞത് "പ്രതിപക്ഷനേതാവിനെ തീരുമാനിക്കുന്നത് പാർട്ടിയാണ്" എന്നാണ്. ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഭരണപക്ഷമാണ് ഗൂഢാലോചന നടത്തി എന്നുപറഞ്ഞെങ്കിലും അദ്ദേഹം ഉദ്ദേശിച്ചത് ഇടത്തോട്ടാണ്. അദ്ദേഹത്തിന്റെ കസേരയിൽ നോട്ടമിട്ടുകൊണ്ട് ഇടതുവശത്ത് ഒരാളിരിപ്പുണ്ടെന്ന് അദ്ദേഹത്തിനറിയാം. ശ്രീ. കോടിയേരി ബാലകൃഷ്ണൻ വലത്തോട്ടുനോക്കുമ്പോൾ ഞങ്ങൾ വിചാരിക്കുന്നത് പ്രതിപക്ഷനേതാവിനോട് സംസാരിക്കാനാണെന്നാണ്. എന്നാൽ ശ്രീ. വി.എസ്. അച്ചുതാനന്ദനറിയാം അദ്ദേഹത്തിന്റെ കസേരയിലേയ്ക്കാണ് ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ നോട്ടമെന്ന്. അതാണ് പാർട്ടിയുടെ ഗൂൂഢാലോചന. പാർട്ടിയുടെ ഗൂഢാലോചന ഉണ്ടെന്നുള്ളതിന്റെ തെളിവാണ് ശ്രീ. വി.എസ്. അച്ചുതാനന്ദൻ പത്രക്കാരോട് എന്റെ സ്ഥാനം തെറിപ്പിക്കാൻ ഇവിടെ ഗൂഢാലോചന നടത്തുന്നു

എന്നുപറഞ്ഞത്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇവിടെ ധാരാളം പീഡനങ്ങളെക്കുറിച്ചും തുണിയില്ലാതെ ഓടുന്നതിനെക്കുറിച്ചുമൊക്കെ പറഞ്ഞു. എ.കെ.ജി സെന്ററിൽ പീഡനക്കേസുകൾ അന്വേഷിക്കുന്നതിനു മാത്രം ഒരു സെൽ വയ്ക്കേണ്ട ഗതികേടിലാണ് നിങ്ങളുടെ പാർട്ടി എന്ന യാഥാർത്ഥ്യം നിങ്ങൾ മറക്കരുത്. ഞങ്ങളുടെ മുഖത്തുനോക്കി ഇത്തരം കാര്യങ്ങൾ നിങ്ങൾ ചോദിക്കുമ്പോൾ നിങ്ങൾ നിങ്ങളെക്കുറിച്ചുതന്നെ ആലോചിക്കേണ്ടതാണെന്ന് ഞാൻ വിനീതമായ ഭാഷയിൽ ശ്രീ. കോടിയേരി ബാലകൃഷ്ണനോട് സൂചിപ്പിക്കുന്നു. ശ്രീ. ജി. സുധാകരനെ ഞാൻ വിദ്യാർത്ഥിയായിരിക്കുന്ന കാലം മുതൽ എനിക്ക് അറിയാവുന്നതാണ്. അദ്ദേഹം എന്റെ വളരെ പ്രിയപ്പെട്ട സുഹൃത്താണ്. സഹകരണ ബുച്ചറിനെക്കുറിച്ച് അദ്ദേഹം പറഞ്ഞു. അദ്ദേഹം ബുച്ചറായി വിശേഷിപ്പിച്ചത് ശ്രീ. സി.എൻ. ബാലകൃഷ്ണനെയാണ്. ശ്രീ. സി.എൻ. ബാലകൃഷ്ണൻ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയെക്കൂടി വിശ്വാസത്തിലെടുത്തുകൊണ്ട് സമന്വയത്തിന്റെ പാതയിൽ സഹകരണ മേഖലയെക്കൊണ്ടുപോകാൻ ശ്രമിച്ചയാളാണ്. അദ്ദേഹത്തെയാണ് സഹകരണ ബുച്ചർ എന്ന് വിളിച്ചത്. അങ്ങ് മറ്റ് പല ആളുകളുടെയും പേരിൽ ശ്രീ. ഉമ്മൻ ചാണ്ടിയെ പുലഭ്യം പറയാൻ തയ്യാറായി. അതിന് രാജേശ്വരിയുൾപ്പെടെ പല ആളുകളുടെയും വക്കാലത്ത് പിടിച്ചു. അങ്ങ് മന്ത്രിയായിരുന്നപ്പോൾ ചേർത്തല കാർഷിക ഗ്രാമവികസന ബാങ്ക്, പരിയാരം മെഡിക്കൽ കോളേജ്, ശ്രീ. കെ.സി. ജോസഫിന്റെ നിയോജക മണ്ഡലത്തിലെ എരുവേശി പഞ്ചായത്ത്

എന്നിവയൊക്കെ പിടിച്ചടക്കിയില്ലേ. അപ്പോൾ ആരാണ് ബുച്ചർ? നൂറ് അംഗങ്ങൾ മാത്രമുള്ള അമ്പായത്തോട് വനിതാ ക്ഷീര സഹകരണ സംഘത്തെപ്പോലും നിങ്ങൾ വെറുതെ വിട്ടില്ല. നിങ്ങൾ ആരെ നോക്കിയാണ് ബുച്ചർ എന്നുവിളിക്കുന്നത്? നിങ്ങൾ ഓരോരുത്തുടെയും മുഖത്തുനോക്കി ആക്ഷേപങ്ങൾ എയ്തുവിടുമ്പോൾ അതൊരു ബൂമറാംഗായി അങ്ങയുടെ മുഖത്തുതന്നെ വന്നുകൊള്ളും എന്ന് അങ്ങ് മനസ്സിലാക്കുന്നത് നല്ലതാണ്. ഞങ്ങൾ അങ്ങയെ ബുച്ചർ എന്ന് വിളിക്കുകയോ അങ്ങ് ചെയ്ത നല്ലകാര്യങ്ങൾ ചെയ്തിട്ടില്ല എന്ന് പറയുകയോ ചെയ്തിട്ടില്ല. അങ്ങൊരു മോശപ്പെട്ട മന്ത്രിയാണെന്ന് ഒരിക്കൽ പോലും ഞങ്ങൾ പറഞ്ഞിട്ടില്ല. പക്ഷേ ഈ കാര്യങ്ങളൊക്കെ ചെയ്യുമ്പോഴും അങ്ങ് പറഞ്ഞത് ''ഇത് ഞാനറിഞ്ഞില്ല, എന്റെ പാർട്ടിയുടെ തീരുമാനമാണ്'' എന്നാണ്. കാര്യങ്ങൾ അങ്ങ് അറിഞ്ഞില്ല എന്നു പറയുമ്പോൾ ഞങ്ങളത് ആത്മാർത്ഥമായി വിശ്വസിക്കുന്നു. കാരണം ശ്രീ. ജി. സുധാകരൻ അറിഞ്ഞാൽ അത് ചെയ്യില്ല എന്നാണ് ഞങ്ങളുടെ വിശ്വാസം. ഞങ്ങൾ അങ്ങനെ ഇപ്പോഴും വിശ്വസിക്കുന്നു. പക്ഷേ ശ്രീ. സി.എൻ. ബാലകൃഷ്ണന്റെ മുഖത്തുനോക്കി സഹകരണ ബുച്ചർ എന്നുപറയാൻ അങ്ങേയ്ക്ക് എങ്ങനെ തോന്നിയെന്ന് എനിക്ക് മനസ്സിലാകുന്നില്ല.

ശ്രീ. ജി. സുധാകരൻ: സർ, പോയിന്റ് ഓഫ് ഓർഡർ ...

മി. ചെയർമാൻ: യെസ്.....

ശ്രീ. ജി. സുധാകരൻ: സർ, സഹകരണ ബുച്ചർ എന്നുപറഞ്ഞത് ഗവൺമെന്റിനെപ്പറ്റിയാണ്. ശ്രീ. സി.എൻ. ബാലകൃഷ്ണൻ സഹകരണ ബുച്ചറാണെന്ന് ഞാൻ പറഞ്ഞിട്ടില്ല. ഞാൻ അങ്ങനെ ഉദ്ദേശിച്ചല്ല പറഞ്ഞത്. അത് തെറ്റായ സ്റ്റേറ്റ്മെന്റാണ്. സഹകരണ ബുച്ചർ എന്നുപറയുന്നത് മുഖ്യമന്ത്രിയെക്കുറിച്ചാണ്.

ശ്രീ. കെ. ശിവദാസൻ നായർ: സർ, മുഖ്യമന്ത്രിയല്ല ഇവിടെ സഹകരണവകുപ്പ് ഭരിക്കുന്നത്. സംസ്ഥാനത്തെ മറ്റുമന്ത്രിമാരുടെ ക്യാബിനറ്റിനെ നയിക്കുന്ന ആളാണ് മുഖ്യമന്ത്രി. സഹകരണ ബുച്ചർ എന്ന് പ്രത്യേകമായി അങ്ങ് പറഞ്ഞപ്പോൾ അത് വേറെ ആളുകളെയാണ് ലക്ഷ്യമാക്കുന്നത്. അങ്ങ് ഒരിക്കലും അങ്ങനെ പറയാൻ പാടില്ലായിരുന്നു എന്നാണ് എന്റെ അഭിപ്രായം. ഇവിടെ മന്ത്രിമാർ എഷ്യാനെറ്റ് ചാനലിൽ മത്സരിക്കുന്നു എന്ന് പറഞ്ഞു. മന്ത്രിമാർ ആവശ്യപ്പെട്ടിട്ടാണോ എഷ്യാനെറ്റ് ചാനൽ അവരെ മത്സരിപ്പിക്കുന്നത്. അത് ഏഷ്യാനെറ്റിന്റെ പ്രോഗ്രാമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നിങ്ങളിൽ പല ആളുകളും മത്സരിച്ചിട്ടില്ലേ? ഒന്നാമതെത്തിയത് ശ്രീ. പ്രേമചന്ദ്രനാണ്. ജനങ്ങൾ പറഞ്ഞത് അദ്ദേഹം നല്ല മന്ത്രിയാണെന്നും അവരുടെ സുഹൃത്താണെന്നുമാണ്. ഒന്നാം സ്ഥാനം ഏഷ്യാനെറ്റ് കൊടുത്തിട്ടും ദൗർഭാഗ്യവശാൽ അദ്ദേഹത്തിന് ഈ നിയമസഭയിൽ വരാൻ കഴിഞ്ഞില്ല. അന്ന് മന്ത്രിമാരുടെ മത്സരം ഏഷ്യാനെറ്റിൽ കണ്ടപ്പോൾ ഞങ്ങളാരും എതിര് പറഞ്ഞില്ല. ഞങ്ങളുടെ പ്രസംഗത്തിൽ ഞങ്ങൾ അതിനെ ആക്ഷേപിക്കുകയോ എസ്.

എം.എസ് അയച്ചതിനെക്കുറിച്ച് പറയുകയോ ചെയ്തിട്ടില്ല. ശ്രീ. മാത്യൂ ടി. തോമസിന്റെ ചിത്രം കാണുമ്പോൾ ഞങ്ങൾക്കുള്ള സുഖം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ മുഖം കാണുമ്പോഴുമുണ്ട്. അതിൽ വ്യത്യാസമൊന്നുമില്ല. അതുകൊണ്ട് അങ്ങനെയൊരു തെറ്റിദ്ധാരണ അങ്ങേയ്ക്കുണ്ടാകേണ്ടതില്ല. ഇപ്പോൾ ചില ആളുകളുടെ ചിത്രം കാണുന്നതിൽ അങ്ങേയ്ക്ക് ബുദ്ധിമുട്ടുണ്ട്. അങ്ങനെ മുന്നോട്ടുപോകുന്നത് ശരിയല്ല.

ശ്രീ. ഇ.പി. ജയരാജൻ ഇവിടെയില്ല. പക്ഷേ, അദ്ദേഹത്തെക്കുറിച്ച് പറയാതെ എങ്ങനെ എന്റെ പ്രസംഗം അവസാനിപ്പിക്കാൻ കഴിയുക. അദ്ദേഹം ഭൂസമരവുമായി ബന്ധപ്പെട്ട് പോയിരിക്കുകയാണ്. ആർക്കെതിരെയാണ് അദ്ദേഹം സമരം നടത്തുന്നത്. നമ്മുടെ നാട്ടിൽ ആയിരക്കണക്കിന് ഏക്കർ സ്ഥലം നികത്തിയിട്ടുണ്ട്. 5 സെന്റ് സ്ഥലം ഉള്ളവനും നികത്തിയിട്ടുണ്ട്. നികത്താൻ തുടങ്ങുമ്പോൾ അടുത്ത ദിവസം അവിടെ ഒരു ചുവന്ന കൊടി കാണും. ചുവന്ന കൊടി കണ്ടാൽ കരുതണം, നെഗോഷ്യേറ്റ് ചെയ്യാൻ തയ്യാറാണെന്ന്. കുറച്ചുകാലം കഴിയുമ്പോൾ ആരും അറിയാതെ കൊടിയും പോകും നികത്തലും നടക്കും. ഇത്തരത്തിൽ ബാക്കിയുള്ളവരും നികത്തും. ഇങ്ങനെയല്ലേ നടക്കുന്നത്. കുട്ടനാട് കൈനകരി വില്ലേജിൽ ആർ ബ്ലോക്കിൽ 217 ഭൂരഹിത കർഷകരുടെ പേരിൽ 1981-ൽ സർക്കാർ പതിച്ചു നൽകിയ 170 ഏക്കർ ഭൂമി എവിടെപ്പോയി. ശ്രീ. ജി. സുധാകരൻ, അങ്ങേയ്ക്ക് നേരിട്ട് അറിയാവുന്നതല്ലേ. പഴയ കാര്യങ്ങളൊക്കെ നമ്മൾ പെട്ടെന്ന് മറക്കാമോ? ഭൂസമരവുമായി വസ്തു തിരിച്ച് പിടിക്കാൻ പോവു

കയല്ലേ. 170 ഏക്കർ ഭൂമി ഭൂരഹിത കർഷകത്തൊഴിലാളികളുടെ പേരിൽ പതിച്ചുനൽകിയത് കുട്ടമംഗലം സർവ്വീസ് സഹകരണ ബാങ്കിൽ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതാക്കൾ ഭരണസമിതിയിൽ ഇരിക്കുമ്പോഴാണ്. ബാങ്കിന് പണയം വച്ച് പണമെടുത്തെങ്കിലും ചെലവഴിച്ചില്ല. നിങ്ങൾ അധികാരത്തിൽ ഇരിക്കുമ്പോൾ ജില്ലാ സഹകരണ ബാങ്ക് ലേലത്തിന് വച്ചു. ഭൂമാഫിയയ്ക്കും റിസോർട്ട് മാഫിയയ്ക്കും വിറ്റ ആ വസ്തുക്കൾ തിരിച്ചെടുക്കണം. ശ്രീ. ഇ.പി. ജയരാജന്റെ ഭൂസമരം അങ്ങോട്ടാണ് പോകേണ്ടത്. ശ്രീ. ജി. സുധാകരൻ ഒരു നടപടിയും എടുത്തിട്ടില്ലെന്ന് ഞാൻ പറയുന്നില്ല. അദ്ദേഹം കുട്ടമംഗലം സർവ്വീസ് സഹകരണ ബാങ്കിന്റെ ഭരണ സമിതിയെ പിരിച്ചുവിട്ടു. അതുമതിയോ? അങ്ങ് മന്ത്രിയായിരുന്ന ഒരു മന്ത്രിസഭ ഇല്ലായിരുന്നോ? എന്തുകൊണ്ട് ആ വസ്തു തിരിച്ചെടുത്ത് അങ്ങയുടെ മണ്ഡലത്തിലെ തൊഴിലാളികൾക്ക് കൊടുത്തില്ല. അതിന് നിയമവും ഗവൺമെന്റും ഉണ്ടായിരുന്നല്ലോ. അതൊന്നും ചെയ്യാതെ ഞാൻ എന്റെ അധികാര പരിധിയിൽ നിന്നു കൊണ്ട് ഭരണസമിതിയെ പിരിച്ചുവിട്ടുവെന്നാണ് ശ്രീ. ജി. സുധാകരൻ പറഞ്ഞത്. ആ ഭരണ സമിതി ഇരുന്നാലും പിരിച്ചുവിട്ടാലും കർഷകത്തൊഴിലാളികൾക്ക്.... കോരന് കുമ്പിളിൽ തന്നെ കഞ്ഞി എന്നുള്ളതേയുള്ളു. അവർക്ക് ഭൂമി കിട്ടിയില്ല. ഭൂമാഫിയയ്ക്ക് ഭൂമി കിട്ടി. അതിനൊരു നടപടിയും ഉണ്ടായില്ല. നടപടിയെടുക്കാൻ ഈ ഗവണമെന്റ് തയ്യാറാകണമെന്നാണ് ഞാൻ പറയുന്നത്. ഭൂമാഫിയയ്ക്ക് ഈ ഭൂമി മറിച്ച് വിറ്റിരിക്കുന്നു.

ശ്രീ. ജി. സുധാകരൻ: സർ, താങ്കൾ പറഞ്ഞതിൽ രാഷ്ട്രീയമായ വശങ്ങൾ ഒഴിച്ചാൽ ബാക്കിയെല്ലാം ഞാൻ സ്വാഗതം ചെയ്യുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അന്നത്തെ പ്രതിപക്ഷ നേതാവ് ശ്രീ. ഉമ്മൻ ചാണ്ടി ഈ പ്രശ്നം ഇവിടെ ഉന്നയിച്ചിരുന്നു. സഹകരണ സംഘത്തിന്റെ ഭരണസമിതി ചെയ്തത് തെറ്റാണെന്ന് മനസ്സിലാക്കി അവരെ പിരിച്ചുവിടുകയല്ലേ നമ്മൾ ചെയ്യേണ്ടത്. അതോടൊപ്പം ഒരു കാര്യം കൂടി മനസ്സിലാക്കണം. കുട്ടമംഗലം സഹകരണ ബാങ്ക് സി.പി.ഐ (എം) ഭരണസമിതി ആണെങ്കിലും ജില്ലാസഹകരണ ബാങ്ക് അന്ന് ഭരിച്ചത് യു.ഡി.എഫ്. ആയിരുന്നു. രണ്ടുപേരും കൂടിച്ചേർന്നാണ് ഇത് ചെയ്തതെന്ന് ഓർക്കരുത്. ഞങ്ങൾ ചെയ്തത് തെറ്റാണെന്ന് സമ്മതിച്ചു. ഭൂമി തിരിച്ചെടുക്കുന്നതിനുവേണ്ടി ഞങ്ങൾ യോജിക്കുകയാണ്. നിങ്ങൾ ഭൂമി തിരിച്ച് പിടിക്കൂ.

മി. ചെയർമാൻ : ബഹുമാനപ്പെട്ട അംഗം പ്ലീസ് കൺക്ലൂഡ്....

ശ്രീ. കെ. ശിവദാസൻ നായർ : ശ്രീ. ജി. സുധാകരൻ, അങ്ങ് സഹകരണവകുപ്പ് മന്ത്രി മാത്രമല്ലായിരുന്നു. ഒരു രാഷ്ട്രീയ പാർട്ടിയുടെ നേതാവ് കൂടിയാണ്. അങ്ങ്, അന്ന് മന്ത്രിസഭയിലെ അംഗമെന്ന നിലയിൽ, അങ്ങേയ്ക്ക് വേണ്ടി പ്രവർത്തിച്ച് വോട്ട് ചെയ്ത ഭൂരഹിത കർഷകത്തൊഴിലാളികളുടെ ഭൂമി മറിച്ചുവിറ്റിട്ടുണ്ടെങ്കിൽ, ഭൂമാഫിയകളുടെ കയ്യിൽ എത്തിയിട്ടുണ്ടെങ്കിൽ അത് തിരിച്ചെടുത്ത് കർഷകത്തൊഴിലാളികൾക്ക് കൊടുക്കാനുള്ള ഉത്തവാദിത്തവും നേതൃത്വവും അങ്ങും അങ്ങയുടെ മന്ത്രിസഭയും കാണിക്കേണ്ടതായിരുന്നു.

മി. ചെയർമാൻ : പ്ലീസ് കൺക്ലൂഡ്....

ശ്രീ. കെ. ശിവദാസൻ നായർ: അതുചെയ്യാതെ ഭൂസമരമെന്ന് പറഞ്ഞ് അദ്ദേഹം പോയിരിക്കുകയാണ്. ഇത് ശരിയല്ല. ഞാൻ ദീർഘമായി പറയുന്നില്ല, അവസാനിപ്പിക്കുകയാണ്. ഈ ഗവൺമെന്റ് ക്ഷേമപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന ഗവൺമെന്റാണ്. ഒന്നിനും പണമില്ലെന്ന പല്ലവി മാറ്റി എന്തിനും പണമുണ്ടെന്ന രീതിയിലേയ്ക്ക് മാറിയ ധനകാര്യവകുപ്പാണ് നമുക്കുള്ളത്. അതുകൊണ്ടുതന്നെ ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ  പിന്താങ്ങുകയാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനയെ എതിർക്കുകയാണ്. നിങ്ങളുടെ ഭരണത്തിന് ഖജനാവിലെ ധനം വിനിയോഗിക്കാൻ ധാർമികമായി യാതൊരു അവകാശവുമില്ല. എന്താണിവിടെ സംഭവിക്കുന്നത്? വികസനമില്ല, എമേർജിംഗ് കേരള എന്തായി; സ്മാർട്ട് സിറ്റിയ്ക്ക് എന്ത് സംഭവിച്ചു; വിഴിഞ്ഞം പദ്ധതി തുലച്ചില്ലേ; മെട്രോയുടെ പണമെടുത്ത് കൊല്ലത്തൊരു ബാങ്കിലിട്ടതല്ലാതെ പദ്ധതി നടന്നോ; ശ്രീ. ഇ.ശ്രീധരനെവിടെ; പാലക്കാട് കോട്ടമൈതാനത്ത് കോച്ച് ഫാക്ടറിയുടെ തറക്കല്ല് മാത്രമേ ബാക്കിയുള്ളൂ. പട്ടിക്ക് മൂത്രമൊഴിക്കാൻ തോന്നുമ്പോൾ ഇടത് കാല് പൊക്കി മൂത്രമൊഴിച്ചിട്ട് പോകാൻ ഒരു കല്ല് അവിടെ കിടക്കുന്നുവെന്നല്ലാതെ മറ്റ് എന്തെങ്കിലും കാര്യമുണ്ടോ ആ കല്ലിന്. പിന്നെ എന്ത് വികസനമാണ് നടക്കുന്നത്? വിദ്യാഭ്യാസരംഗം

കുത്തഴിഞ്ഞിരിക്കുന്നു. 378 അൺ എയിഡഡ് സ്ക്കൂളുകൾ കച്ചവടം ചെയ്തു. സി.ബി.എസ്.ഇ. സ്ക്കൂളുമായി കോടതിയിൽ ഒത്തുകളിച്ചു. സർവ്വകലാശാലകളിൽ സ്വന്തക്കാരെ കുത്തിനിറച്ചു. കോഴിക്കോട് സർവ്വകലാശാലയുടെ സ്ഥലം സ്വകാര്യ വ്യക്തികൾക്ക് പകുത്തുനൽകി. സഹകരണപ്രസ്ഥാനം തകർക്കുന്നു, ജില്ലാ സഹകരണ ബാങ്കുകളിലെ ഭരണസമിതി പിരിച്ചുവിട്ട് അഡ്മിനിസ്ട്രേറ്റീവ് ഭരണം ഏർപ്പെടുത്തി. സഹകരണമേഖലയിലെ നിക്ഷേപ തുക സ്വകാര്യ ബാങ്കുകളിലേയ്ക്ക് തിരിച്ചു വിടാനാണ് നീക്കം നടത്തുന്നത്. വിലക്കയറ്റം രൂക്ഷമായിരിക്കുന്നു. അരിവില 45 രൂപ വരെയായി. എ.പി.എൽ. വിഭാഗങ്ങൾക്ക് റേഷനില്ല. 300 ശതമാനം വരെ വില കൂടി. ഞങ്ങളുടെ കാലത്ത് റേഷൻകടകൾ വഴി 13 അവശ്യസാധനങ്ങൾ നൽകിയിരുന്നു. നിങ്ങളത് നിറുത്തി. നാട്ടിൽ ക്രമസമാധാനമില്ല. എല്ലാ ദിവസവും കൊള്ളയുടേയും കൊലപാതകങ്ങളുടേയും സ്ത്രീ പീഡനങ്ങളുടേയും വാർത്തകൾ മാത്രമാണ് മുന്നിട്ട് നിൽക്കുന്നത്. ക്വാറി മാഫിയകളും മണൽ മാഫിയകളും നാടുവാഴുന്നു. പരാതി നൽകാൻചെന്ന പെൺകുട്ടിയെ പോലീസ് സർക്കിൾ ഇൻസ്പെക്ടർ പീഡിപ്പിക്കാൻ ശ്രമിച്ചുവെന്ന് വാർത്തവന്നു. രണ്ടുപേരെയാണ് മാനസികരോഗാശുപത്രിയിൽ കൊന്നത്. അഴിമതി കൊടികുത്തി വാഴുന്നു. വിജിലൻസ് മന്ത്രിയുടെ മണ്ഡലത്തിൽ പ്രവർത്തിച്ചിരുന്ന ടെസ്സിൽ എന്ന കമ്പനിക്ക് വഴിവിട്ട് നിരവധി ഇളവുകൾ കൊടുത്തു. എല്ലാ ഇളവുകളും യു. ഡി. എഫ്.

സർക്കാരിന്റെ കാലത്തായിരുന്നു. ഇപ്പോൾ അവർക്ക് 36 കോടി രൂപയുടെ വൈദ്യുതി കുടിശ്ശിക ഇളവുചെയ്ത് നൽകിയിരിക്കുന്നു. ഇവരുമായുള്ള ഇടപാട് എന്താണ്? ഇതു സംബന്ധിച്ച് ഹൈക്കോടതിയിൽ കേസ്സുണ്ട്. സി.ബി.ഐ. അന്വേഷണത്തിന് സർക്കാർ തയ്യാറാണോ? കഴിഞ്ഞ ഏഴ് മാസത്തിനിടയിൽ 70 കർഷകർ ആത്മഹത്യ ചെയ്തത് എങ്ങനെയാണ്? നെല്ലിന്റെ സംഭരണവില കൂട്ടാൻ തയ്യാറുണ്ടോ? സംഭരിച്ച നെല്ലിന്റെ വില കൃഷിക്കാർക്ക് കൊടുക്കുന്നില്ല. ഈ സർക്കാരിന് തുടരാൻ ധാർമികമായ അവകാശമില്ല. യു. ഡി. എഫ്. -ലെ ഘടകകക്ഷികൾ തന്നെ പരസ്യമായി വിയോജിപ്പ് പ്രകടിപ്പിക്കുന്നു. ഈ സർക്കാരിന്റെ നാളുകൾ എണ്ണപ്പെട്ടു കഴിഞ്ഞുവെന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ഈ ഉപധനാഭ്യർത്ഥനയെ ഞാൻ ശക്തിയായി എതിർക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>): സർ, ഇവിടെ ബഹുമാനപ്പെട്ട ശ്രീ. എളമരം കരീം സംസാരിച്ച് തുടങ്ങിയപ്പോൾ ചില കാര്യങ്ങളെക്കുറിച്ച് സൂചിപ്പിക്കുകയു ണ്ടായി. ഞാൻ അത് പറയാം. അങ്ങ് നേരത്തെ പറഞ്ഞ കേസ്സിനെക്കുറിച്ച് പറഞ്ഞു. അങ്ങ് പറഞ്ഞ കോർപ്പറേറ്റ് ഏജന്റിനെക്കുറിച്ച് എനിക്ക് കൃത്യ മായി അറിയില്ല. അങ്ങേയ്ക്ക് നന്നായി അറിയാം. അങ്ങേയ്ക്ക് അറിയാ മെന്നുള്ളത് എനിക്ക് അറിയാമെന്ന് അങ്ങേയ്ക്കും അറിയാം. അതു കൊണ്ട് ആ അദ്ധ്യായം തുറക്കണ്ട. ഞാൻ പറയുന്നത് ശാന്തമായി

കേൾക്കൂ. വിജിലൻസ് കോടതിയിൽ ഇതുസംബന്ധിച്ച് ശ്രീ. ജോമോൻ പുത്തൻപുരയ്ക്കൽ ഒരു പെറ്റീഷൻ കൊടുത്തു. ആ പെറ്റീഷനിൽ ഏഴാമത്തെ ആളായിട്ടാണ് എന്റെ പേര്. ശ്രീ. സാജൻ പീറ്റർ, ഹോം സെക്രട്ടറി, മുൻ ചീഫ് സെക്രട്ടറി ശ്രീ. ജയകുമാർ തുടങ്ങി കുറച്ച് ഉദ്യോഗസ്ഥന്മാരുടെ പേരും എന്നെയും ചേർത്താണ് പെറ്റീഷൻ കൊടുത്തത്. ഒരു ഫയൽ വച്ച് താമസിപ്പിച്ചതുകൊണ്ട് സി.ബി.ഐ. അന്വേഷണത്തിന് പോകാൻ പറ്റിയില്ലെന്നുള്ളതാണ് പെറ്റീഷന്റെ കാര്യം. അതുതന്നെയാണ് ശ്രീ. എളമരം കരീം പറഞ്ഞതും. വിജിലൻസ് കോടതിയുടെ വിധിയൊന്ന് കേൾക്കണം. അതിനകത്ത് പറയുന്നത് “I am of the view that no case has been established against the respondent 2-7” എന്നുപറയുന്നതിനകത്താണ് ഹോം സെക്രട്ടറിയും ചീഫ് സെക്രട്ടറിയും ഞാനടക്കമുള്ളവരും വരുന്നത്. “2-7 as has been analysed in the petition. On the other hand the respondent had taken keen interest in avoiding unnecessary delay and to hand over the investigation at the earliest opportunity to the CBI.” ഇനി ദയവായി അങ്ങ് ഈ കാര്യത്തെക്കുറിച്ച് കൂടുതൽ വിമർശിക്കരുത്. ഇതാണ് ആ കേസ്സിന്റെ വിധിയായി കോട്ടയം വിജിലൻസ് കോടതിയിൽ നിന്ന് തന്നിട്ടുള്ളത്. രണ്ടാമത് ശ്രീ എളമരം കരീം ഇവിടെ സൂചിപ്പിച്ചത് സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായുള്ള അക്രമത്തെക്കുറിച്ചാണ്. എന്റെ കയ്യിൽ ഒരു കണക്കുണ്ട്.. ഈ

ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 18-5-2011 മുതൽ 31-12-2011 വരെ 49 സ്ത്രീകൾക്കെതിരെയാണ് അക്രമുണ്ടായിട്ടുള്ളത്. 1-1-2012 മുതൽ 30-11-2012 വരെ 110 സ്ത്രീകൾക്കെതിരെയാണ് അക്രമമുണ്ടായിട്ടുള്ളത്. ഇവിടെ. 347 എന്നൊരു കണക്കുപറഞ്ഞത് പഴയ കണക്കെല്ലാം കൂട്ടി ചേർത്താണ്. ഞാൻ ഇപ്പോൾ പറഞ്ഞതാണ് യഥാർത്ഥ കണക്ക്. അതുകൊണ്ട് ദയവായി നിങ്ങൾ പറഞ്ഞ ആ കണക്ക് വിടണം. ഇനി ഒരു കണക്കുകൂടി പറയാം. 18-5-2006 മുതൽ 31-6-2012 വരെ 353 സ്ത്രീകൾക്കും, 1-1-2007 മുതൽ 31-12-2007 വരെ 514 സ്ത്രീകൾക്കും 1-1-2008 മുതൽ 31-12-2008 വരെ 563 സ്ത്രീകൾക്കും 1-1-2010 മുതൽ 31-12-2010 വരെ 642 സ്ത്രികൾക്കുമെതിരെ അക്രമം നടന്നിട്ടുണ്ട്. പക്ഷെ 1-1-2012 മുതൽ 30-11-2012 വരെ 110 സ്ത്രീകൾക്കാണ് അക്രമമുണ്ടായിട്ടുള്ളത്. ഏത് കണക്കാണ് ശരി എന്നുള്ളത് പരിശോധിച്ചാൽ മതി. മൂന്നാമത്തെ കാര്യം, ശ്രീ. മാത്യൂ ടി. തോമസ് ആനിക്കാട്, മല്ലപ്പിള്ളി കേസിനെക്കുറിച്ച് ഇവിടെ പറഞ്ഞു. കല്ലൂപ്പാറ കേസ് എന്നുപറയുന്നത് അവിടത്തെ ക്ഷേത്രം കയ്യേറിയതാണ്. ആ കേസിൽ 6 പ്രതികൾ ഉണ്ടായിരുന്നു. ശ്രീ. ശേഖർ, ശ്രീ. രഞ്ജിനി, ശ്രീ. നിജിൻ, ശ്രീ. ലിജോ, ശ്രീ. ബിജു, ശ്രീ. റെജി ജോർജ് എന്നിവരാണ് ആ 6 പ്രതികൾ. 6 പ്രതികളിൽ 5 പേരെ അറസ്റ്റ് ചെയ്തിട്ടു

ണ്ട്. 6-ാമത്തെ പ്രതിയെ അറസ്റ്റ് ചെയ്യാനുള്ള നീക്കത്തിലാണ്. ഈ സംഭവം നടന്നിട്ട് കുറച്ചുകാലമേ ആയുള്ളൂ. അതോടൊപ്പം തന്നെ ആനിക്കാട് മല്ലപ്പിള്ളിയിൽ കീഴ്വായ്പൂർ പോലീസ് സ്റ്റേഷനിൽ നടന്ന രണ്ടാമത്തെ കേസിനെക്കുറിച്ചാണ് അങ്ങ് സൂചിപ്പിച്ചത്. ആനിജോയി എന്നു പറയുന്ന വൃദ്ധയുടെ കാര്യമാണ്. ഞാൻ ഹോസ്പിറ്റലിൽപോയി അവരെ കണ്ടിരുന്നു. ആസാം സ്വദേശികളായ ശ്രീ. സക്കീർ ഹുസൈൻ, ശ്രീ. ഇന്നോസ് അലി, ശ്രീ. അസീം അലി എന്നിവരാണ് പ്രതികൾ. 9-12 -2012-ലാണ് ഈ സംഭവം നടന്നത്. ഈ മൂന്നുപേരുമാണ് പ്രതികളെന്ന് ഐഡന്റിഫൈ ചെയ്തിട്ടുണ്ട്. ഈ പ്രതികളെ അറസ്റ്റു ചെയ്യുന്നതിനു വേണ്ടി കേരളത്തിലെ പോലീസ് ടീം ആസാമിൽ പോയിരിക്കുകയാണ്. അവരെക്കൂടി പിടിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ഞാൻ എന്റെ കയ്യിലിരിക്കുന്ന ഇന്ത്യാ ടുഡേയിലുള്ള ഒരു കാര്യം ഇവിടെ ചുണ്ടി ക്കാണിക്കുകയാണ്. അതിൽ നിങ്ങൾക്ക് എതിർപ്പുണ്ടാകുമെന്ന് തോന്നു ന്നില്ല. കാരണം മുമ്പൊരിക്കൽ ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇന്ത്യാ ടുഡേ ഈ സഭയിൽ കൊണ്ടുവന്ന് അതിലെ ക്വാട്ടിംഗ് കാണിച്ച് ഇവി ടത്തെ ലാ ആന്റ് ഓർഡർ വളരെ മെച്ചപ്പെട്ടു എന്ന് പറയുകയുണ്ടായി. അങ്ങയുടെ വാദഗതി ഞാൻ അതേപടി ഇവിടെ പറയുകയാണ്. ഇത് പഴയ ഇന്ത്യാ ടുഡേ അല്ല. 2012 നവംബർ മാസം 12-ാം തീയതി ഇറക്കിയി ട്ടുള്ള ഇന്ത്യാ ടുഡേ ആണ്. ഈ ഇന്ത്യാ ടുഡേയിൽ കേരളത്തിന്റെ സ്റ്റാറ്റസ് എവിടെയാണ് ലാ ആന്റ് ഓർഡറിൽ എന്ന് അങ്ങ് ദയവായി പരി

ശോധിക്കണം. The law and order situation in Kerala has shown remarkable improvement in the last one year. In fact...........അതാണ് ഇന്ത്യാ ടുഡേയുടെ വിലയിരുത്തൽ. കൂട്ടത്തിൽ ഒന്നുകൂടെ പറയുന്നു. ഇന്ത്യയിൽ ലാ ആന്റ് ഓർഡറിന്റെ കാര്യത്തിൽ കേരളം ഒന്നാം സ്ഥാന ത്ത് എന്നാണ് ഇന്ത്യാ ടുഡേ നമുക്കുതരുന്ന സർട്ടിഫിക്കറ്റ്. അതു കൊണ്ട് ഇവിടെ നേരത്തെ പറഞ്ഞതുപോലെ ചില വിരോധങ്ങളും വാശി കളുമൊക്കെ ഉണ്ടാകും. എനിക്കതിൽ ഒന്നും ചെയ്യാനില്ല. രണ്ടുമൂന്ന് പ്രസംഗം കേട്ടപ്പോൾ പറഞ്ഞു, ഞങ്ങൾ പ്രതിപക്ഷത്തായിക്കഴിഞ്ഞാൽ എന്താകും എന്ന്. എന്താകുമെന്നുള്ളത് നിങ്ങൾ തന്നെ തീരുമാനിച്ചാൽ മതി. അന്ന് ഭരണത്തിൽ വരുന്നവർ ആരാണെങ്കിലും അവർ തീരുമാനി ക്കട്ടെ. നമ്മുടെ അധികാരം ചിലപ്പോൾ നഷ്ടപ്പെട്ടേയ്ക്കുമെന്ന് കരുതി അധികാരത്തിലിരിക്കുന്ന കാലത്ത് നീതി ചെയ്യരുത് എന്നാണോ നിങ്ങൾ ഞങ്ങളെ പഠിപ്പിച്ചുകൊണ്ടിരിക്കുന്നത്. നിങ്ങൾക്ക് ഇനി ഭരണം മൂഴുവൻ കിട്ടുന്ന കാലം വന്നാലും ഈ സഭയിലെ 140 അംഗങ്ങളും ഇടതുപക്ഷ ജനാധിപത്യമുന്നണിയാകുന്ന ഒരു സാങ്കല്പിക ലോകം വന്നാലും ടി.പി. ചന്ദ്രശേഖരൻ വധത്തിനകത്ത് ഞങ്ങളെടുത്ത നടപടിയിൽ നിന്ന് പുറ കോട്ട് പോകുന്ന പ്രശ്നമേയില്ല. നിങ്ങൾക്ക് വേണമെങ്കിൽ എന്നെ തൂക്കികൊല്ലാം. എന്നെ എന്തുവേണമെങ്കിലും ചെയ്യാം. നിങ്ങൾക്ക് എനി ക്കെതിരായി എന്ത് നടപടി വേണമെങ്കിലും എടുക്കാം. ഞാൻ തിരുവഞ്ചൂ രിലെ നാട്ടിൻപൂറത്തെ ഒരു സാധു കർഷകന്റെ മകനായി വളർന്ന് വന്ന

താണ്. ഞാൻ ഇവിടെ എത്തുമെന്ന് എന്റെ അമ്മയും അച്ഛനും സ്വപ്നം പോലും കണ്ടിട്ടില്ല. കഷ്ടപ്പാടിന്റെ പാതയിലൂടെതന്നെയാണ് ഞാൻ ഇവിടെ വന്നുകയറിയത്. അതുകൊണ്ട് നമ്മൾ നീതിയുടെ പാതയിലൂടെ പോകുമ്പോൾ ഒരു കാരണവശാലും അതിൽ നിന്ന് പുറകോട്ടുവലിക്കുന്ന തിനുവേണ്ടി, അവിടെ കടിഞ്ഞാണിടുന്നതിനുവേണ്ടി, അവിടെ സ്പീഡ് ബ്രേക്കർ ഉണ്ടാക്കുന്നതിനുവേണ്ടി ഭരണം മാറുമ്പോൾ തട്ടിക്കളയുമെന്ന് പറയുന്നത് ഒരു പാർട്ടിക്ക് ഭൂഷണമാണോ എന്നുള്ളത് വിനയപൂർവ്വം ആലോചിക്കണമെന്ന് മാത്രമേ എനിക്ക് നിങ്ങളെ ഓർമ്മിപ്പിക്കാനുള്ളൂ. ഇതൊക്കെയാണ് ഇവിടെ പറഞ്ഞിട്ടുള്ള പൊതുവായ കാര്യങ്ങൾ. ആഭ്യ ന്തര വകുപ്പിനെക്കുറിച്ച് ഇവിടെ പറഞ്ഞിട്ടുള്ള ബാക്കി കാര്യങ്ങളൊക്കെ സ്വാഭാവികമാണ്. ആഭ്യന്തരവകുപ്പിനേയും കല്ലേറിയും അതും സ്വാഭാവി കമാണ്. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള പതിനാല് ജില്ലകളിലെ ഏത് മൂലയിലും മുക്കിലും കടലിലായാലും കരയിലായാലും ഒരു ചെറിയ സംഭവമുണ്ടായാൽ പോലീസിനെ കല്ലേറിയുന്നത് നമ്മുടെ ഒരു സ്ഥിരം സ്വഭാവമാണ്. കല്ലേറിയുന്നതിനൊന്നും എനിക്കൊരു വിരോ ധവുമില്ല. പക്ഷെ പകവച്ചുള്ള ചില വർത്തമാനങ്ങളുണ്ട്. അതൊരി ക്കലും ജനാധിപത്യത്തിന് ചേർന്നതല്ല. പ്രത്യേകിച്ച് പക്വത വന്ന രാഷ്ട്രീയ നേതാക്കന്മാർ ഇങ്ങനെ ഒരു സമീപനമെടുക്കുന്നത് ശരിയല്ല. അങ്ങനെ ഒരു സമീപനമെടുക്കരുത് എന്നാണ് എനിക്ക് ഓർമ്മിപ്പിക്കാനു ള്ളത്. ഇനി ഒരു വാക്കുകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം.

ശ്രീ. എം.എം.മണി കേസിനകത്ത് ഞാൻ എന്താണ് ചെയ്തത്? ഞാനോ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉമ്മൻചാണ്ടിയോ ഈ സഭയിലിരിക്കുന്ന ഏതെങ്കിലും മന്ത്രിമാരോ എം.എൽ.എ.മാരോ പറഞ്ഞിട്ടാണോ എം.എം. മണി പ്രസംഗിച്ചത്. ഞങ്ങളാരും പറഞ്ഞിട്ടല്ല. ഇവിടെ കേസ് വന്നു കഴി ഞ്ഞപ്പോൾ ............ .(ബഹളം)..........(ബഹളം)..........

മി. സ്പീക്കർ: ഇതെന്താണ്. മന്ത്രിക്ക് മറുപടി പറയണ്ടേ. ..................... (ബഹളം). ..... പ്ലീസ് സിറ്റ് ഡൗൺ. മന്ത്രി മറുപടി പറയട്ടെ. പ്ലീസ്.......(ബഹളം)...........ഇത്രയും ആളുകൾ സംസാരിച്ചതിന് മന്ത്രിക്ക് മറുപടി പറയണം. (ബഹളം)......... എന്താണ്. ഒന്നും സംഭവിച്ചില്ല............( ബഹളം).......... ഇത് ശരിയല്ല. നിങ്ങൾ സംസാരിച്ചിട്ട് ഒരു മന്ത്രിയെ മറു പടി പറയാൻ സമ്മതിക്കില്ല എന്ന നടപടി ശരിയല്ല. ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഒരു മന്ത്രിയെ മറുപടി പറയാൻ അനുവദിക്കാതിരിക്കു ന്നത് ശരിയല്ല. ..........(ബഹളം)......... ചർച്ചകൾക്ക് ശേഷം അതിന് മറുപടി പറഞ്ഞുകൊണ്ട് മന്ത്രി സംസാരിക്കുമ്പോൾ അത് തടസ്സപ്പെടുത്തുന്നത് ശരിയല്ല. .......(ബഹളം)........ ഇതൊന്നും ജനാധിപത്യമാർഗ്ഗമല്ല. ഇതൊന്നും നിയമസഭാ പ്രവർത്തനവുമല്ല. ഒരു ചർച്ചയ്ക്ക് ശേഷം വകു പ്പുമന്ത്രി മറുപടി പറയണം. അത് കേൾക്കാനുള്ള സഹിഷ്ണുത വേണം. ഇതൊന്നും ശരിയല്ല......(ബഹളം)...... ഇതൊന്നും ജനാധിപത്യമല്ല. അങ്ങ് സംസാരിക്കൂ.

(ബഹുമാനപ്പെട്ട ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രിയുടെ മറുപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഡയസിനടുത്തുവന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു)

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഈ ബഹളത്തിൽ ഞാനെ ങ്ങനെയാണ് സംസാരിക്കുന്നത്. ഞാൻ പറഞ്ഞുവന്നത് ഒരേയൊരു കാര്യം മാത്രമേയുള്ളൂ. ഈ കാര്യത്തിൽ ഹൈക്കോടതിയിൽ കേസ് പോയിരുന്നു. ഹൈക്കോടതി കേസിൽ വിധിയുണ്ടായി. സുപ്രീം കോട തിയിൽ കേസ് പോയി. ഹൈക്കോടതിയും സുപ്രീം കോടതിയും തീരുമാ നിച്ചതിനുശേഷമുള്ള നടപടിയുമായി മാത്രമേ ഞങ്ങൾ മുന്നോട്ട് പോയിട്ടുള്ളൂ.. അല്ലാതെ അസാധാരണമായ ഒരുകാര്യവും ഗവൺമെന്റ് എടുത്തിട്ടില്ല. ഗവൺമെന്റ് നീതിപൂർവ്വമായ നടപടി മാത്രമാണ് എടുത്തി ട്ടുള്ളത്. നീതിപൂർവ്വമായ നടപടിയെടുക്കാൻ ഗവൺമെന്റിനോട് ഒപ്പം നിൽക്കണം എന്ന് മാത്രമാണ് എനിക്ക് പറയാനുള്ളത്.

മി. സ്പീക്കർ: ശ്രീ. കെ. ബാബു..............പ്ലീസ്...........ശ്രീ. റ്റി. എൻ. പ്രതാപൻ അവരവരുടെ സീറ്റിലിരിക്കൂ ..............പ്ലീസ്.............

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, കണ്ണൂ രിൽ നാല്പ്പാടി വാസുവിനേയും സേവറി ഹോട്ടലിലെ നാണുവിനേയും അതുപോലുള്ള മറ്റ് ആളുകളേയും കൊലപ്പെടുത്തിയ പഴയ കേസ് എന്തു കൊണ്ടാണ് ആഭ്യന്തരകാര്യ വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃ ഷ്ണൻ ഇതുവരെ എടുക്കാത്തത്? ഒരുകടയിൽ രണ്ട് കച്ചവടം ശരി

യാണോ? ഇത് ഭീരുത്വമാണ്. ആ തരത്തിലുള്ള വളരെ ഭീരുത്വപൂർണ്ണമായ നടപടി സ്വീകരിക്കുന്ന ആഭ്യന്തരകാര്യ വകുപ്പുമന്ത്രിയുടെ നയസമീപനത്തെ ശക്തിയായി പ്രതിഷേധിച്ചുകൊണ്ട് ഞങ്ങൾ സഭവിട്ട് പുറത്തുപോകുകയാണ്.

(ബഹുമാനപ്പെട്ട ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രിയുടെ മറുപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഡയസിനടുത്തുവന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭാനടപടികൾ തടസ്സപ്പെടുത്തുകയും അൽപ്പസമയത്തിനുശേഷം പ്രതിപക്ഷം ഒന്നടങ്കം സഭ ബഹിഷ്ക്കരിച്ച് പുറത്തുപോകുകയും ചെയ്തു.)

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ.ബാബു): സർ, കണ്ണൂർ വിമാനത്താവളത്തെക്കുറിച്ചും വിഴിഞ്ഞം തുറമുഖത്തെക്കുറിച്ചും ഇവിടെ പരാമർശങ്ങളുണ്ടായി. കണ്ണൂർ എയർപോർട്ടിന്റെ നിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ച് ഇവിടെ ചില പാരാമർശങ്ങൾ നടന്നു. ഇന്ന് കണ്ണൂർ എയർപോർട്ടിനെ സംബന്ധിച്ചിടത്തോളം ഒരു പ്രധാനപ്പെട്ട ദിവസമാണ്. ഇന്ന് പരിസ്ഥിതി ഹിയറിംഗ് നടന്ന ദിവസമാണ്. പരിസ്ഥിതി ഹിയറിംഗ് കഴിഞ്ഞു. ഒരാഴ്ചയ്ക്കുള്ളിൽ പരിസ്ഥിതി ക്ലിയറൻസിന് വേണ്ടി സെൻട്രൽ അപ്രൈസൽ കമ്മിറ്റിക്ക് അപേക്ഷ സമർപ്പിക്കാൻ സാധിക്കുന്ന വിധത്തിലാണ്. ശ്രീ. എളമരം കരീം പറഞ്ഞത്, ഈ ഗവൺമെന്റ് വന്നതിന് ശേഷം കണ്ണൂർ എയർപോർട്ടിൽ ശ്രീ. അച്ചുതാനന്ദൻ വച്ച കല്ലിന്റെ മുകളിൽ ഒരു കല്ല്

വച്ചില്ലെന്നാണ്. ആ കല്ലിന്റെ മുകളിൽ വേറൊരു കല്ലുവയ്ക്കാൻ ഈ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല. കാരണം അന്ന് കല്ല് വച്ചത് 254.18 മീറ്റർ ചുറ്റുമതിലിന്റെതായിരുന്നു. അതിന് മുകളിൽ കല്ല് വച്ചിട്ടെന്താണ് കാര്യം? അതുകൊണ്ട് ഞങ്ങൾ അതിന്റെ മുകളിൽ കല്ലു വയ്ക്കാൻ ഉദ്ദേശിക്കുന്നില്ല. അതിന്റെ ചെലവ് കേൾക്കണം 18 ലക്ഷം രൂപ. 1400 കോടി രൂപ ചെലവ് വരുന്ന എയർപോർട്ട് പ്രോജക്റ്റിന്റെ 18 ലക്ഷം രൂപയുടെ 254.18 മീറ്റർ ചുറ്റുമതിൽ കെട്ടിക്കൊണ്ടാണ് നിർമ്മാണ ഉദ്ഘാടനം നടത്തിയത്. ഞങ്ങൾ അതല്ല ചെയ്തത്. പരിസ്ഥിതി പഠനത്തിന് വേണ്ടി 2011 ജൂലൈ മാസം സെസ്സിനെ നിയമിച്ചു. ഫെബ്രുവരി 2012-ൽ ടേംസ് ഓഫ് റഫറൻസ് അംഗീകരിപ്പിച്ചെടുത്തു. ഇന്ന് പരിസ്ഥിതി ക്ലിയിറൻസ് സംബന്ധിച്ചുള്ള ഹിയറിംഗ് നടന്നു. അടുത്ത ആഴ്ച കേന്ദ്ര ഗവൺമെന്റിന്റെ സെൻട്രൽ അപ്രൈസൽ കമ്മിറ്റി മുൻപാകെ റിപ്പോർട്ട് സമർപ്പിക്കും. ഫെബ്രുവരി ആദ്യ വാരത്തിൽ പരിസ്ഥിതി ക്ലിയറൻസ് ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. 2013 ജനുവരി മാസം 21-ന് ടെണ്ടറുകൾ ക്ഷണിക്കും. 2013 മാർച്ച് ആദ്യ വാരം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കത്തക്ക വിധത്തിലാണ് കണ്ണൂർ എയർപോർട്ടിന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ നടക്കുന്നത്. ശ്രീ. എളമരം കരീം നേരത്തെ പറഞ്ഞതുപോലെ കൺസൽട്ടൻസിയെ നിയമിച്ചില്ല എന്നു പറയുന്നത് ശരിയല്ല. ലോകത്തിലെ ഏറ്റവും നല്ല വിമാന കമ്പനികളുടെ ഏറ്റവും നല്ല

കൺസൽട്ടൻസിയായ Ecom-നെ കൺസൽട്ടന്റായി നിയമിച്ചിട്ടുണ്ട്. ഈ പ്രവർത്തനം നടക്കുകയാണ്. വിഴിഞ്ഞം തുറമുഖത്തെക്കുറിച്ചും ചില പരാമർശങ്ങളുണ്ടായി. ഒന്ന്, ശ്രീ. വി. എസ്. സുനിൽ കുമാർ മദർഷിപ്പ് വരുന്ന വിധത്തിലല്ല വിഴിഞ്ഞം തുറമുഖം ഡിസൈൻ ചെയ്യുന്നതെന്ന് പറഞ്ഞു. അവിടെ 2014-ൽ പുറത്തിറങ്ങുന്ന 18,000 സി.യു കപ്പാസിറ്റി യുള്ള രണ്ട് മദർഷിപ്പുകൾക്ക് ഒരേ സമയം ടെർമിനലിൽ വരത്തക്കവിധ മാണ് ഒന്നാം ഘട്ട നിർമ്മാണം രൂപകൽപ്പന ചെയ്തിട്ടുള്ളത്. ഒരു മാറ്റവും വരുത്തിയിട്ടില്ല. തുറമുഖ വകുപ്പിനെക്കുറിച്ച് ശ്രീ. കോടിയേരി പറഞ്ഞു പദ്ധതി വിഹിതം, ഈ വർഷത്തെ ഞങ്ങളുടെ ചെലവ് മൂന്ന് പെർസെന്റേയായിട്ടുള്ളൂ എന്ന്. 23 കോടി രൂപയാണ് തുറമുഖ വകു പ്പിന്റെ പദ്ധതി വിഹിതം. അതിൽ 11 കോടി രൂപ ചെലവാക്കിക്കഴിഞ്ഞു. 12 കോടി രൂപയ്ക്ക് കൊല്ലം പോർട്ടിലേയ്ക്കുവേണ്ടി ഒരു മൊബൈൽ ക്രെയിൻ ഓർഡർ ചെയ്തിരിക്കുകയാണ്. ആ ക്രെയിൻ വാങ്ങുമ്പോൾ 100 പെർസെന്റാകും. വിഴിഞ്ഞം തുറമുഖത്തെ സംബന്ധിച്ചടത്തോളം പറ യാനു ള്ളത് കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്ത് അവിടെ ഒരു ഉദ്ഘാ ടനം നടന്നു. പത്ത് മന്ത്രിമാർ പങ്കെടുത്തു. ഇന്നത്തെ പ്രതിപക്ഷ നേതാ വാണ് ഉദ്ഘാടനം നിർവ്വഹിച്ചത്. 600 മീറ്റർ റോഡിന്റെ ഉദ്ഘാടനം മാത്ര മാണ് അവിടെ നടന്നത്. അന്ന് പരിസ്ഥിതി ക്ലിയറൻസിന് അപേക്ഷ പോലും കൊടുത്തിരുന്നില്ല. ഞങ്ങൾ വന്നതിന് ശേഷം തുറമുഖ നിർമ്മാ

ണത്തിനാവശ്യമായ 90 ശതമാനം ഭൂമിയും ഏറ്റെടുത്തു കഴിഞ്ഞു. പാരിസ്ഥിതിക അനുമതി ലഭിച്ചതിന് ശേഷം നടത്തേണ്ട ചില നിർമ്മാണ പ്രവർത്തനങ്ങൾ ഒഴിച്ച് ലാന്റ് അക്വിസിഷൻ, ഇ.പി.സി ടെണ്ടറുകളുടെ നടപടികൾ, മാസ്റ്റർ പ്ലാൻ, ധന സമാഹരണം, അനുബന്ധ അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതി, വെള്ളം, റെയിൽ, റോഡ്, എന്നിവയുടെ പ്രവർത്തനങ്ങൾ പൂർത്തിയായി വരികയാണ്.

മി. സ്പീക്കർ: ഇത് നിയമസഭയാണ്, ശ്രീ. പി.സി. ജോർജ്, ബഹുമാനപ്പെട്ട മിനിസ്ററർ. ശ്രീ. ഷിബു ബേബി ജോൺ, please go to the seat..... ഒരു മന്ത്രി പറയുന്നത് നിങ്ങൾക്കും കേൾക്കേണ്ടേ? ഇത് കേൾക്കാൻ നിങ്ങൾക്കു താത്പര്യമില്ലേ? ഇത് എൽ.പി. സ്കൂളൊന്നുമല്ല, നിയമസഭയാണ്. സീനിയേഴ്സാണ് ഇങ്ങനെയൊക്കെ ചെയ്യുന്നത്, I am very sorry.

ശ്രീ. കെ. ബാബു: സർ, പരിസ്ഥിതി പഠനം സംബന്ധിച്ച് ഞങ്ങൾ വന്നതിന് ശേഷമാണ് ശരിയായ വിധത്തിലൊരപേക്ഷ കൊടുത്തത്. ടേംസ് ഓഫ് റഫറൻസ് അംഗീകരിപ്പിച്ചെടുത്തത്. പരിസ്ഥിതി പഠനം ജൂലൈ 2011 -ൽ തുടങ്ങി 2012 ജൂലൈയിൽ അവസാനിക്കേണ്ടതായിരുന്നുവെങ്കിലും മത്സ്യബന്ധന മേഖലയിൽ പ്രവർത്തിക്കുന്ന ചില എൻ. ജി.ഒ കളുടെയും ജനങ്ങളുടെയും മറ്റ് ചില സ്ഥാപിത താത്പര്യക്കാരുടെയും പരാതികളെത്തുടർന്ന് അവരുടെ ആശങ്കകൾ പരിഹരിക്കുന്നതി

നായി പരിസ്ഥിതി പഠനം 2012 സെപ്റ്റംബർ വരെ നീണ്ടു പോയി. പദ്ധതി ഉപദേശകരായ ഐ.എഫ്.സി.ക്കെതിരെ ഐ.എഫ്.സി. ഓംബുഡ്സ്മാന് പരാതി ഉന്നയിക്കപ്പെട്ടതും പഠനം നീണ്ടുപോകാൻ കാരണമായി. ഐ.എഫ്.സി.യുടെയും എൽ ആന്റ് റ്റി റാംഗ്പോളിന്റെയും പഠനറിപ്പോർട്ടുകൾ ക്രോഡീകരിച്ച് ജനുവരിയിൽ പബ്ളിക് ഹിയറിംഗിനായി പ്രസിദ്ധീകരിക്കുന്നതാണ്. 2011-12-ൽ 226.46 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 2012-13 -ൽ ഇതുവരെ 48 കോടി രൂപ ചെലവഴിച്ചു. വെയർഹൗസിംഗിന് വേണ്ടിയുള്ള 100 ഏക്കർ സ്ഥലം ഏറ്റെടുക്കുമ്പോൾ മുഴുവൻ തുകയും ചെലവാകും. ഞങ്ങൾ വന്നതിന് ശേഷം ആദ്യത്തെ വർഷം 197.84 കോടി രൂപയും രണ്ടാമത്തെ വർഷം 223.68 കോടി രൂപയും ചെലവഴിച്ചു. മൊത്തം 421.52 കോടി രൂപ. എൽ.ഡി.എഫ് സർക്കാർ അഞ്ചു കൊല്ലം ഭരിച്ചപ്പോൾ വിഴിഞ്ഞത്തിന് വേണ്ടി ആകെ ചെലവഴിച്ചത് 207.6 കോടി രൂപ മാത്രമാണ്. അതുകൊണ്ട് വിഴിഞ്ഞം തുറമുഖത്തെ സംബന്ധിച്ചിത്തോളം ഉണ്ടായ അടിസ്ഥാന പ്രശ്നം പരിസ്ഥിതി ക്ലിയറൻസാണ്. അതിന് അപേക്ഷ പോലും കൊടുക്കാതെയാണ് ഉദ്ഘാടനം എന്ന് പറഞ്ഞ് 600 മീറ്ററിന്റെ റോഡ് ഉദ്ഘാടനം ചെയ്തത്. ഞങ്ങൾ വന്നതിന് ശേഷം ആദ്യം മുതൽ തുടങ്ങേണ്ടി വന്നു. ഏതായാലും മൂന്നു മാസത്തിനുള്ളിൽ അതിന്റെ പരിസ്ഥിതി ക്ലിയറൻസ് വാങ്ങി നിർമ്മാണപ്രവർത്തനം ആരംഭിക്കാൻ സാധിക്കത്തക്ക വിധത്തിൽ കാര്യങ്ങൾ

മുന്നോട്ട് കൊണ്ടു പോവുകയാണ്. ഞങ്ങൾ ബാർ ഹോട്ടലുകൾ ഒരുപാട് കൊടുത്തതായി ശ്രീ. കോടിയേരി പരാമർശിച്ചു. 2001-2006 -ൽ യു.ഡി. എഫ് ഗവൺമെന്റിന്റെ കാലാവധി കഴിഞ്ഞപ്പോൾ 82 ബാറുകളാണ് 5 കൊല്ലം കൊണ്ട് കൊടുത്തിരുന്നത്. എൽ.ഡി.എഫ് ഗവൺമെന്റിന്റെ കാലാവധി കഴിഞ്ഞപ്പോൾ 5 കൊല്ലം കൊണ്ട് 152 ബാറുകൾ കൊടുത്തു. 40 കെ.എസ്.ബി.സി കടകൾ തുറന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ തന്നെ കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്ത് കൊടുത്ത അപേക്ഷകൾ 29 എണ്ണം പെൻഡിംഗുണ്ടായിരുന്നു. കോർട്ട് നിർദ്ദേശ പ്രകാരം കണ്ടംപ്റ്റ് ഓഫ് കോർട്ടുൾപ്പെടെ 26 ബാർ ഹോട്ടലുകൾക്ക് ഈ ഗവൺമെന്റിന്റെ സമയത്ത് തന്നെ ലൈസൻസ് കൊടുക്കേണ്ടി വന്നു. അതുപോലെ തന്നെ 22 എണ്ണത്തിന് അല്ലാതെ കൊടുത്തു. ഞങ്ങൾ വന്നതിന് ശേഷം ബാർ ഹോട്ടലുകളുടെ എണ്ണം വർദ്ധിക്കുന്നുവെന്ന് മനസ്സിലാക്കിക്കൊണ്ടാണ് ത്രീ സ്റ്റാർ ഹോട്ടലുകൾക്ക് ലൈസൻസ് കൊടുക്കേണ്ടെന്നും ഈ വർഷം മാർച്ച് 31 കഴിഞ്ഞാൽ ഫോർ സ്റ്റാറിന് ലൈസൻസ് കൊടുക്കേണ്ടെന്നും തീരുമാനിക്കാൻ കാരണം. ഈ ഗവൺമെന്റ് വന്നതിന് ശേഷം കെ.എസ്.ബി.സി.യുടെ ഒറ്റ ഷോപ്പ് പോലും ഞങ്ങൾ ആരംഭിച്ചിട്ടില്ലെന്നു മാത്രമല്ല ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ആരംഭിക്കില്ലെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ചു കഴിഞ്ഞു. ബാർ ഹോട്ടലുകൾക്ക് കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്ത് ചെയ്തു കൊടുത്ത ഒത്ത

ാശകളുടെയും ഇളവുകളുടെയും ലിസ്റ്റ് എന്റെ കൈയിലുണ്ട്. ഞാൻ പിന്നീടൊരവസരത്തിലതു പറയാം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, ബഹുമാനപ്പെട്ട ജി. സുധാകരൻ ഈ ചർച്ചയിൽ പങ്കെടുത്തപ്പോഴും; ശ്രീ. പി. തിലോത്തമൻ ശ്രദ്ധക്ഷണിക്കൽ പ്രമേയം അവതരിപ്പിച്ചപ്പോഴും; അതു പോലെ ശ്രീ. പി.കെ. ഗുരുദാസൻ അടിയന്തിര പ്രമേയം അവതരിപ്പിച്ച പ്പോഴും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉൾപ്പെടെ ഞാനും ഈ സഭയെ തെറ്റി ദ്ധരിപ്പിച്ചുകൊണ്ട് കള്ളം പറഞ്ഞുവെന്ന് ഇവിടെ പരാമർശിക്കുകയുണ്ടാ യി. കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ തൊഴിലാളികളെ സഹായി ക്കുന്നതിനുവേണ്ടി ഒരു ഇൻകം സപ്പോർട്ട് സ്കീം കൊണ്ടുവന്നു. 20 കോടി രൂപ അതിനുവേണ്ടി അനുവദിച്ചിട്ടുണ്ട്. 20 കോടി രൂപ അനുവദി ച്ചപ്പോൾ അന്ന് കയർപിരി മേഖലയിലെ തൊഴിലാളികൾക്ക് നൽകിക്കൊ ണ്ടിരുന്നത് 150 രൂപയാണ്. ഈ 150 രൂപയിൽ സൊസൈറ്റികൾ 100 രൂപയും ബാക്കിയുള്ള 50 രൂപ മാത്രമാണ് ഇൻകം സപ്പോർട്ട് സ്കീമിൽ കൊടുക്കുവാനുള്ള തീരുമാനമെടുത്തിരുന്നത്. അങ്ങനെ 150 രൂപ കയർപിരി മേഖലയിൽ ലഭിച്ചുകൊണ്ടിരുന്ന സ്ഥാനത്ത് ഈ ഗവൺമെന്റ് വന്നതിനുശേഷം അത് 210 രൂപയായി വർദ്ധിപ്പിച്ചു; ഇപ്പോൾ 210 രൂപ വേതനം നൽകിക്കൊണ്ടിരിക്കുകയാണ്. ശ്രീ. ജി. സുധാകരൻ ആവർത്തിച്ചാവർത്തിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി; ഇദ്ദേഹം പച്ച

ക്കള്ളം ഈ സഭയിൽ പറയുകയാണ്, ഇത് 200 രൂപയായി വർദ്ധിപ്പിച്ചു കൊടുക്കുവാൻ അദ്ദേഹം കയർ വകുപ്പു മന്ത്രിയായിരുന്ന സമയത്ത് അതിനുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ട് എന്നാണ് അദ്ദേഹം ഇവിടെ സൂചിപ്പിച്ചത്. അദ്ദേഹം അധികാരത്തിൽ നിന്ന് പുറത്തു പോകുന്നതു വരെയും അങ്ങനെ ഒരു ഗവൺമെന്റ് ഉത്തരവ് ഇറങ്ങിയിട്ടില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം 210 രൂപ വർദ്ധിപ്പിച്ചു കൊടുത്തു എന്നു പറയുമ്പോഴും 100 രൂപ സഹകരണ സംഘങ്ങൾ കൊടുക്കുന്ന സ്ഥാനത്ത് 110 രൂപ ആ തൊഴിലാളികളുടെ പേരിൽ, അവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് കൊടുക്കുകയാണ്. ഇടനിലക്കാർക്ക് അതിൽ യാതൊരു സ്വാധീനവുമുണ്ടാക്കാതെ തന്നെ തൊഴിലാളികൾക്ക് നേരിട്ട് ഈ പണം ലഭിക്കുന്നതിനുവേണ്ടിയുള്ള നടപടിയാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. അദ്ദേഹം പല പ്രാവശ്യം ആവർത്തിച്ചു പറഞ്ഞുവെന്നുള്ളതുകൊണ്ടാണ് ഞാൻ ഇത് പരാമർശിക്കണം എന്ന് ആഗ്രഹിച്ചത്. ഇന്ന് ഇൻകം സപ്പോർട്ട് സ്കീമിൽ ഏതാണ്ട് ഒമ്പതരക്കോടി രൂപയിലധികം ഇപ്പോൾ തന്നെ ചെലവഴിച്ചു കഴിഞ്ഞു. ബാക്കിയുള്ള തുക വലിയ കാലതാമസമില്ലാതെ കയർപിരി മേഖലയിലെ തൊഴിലാളികൾ പേരുകൾ രജിസ്റ്റർ ചെയ്യുന്നതിനനുസരിച്ച് അവർ പണിയെടുക്കുന്നതിന്റെ അടിസ്ഥാനത്തിൽ അവർക്ക് നൽകുന്നതിനുള്ള നടപടികളും ഈ ഗവൺമെന്റ് സ്വീകരിച്ചു കൊണ്ടിരിക്കുകയാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): സർ, ഞാൻ വളരെ പ്രതീക്ഷയോടു കൂടിയാണ് പ്രതി പക്ഷ നേതാവിന്റെ പ്രസംഗത്തെ വീക്ഷിച്ചത്. പക്ഷേ നിരാശപ്പെടുകയു ണ്ടായി. പ്രതിപക്ഷ നേതാവിന്റെ പ്രസംഗം കേൾക്കാനാണ് ഞാൻ ഓടി വന്നത്. എന്നാൽ രണ്ടര മിനിട്ടാണ് പ്രതിപക്ഷ നേതാവ് ഒരു സപ്ലിമെന്ററി ഡിമാന്റിന്റെ ചർച്ചയിന്മേൽ പ്രസംഗിച്ചത്. വാസ്തവത്തിൽ ഇതൊരു റെക്കോർഡാണ്. ഞാൻ കഴിഞ്ഞ 47 വർഷക്കാലമായി നിയമസഭയിൽ മെമ്പറാണ്. പ്രതിപക്ഷ നേതാവിന്റെ വായടപ്പിക്കാൻ കഴിയുന്ന ഒരു ഗവൺമെന്റാണിത് എന്നുള്ളതല്ലേ, അദ്ദേഹത്തിന് ഒന്നും പറയാനില്ല. പോരെങ്കിൽ ഇപ്പോൾ ബോയ്കോട്ട് കൂടിയായി. എന്തിനാണ് ഈ ബോയ്കോട്ട് നടത്തിയത്? ഈ ഗവൺമെന്റ് പറയുന്നതിന് അവർക്ക് ഉത്തരം പറയാനില്ല. അവർ ഭയപ്പെട്ടുകൊണ്ട്, ഭീരുക്കളെപ്പോലെ ബോയ്കോട്ട് ചെയ്യുകയാണ്. ഇങ്ങനെ ഒരു പ്രതിപക്ഷമുണ്ടോ? ഉത്തര വാദിത്വം ഇങ്ങനെയാണോ നിർവ്വഹിക്കേണ്ടത്? പ്രതിപക്ഷം നിർവ്വഹി ക്കേണ്ട ചുമതല ഇതാണോ? അപ്പോൾ ചുമതല നിർവ്വഹണത്തിൽ ഏറ്റവും പരാജയപ്പെട്ട പ്രതിപക്ഷം എന്നു പറയട്ടെ? വാസ്തവത്തിൽ അവർ ചെയ്തത് ശരിയായില്ല എങ്കിലും ഏതാണ്ട് 11 മണി മുതൽ ഇവിടെ നടത്തിയ പ്രസംഗങ്ങൾ ഞാൻ വളരെ ശ്രദ്ധയോടു കൂടി കേട്ടുകൊണ്ടിരി ക്കുകയായിരുന്നു. അതിന് മറുപടി പറയേണ്ടത് ഗവൺമെന്റിന്റെ ചുമതല യാണ്. അതുകൊണ്ട് ഞാൻ തുടങ്ങുകയാണ്. 201213 –ലെ ബഡ്ജറ്റ്

സമ്മേളനത്തിൽ 69103 കോടി രൂപയാണ് ബഡ്ജറ്റ് ഡിമാന്റ്സ് ഫോർ ഗ്രാന്റ്സ് പാസ്സാക്കിയത്. അതുകഴിഞ്ഞ് 2012 ജൂലൈയിൽ ആദ്യത്തെ സപ്ലിമെന്ററി ഡിമാന്റ് വന്നു; 616 കോടി രൂപ പാസാക്കിക്കൊടുത്തു. ഇത് രണ്ടാമത്തെ സപ്ലിമെന്ററി ഡിമാന്റാണ്; 43 കോടി രൂപയാണ് ഇപ്പോൾ ഈ സപ്ലിമെന്ററി ഡിമാന്റിൽ ചോദിച്ചിരിക്കുന്നത്. ഇതുകൂടി പാസ്സാക്കു മ്പോൾ 69,763 കോടി രൂപയായിരിക്കും നിയമസഭ പാസ്സാക്കി തരുന്നത്. ഇതിൽ നിന്ന് 23 കോടി രൂപയാണ് കണ്ടിജൻസി ഫണ്ടിൽ ചോദിച്ചിരിക്കു ന്നത്. സപ്ലിമെന്ററി ഡിമാന്റ് എന്നു പറയുന്നത് കണ്ടിജൻസി ഫണ്ടിൽ നിന്നുമെടുത്ത് ചെലവഴിച്ച തുകകൾ ക്രമീകരിക്കുന്നതിനും അത്യാവശ്യ മായി വരുന്ന ചെലവുകൾക്ക് ഗവൺമെന്റ് ന്യൂ സർവ്വീസ് പ്രൊസീഡ്യു വർ പാലിച്ചുകൊണ്ട് ചെലവ് ചെയ്യുവാൻ അനുവദിക്കുന്നതിനുമാണ് ഈ സപ്ലിമെന്ററി ഡിമാന്റ് അവതരിപ്പിച്ചിരിക്കുന്നത്. ഇതിൽ കണ്ടിജൻസി ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുള്ള തുക 23 കോടി രൂപ മാത്രമാണ്. ഇപ്പോൾ വരവിനങ്ങളേയും ചെലവിനങ്ങളേയുംപറ്റി നമ്മൾ വിലയിരുത്തു മ്പോൾ ഒരു കാര്യം പറയട്ടെ, വരവിനത്തിൽ കഴിഞ്ഞ വർഷത്തെ ഇതേ കാലയളവിലുള്ള നികുതി വരുമാനത്തേക്കാൾ 22% ഗ്രോത്ത് കൈവരി ക്കാൻ കഴിഞ്ഞു. ചെലവിനത്തിലേയ്ക്ക് വരുമ്പോൾ ചെലവിനത്തിൽ 17.65% വർദ്ധിച്ചിട്ടുണ്ട്. ഇതിൽ നിന്നും തെളിയുന്നതെന്താണ്? വരവിന്റെ ഗ്രോത്ത് റേറ്റിനെക്കാൾ ചെലവിന്റെ ഗ്രോത്ത് റേറ്റ് കുറഞ്ഞുകൊണ്ടാണ് ഇരിക്കുന്നത്; എങ്കിൽ അത് നല്ല ധനകാര്യ മാനേജ്മെന്റാണ്. യാതൊരു

സംശയവുമില്ല. അപ്പോൾ വരവിന്റെ ഗ്രോത്ത് റേറ്റിനേക്കാൾ ചെലവിന്റെ ഗ്രോത്ത് റേറ്റ് വളരെ കുറഞ്ഞാണ് നിൽക്കുന്നത് എന്നുള്ളതു വളരെയേറെ സന്തോഷകരമായിട്ടുള്ള കാര്യമാണ്. 22% ആണ് വരവെങ്കിൽ ചെലവ് ഗ്രോത്ത് റേറ്റ് 17% ആണ്. ഈ നിലയിൽ വരുമ്പോൾ നമുക്ക് ഇക്കൊല്ലത്തെ റവന്യൂ ഡെഫിസിറ്റ് കുറച്ച് കൊണ്ടുവരാൻ കഴിയുമെന്നുള്ളതിന് യാതൊരു സംശയവുമില്ല. പക്ഷേ ഫിസ്കൽ റെസ്പോൺസിബിലിറ്റി ആക്ടിൽ പറയുന്നതു പോലെ ആ ടാർജറ്റിലേക്ക് എത്തിയില്ലെങ്കിൽ പോലും എത്തുമോ എന്നുള്ളത് പല കാരണങ്ങളാൽ കുറച്ചു സംശയകരമാണ്. എങ്കിൽപ്പോലും വളരെ നല്ല ധനകാര്യ മാനേജ്മെന്റായി ഞാനിതിനെ കാണുകയാണ്. ഇഫക്ടീവ് റവന്യൂ ഡെഫിസിറ്റ് അനുസരിച്ച് നോക്കിയാൽ തീർച്ചയായും ഫിസ്കൽ റെസ്പോൺസിബിലിറ്റി ആക്ടിൽ പറയുന്നതു പോലെ റവന്യൂ ഡെഫിസിറ്റും ഫിസ്കൽ ഡെഫിസിറ്റും നമുക്ക് കുറച്ചു കൊണ്ടുവരാൻ കഴിയും എന്നുള്ളതിനും സംശയമില്ല. ശ്രീ. കോടിയേരി ബാലകൃഷ്ണൻ മുതൽ പല മെമ്പർമാരും പ്ലാനിനെപ്പറ്റി സംസാരിച്ചു. വാസ്തവത്തിൽ പ്ലാൻ എക്സ്പെൻഡിച്ചറിനെപ്പറ്റി പഠിക്കുക പോലും ചെയ്യാതെ ചുമ്മാ വെറുതെ കാടടച്ചു വെടിവച്ചു എന്നുള്ളതു മാത്രമേ ഇതിനെപ്പറ്റി എനിക്ക് പറയാനുള്ളൂ. പക്ഷേ ശ്രീ. കോടിയേരി ബാലകൃഷ്ണനും ശ്രീ. ജി. സുധാകരനും ഇവിടെയില്ല, അവർ കൂടി ഉണ്ടായിരുന്നെങ്കിൽ നല്ലതായിരുന്നു. അവർ പറഞ്ഞത് പ്ലാൻ ചെലവ് കുറഞ്ഞു; ചെലവഴിക്കുന്നില്ല; കോടിക്കണക്കിന് രൂപ പാഴാക്കുന്നു എന്നാ

ണ്. എന്താണ് സത്യം? 201112 വർഷത്തെ പ്ലാൻ ടാർജറ്റ് 12010 കോടി രൂപ യായിരുന്നു. ഇത് മുൻവർഷത്തെക്കാൾ 20% കൂടുതൽ പദ്ധതിയടങ്കൽ ആണ്. 12010 കോടി രൂപയിൽ കഴിഞ്ഞ വർഷം ചെലവഴിച്ചത് 10955 കോടി രൂപ ആണ്. എന്നുപറഞ്ഞാൽ 91% പ്ലാൻ എക്സ്പെൻഡിച്ചറായി. ശരി യാണ് 9% കുറവാണ്, 100% എത്തണമെങ്കിൽ 91% മതിയാകില്ല. 9% ചെല വഴിക്കാതെ വന്നപ്പോൾ 1060 കോടി രൂപ ലാപ്സായി. ഇതിനാണ് 1060 കോടി രൂപ നഷ്ടപ്പെടുത്തിയത് എന്നിവിടെ ഉയർത്തിക്കാണിച്ചത്. 2010 11-ലെ അവസ്ഥയെന്താണ്? 201011 -ൽ എൽ.ഡി.എഫ്.-ന്റെ അവസാന വർഷത്തിൽ കാണുന്നത് പദ്ധതിയടങ്കൽ 10025 കോടി രൂപയായിരുന്നു, ചെലവഴിച്ചത് 8700 കോടി രൂപ. എന്നു പറഞ്ഞാൽ 87%. നമ്മൾ 91% ചെല വഴിച്ചപ്പോൾ അവരുടെ കാലത്തിൽ 87% ചെലവഴിച്ചു, 1325 കോടി രൂപ ലാപ്സായി. 201011 -ൽ എൽ.ഡി.എഫ്. ചെലവഴിച്ച 8700 കോടി രൂപയേ ക്കാൾ 2247 കോടി രൂപ നമ്മൾ കൂടുതൽ ചെലവഴിച്ചു. ഇതിന് ബൈബിളിൽ ഒരു വാക്കുണ്ട്. അവനവന്റെ കണ്ണിൽ കോല് ഇരിക്കു മ്പോൾ ആരാന്റെ കണ്ണിലെ കരട് കാണരുത്. ശ്രീ. ജി. സുധാകരനും ശ്രീ. കോടിയേരി ബാലകൃഷ്ണനും വളരെ നല്ല മെമ്പർമാരാണ്, പക്ഷേ തന്റെ കണ്ണിൽ തടി ഇരിക്കുമ്പോൾ ഭരണകക്ഷിയുടെ കരട് കണ്ടുപിടിക്കുന്ന സൂക്ഷ്മദൃഷ്ടിക്കാരെ ഓർക്കുമ്പോൾ എനിക്ക് വളരെ വിചിത്രമായി തോന്നിപ്പോവുകയാണ്. യഥാർത്ഥത്തിൽ ആരാണ് പ്രതി? യഥാർത്ഥ ത്തിൽ പ്രതി ഇറങ്ങിപ്പോയവരാണ്. ഈ ബോയ്കോട്ട് ചെയ്തവരാണ്.

ഇറങ്ങിപ്പോയ എന്റെ സ്നേഹിതൻ ശ്രീ. ജി. സുധാകരൻ ബ്രിട്ടീഷ് പാർലമെന്റിനെപ്പറ്റി പറയുകയുണ്ടായി. ഞാൻ ബ്രിട്ടീഷ് പാർലമെന്റ് ഹൗസിൽ ഒരു തീയറി അവതരിപ്പിക്കാൻ പോയി. അദ്ദേഹം പറഞ്ഞു, അതൊക്കെ കൊള്ളാം; നല്ല കാര്യം; ഓക്സ്ഫോർഡിൽ പോയി; നല്ല കാര്യം; പക്ഷേ അവിടത്തെ പാർലമെന്ററി പ്രാക്ടീസ് പഠിക്കേണ്ടതായിരുന്നു. അവിടത്തെ പാർലമെന്ററി പ്രാക്ടീസ് അനുസരിച്ച് നിയമസഭക്ക് നൽകുന്ന ഉത്തരവാദിത്വങ്ങൾ നിറവേറ്റിയില്ലെങ്കിൽ; പാസ്സാക്കിയ തുക ലാപ്സാക്കിയാൽ ധനകാര്യ വകുപ്പുമന്ത്രി രാജിവയ്ക്കണം. ഇപ്പോൾ രാജിവയ്ക്കേണ്ടത് അവരാണ്. ഇപ്പോൾ രാജിവയ്ക്കേണ്ടത് പ്രതിപക്ഷമല്ലേ; 81 ശതമാനം ചെലവഴിച്ചവരാണോ 91 ശതമാനം ചെലവഴിച്ചവരാണോ രാജിവയ്ക്കേണ്ടത്? ആദ്യം രാജിവയ്ക്കേണ്ടത് പ്രതിപക്ഷമാണ്. ശ്രീ. സുധാകരൻ ഒരു കാര്യം മനസ്സിലാക്കേണ്ടത് വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കുകയായിരുന്നുവെങ്കിൽ 1100 കോടി രൂപ നമുക്ക് കിട്ടുമായിരുന്നു. അത് പാഴാക്കിയ ഒരു ഗവൺമെന്റാണ്. പാർലമെന്ററി പ്രാക്ടീസിനെ സംബന്ധിച്ച് ശ്രീ. സുധാകരൻ വലിയ തത്വമൊക്കെ പറഞ്ഞു. സംസ്ഥാനത്തിന് നഷ്ടമുണ്ടാക്കിയാൽ രാജിവയ്ക്കണം, നിയമസഭയ്ക്ക് കൊടുത്ത വാക്ക് പാലിച്ചില്ലെങ്കിൽ രാജി വയ്ക്കണം വെറുതെ ഇങ്ങനെയൊക്കെ പ്രസംഗിച്ചുപോകുന്നു എന്നല്ലാതെ അവരുടെ കാലഘട്ടത്തിൽ ഇതൊന്നും പ്രാവർത്തികമാക്കാൻ കഴിഞ്ഞില്ല. വികസന സൗഹൃദ ധനകാര്യ മാനേജ്മെന്റിന്റെ മാതൃകയാണ് ഈ ഗവൺമെന്റെന്ന് ഞാൻ അഭിമാനത്തോടെ പറയട്ടേ.

ഒന്നുകൂടി ആവർത്തിക്കുകയാണ്, വികസന സൗഹൃദ ധനകാര്യ മാനേജ്മെന്റിന്റെ ഉദാത്തമാതൃകയാണ് ഈ ഗവൺമെന്റ്. 2006-2007-ൽ 10000 കോടി രൂപയായിരുന്ന വികസനച്ചെലവ്.....

മി.സ്പീക്കർ: ഇത് പുതിയ ഡോക്ട്രിൻ ആണോ മാണി സാർ?

ശ്രീ. കെ. എം. മാണി: അതേ, ഇത് പുതിയ ഡോക്ട്രിനാണ്. 2006 മുതൽ 2010 വരെയുള്ള അഞ്ച് വർഷക്കാലം കൊണ്ട് 12300 കോടി രൂപയാണ് വികസന രംഗത്ത് വർദ്ധനയുണ്ടായത്. എന്നാൽ ഉമ്മൻ ചാണ്ടിയുടെ യു.ഡി.എഫ് ഗവൺമെന്റ് കഴിഞ്ഞ രണ്ട് വർഷക്കാലത്തെ പ്രവർത്തനം പരിശോധിക്കുമ്പോൾ 2012-13 ആയപ്പോൾ 37000 കോടി രൂപയാണ് വികസന രംഗത്ത് ചെലവാക്കിയത്. രണ്ട് വർഷം കൊണ്ട് 15000 കോടി രൂപയുടെ വർദ്ധനയാണ് ഇവിടെ ഉണ്ടായിട്ടുള്ളത്. നമ്മൾ ഇവിടെ ഉണ്ടാക്കിയിട്ടുള്ള വർദ്ധനവ് എന്നുപറയുന്നത് വളരെ അധികമാണ്. 2010-2011-ൽ 17 ശതമാനമായിരുന്നു ഡെവലപ്മെന്റൽ എക്സ്പെന്റിച്ചർ. ഈ വർഷം (2011-12) 31 ശതമാനമാണ് ഡെവലപ്മെന്റൽ എക്സപെന്റീച്ചർ. എൽ.ഡി.എഫിന്റെ കാലത്ത് 2006 മുതൽ 2010 വരെ 12900 കോടി രൂപയായിരുന്നു ക്യാപിറ്റൽ എക്സ്പെന്റീച്ചർ. എന്നാൽ, ശ്രീ. ആര്യാടൻ മുഹമ്മദ്....... പ്രതിപക്ഷം ഇല്ലാത്തതുകൊണ്ടാണ് ഇടയ്ക്ക് ഞാൻ ആര്യാടൻ എന്നിങ്ങനെ പറയുന്നത്. യു.ഡി.എഫ്. കഴിഞ്ഞ രണ്ട് വർഷക്കാലം കൊണ്ട് 10100 കോടി രൂപയാണ് ക്യാപിറ്റൽ എക്സ്പെന്റീച്ചറായി

ചെലവഴിച്ചിരിക്കുന്നത്. അവർ അഞ്ചുകൊല്ലം കൊണ്ട് 12900, നമ്മൾ എവിടെപ്പോയി നിൽക്കും മൂന്ന് വർഷംകൂടി കഴിഞ്ഞാൽ. കേരളത്തിൽ ഒരു റിക്കോർഡ് സ്ഥാപിക്കുവാൻ യു.ഡി.എഫ് ഗവൺമെന്റിന് കഴിയുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദ്: അങ്ങ് പറയുന്നതുകേട്ടാൽ...... എനിക്ക് ഇവിടെ ഒരു പ്രതിപക്ഷത്തിന്റെ റോൾ അല്ല ഉള്ളത്. ഇതിൽ നിന്ന് കുറേ പണം കെ.എസ്.ആർ.ടി.സി.ക്കും കെ.എസ്.ഇ.ബി.-ക്കും തരണമെന്ന് മാത്രമേ എനിക്ക് അഭിപ്രായമുള്ളൂ.

ശ്രീ. കെ.എം. മാണി: തന്നത് കൂടിപ്പോയിയെന്നാണ് വിശ്വാസം. എത്ര രൂപയാണ് കെ.എസ്.ഇ.ബി-ക്കും കെ.എസ്.ആർ.ടി.സി-ക്കും കൊടുത്തിട്ടുള്ളത്? ബഡ്ജറ്റിൽ 250 പുതിയ പദ്ധതികളുടെ പ്രഖ്യാപനം നടത്തിയിട്ടുണ്ട്. അതിൽ 205 പദ്ധതികൾക്ക് എ.എസ്. കൊടുത്തു. അതാണ് വികസന സൗഹൃദ ധനകാര്യ മാനേജ്മെന്റ് എന്ന് പറയുന്നത്. പിശുക്കനായ ഒരു ധനകാര്യമന്ത്രിയല്ല ഇവിടെയുള്ളത് ഉദാരമായി ഡെവലപ്മെന്റിന് പണം കൊടുക്കുന്ന ധനകാര്യമന്ത്രിയാണ് ഇവിടെയുള്ളത്. ചില ധനകാര്യമന്ത്രിമാർ പിശുക്കരാണ്. ചിലർ വെറുതെ ലൂസായി ചെലവഴിക്കും. ഇത് അങ്ങനെയല്ല വേണ്ടിടത്ത് വേണ്ടതുപോലെ ശ്രീ. ആര്യാടൻ മുഹമ്മദിനാണെങ്കിൽ പോലും കെ.എസ്.ആർ.ടി.സി-ക്കും കെ.എസ്.ഇ.ബി-ക്കും....... അതൊക്കെ ന്യായമായിട്ട് കൊടുക്കുന്ന വകുപ്പാണ്. എല്ലാ എം.എൽ.എ-മാരുടെയും മണ്ഡലങ്ങളിലൊന്നും വികസനമില്ലായെന്ന് ശ്രീ. ജി. സുധാ

കരൻ പറഞ്ഞു. ശ്രീ. കെ. ശിവദാസൻ നായരുടെ പ്രസംഗം ഞാൻ അടി വരയിട്ടിട്ടുണ്ട്. ഓരോ എം.എൽ.എമാർക്കും അഞ്ച് കോടി രൂപവച്ച് ഈ വർഷം 705 കോടിരൂപയിൽ 170 കോടി രൂപയ്ക്ക് എ.എസ് കൊടുത്തിട്ടു ണ്ട്. ഇന്നലെ ഒരു കത്ത് എല്ലാ എം.എൽ.എ മാർക്കും നൽകിയിട്ടുണ്ട്. ഒരു വ്യക്തത എല്ലാത്തിനും വേണം. ആ പ്രൊസ്യൂഡർ വച്ച് പോയാൽ ഒരു കുഴപ്പവുമില്ല. എം.എൽ.എ.മാർ പദ്ധതികളെ സംബന്ധിച്ച് ധനകാര്യ വകുപ്പിലേക്ക് അപേക്ഷ നൽകുക, ധനകാര്യവകുപ്പ് അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ട്മെന്റിലേക്ക് കൈമാറും അവർ അതിനുള്ള എസ്റ്റിമേറ്റ് നൽകും അതിനുശേഷം ഫയൽ ഫിനാൻസിൽ വരുമ്പോൾ അക്കാര്യത്തിൽ തീരു മാനം എടുക്കുന്നു. ഇത് യു.ഡിഎഫ്-ൽ ചർച്ച ചെയ്ത വിഷയമാണ്. 205 പദ്ധതികൾക്ക് എ.എസ് കൊടുത്തു. ന്യൂ പ്രൊസിഡ്യുർ അനുസരിച്ച് ബാക്കിയുള്ളതിനും കൊടുക്കും. സോഷ്യൽ സെക്യൂരിറ്റി പെൻഷന് ഇതു പോലൊരു കാലഘട്ടം ഉണ്ടായിട്ടില്ല. 2010–11–ൽ 643 കോടി രൂപ ചെലവ ഴിച്ച സ്ഥാനത്ത് 2011–12–ൽ 809 കോടി രൂപയാണ് സോഷ്യൽ സെക്യൂ രിറ്റി പെൻഷനുവേണ്ടി ചെലവഴിച്ചത്. ഇക്കൊല്ലം 917 കോടി രൂപയാണ് കൊടുത്തത്. ബഹുമാനപ്പെട്ട എല്ലാ എം.എൽ.എ.-മാരുടേയും അറിയി ലേക്ക് പറയട്ടെ, നവംബർ മാസം വരെയുള്ള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ മുഴുവൻ കൊടുത്തു തീർത്തു. പി.ഡബ്ല്യൂ.ഡി ബില്ലുകൾ 2009 –10–ൽ 620 കോടി രൂപയാണ് കൊടുത്തത്. 2010–11–ൽ 1243 കോടി രൂപ

കൊടുത്തു 2011-12-ൽ 1526 കോടി രൂപ കൊടുത്തു ഈ 2012-13-ൽ ഓഗസ്റ്റ് വരെയുള്ള മുഴുവനും തുകയും കൊടുത്ത് തീർക്കുകയുണ്ടായി. കൃഷിയെപ്പറ്റി പ്രതിപക്ഷത്തുള്ളവർ ആക്ഷേപം പറയുകയുണ്ടായി. 2012 -13-ൽ 2053 കോടി രൂപയാണ് ബഡ്ജറ്റിൽ വച്ചിരിക്കുന്നത്. ഒക്ടോബർ വരെ 1110 കോടി രൂപ കൃഷിക്കും മൃഗസംരക്ഷണത്തിനും ക്ഷീരവികസന ത്തിനും കൂടി കൊടുക്കുയുണ്ടായി. പൊതുവിതരണ സമ്പ്രദായം തകർത്തുവെന്ന് ശ്രീ. രാജു എബ്രഹാം പറയുകയുണ്ടായി. ബി.പിഎൽ-ന് ഒരു രൂപയ്ക്കും എ.പി.എൽ-ന് രണ്ട് രൂപയ്ക്കും അരി നൽകുന്നുണ്ട്. അത്രയും സംരക്ഷണമാണ് ഗവൺമെന്റ് പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് കൊടുത്തിരിക്കുന്നത്. എത്ര വില ഉയർന്നാലും എ.പി.എൽ.-ന് രണ്ട് രൂപ ബി.പി.എൽ-ന് ഒരു രൂപ ആ വിലയക്ക് അരി കൊടുക്കുന്ന ഗവൺമെന്റാ ണിത്. പ്രതിപക്ഷത്തിന്റെ കാലത്ത് ഇതുപോലെ ചെയ്യാൻ കഴിഞ്ഞില്ല. 2006-07-ൽ സബ്സിഡി കൊടുത്തത് 124 കോടി രൂപയും 2007-08-ൽ 110 കോടി രൂപയും 2008-09-ൽ 116 കോടി രൂപയും 2009-10-ൽ 196 കോടി രൂപയും 2010-11-ൽ 283 കോടി രൂപയുമാണ് സബ്സിഡി കൊടുത്തത്. എൽ.ഡി.എഫ് ഗവൺമെന്റ് പോകുമ്പോൾ 283 കോടി രൂപയാണ് സബ്സിഡി കൊടുത്തത്. യു.ഡിഎഫ് ഗവൺമെന്റ് വന്നപ്പോൾ 650 കോടി രൂപയായി സബ്സിഡി തുക വർദ്ധിപ്പിച്ചു. 2012-13-ൽ ഒക്ടോബർ വരെ 408 കോടി രൂപയുടെ സബ്സിഡി നൽകിക്കഴിഞ്ഞു. ഇക്കൊല്ലം

അവസാനം എത്തുമ്പോൾ 700 കോടി രൂപയുടെ സബ്സിഡി കൊടുക്കാനാകും എന്നാണ് പ്രതീക്ഷിക്കുന്നത്. ഇവിടെ കടത്തെപ്പറ്റി പറഞ്ഞു എൽ.ഡി.എഫ് പോകുമ്പോൾ 78673 കോടി രൂപയുടെ കടം ഉണ്ടായിരുന്നു. 2011-12-ൽ 31-03-2012 വരെ 89418 കോടി രൂപയായി കടം വർദ്ധിച്ചു. ഈ വർഷം അവസാനിക്കുമ്പോൾ 99000 കോടി രൂപയാകും കടം. ഡോ.ടി.എം.തോമസ് ഐസക്ക് പറയുന്നത് കടം പോരായെന്നും. കൂടുതൽ എടുക്കണമെന്നുമാണ് പറയുന്നത്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ നമ്മൾ കടം കൂടുതൽ എടുക്കുന്നുവെന്ന് പറഞ്ഞു. പരസ്പരവിരുദ്ധമായ നിലപാടാണ് പ്രതിപക്ഷത്തിനുള്ളത്. ഒരുകാര്യം മനസ്സിലാക്കേണ്ടത്, സംസ്ഥാന ഗവൺമെന്റ് വെറുതെയൊന്നും കടമെടുക്കത്തില്ല. കടം കേന്ദ്ര ഗവൺമെന്റാണ് നിശ്ചയിക്കുന്നത്. ഓരോ സ്റ്റേറ്റിനും എക്സ്റ്റേണൽ എയിഡും ഇന്റേണൽ എയിഡും ഉണ്ട്, എന്നുപറഞ്ഞാൽ മാർക്കറ്റ് ബോറോയിംഗ്. എക്സ്റ്റേണൺ എയിഡ് എത്രയാണെന്ന് കേന്ദ്ര ഗവൺമെന്റാണ് നിശ്ചയിക്കുന്നത്. അതിനകത്ത് മാത്രമേ കടം എടുക്കുകയുള്ളൂ. എൽ.ഡി.എഫിന്റെ കാലത്തും യു.ഡി.എഫ്-ന്റെ കാ.ലത്തും അങ്ങനെയാണ് കടം എടുത്തിട്ടുള്ളത്. ആ പരിധിക്കകത്ത് നിന്നുകൊണ്ട് എങ്ങനെ വേണം സംസ്ഥാനത്തിന്റെ കടം ഏത് നിലയ്ക്ക്, പ്രൊഡക്ടീവ് കാര്യങ്ങൾക്കുവേണ്ടി കടമെടുക്കാം, അൺ പ്രെഡക്ടീവ് കാര്യങ്ങൾക്കുവേണ്ടി കടമെടുക്കാം. പക്ഷേ പ്രൊഡക്ടീവായിട്ടുള്ള കാര്യങ്ങൾക്കുവേണ്ടി മാത്രമേ കടമെടുക്കാവൂ. കടത്തിനുവേണ്ടി കടമെടുത്ത്

പലിശ കൂട്ടി നമുക്കൊരു സ്ട്രെയിൻ ഉണ്ടാക്കുന്നത് ശരിയുമല്ല. ഇതിനൊക്കെ balance thinking ആണ് വേണ്ടത്. പാലായിൽ 45 പോസ്റ്റ് ക്രിയേറ്റ് ചെയ്തുവെന്ന് ശ്രീ. മാത്യൂ.ടി.തോമസ് പറഞ്ഞത് കേട്ടപ്പോൾ ഞാനങ്ങ് സ്തംഭിച്ചുപോയി. നിലമ്പൂരിൽ പോസ്റ്റ് ക്രിയേറ്റ് ചെയ്തുകൊടുത്തിട്ടുണ്ട്, അങ്ങനെ ഒരുപാട് സ്ഥലത്തുണ്ട്. അതായത് പാമ്പാടിയിൽ 35 പോസ്റ്റ് കൊടുത്തിട്ടുണ്ട്.

മി. സ്പീക്കർ: ഫിനാൻസ് മിനിസ്റ്റർ ആ പറഞ്ഞത് കുറഞ്ഞുവെന്നാണോ കൂടിയെന്നാണോ?

ശ്രീ. കെ.എം. മാണി: ഇതിനകത്ത് സത്യം എന്താണെന്നുവച്ചാൽ ഇത് ജനറൽ ഹോസ്പിറ്റലാകുന്നത് 2004-ലാണ്. കഴിഞ്ഞ എൽ.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് ജനറൽ ഹോസ്പിറ്റൽ എന്ന് ബോർഡ് വയ്ക്കുകയും അവിടെ ജനറൽ ഹോസ്പിറ്റലിന്റെ സ്റ്റാന്റേർഡ് അനുസരിച്ചുള്ള ഡോക്ടർമാരും നഴ്സുമാരും ഇല്ലെങ്കിൽ തെറ്റല്ലേ? ബോർഡ് ജനറൽ ഹോസ്പിറ്റൽ. ഡോക്ടറില്ല, നഴ്സില്ല. കേരളത്തിൽ എവിടെയെങ്കിലും ജനറൽ ഹോസ്പിറ്റലിന്റെ സ്റ്റാന്റേർഡ് അനുസരിച്ച് ഡോക്ടർമാരും നഴ്സുമാരുമില്ലായെങ്കിൽ പാലായിൽ ക്രിയേറ്റ് ചെയ്തതുപോലെ ചെയ്യണമെന്നുണ്ടെങ്കിൽ ഞാൻ പരിശോധിക്കാം.

4.40-4.50
TS-JG-4

ഞാനൊരു കമ്മിറ്റ്മെന്റ് തരികയാണ്. ജനറൽ ഹോസ്പിറ്റലിന് ആവശ്യമായ ഡോക്ടർമാരെയും നഴ്സുമാരെയും ക്രിയേറ്റ് ചെയ്ത് കൊടുത്തതാണോ, പാമ്പാടിയിൽ സ്റ്റാന്റേർഡ് അനുസരിച്ചുള്ള ഡോക്ടർമാരെയും നഴ്സുമാരെയും നിയമിച്ച് കൊടുത്തതാണോ കുറ്റം?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പി.എച്ച്. സി.യെ സി.എച്ച്.സി ആക്കിയിട്ടുള്ളതുംകൂടി അങ്ങ് അനുവദിക്കണം. അനുവദിക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്.

ശ്രീ. കെ. എം. മാണി: ന്യായമായിട്ടുള്ളതൊക്കെ തരും. അങ്ങനെ തടഞ്ഞുവയ്ക്കില്ലല്ലോ.

വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): 2000-നുമുൻപ് തന്നെ സി.എച്ച്.സി ആക്കിയതുണ്ട്. ഇപ്പോഴും സ്റ്റാഫില്ല.

ശ്രീ. കെ. എം. മാണി: അത് പറഞ്ഞാൽ അന്നേരം തരും. ഒരു വിഷമവുമില്ല. നിങ്ങൾ ഒരു കാര്യം മറന്നുപോയി, കണ്ണൂർ സബ് കോടതിക്ക് 21 പോസ്റ്റുകൾ അനുവദിച്ചു.

ശ്രീ. വി. എസ്. ശിവകുമാർ: കേരളമെമ്പാടും 210 ഡോക്ടർമാരുടെ തസ്തിക സൃഷ്ടിച്ചു.

ശ്രീ. കെ. എം. മാണി: കേരളമെമ്പാടും ആരോഗ്യ വകുപ്പിൽ 1513 പോസ്റ്റ് ക്രിയേറ്റ് ചെയ്തപ്പോഴാണ് പാലായിൽ 45 ഡോക്ടർമാരെ

അനുവദിച്ചത്. ശ്രീ. മാത്യു ടി. തോമസ് ഉണ്ടായിരുന്നെങ്കിൽ ഒരു കാര്യം ഞാൻ പറയുമായിരുന്നു. തിരുവല്ല ബൈപ്പാസ്, എൽ.ഡി.എഫ്-ന്റെ കാലത്ത് ചെയ്യാൻ പറ്റിയില്ല. യു.ഡി.എഫ് ആണ് അവർക്ക് ചെയ്തുകൊടുത്തത്. നമ്മൾ രാഷ്ട്രീയം നോക്കിയില്ല. എനിക്ക് ഒരു അഭി പ്രായമുണ്ട്, ശ്രീ. മാത്യു. ടി. തോമസ് തിരുവല്ലയെപ്പറ്റി, അപ്പർ കുട്ടനാടി നെപ്പറ്റി കുറച്ചുകൂടി ശ്രദ്ധിക്കണമെന്ന് എനിക്ക് അഭിപ്രായമുണ്ട്. കാര ണം, ഞാൻ കാത്തിരിക്കുകയാണ് ഈ ബൈപ്പാസിന്റെ ഫയൽ വരാൻ, ക്ലിയറൻസ് കൊടുക്കാൻ. ഒരു റൈസ് മിൽ കുട്ടനാട്ടിൽ സ്ഥാപിക്കാ മെന്ന് പറഞ്ഞു. അത് എവിടെ വേണമെന്നുള്ളത് ഞാനും കൃഷിവകുപ്പുമ ന്ത്രിയുമായി ചർച്ച നടത്തി. തിരുവല്ലയിലോ ട്രാവൻകൂർ സിമെന്റ്സിന്റെ അടുത്തോ സ്ഥലമുണ്ടെങ്കിൽ അവിടെ എവിടെയെങ്കിലും ആയാലോ എന്നൊരു ചർച്ച വന്നു. എന്നാൽ എം.എൽ.എ ആയ മാത്യൂ ടി. തോമസ് ഒരു ഉപദേശം തരികയോ ഇതിനെക്കുറിച്ച് എന്തെങ്കിലുമൊരു അഭിപ്രായം പറയുകയോ ചെയ്യാത്തതിൽ എനിക്ക് വലിയ ദു:ഖമുണ്ട്. അതുകൊണ്ട് ശ്രീ. മാത്യു ടി. തോമസിനോട് പാലായിലെ കുറവുകൾ പരിശോധിക്കുന്ന തിനോടൊപ്പം തിരുവല്ലയും അപ്പർ കുട്ടനാടുമൊക്കെ നോക്കി വേണ്ടത് ചെയ്യാനായി ചർച്ച ചെയ്താൽ നന്നായിരുന്നു. എം.എൽ.എ.മാരോട് ഒരു കാര്യം, ഒരു എം.എൽ.എ-ക്ക് അഞ്ച് കോടി രൂപ വച്ച് 67 പ്രതിപക്ഷ എം. എൽ.എ.മാരുണ്ട്. അഞ്ച് കോടി രൂപ വച്ച് 335 കോടി രൂപയുണ്ട്. കേരള ത്തിന്റെ ചരിത്രത്തിൽ പ്രതിപക്ഷ എം.എൽ.എ. മാർക്ക് തുല്യമായി 335

കോടി രൂപ കിട്ടുകയാണ്. 1340 കോടി രൂപ പ്രതിപക്ഷ എം.എൽ.എ. മാർക്ക് സൗകര്യം ഉണ്ടാക്കി കൊടുത്ത ഒരു സർക്കാരാണിത്. നമുക്ക് ഇവിടെ സെക്ടേറിയനായിട്ടുള്ള എന്തെങ്കിലും ചിന്തയുണ്ടോ? ഭരണക ക്ഷി-പ്രതിപക്ഷ വ്യത്യാസമുണ്ടോ? എല്ലാ കാര്യങ്ങളിലും ഇക്വിറ്റബി ളായി ചിന്തിക്കുന്ന സർക്കാരാണിത്. അതുകൊണ്ട് പാലായിൽ 45 പോസ്റ്റ് ക്രിയേറ്റ് ചെയ്തുവെന്ന് പറഞ്ഞുകൊണ്ട് കല്ലെറിയരുതേ എന്ന് മാത്രമേ പറയാനുള്ളൂ. നീതിനിഷ്ഠയുള്ള ഒരു സർക്കാരാണിത്. അതുകൊണ്ട് ഈ ഗവൺമെന്റിന്റെ ഇക്കൊല്ലത്തെ സപ്ലിമെന്ററി ഡിമാന്റിനുവേണ്ടി ചോദിച്ചിരിക്കുന്ന തുക അനുവദിച്ച് തരണമെന്ന് അപേക്ഷിക്കുകയാണ്.

ശ്രീ. പി. കെ. ബഷീർ: 2012-13-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതാണ് അഞ്ച് കോടി രൂപ എം.എൽ.എ.മാർക്ക് കൊടുക്കുന്ന കാര്യം. ഇന്നലെ ശ്രീ. കെ.എം. മാണിയുടെ കത്ത് വന്നു. അതുപ്രകാരം പുതിയതായി എം.എൽ.എ.മാർ ആസ്തി ഫണ്ടിന് എഴുതി കൊടുക്കണം. ഇപ്പോൾ കൊടുത്താൽ രണ്ട് മാസം കഴിഞ്ഞേ എ.എസ്. ലഭിക്കു.

ശ്രീ. കെ. എം. മാണി: നേരത്തെ എഴുതിത്തന്നതിന് ഒരു കുഴപ്പവു മില്ല. അത് അതുവച്ച് സ്വീകരിക്കും. ഇനിയുള്ളതിന് യു.ഡി.എഫ് ചർച്ച ചെയ്ത് ഒരു പ്രൊസീഡ്യുവർ അഡോപ്റ്റ് ചെയ്തിരിക്കുന്നു. അത് നല്ല താണ്.

മി. സ്പീക്കർ: സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ............

നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ............

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 40,49,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ............

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 35,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...........
പ്രതികൂലിക്കുന്നവർ............

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ............

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്ക്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5,00,05,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ............

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വൈദ്യസഹായവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,40,07,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ............

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ............

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ............

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ............

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 11,33,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ............

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ............

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 11,27,88,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...........
പ്രതികൂലിക്കുന്നവർ............

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 65,69,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ............

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 12,00,01,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ............

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ചർച്ച കൂടാതെ പാസ്സാക്കുന്ന ഉപധനാഭ്യർത്ഥനകൾ**

ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ............

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥന യുടെ പേരിൽ 25,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണ മെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ............

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2012 ഡിസംബർ 19-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ വൈകുന്നേരം 4.50-ന് പിരി ഞ്ഞു)

********

Uncorrected / Not for publication